

"നിങ്ങൾ യൗസേപ്പിന്റെ പക്കൽ പോകുവിൻ.
അവൻ നിങ്ങളോടു പറയുന്നത്
നിങ്ങൾ ചെയ്യുവിൻ"
(ഉല്പത്തി 41:55)

# വേദപ്രചാര
# മദ്ധ്യസ്ഥൻ

## ചങ്ങനാശേരി അതിരൂപത


സ്ഥാപിതം: മെയ് 20 1887

വാല്യം 91 • ലക്കം 09 • മാർച്ച് 2019

വേദപ്രചാര
മദ്ധ്യസ്ഥൻ
ചങ്ങനാശേരി അതിരൂപതാ മുഖപത്രം

# ഉള്ളടക്കം

നോമ്പുകാലസന്ദേശം Ref: 3179/K-5/KCBC/OL/DS ..07
കെ.സി.ബി.സി. സർക്കുലർ Ref: 3178/K-5/KCBC/OL/DS 11
ഇടയലേഖനം 19. PL. 30-252 17
സർക്കുലർ 19.Ch.213-288 22
പിതാവിന്റെ കത്ത് 24
കച്ചേരിക്കാര്യം 26
132-ാമത് അതിരൂപതാദിനാചരണം 31
അനുസ്മരണം 33
കാവുകാട്ട് മ്യൂസിയം 35
സംയുക്ത ക്രൈസ്തവ സമ്മേളനം റിപ്പോർട്ട് 36
പാസ്റ്ററൽ കൗൺസിൽ 39
പബ്ലിക് റിലേഷൻസ് - ജാഗ്രതാസമിതി 40
കുട്ടനാട് പുനർ നിർമ്മാണ പദ്ധതി 41
സന്ദേശനിലയം 46
ചെറുപുഷ്പ മിഷൻലീഗ് 51
ജീവകാരുണ്യട്രസ്റ്റ് 54
ദീപികാഫ്രണ്ട്സ് ക്ലബ്ബ് 56
കേരളാ ലേബർ മൂവ്മെന്റ് 58
ബൈബിൾ അപ്പോസ്റ്റലേറ്റ് & കുടുംബക്കൂട്ടായ്മ 59
പഞ്ചവത്സര അജപാലന പദ്ധതി 63
ദലിത് കത്തോലിക്കാ മഹാജനസഭ 65
എ.കെ.സി.സി. 66
യുവദീപ്തി 68
എൽഡേഴ്സ് ഫ്രറ്റേർണിറ്റി 69
കെയർ ഹോംസ് 70
ഫ്രാൻസിസ്കൻ അല്മായസഭ 71
പ്രവാസി അപ്പോസ്റ്റലേറ്റ് 72
ചാസ് 73
ഫാമിലി അപ്പോസ്റ്റലേറ്റ് 80
കരിസ്മാറ്റിക് നവീകരണം 84
ആവേമരിയ 86
ആത്മതാകേന്ദ്രം 88
കെ.സി.എസ്.എൽ. 90
വിൻസെൻഷ്യൻ വേദി 92
പൗരോഹിത്യ ആദ്ധ്യാത്മികത 95
അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി 101
Engagements 108

Annual Subscription: Rs. 120/-

Archbishop's House, P.B. No. 20, Changanacherry - 686 101
Tel: 0481 - 2420040, 2420379, 2420614
Fax: 2422540 E-mail: bpjperumthottam@gmail.com
Website: www.archdiocesechanganacherry.org

# പ്രാർത്ഥനാശംസകൾ



നാമഹേതുക തിരുനാൾ ആഘോഷിക്കുന്ന

**അഭിവന്ദ്യ പെരുന്തോട്ടം പിതാവിനും,**
**അഭിവന്ദ്യ പൗവത്തിൽ പിതാവിനും,**
**പെരി. ബഹു. ജോസഫ് മുണ്ടകത്തിലച്ചനും**

അതിരൂപതാ കുടുംബത്തിന്റെ

*പ്രാർത്ഥനാശംസകൾ....*

# 19–ാം ചരമവാർഷികം

**2019 മാർച്ച് 23**



# മാർ ആന്റണി പടിയറ

Ref: 3179/K-5/KCBC/OL/DS 25.02.2019

# 2019 നോമ്പുകാലസന്ദേശം

## ഫ്രാൻസിസ് മാർപാപ്പ

*''സൃഷ്ടപ്രപഞ്ചം ദൈവമക്കളുടെ വെളിപ്പെടുത്തലിനെ ആകാംക്ഷയോടെ കാത്തിരിക്കുന്നു'' (റോമാ 8:19).*

പ്രിയ സഹോദരീസഹോദരന്മാരേ,

ദൈവം ഓരോ വർഷവും സഭാമാതാവിലൂടെ ''സന്തോഷപ്രദമായ ഈ കാലഘട്ടം നമുക്കു നല്കുന്നു - നവീകൃതമായ മനസ്സോടും ഹൃദയത്തോടുംകൂടി പെസഹാ രഹസ്യം ആഘോഷിക്കുവാൻ നാം ഒരുങ്ങുന്ന കാലഘട്ടം - മിശിഹായിൽ നമുക്കു പുതിയ ജീവൻ നല്കിയ മഹാസംഭവങ്ങളെ ഓർമ്മിക്കുന്ന കാലഘട്ടം'' (ആമുഖ പ്രാർത്ഥന 1 നോമ്പുകാലം). മിശിഹായുടെ പെസഹാരഹസ്യത്തിന്റെ ഫലമായി നമ്മൾ സ്വീകരിച്ച രക്ഷയുടെ നിറവേറലിലേക്ക് ഈസ്റ്റർ മുതൽ ഈസ്റ്റർ വരെ അങ്ങനെ യാത്ര ചെയ്യാൻ നമുക്കു കഴിയും. ''എന്തെന്നാൽ പ്രത്യാശയിലേക്ക് നാം രക്ഷപ്രാപിക്കുന്നത്'' (റോമാ 8:24). നമ്മുടെ ഭൗമികജീവിതങ്ങളിൽ നേരത്തേ തന്നെ പ്രവർത്തന നിരതമായിക്കൊിരിക്കുന്ന ഈ രക്ഷാരഹസ്യം

ചരിത്രത്തെയും സൃഷ്ടി മുഴുവനെയും ആശ്ലേഷിക്കുക കൂടി ചെയ്യുന്ന ഒരു ചലനാത്മക പ്രക്രിയയാണ്. വിശുദ്ധ പൗലോസ് ശ്ലീഹാ പറയുന്നതുപോലെ, ''സൃഷ്ടപ്രപഞ്ചം ദൈവമക്കളുടെ വെളിപ്പെടുത്തലിനെ ആകാംക്ഷയോടെ കാത്തിരിക്കുന്നു'' (റോമാ 8:19). ഈ വീക്ഷണപ്രകാരം, ഈ വരുന്ന നോമ്പുകാലത്ത് നമ്മുടെ മാനസാന്തര യാത്രയോട് ഒന്നുചേർന്നുപോകാൻ ചില ചിന്തകൾ തരാൻ ഞാൻ ആഗ്രഹിക്കുന്നു.

### 1. സൃഷ്ടിയുടെ വീണ്ടെടുപ്പ്

മിശിഹായുടെ പീഡാസഹനം, മരണം, ഉത്ഥാനം എന്ന ത്രിദിന പെസഹാചരണം ആരാധനാക്രമവർഷത്തിന്റെ ഉച്ചകോടിയാണ്. മിശിഹായുമായുള്ള നമ്മുടെ അനുരൂപപ്പെടൽ (cf റോമാ 8:29) ദൈവിക കാരുണ്യത്തിന്റെ ഒരു അമൂല്യസമ്മാനമാണെന്ന അറിവോടെ തയ്യാറെടുപ്പിന്റെ ഒരു യാത്ര നടത്താൻ അത് നമ്മെ വർഷംതോറും ക്ഷണിക്കുന്നു.

നമ്മൾ ദൈവമക്കളെന്ന നിലയിൽ രക്ഷിക്കപ്പെട്ടവരും പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്നവരും (cf റോമാ 8:14) ദൈവികനിയമത്തെ അംഗീകരിക്കാനും അനുസരിക്കാനും കഴിവുള്ളവരുമാണ്. ആ നിയമം നമ്മുടെ ഹൃദയങ്ങളിലും പ്രകൃതിയിലും എഴുതപ്പെട്ടതാണ്. നാം സൃഷ്ടിയുടെ വീടുപ്പിൽ സഹകരിക്കുന്നതിലൂടെ സൃഷ്ടിയുടെ

ഉപകർത്താക്കളായിത്തീരുന്നു. അതുകൊണ്ടാണ് സൃഷ്ടി ദൈവമക്കളുടെ വെളിപ്പെടുത്തലിനെ ആകാംക്ഷയോടെ കാത്തിരിക്കുന്നു എന്നു വിശുദ്ധ പൗലോസ് ശ്ലീഹാ പറയുന്നത്. മറ്റു വാക്കുകളിൽ പറഞ്ഞാൽ, ഈശോയുടെ പെസഹാരഹസ്യത്തിന്റെ കൃപ ആസ്വദിക്കുന്ന എല്ലാവരും അതിന്റെ നിറവേറൽ അനുഭവിച്ചറിയുന്നത് മനുഷ്യശരീരത്തിന്റെ വീണ്ടെടുപ്പിൽത്തന്നെയാണ്. മിശിഹായുടെ സ്നേഹം വിശുദ്ധരുടെ ജീവിതങ്ങളെ ചൈതന്യത്തിലും ശരീരത്തിലും ആത്മാവിലും രൂപാന്തരപ്പെടുത്തുമ്പോൾ അവ ദൈവത്തിനു സ്തുതി സമർപ്പിക്കുന്നു. പ്രാർത്ഥന, ധ്യാനം, കല എന്നിവയിലൂടെ അവ മറ്റു സൃഷ്ടികളെയും ആ സ്തുതിയിൽ ഉൾപ്പെടുത്തുന്നു. വിശുദ്ധ ഫ്രാൻസിസ് അസീസിയുടെ ''സൃഷ്ടികളുടെ സംഗീത''ത്തിൽ വിസ്മയനീയമാംവിധം അതു പ്രകടമാണല്ലോ (cf. ലാവുദാത്തോ സി, 87). എന്നാലും ഈ ലോകത്തിൽ വീണ്ടെടുപ്പ് ഉത്പാദിപ്പിച്ച് സമന്വയം പാപത്തിന്റെയും മരണത്തിന്റെയും നിഷേധാത്മകശക്തിയുടെ നിരന്തര ഭീഷണിക്കു കീഴിലാണ്.

**2. പാപത്തിന്റെ നാശാത്മകശക്തി**

യഥാർത്ഥത്തിൽ, നാം ദൈവത്തിന്റെ മക്കളെന്ന നിലയിൽ ജീവിക്കുന്നതിൽ പരാജയപ്പെടുമ്പോൾ നമ്മൾ അയല്ക്കാരോടും മറ്റു സൃഷ്ടികളോടും - നമ്മോടുതന്നെയും - നാശകരമായ രീതിയിൽ പെരുമാറുന്നു. കാരണം, അവരെയെല്ലാം നമ്മുടെ ഇഷ്ടമനുസരിച്ച് ഉപയോഗിക്കാമെന്ന് ഏറെക്കുറെ ബോധപൂർവം നാം ചിന്തിക്കാൻ തുടങ്ങുന്നു. അപ്പോൾ മിതത്വമില്ലായ്മ വിജയിക്കുന്നു: നമ്മുടെ മാനുഷികാവസ്ഥയും പ്രകൃതിതന്നെയും നമുക്കു നല്കിയിട്ടുള്ള പരിമിതികളെ അതിലംഘിക്കുന്ന ഒരു ജീവിതം നയിക്കാൻ നാം പരിശ്രമിക്കുന്നു. ദൈവചിന്തയോ ഭാവിപ്രത്യാശയോ ഇല്ലാതെ പ്രവർത്തിക്കുന്ന ദൈവനിഷേധികളുടെ തനിസ്വഭാവമായി ജ്ഞാനഗ്രന്ഥം (cf. 2,1–11) സൂചിപ്പിക്കുന്നതരം കടിഞ്ഞാണില്ലാത്ത ആഗ്രഹങ്ങൾക്ക് നമ്മൾ കീഴ്പ്പെടുന്നു. നാം നിരന്തരം ഈസ്റ്ററിലേക്കു തിരിയാതിരുന്നാൽ, ഉത്ഥാനത്തിന്റെ ചക്രവാളത്തിലേക്കു തിരിയാതിരുന്നാൽ, ''എനിക്ക് എല്ലാം വേണം, ഇപ്പോൾത്തന്നെ വേണം'' ''അമിതമായതു മതിയാകുന്നില്ല'' എന്നിങ്ങനെയുള്ള മുദ്രാവാക്യങ്ങളിൽ പ്രകടമാകുന്ന മനോഭാവം മേല്ക്കൈ നേടും.

നമുക്ക് അറിയാവുന്നതുപോലെ, എല്ലാ തിന്മയുടെയും വേര് പാപമാണ്. അത് ആദ്യത്തെ പ്രത്യക്ഷപ്പെടൽ മുതൽ ദൈവവുമായുള്ള നമ്മുടെ ഐക്യത്തെയും മറ്റുള്ളവരോടും പ്രകൃതിയോടു തന്നെയുമുള്ള ഐക്യത്തെയും തകർത്തു. പ്രകൃതിയോട് നമ്മുടെ ശരീരം വഴി നാം പ്രത്യേകമാംവിധം ബന്ധപ്പെട്ടിരിക്കുന്നതിനാൽ ദൈവവുമായുള്ള ഐക്യത്തിന്റെ ഈ തകർച്ച ഞാൻ ജീവിക്കാൻ വിളിക്കപ്പെട്ട പരിസ്ഥിതിയുമായുള്ള ഐക്യപൂർണമായ ബന്ധത്തെയും തകർക്കുന്നു. അങ്ങനെ പൂന്തോട്ടം ഒരു മരുഭൂമിയായിത്തീർന്നു (cf ഉത്പ. 3:17–18). സൃഷ്ടിയുടെ

ദൈവമായി തന്നെത്തന്നെ പരിഗണിക്കാൻ മനുഷ്യനെ പാപം പ്രേരിപ്പിക്കുന്നു. സൃഷ്ടിയുടെ അധികാരിയായി സ്വയം ചമഞ്ഞ് സ്രഷ്ടാവ് നിശ്ചയിക്കാത്തതും സ്വന്തം താത്പര്യങ്ങൾക്കു ചേർന്നതുമായ വിധത്തിൽ മനുഷ്യൻ സൃഷ്ടിയെ ഉപയോഗിക്കുന്നത് മറ്റു സൃഷ്ടികളുടെ നാശത്തിനു കാരണമാകും.

ദൈവത്തിന്റെ നിയമം അഥവാ സ്നേഹത്തിന്റെ നിയമം ഉപേക്ഷിക്കുമ്പോൾത്തന്നെ 'ദുർബലന്റെ മേൽ ശക്തൻ' എന്ന നിയമം നടപ്പിലാകും. മനുഷ്യഹൃദയത്തിൽ ഒളിച്ചിരിക്കുന്ന പാപം (cf മർക്കോ. 7:20-23) അത്യാഗ്രഹത്തിനും സുഖത്തിനുവേണ്ടിയുള്ള അനിയന്ത്രിതമായ ഓട്ടത്തിന്റെയും മറ്റുള്ളവരുടെയും തന്റെ തന്നെയും നന്മയോടുള്ള താത്പര്യമില്ലായ്മയുടെയും രൂപം സ്വീകരിക്കും. അത്, ഓരോ ആഗ്രഹവും ഒരു അവകാശമായി കാണുന്ന ആ അദമ്യമായ മോഹത്താൽ, സൃഷ്ടികളുടെ - അതായത് വ്യക്തികളുടെയും പരിസ്ഥിതിയുടെയും - ചൂഷണത്തിലേക്ക് നയിക്കും; ഉടനെയോ, പിന്നീടോ അതിന്റെ പിടിയിലുള്ള എല്ലാം നശിപ്പിക്കുകയും ചെയ്യും.

### 3. അനുതാപത്തിന്റെയും ക്ഷമിക്കലിന്റെയും സൗഖ്യദായകശക്തി

''പുതിയസൃഷ്ടി'' ആക്കപ്പെട്ട ദൈവമക്കളുടെ വെളിപ്പെടൽ സൃഷ്ടിക്ക് അത്യാവശ്യമാണ്. എന്തെന്നാൽ ''മിശിഹായിൽ ആയിരിക്കുന്നവൻ പുതിയ സൃഷ്ടിയാണ്. പഴയതുകടന്നുപോയി. ഇതാ പുതിയതു വന്നു കഴിഞ്ഞു'' (2 കോറി. 5:17). യഥാർത്ഥത്തിൽ അവരുടെ വെളിപ്പെടൽ മുഖേന സൃഷ്ടിക്കുതന്നെ, പുതിയ ആകാശത്തിലേക്കും പുതിയ ഭൂമിയിലേക്കും സ്വയം തുറന്നുകൊണ്ട് (cf വെളി. 21:1) ഒരു പെസഹാ ആഘോഷിക്കാം. ഈസ്റ്ററിലേക്കുള്ള പാത ഒരുകാര്യം ആവശ്യപ്പെടുന്നുണ്ട് - പെസഹാരഹസ്യത്തിന്റെ സമൃദ്ധമായ കൃപാവരം പൂർണ്ണമായി ജീവിക്കുന്നതിനുവേണ്ടി നാം, ക്രൈസ്തവരെന്ന നിലയിൽ, നമ്മുടെ മുഖങ്ങളെയും ഹൃദയങ്ങളെയും അനുതാപം, മാനസാന്തരം, ക്ഷമിക്കൽ എന്നിവയിലൂടെ നവീകരിക്കണം. സർവ്വസൃഷ്ടിയുടെയും 'ആകാംക്ഷയോടുള്ള കാത്തിരുപ്പ്' പൂർത്തിയാക്കുന്നത് ദൈവമക്കളുടെ വെളിപ്പെടലിലാണ്, അതായത്, ക്രൈസ്തവരും സകലജനവും മാനസാന്തരത്തിന്റെ അവിഭാജ്യഘടകമായ ആ 'ഈറ്റുനോവി'ലേക്ക് ആത്യന്തികമായി പ്രവേശിക്കുമ്പോഴാണ്. സൃഷ്ടി മുഴുവനും നമ്മോടൊപ്പം മുമ്പോട്ടു പോകാൻ വിളിക്കപ്പെട്ടിരിക്കുന്നു. ''സൃഷ്ടി ജീർണ്ണതയുടെ അടിമത്വത്തിൽ നിന്ന് മോചിതമാകുകയും ദൈവമക്കളുടെ സ്വാതന്ത്ര്യം പ്രാപിക്കുകയും ചെയ്യും''(റോമ 8.21) നോമ്പുകാലം ഈ മാനസാന്തരത്തിന്റെ കൗദാശികമായ അടയാളമാണ്.

വ്യക്തിപരവും കുടുംബപരവും സാമൂഹികവുമായ ജീവിതത്തിൽ പെസഹാരഹസ്യത്തെ മൂർത്തീഭവിപ്പിക്കാൻ അത് ക്രിസ്ത്യാനികളെ ക്ഷണിക്കുന്നു. സർവോപരി ഉപവാസം, പ്രാർത്ഥന, ധർമദാനം എന്നിവ വഴിയാണ് അങ്ങനെ ചെയ്യേണ്ടത്.

**ഉപവാസം:** ഇത് മറ്റുള്ളവരോടും സൃഷ്ടിമുഴുവനോടുമുള്ള നമ്മുടെ മനോഭാവത്തെ മാറ്റാൻ പഠിക്കലാണ്; നമ്മുടെ അത്യാഗ്രഹത്തെ തൃപ്തിപ്പെടുത്തുന്നതിന് എല്ലാം വിഴുങ്ങുവാനുള്ള പ്രലോഭനത്തിൽ നിന്ന് പിന്തിരിയലാണ്; നമ്മുടെ ഹൃദയത്തിന്റെ ശൂന്യത നിറയ്ക്കാൻ കഴിയുന്ന സ്നേഹത്തിനുവേണ്ടി സഹിക്കാൻ തയ്യാറാകലാണ്. **പ്രാർത്ഥന:** വിഗ്രഹാരാധനയും നമ്മുടെ അഹംഭാവത്തിന്റെ സ്വയം പര്യാപ്തതയും ഉപേക്ഷിക്കാനും കർത്താവിനെയും അവിടത്തെ കാരുണ്യത്തെയും നമുക്ക് ആവശ്യമുണ്ടെന്ന് അംഗീകരിക്കാനും പ്രാർത്ഥന നമ്മെ പഠിപ്പിക്കുന്നു. **ധർമ്മദാനം:** നമുക്കില്ലാത്ത ഒരു ഭാവി കൈക്കലാക്കാൻ നമുക്കു കഴിയുമെന്ന മിഥ്യയായ വിശ്വാസത്തിൽ എല്ലാം നമുക്കുവേണ്ടി സംഭരിച്ചുവയ്ക്കുന്ന മാനസികവിഭ്രാന്തിയിൽ നിന്ന് ധർമ്മദാനം വഴി നാം രക്ഷപ്പെടുന്നു. അങ്ങനെ സൃഷ്ടിയെയും നമ്മിൽ ഓരോരുത്തരെയും സംബന്ധിച്ച് ദൈവത്തിനുള്ള പദ്ധതിയുടെ സന്തോഷം വീണ്ടും കണ്ടെത്താം. അവിടത്തെയും നമ്മുടെ സഹോദരീസഹോദരന്മാരെയും മുഴുവൻ ലോകത്തെയും സ്നേഹിക്കുന്നതിലാണ് അത് അടങ്ങിയിരിക്കുന്നത്. ഈ സ്നേഹത്തിൽ നമ്മുടെ യഥാർത്ഥമായ സന്തോഷം കണ്ടെത്താം.

പ്രിയ സഹോദരീസഹോദരന്മാരേ, നാല്പതു ദിവസത്തെ ''നോമ്പു''കാലം ദൈവപുത്രൻ സൃഷ്ടിയുടെ മരുഭൂമിയിൽ ചെലവഴിച്ചു. അതിനെ വീും ആദിമ പാപത്തിനുമുമ്പ് ആയിരുന്നതുപോലെ ദൈവവുമായുള്ള ഐക്യത്തിന്റെ പൂന്തോട്ടമാക്കിത്തീർക്കുകയെന്ന ലക്ഷ്യം ആ മരുഭൂമി വാസത്തിനുായിരുന്നു (cf മർക്കോ 1:12-13, ഏശ 51:3). അതേ പാതയിലൂടെയുള്ള യാത്രയായിരിക്കട്ടെ നമ്മുടെ ഈ വർഷത്തെ നോമ്പുകാലം. അത് സൃഷ്ടിക്കും മിശിഹായുടെ പ്രത്യാശ നല്കട്ടെ. അങ്ങനെ ''സൃഷ്ടി ജീർണതയുടെ അടിമത്തത്തിൽനിന്ന് മോചിതമാകുകയും ദൈവമക്കളുടെ സ്വാതന്ത്ര്യം പ്രാപിക്കുകയും ചെയ്യും'' (റോമാ 8:21). കൃപാവരത്തിന്റെ ഈ കാലയളവ് മിഥ്യയാകാൻ നാം അനുവദിക്കരുത്! യഥാർത്ഥ മാനസാന്തരത്തിന്റെ പാതയിലൂടെ പുറപ്പെടാൻ നമുക്ക് ദൈവസഹായം യാചിക്കാം. നമ്മുടെ സ്വാർത്ഥതയും സ്വയം മുഴുകലും ഉപേക്ഷിക്കാം. യേശുവിന്റെ പെസഹായിലേക്കു തിരിയാം. നമ്മുടെ സഹോദരീസഹോദരന്മാരുടെ ആവശ്യങ്ങളിൽ നമുക്ക് അവരോടൊപ്പം നില്ക്കുകയും നമ്മുടെ ആത്മീയവും ഭൗതികവുമായ സ്വത്തുക്കൾ അവരുമായി പങ്കുവയ്ക്കുകയും ചെയ്യാം. ഇങ്ങനെ, പാപത്തിന്റെയും മരണത്തിന്റെയും മേലുള്ള ക്രിസ്തുവിന്റെ വിജയത്തെ വസ്തുനിഷ്ഠമായി നമുക്കു സ്വാഗതം ചെയ്യാം. അതിന്റെ പരിവർത്തനാത്മകമായ ശക്തിയെയും മുഴുവൻ സൃഷ്ടിയിലേക്കും പ്രസരിപ്പിക്കാം.

വത്തിക്കാനിൽ നിന്ന് 4 ഒക്ടോബർ 2018,
വിശുദ്ധ ഫ്രാൻസിസ് അസ്സീസിയുടെ തിരുനാൾ ദിവസം

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025

Ref: 3178/K-5/KCBC/OL/DS 27.2.2019

# കേരളസഭ (വസ്തുക്കളും സ്ഥാപനങ്ങളും) ബിൽ 2019 സംബന്ധിച്ച്

## കെസിബിസി പുറപ്പെടുവിക്കുന്ന സർക്കുലർ

പ്രിയ സഹോദരങ്ങളേ,

കേരള നിയമപരിഷ്കരണ കമ്മീഷൻ ദി കേരള ചർച്ച് (പ്രോപ്പർട്ടീസ് ആന്റ് ഇൻസ്റ്റിറ്റ്യൂഷൻ) ബിൽ 2019 എന്ന പേരിൽ, പ്രസ്തുത കമ്മീഷന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഡ്രാഫ്റ്റ് സംബന്ധിച്ച് പൊതുജനാഭിപ്രായം തേടിയ സാഹചര്യത്തിൽ കേരളത്തിലെ കത്തോലിക്കാ സഭയുടെ പ്രതികരണം ഏവരുടെയും ശ്രദ്ധയിലേക്ക് അറിയിക്കുന്നു.

കേരളത്തിലെ ക്രൈസ്തവസഭകളുടെ വസ്തുക്കളും സ്ഥാപനങ്ങളും ഫണ്ടുകളും സത്യസന്ധവും സുതാര്യവുമായ വിധത്തിൽ കൈകാര്യം ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും, ഇക്കാര്യത്തിൽ തെറ്റായ എന്തെങ്കിലും നടപടികളുണ്ടായാൽ അതിനു പരിഹാരമുണ്ടാക്കാനും ഉദ്ദേശിച്ചുകൊണ്ടാണ് ചർച്ച് ബിൽ 2019 കൊണ്ടുവരുന്നതെന്നാണ് അതിന്റെ ഡ്രാഫ്റ്റിൽ പറഞ്ഞിട്ടുള്ളത്. ക്രൈസ്തവസഭകളുടെ സ്വത്തുക്കൾ കൈകാര്യം ചെയ്യുന്നതു സംബന്ധിച്ച് നിലവിൽ നിയമങ്ങളില്ലാത്ത പശ്ചാത്തലത്തിലും, സഭയുടെ സ്വത്തുക്കൾ ശരിയായ മണ്ഡലങ്ങളിൽ ആലോചനകൂടാതെ അന്യാധീനപ്പെടുത്തുകയും പണയപ്പെടുത്തുകയും ചെയ്യുന്ന സംഭവങ്ങൾ സഭയ്ക്ക് സാമ്പത്തിക നഷ്ടം ഉണ്ടാക്കുകയും ഭക്തരുടെ അഭിമാനത്തിനു ക്ഷതമുണ്ടാക്കുകയും ചെയ്യുന്ന സാഹചര്യത്തിലുമാണ് പ്രസ്തുത ബില്ലെന്നും, ഇപ്പോൾ സഭാസ്വത്തുക്കളുടെ കൈമാറ്റത്തെ നിയന്ത്രിക്കുന്ന നിയമസംവിധാനമില്ല എന്നും, സഭാസ്വത്തുക്കളുടെ കൈമാറ്റങ്ങളെയും ദുരുപയോഗത്തെയും കുറിച്ച് പരാതിപ്പെടാൻ ഭക്തർക്ക് ഒരു വേദിയില്ല എന്നും ബില്ലിന്റെ ലക്ഷ്യങ്ങളെയും കാരണങ്ങളെയും കുറിച്ചുള്ള പ്രസ്താവനയിൽ പറഞ്ഞിരിക്കുന്നു. സഭയുടെ അത്തരം പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നതിന് ഒരു നിയമം ഉണ്ടാകേണ്ടത് ആവശ്യമാണെന്ന് സർക്കാരിനു ബോധ്യമായതിനാലാണ് പ്രസ്തുത ബില്ലെന്നും പറഞ്ഞിരിക്കുന്നു.

ഇക്കാരണങ്ങളാൽ, സർക്കാർ പ്രസ്തുത ആവശ്യങ്ങൾക്കായി ഒരു ട്രൈബ്യൂണൽ സ്ഥാപിക്കുമെന്നും, സഭകളുടെ വസ്തുവകകളുടെയും ഫണ്ടിന്റെയും കൈകാര്യത്തെക്കുറിച്ചുള്ള ഏതു തർക്കത്തെ സംബ

ന്ധിച്ചും ആ സഭാവിഭാഗം സ്വീകരിച്ച തീരുമാനംകൊണ്ടു തൃപ്തിപ്പെടാത്ത ഏതൊരു സഭാംഗത്തിനും പ്രസ്തുത ട്രൈബ്യൂണലിൽ പരാതി നല്കാവുന്നതാണെന്നും, തർക്കവിഷയത്തിൽ ട്രൈബ്യൂണലിന്റെ തീരുമാനം അന്തിമമായിരിക്കുമെന്നും ബില്ലിൽ വ്യവസ്ഥചെയ്തിരിക്കുന്നു.

ഇപ്രകാരം ഒരു നിയമമുണ്ടാക്കുന്നതിന് ന്യായീകരണമായി നിർദ്ദിഷ്ടബില്ലിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ വസ്തുതാവിരുദ്ധവും തെറ്റിദ്ധാരണാജനകവുമാണ്. സഭയുടെ വസ്തുക്കൾ കൈകാര്യം ചെയ്യുന്നതിന് നിലവിൽ ഒരു നിയമവുമില്ല എന്നു പറഞ്ഞിരിക്കുന്നത് തെറ്റാണ്. കത്തോലിക്കാസഭയുടെ വസ്തുക്കളും സ്ഥാപനങ്ങളും കൈകാര്യം ചെയ്യുന്നതിൽ ഈ രാജ്യത്തുനിലവിലുള്ള സിവിൽ നിയമങ്ങളും സഭാനിയമങ്ങളും ബാധകമാണ്. പ്രസ്തുത നിയമങ്ങൾക്കനുസരിച്ചാണ് അവ കൈകാര്യം ചെയ്യപ്പെടുന്നത്. ഏതെങ്കിലും നിയമലംഘനമുണ്ടായാൽ ബന്ധപ്പെട്ട സഭാധികാരികളെയോ, സിവിൽ കോടതികളെയോ സമീപിച്ച് പരിഹാരം തേടുന്നതിനുള്ള സംവിധാനം ഇപ്പോൾതന്നെ നിലവിലുണ്ട്. സഭയുടെ സ്വത്തുക്കളും സ്ഥാപനങ്ങളും സുതാര്യമായും നീതിപൂർവ്വമായും കൈകാര്യം ചെയ്യുന്നതിനും, ദുരുപയോഗമോ, ദുർഭരണമോ ഉണ്ടായാൽ പരിഹാരമുണ്ടാക്കുന്നതിനും ഒരു പുതിയ നിയമം വേണം എന്ന തെറ്റായ അടിസ്ഥാനത്തിലാണ് നിർദ്ദിഷ്ടബിൽ തയ്യാറാക്കിയിരിക്കുന്നത്. കത്തോലിക്കാ സഭയോ സഭാംഗങ്ങളായ വിശ്വാസികളുടെ ഏതെങ്കിലും അംഗീകൃത സംഘടനയോ പ്രസ്ഥാനമോ ഇങ്ങനെ ഒരു നിയമം വേണമെന്ന് ആവശ്യപ്പെട്ടിട്ടില്ല. ഇത്തരം ഒരു പുതിയ നിയമത്തിന്റെ ആവശ്യകത അവർക്കാർക്കും അനുഭവപ്പെട്ടിട്ടില്ല, ബോധ്യപ്പെട്ടിട്ടുമില്ല. ക്രൈസ്തവസഭകളെ പൊതുജനമധ്യത്തിൽ അപമാനിക്കാൻ താല്പര്യമുള്ളതുകൊണ്ടോ, വ്യക്തിപരമായ കാരണങ്ങളാൽ സഭയോടും സഭാധികാരികളോടും വിദ്വേഷം വച്ചുപുലർത്തുന്നതുകൊണ്ടോ, മറ്റു നിക്ഷിപ്ത താത്പര്യങ്ങളുള്ളവരുടെ പ്രേരണയ്ക്കും സമ്മർദ്ദത്തിനും വഴങ്ങിയോ ക്രൈസ്തവ നാമധാരികളായ ചില വ്യക്തികളും അവരുടെ സൃഷ്ടിയായ ചില നാമമാത്ര സംഘടനകളും പ്രകടിപ്പിക്കുന്ന അഭിപ്രായങ്ങൾ സഭയിലെ അസംതൃപ്തരും ഒറ്റപ്പെട്ടവരുമായ ചിലരുടെമാത്രം ശബ്ദമാണ്; സഭാവിശ്വാസികളുടെ പൊതു അഭിപ്രായമല്ല. അത്തരക്കാർ ആവശ്യപ്പെട്ടന്ന പേരിൽ ഒരു പുതിയനിയമം നിർദ്ദേശിക്കാൻ മുതിർന്ന നിയമപരിഷ്കരണ കമ്മീഷന്റെ നടപടി ആശങ്കാജനകവും അതിനുപിന്നിലെ ഉദ്ദേശ്യശുദ്ധി സംശയാസ്പദവുമാണ്.

ഇന്ത്യ ഒരു മതേതര രാഷ്ട്രമാണ്. ഭരണഘടനയുടെ അടിസ്ഥാന ഘടനയും അടിസ്ഥാനസ്വഭാവങ്ങളും മാറ്റത്തക്കവിധം ഇന്ത്യയുടെ ഭരണഘടന ഭേദഗതിചെയ്യാൻ പാർലിമെന്റിനുപോലും അധികാരമില്ല എന്ന് സുപ്രീം കോടതിയുടെ ഭരണഘടനാബഞ്ച് വ്യക്തമായി പ്രസ്താവിച്ചിട്ടുണ്ട്. മതേതരത്വം ഭരണഘടനയുടെ അടിസ്ഥാന സ്വഭാവങ്ങളിൽ ഒന്നാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. അതിനാൽ മതേതരത്വം ഇന്ത്യൻ ഭരണഘടനയുടെ അവിഭാജ്യഘടകമാണ്.

ഇന്ത്യൻ റിപ്പബ്ലിക്കിന് മതേതര സ്വഭാവം നല്കുന്ന ഭരണഘടനയിലെ സുപ്രധാന വകുപ്പുകളിൽ ഒന്നാണ് ആർട്ടിക്കിൾ 26. പ്രസ്തുത വകുപ്പുപ്രകാരം ഓരോ മതത്തിനും അല്ലെങ്കിൽ അതിന്റെ ഏതു വിഭാഗത്തിനും പൊതുവായ ക്രമസമാധാനം, ധാർമികത, ആരോഗ്യം എന്നിവയ്ക്കു വിധേയമായി താഴെപ്പറയുന്ന അവകാശങ്ങൾ ഉണ്ടായിരിക്കും:

എ) മതപരവും പരസ്നേഹപ്രവർത്തനപരവുമായ ലക്ഷ്യങ്ങളുള്ള സ്ഥാപനങ്ങൾ സ്ഥാപിക്കാനും നടത്തിക്കൊണ്ടുപോകാനും ഉള്ള അവകാശം,

ബി) മതവുമായി ബന്ധപ്പെട്ട കാര്യങ്ങൾ സ്വയം കൈകാര്യം ചെയ്യാനുള്ള അവകാശം,

സി) ജംഗമവസ്തുക്കളും സ്ഥാവരവസ്തുക്കളും സമ്പാദിക്കാനും ഉടമസ്ഥത നിലനിർത്താനുമുള്ള അവകാശം,

ഡി) അത്തരം വസ്തുക്കൾ നിയമാനുസൃതം ഭരിക്കാനും പരിപാലിക്കാനുമുള്ള അവകാശം.

സ്ഥാവര ജംഗമ വസ്തുക്കൾ സ്വന്തമാക്കി വയ്ക്കാനും സമ്പാദിക്കാനുമുള്ള അവകാശം മാത്രമല്ല ആർട്ടിക്കിൾ 26 ഉറപ്പു നല്കുന്നത്; പ്രത്യുത, നിയമാനുസൃതം അവയെ ഭരിക്കാനുള്ള അവകാശവുമാണ്. ആർട്ടിക്കിൾ 26 ഉറപ്പു നല്കുന്ന മൗലികാവകാശങ്ങളെ, പൊതുക്രമസമാധാനം, ധാർമികത, ആരോഗ്യം എന്നിവയൊഴികെ മറ്റൊരു കാരണത്തിന്റെയും പേരിൽ നിഷേധിക്കാനോ പരിമിതപ്പെടുത്താനോ നിയന്ത്രിക്കാനോ സർക്കാരിനും നിയമനിർമ്മാണസഭയ്ക്കും അധികാരമില്ല. ബില്ലിന്റെ പ്രഖ്യാപിത ലക്ഷ്യം പൊതുക്രമസമാധാനം, ധാർമികത, ആരോഗ്യം എന്നിവയുടെ സംരക്ഷണമല്ല. ബില്ലിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളെക്കുറിച്ചുള്ള പ്രസ്താവനയിൽ പൊതുക്രമസമാധാനം, ധാർമികത, ആരോഗ്യം എന്നിവ സംബന്ധിച്ച് എന്തെങ്കിലും ആക്ഷേപമുള്ളതായി ചൂണ്ടിക്കാണിച്ചിട്ടില്ല. അതുകൊണ്ട്, തികച്ചും ഭരണഘടനാവിരുദ്ധമായ ഒരു നിയമമുണ്ടാക്കി ക്രൈസ്തവസഭകളുടെ ഭരണഘടനാദത്തമായ മൗലികാവകാശങ്ങളെ നിഷേധിക്കാനും സഭയുടെ സ്വത്തുക്കളുടെയും

സ്ഥാപനങ്ങളുടെയും മേൽ വിശ്വാസികളല്ലാത്തവരുടെ നിയന്ത്രണം ഏർപ്പെടുത്താനുമുള്ള ഗൂഢശ്രമം ഈ ബില്ലിനു പിന്നിലുണ്ട്. നിലവിൽ സഭവകസ്വത്തുക്കളുടെ കൈമാറ്റത്തെ നിയന്ത്രിക്കുന്ന നിയമസംവിധാനവും, അത്തരം കൈമാറ്റങ്ങളെയും ദുരുപയോഗത്തെയും കുറിച്ച് പരാതിപ്പെടാൻ വേദികളും ഇല്ല എന്ന കാരണമാണ് ബില്ലിൽ പറഞ്ഞിട്ടുള്ളത്. ഇത് വസ്തുതാ വിരുദ്ധമാണ്. സഭാവസ്തുക്കളുടെ ഭരണത്തെയും കൈമാറ്റത്തെയും സംബന്ധിക്കുന്ന കാനൻ നിയമങ്ങളുണ്ട്. പ്രസ്തുത കാനൻ നിയമങ്ങളനുസരിച്ച് ഭരണം നടത്താൻ സഭയ്ക്ക് മൗലികാവകാശമുണ്ട്. കാനൻ നിയമത്തിലെ അത്തരം വ്യവസ്ഥകളും അവയുടെ പ്രയോഗവും പൊതുക്രമസമാധാനത്തിനും ധാർമികതയ്ക്കും ആരോഗ്യത്തിനും എതിരാണെങ്കിൽ മാത്രമേ സ്റ്റേറ്റിന് ഇടപെടാൻ കഴിയുകയുള്ളൂ. നിർദ്ദിഷ്ട ബില്ലിൽ അത്തരം ആരോപണങ്ങളൊന്നുമില്ല. മാത്രവുമല്ല, മതവിഭാഗങ്ങളുടെ വസ്തുവകകൾ കൈകാര്യം ചെയ്യുന്നതിൽ രാജ്യത്തെ നിയമങ്ങളുടെലംഘനം എന്തെങ്കിലും ഉണ്ടായാൽ ഉചിതമായ നടപടികൾ സ്വീകരിക്കാൻ ഇപ്പോൾത്തന്നെ നിയമങ്ങളുണ്ട്.

സഭാസ്വത്തുക്കളുടെ രജിസ്ട്രേഷൻ, ട്രാൻസ്ഫർ, ഇൻഹറിറ്റൻസ് മുതലായവയും ഫീസ് ഒടുക്കൽ, നികുതിഒടുക്കൽ എന്നിവയും അവയെ സംബന്ധിച്ച സിവിൽ നിയമങ്ങളും നടപടിക്രമങ്ങളും അനുസരിച്ചാണ് നടത്തേണ്ടത്. ആ വകകാര്യങ്ങൾ പാലിക്കപ്പെടുന്നുമുണ്ട്. രാജ്യത്തിന്റെ നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും നിർദ്ദേശിക്കുന്ന രജിസ്ട്രേഷനുകളും അനുവാദങ്ങളും ലഭ്യമാക്കിയും കാലാകാലങ്ങളിൽ നടപ്പിൽ വരുന്ന ഓഡിറ്റുനിയമങ്ങൾ കൃത്യമായി പാലിച്ചും ചട്ടപ്രകാരമുള്ള റിട്ടേണുകളും രേഖകളും സമർപ്പിച്ചും നിയമാനുസരണമുള്ള അടവുകളും ഫീസുകളും ഒടുക്കിയും രാജ്യത്തു നിലവിലുള്ള നിയമങ്ങൾ പാലിച്ചുകൊണ്ടാണ് സഭാവകസ്വത്തുവകകൾ കൈകാര്യം ചെയ്യുന്നതും സ്ഥാപനങ്ങൾ നടത്തുന്നതും.

ഭരണഘടനയിലെ ആർട്ടിക്കൾ 26-ന്റെ വെളിച്ചത്തിൽ മതവിഭാഗത്തിന്റെ സ്വത്തുക്കളും സ്ഥാപനങ്ങളും ഭരിക്കേണ്ടത് എങ്ങനെയെന്നും ആരെന്നും നിശ്ചയിക്കേണ്ടത് അതിലെ അംഗങ്ങളാണ്. സ്റ്റേറ്റിനോ ബാഹ്യശക്തികൾക്കോ ഇക്കാര്യത്തിൽ ഒന്നും ചെയ്യാനില്ല. സഭയുടെ ഏതെങ്കിലും ഒരംഗത്തിന് ഇപ്പോഴത്തെ വ്യവസ്ഥിതി തൃപ്തികരമല്ലെങ്കിൽ അയാൾ തന്റെ വീക്ഷണം സഭയെക്കൊണ്ട് അംഗീകരിപ്പിക്കാൻ പരിശ്രമിക്കണം. ഉചിതമായ വേദികളിൽ അത്തരം ആവശ്യങ്ങൾ ഉന്നയിക്കണം. അവയിൽ സഭയുടെ നിയമങ്ങൾ അധികാരപ്പെടുത്തിയിട്ടുള്ള വ്യക്തിയോ സംഘമോ തീരുമാനമെടുക്കണം. പാരിഷ് കൗൺസിൽ, പാസ്റ്ററൽ കൗൺസിൽ, ഫിനാൻസ് കൗൺസിൽ

തുടങ്ങിയ സഭയ്ക്കുള്ളിലെ ജനാധിപത്യസംവിധാനങ്ങളെ ഇതിനായി പ്രയോജനപ്പെടുത്തണം. അതിന് ശ്രമിക്കാത്തവരും ശ്രമിച്ചു പരാജയപ്പെട്ടവരും സർക്കാരിന് ഇല്ലാത്ത അധികാരം ഉപയോഗിക്കാൻ സർക്കാരിനോട് അപേക്ഷിക്കുന്നത് ന്യായമല്ല; നീതിയല്ല, ജനാധിപത്യ വിരുദ്ധവുമാണ്. കൂടാതെ, ജനാധിപത്യത്തെ സംബന്ധിച്ച രാഷ്ട്രീയ സങ്കല്പം കുടുംബങ്ങൾ, സ്വകാര്യസ്ഥാപനങ്ങൾ, അസോസിയേഷനുകൾ, മതവിഭാഗങ്ങൾ എന്നിവയുടെ കാര്യത്തിൽ പൂർണമായും പ്രയോഗിക്കാൻ സാധ്യമല്ല. സഭയിലെ ഇപ്പോഴത്തെ സമ്പ്രദായം കാലത്തിന്റെ പരീക്ഷയ്ക്കു വിധേയമായിട്ടുള്ളതാണ്. സഭയുടെ ഏതെങ്കിലും അംഗീകൃതസമിതിയോ ഫോറമോ ബില്ലിൽ നിർദേശിച്ചിട്ടുള്ള പുതിയ സമ്പ്രദായം സ്വീകരിക്കാൻ ആവശ്യപ്പെട്ടിട്ടില്ല. ഇത്തരം കാര്യങ്ങളിൽ കാലാനുസൃതമായ മാറ്റങ്ങൾ ആവശ്യമായി വന്നാൽ, അവ സംബന്ധിച്ചു തീരുമാനമെടുക്കേണ്ടത് സഭതന്നെയാണ്.

കൂടുതൽ ജനാധിപത്യമോ കാര്യക്ഷമതയോ വളർത്താനെന്ന ഭാവേന പുതിയ നിയമനിർമാണം നടത്താൻ സ്റ്റേറ്റിന് അധികാരമില്ല. കൂടാതെ, ബില്ലിൽ നിർദേശിക്കപ്പെട്ടിട്ടുള്ള വ്യവസ്ഥകൾ ഗുണത്തെക്കാൾ കൂടുതൽ ദോഷം ചെയ്യുമെന്നാണ് സഭാവിശ്വാസികളുടെ നിരീക്ഷണം.

വഖഫ് ബോർഡ്, ദേവസ്വം ബോർഡ് തുടങ്ങിയ സംവിധാനങ്ങളും അവയെ ബാധിക്കുന്ന നിയമങ്ങളും ചൂണ്ടിക്കാട്ടി ക്രൈസ്തവരുടെ കാര്യത്തിൽ സമാനസംവിധാനങ്ങൾ എന്തുകൊണ്ട് പാടില്ല എന്നു ചോദിക്കുന്നത് യുക്തിസഹമല്ല. വഖഫ് ബോർഡുകളും ദേവസ്വം ബോർഡുകളും സ്ഥാപിക്കപ്പെട്ട ചരിത്രപരമായ കാരണങ്ങളും സാഹചര്യങ്ങളുമല്ല ക്രൈസ്തവസഭകളുടെ സ്വത്തിന്റെയും സ്ഥാപനങ്ങളുടെയും കാര്യത്തിൽ നിലവിലുള്ളത്. ഭരണഘടന ഉറപ്പുനല്കിയിട്ടുള്ള മതപരമായ അവകാശങ്ങളും സഭയുടെ സ്വത്തുക്കളുടെയും സ്ഥാപനങ്ങളുടെയും സുതാര്യവും നീതിപൂർവ്വകവുമായ ഭരണം ഉറപ്പാക്കുന്നതിനാവശ്യമായ സഭാനിയമങ്ങളും സിവിൽ നിയമങ്ങളും ക്രൈസ്തവ സഭകളുടെ സ്വത്തുക്കളുടെയും സ്ഥാപനങ്ങളുടെയും കാര്യത്തിൽ അത്തരം സംവിധാനങ്ങളെ അനാവശ്യവും അപ്രസക്തവുമാക്കുന്നു.

ഇപ്പോൾ നിർദേശിക്കപ്പെട്ട ബില്ല് നിയമമായിത്തീർന്നാൽ സഭാസ്വത്തുക്കളുടെയും സ്ഥാപനങ്ങളുടെയും ഇപ്പോഴത്തെ സമാധാനപൂർണവും ക്രമാനുസൃതവുമായ ഭരണം തർക്കങ്ങൾകൊണ്ടും വ്യവഹാരങ്ങൾകൊണ്ടും നശിപ്പിക്കപ്പെടുമെന്നതിൽ സംശയമില്ല. സഭാസ്വത്തുക്കളുടെയും സ്ഥാപനങ്ങളുടെയും ഭരണം സഭാധികാരികളുടെ കൈയിൽ നിന്നെടുത്ത് സർക്കാരിന്റെ നിയന്ത്രണത്തിലാക്കുകയെന്ന

ഗൂഢലക്ഷ്യം ഈ ബില്ലിന്റെ പിറകിലുണ്ടെന്നു സംശയിക്കേണ്ടിയിരിക്കുന്നു.

ഇത്തരം ഒരു നിയമമുാക്കുന്നതിന് സർക്കാരിനുതന്നെ ഉദ്ദേശ്യമില്ലെന്ന് ബന്ധപ്പെട്ടവർ വ്യക്തമാക്കിയിട്ടുള്ള സാഹചര്യത്തിൽ, ഭരണഘടനയുടെ ആർട്ടിക്കൾ 26 ഉറപ്പുനല്കുന്ന മൗലികാവകാശങ്ങളെ നിഷേധിക്കുന്നതും, ഭരണഘടനയിൽ സംരക്ഷിക്കപ്പെട്ടിരിക്കുന്ന മതനിരപേക്ഷതയുടെ ചൈതന്യത്തിനു നിരക്കാത്തതും, സഭാസ്വത്തുക്കളുടെയും സ്ഥാപനങ്ങളുടെയും സമാധാനപൂർണമായ നടത്തിപ്പിന് വിഘാതമുാക്കുന്നതുമായ ഇത്തരം ഒരു നിയമനിർമ്മാണ ശ്രമത്തിൽ നിന്നും കേരളനിയമപരിഷ്കരണ കമ്മീഷൻ പിന്മാറണം.

നിയമ പരിഷ്കരണകമ്മീഷൻ പ്രസിദ്ധീകരിച്ച ബിൽ പ്രത്യക്ഷത്തിൽ നിരുപദ്രവമെന്നു തോന്നുമെങ്കിലും, അതിന്റെ പരിണിതഫലങ്ങൾ അതീവഗുരുതരമാണ്. ഇത്തരം ഒരു നീക്കം നിയമപരിഷ്കരണ കമ്മീഷനിൽ നിന്നുണ്ടായത് അങ്ങേയറ്റം നിർഭാഗ്യകരവും അപലപനീയവുമാണ്. എന്നിരുന്നാലും, കമ്മീഷൻ ആവശ്യപ്പെട്ടിരിക്കുന്ന പ്രകാരം സഭയുടെ നിലപാട് നിശ്ചിത സമയപരിധിക്കുള്ളിൽ കമ്മീഷനെ അറിയിക്കുന്നതാണ്. നിർദ്ദിഷ്ട ബിൽ നല്കുന്ന അപകടസൂചനകളും, ഉയർത്തുന്ന വെല്ലുവിളികളും മനസ്സിലാക്കി ജാഗ്രതയോടെ പ്രവർത്തിക്കാൻ മുഴുവൻ വിശ്വാസികളെയും പൊതുസമൂഹത്തെയും ഞങ്ങൾ ആഹ്വാനം ചെയ്യുന്നു.

സ്നേഹാദരങ്ങളോടെ,

**ആർച്ചുബിഷപ് ഡോ. എം. സൂസ പാക്യം**
*പ്രസിഡന്റ്, കെസിബിസി*

**ബിഷപ് ഡോ. യൂഹാനോൻ മാർ ക്രിസോസ്തം**
*വൈസ് പ്രസിഡന്റ്, കെസിബിസി*

**ആർച്ചുബിഷപ് മാർ മാത്യു മൂലക്കാട്ട്**
*സെക്രട്ടറി ജനറൽ, കെസിബിസി*

*പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം*
*കൊച്ചി - 682 025*

---

*NB: 2019 മാർച്ച് 3-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാ സഭകളിലെ എല്ലാ ദൈവാലയങ്ങളിലും വി. കുർബാന അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചു കൊടുക്കുകയോ ചെയ്യേണ്ടതാണ്.*

19. PL. 30-252

# ഇടയലേഖനം

കർത്താവിന്റെ ദാസനും ദൈവനിശ്ചയത്താൽ
ചങ്ങനാശേരി അതിരൂപതയുടെ മെത്രാപ്പോലീത്തയുമായ
**ജോസഫ് പെരുന്തോട്ടം**
തന്റെ അതിരൂപതയിലെ വൈദികർക്കും
സമർപ്പിത സമൂഹങ്ങൾക്കും
ദൈവജനം മുഴുവനുമായി എഴുതുന്നത്

## നോമ്പുകാലം: മാനസാന്തരത്തിനും അനുരഞ്ജനത്തിനും

പ്രിയ ബഹു. വൈദികരേ, സമർപ്പിതരേ, സഹോദരീസഹോദരന്മാരേ,

1. ഇത് നമുക്ക് നോമ്പുകാലമാണല്ലോ. സഭയിൽ ആചരിക്കപ്പെടുന്ന വിവിധ നോമ്പുകളിൽ ഏറ്റവും ദീർഘവും തീവ്രവുമാണ് ഉയിർപ്പു തിരുനാളിനൊരുക്കമായിട്ടുള്ള വലിയ നോമ്പ്. നോമ്പാചരണത്തിന്റെ മുഖ്യലക്ഷ്യങ്ങൾ മാനസാന്തരവും അനുരഞ്ജനവുമാണ്. ദൈവഹിതത്തിനു വിരുദ്ധമായി പ്രവർത്തിച്ച് ദൈവത്തിൽനിന്നകന്ന് നാശത്തിന്റെ വഴിയിൽ അകപ്പെട്ട മനുഷ്യകുലത്തെ വീണ്ടും ദൈവത്തിലേക്ക് തിരിച്ച് ദൈവവുമായി അനുരഞ്ജനപ്പെടുത്തി രക്ഷിക്കാനാണ് ദൈവപുത്രനായ മിശിഹാ രക്ഷകനായി അവതരിച്ചത്. 'മാനസാന്തരപ്പെടുവിൻ, സ്വർഗരാജ്യം സമീപിച്ചിരിക്കുന്നു (മത്താ. 4:17); 'ദൈവരാജ്യം സമീപിച്ചിരിക്കുന്നു. അനുതപിച്ച് സുവിശേഷത്തിൽ വിശ്വസിക്കുവിൻ' (മർക്കോ.1:15); 'ദരിദ്രരെ സുവിശേഷം അറിയിക്കാൻ അവൻ എന്നെ അഭിഷേകം ചെയ്തിരിക്കുന്നു (യോഹ. 4:18); 'ഞാൻ ദൈവരാജ്യത്തിന്റെ സുവിശേഷം പ്രസംഗിക്കേണ്ടിയിരിക്കുന്നു. അതിനുവേണ്ടിയാണ് ഞാൻ അയക്കപ്പെട്ടിരിക്കുന്നത്' (യോഹ. 4:43); ഇപ്രകാരം ഉദ്ഘോഷിച്ചുകൊണ്ടാണ് ഈശോ തന്റെ രക്ഷാകരദൗത്യം ആരംഭിച്ചത്.

2. ഈശോ നൽകിയത് ദൈവരാജ്യത്തിന്റെ സുവിശേഷമാണ്. ദൈവ രാജ്യത്തിലേക്കു പ്രവേശിക്കാനുള്ള ആഹ്വാനവും സന്ദേശവുമാണത്. അതായത്, ദൈവസന്നിധിയിലേക്ക്, ദൈവത്തിലേക്ക് തിരിയുവാനുള്ള ക്ഷണം. അതാണ് മാനസാന്തരം. ദൈവസ്നേഹത്തെ തിരസ്കരിച്ച് ധൂർത്തപുത്രനെപ്പോലെ ദൈവകുടുംബത്തെ ഉപേക്ഷിച്ച്, തന്നിഷ്ട പ്രകാരം ജീവിച്ച് നാശഗർത്തത്തിൽപ്പെട്ട മനുഷ്യമക്കളെ പിതൃഭവന ത്തിലേക്ക് തിരിച്ചുവരാനുള്ള ദൈവപിതാവിന്റെ സ്നേഹവും കരു ണയും നിറഞ്ഞ ക്ഷണമാണ് ഈശോ അറിയിച്ചത്.

3. സ്നേഹം തന്നെയായ ദൈവവുമായുള്ള ബന്ധത്തിൽനിന്നകന്നു മനുഷ്യൻ സ്നേഹത്തിന്റെ വിരുദ്ധശക്തിയായ സാത്താന്റെ പിടിയി ലമരുകയായിരുന്നു. അങ്ങനെ സഹോദരങ്ങളുമായുള്ള ബന്ധവും തകർന്നു. പൈശാചികതിന്മകളാകുന്ന വിദ്വേഷവും പകയും പ്രതി കാരചിന്തയും നുണയും ഏഷണിയും ഭിന്നതയും കലഹവും കൊല പാതകവും അഹന്തയും ജഡികാസക്തിയും മദ്യപാനവും ദ്രവ്യാഗ്രഹ വുമെല്ലാം മനുഷ്യജീവിതത്തെ താറുമാറാക്കി. സന്തോഷവും സമാധാന വും നഷ്ടപ്പെട്ടു. നിരാശയ്ക്കടിമപ്പെട്ട മനുഷ്യൻ വ്യർത്ഥസന്തോഷങ്ങ ളിലും ലോകസുഖങ്ങളിലും ആശ്രയം തേടി. ഈ നാരകീയാവസ്ഥയിൽ നിന്ന്, സാത്താന്റെ പിടിയിൽനിന്ന് മനുഷ്യകുലത്തെ മോചിപ്പിച്ച ദൈവപുത്രനായ മിശിഹായാണ് നമുക്കു സുവിശേഷം. 'പുത്രനിൽ വിശ്വസിക്കുന്നവനു നിത്യജീവൻ ലഭിക്കുന്നു' (യോഹ. 3:36).

4. സ്നേഹം തന്നെയായ ത്രിയേകദൈവത്തിന്റെ കൂട്ടായ്മയാണ് ദൈവ രാജ്യം. ഈ കൂട്ടായ്മയിൽ പങ്കുചേരാനുള്ള ക്ഷണമാണ് ഈശോയു ടേത്. അതിലേക്കുള്ള വാതിലും ഈശോ തന്നെയാണ്. ''ഞാനാണ് വാതിൽ, എന്നിലൂടെ പ്രവേശിക്കുന്നവൻ രക്ഷ പ്രാപിക്കും'' (യോഹ. 10:9). ''വഴിയും സത്യവും ജീവനും ഞാനാണ്. എന്നിലൂടെയല്ലാതെ ആരും പിതാവിന്റെ അടുക്കലേക്കു വരുന്നില്ല'' (യോഹ. 14:6). ഈശോ യോടുള്ള സ്നേഹബന്ധമാണ് പിതാവായ ദൈവത്തോടു ബന്ധപ്പെ ടാനുള്ള മാർഗ്ഗം. അതിന് ഈശോയുടെ വചനം പാലിക്കണം. ''ഈശോ പ്രതിവചിച്ചു: എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം പാലിക്കും. അപ്പോൾ എന്റെ പിതാവ് അവനെ സ്നേഹിക്കുകയും ഞങ്ങൾ അവന്റെ അടുത്തുവന്ന് അവനിൽ വാസമുറപ്പിക്കുകയും ചെയ്യും'' (യോഹ. 14:23).

5. ദൈവത്തെ സ്നേഹിക്കാനുള്ള കൽപ്പനയോടൊപ്പം ഈശോ നൽകിയ കൽപ്പനയാണ് പരസ്പരം സ്നേഹിക്കുക എന്നതും.''ഇതാണ് എന്റെ കൽപ്പന: ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കണം'' (യോഹ. 15:12). ''ഞാൻ പുതിയൊരു കൽപ്പന നിങ്ങൾക്കു നൽകുന്നു. നിങ്ങൾ പരസ്പരം സ്നേഹി ക്കുവിൻ. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്

പരം സ്നേഹിക്കുവിൻ. നിങ്ങൾക്കു പരസ്പരം സ്നേഹമുണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാരാണെന്ന് അതുമൂലം എല്ലാവരും അറിയും'' (യോഹ. 13:34-35).

6. ചുരുക്കത്തിൽ, ദൈവത്തോടും സഹോദരങ്ങളോടുമുള്ള സ്നേഹബന്ധത്തിൽ ഉണ്ടായ മുറിവും വിടവും പരിഹരിച്ച് അനുരഞ്ജനത്തിലേക്കും സ്നേഹകൂട്ടായ്മയിലേക്കുമുള്ള തിരിച്ചുവരവാണ് മാനസാന്തരം. ആന്തരികമായ ജീവിതനവീകരണമാണ് ഇവിടെ സംഭവിക്കേണ്ടത്. മനസ്സാണ് മാറേണ്ടത്. ദൈവസ്നേഹത്തിനും സഹോദരസ്നേഹത്തിനും ചേരാത്ത ചിന്തകൾ, താല്പര്യങ്ങൾ, വാക്കുകൾ, പ്രവൃത്തികൾ, ബന്ധങ്ങൾ, പെരുമാറ്റങ്ങൾ, കാഴ്ചകൾ സാഹചര്യങ്ങൾ, പ്രേരണകൾ, പ്രലോഭനങ്ങൾ, ദുർമാതൃകകൾ തുടങ്ങിയവയിൽനിന്നെല്ലാം വിമുക്തരായി ജീവിതം മുഴുവൻ ദൈവോന്മുഖമായി മാറുന്നതാണ് മാനസാന്തരം. മനസ്സും ശരീരവും വികാരവിചാരങ്ങളും നിയന്ത്രണവിധേയമാക്കണം. അസൂയ, അഹങ്കാരം വ്യർത്ഥാഭിമാനം, സ്വാർത്ഥത ഇവയിൽനിന്നൊക്കെ മനസ്സിനെ ശുദ്ധീകരിക്കണം. ക്ഷമയും ശാന്തതയും സഹനശീലവും പരിശീലിക്കണം. എല്ലാക്കാര്യങ്ങളിലും മിതത്വം പാലിക്കണം. ഭോജനപ്രിയം, ധൂർത്ത്, ആഡംബരഭ്രമം ഇവയൊക്കെ വരുതിയിൽ നിർത്താൻ നോമ്പും ഉപവാസവും സഹായിക്കും. പ്രാർത്ഥനയും ഉപവാസവും വഴിയല്ലാതെ തിന്മയെ ദൂരെയകറ്റാൻ സാധിക്കയില്ലെന്ന് ഈശോതന്നെ പറഞ്ഞിട്ടുണ്ടല്ലോ. ദൈവികശക്തികൊണ്ടേ പൈശാചികശക്തിയെ കീഴടക്കാൻ സാധിക്കൂ. സാത്താനെ പൂർണ്ണമായും കീഴടക്കി വിജയം വരിച്ച ഈശോയിൽ ആശ്രയിക്കുമ്പോഴാണ് നമുക്കു തിന്മയുടെമേൽ വിജയം വരിക്കാൻ സാധിക്കുന്നത്. ഈ ദൈവാശ്രയമാണ് വിശ്വാസം. ദൈവത്തിന്റെ ആയുധങ്ങൾ ധരിക്കാൻ പൗലോസ്ശ്ലീഹാ ആഹ്വാനം ചെയ്യുന്നു. വിശ്വാസത്തിന്റെ പരിചയും ദൈവവചനമാകുന്ന വാളും നീതിയുടെ കവചവും ക്ഷമയുടെ പടത്തൊപ്പിയും സമാധാനത്തിന്റെ സുവിശേഷത്തിന് ഒരുക്കമാകുന്ന കാലുറയും ധരിച്ച് സത്യംകൊണ്ട് അരമുറുക്കി സാത്താന്റെ എല്ലാ കൂരമ്പുകൾക്കുമെതിരേ ആത്മീയയുദ്ധം ചെയ്യാൻ പൗലോസ്ശ്ലീഹാ ആഹ്വാനം ചെയ്യുന്നു. ഈശോയുടെ മരുഭൂമിയിലെ ഉപവാസ പ്രാർത്ഥനയെ അനുകരിച്ച് നടത്തുന്ന തീവ്രമായ ആത്മീയ യുദ്ധത്തിന്റെ സുപ്രധാന കാലഘട്ടമാണ് വലിയനോമ്പുകാലം.

7. നോമ്പുകാലം യഥാർത്ഥമായ മാനസാന്തരത്തിന്റെയും അനുരഞ്ജനത്തിന്റെയും അവസരമാക്കാൻ നമ്മൾ ശ്രദ്ധിക്കേണ്ട ചില കാര്യങ്ങൾ സൂചിപ്പിക്കട്ടെ. അതിനായിട്ടാണല്ലോ ദൈവം തന്റെ പുത്രനെ ലോകത്തിലേക്കയച്ചത്. ഈശോയുടെ പ്രബോധനങ്ങളും പ്രവൃത്തികളും പീഡാസഹനവും മരണവും ഉയിർപ്പും എല്ലാം ഈ ലക്ഷ്യത്തിനുവേണ്ടിയായിരുന്നു. ദൈവത്തിന്റെ കല്പനകൾ പാലിച്ചുകൊണ്ട് നമ്മൾ

സഹകരിച്ചെങ്കിൽ മാത്രമേ മനുഷ്യരക്ഷയ്ക്കുവേണ്ടിയുള്ള ഈശോയുടെ രക്ഷാകരബലിയുടെ ഫലം നമുക്കു ലഭിക്കുകയുള്ളൂ.

ഒന്നാമതായി ദൈവവുമായി നമ്മൾ അനുരഞ്ജനപ്പെടണം. വിശ്വാസത്തിലും സ്നേഹത്തിലും പ്രത്യാശയിലും അധിഷ്ഠിതമായ ജീവിതമായിരിക്കണം നമ്മുടേത്. വിശ്വാസത്തിൻെറ ആഘോഷമായ സഭയുടെ ആരാധനാക്രമത്തിൽ നമ്മൾ സജീവമായും ശരിയായ ഒരുക്കത്തോടെയും പങ്കുചേരണം. വിശുദ്ധ കുർബാനയായിരിക്കണം നമ്മുടെ ആരാധനാജീവിതത്തിന്റെ കേന്ദ്രം. ഞായറാഴ്ചകളിലെ കുർബാന മുടക്കരുത്. മറ്റു കൂദാശകൾ ഓരോരുത്തരുടേയും ദൈവിളിക്കനുസരിച്ച് യഥായോഗ്യം സ്വീകരിക്കണം. ദൈവവും സഹോദരങ്ങളുമായുള്ള ബന്ധത്തെ തകർക്കുന്ന പാപാവസ്ഥയിൽനിന്ന് മോചനം നൽകുകയും പാപത്തിൽ വീഴാതിരിക്കാൻ ശക്തി പകരുകയും ചെയ്യുന്ന അനുരഞ്ജന കൂദാശ കൂടെകൂടെ സ്വീകരിച്ചുകൊണ്ട് പാപരഹിതമായ ജീവിതം നയിക്കണം. ധൂർത്തപുത്രന്റെയും ചുങ്കക്കാരന്റെയും സക്കേവൂസിന്റെയും സമറായ സ്ത്രീയുടെയുമൊക്കെ മാനസാന്തരവും ജീവിത നവീകരണവും നമുക്കു മാതൃകകളാണ്. പാപബോധവും ഏറ്റുപറച്ചിലും പരിഹാരസന്നദ്ധതയും മേലിൽ പാപം ചെയ്യാതിരിക്കാനുള്ള തീരുമാനവും ഉണ്ടാകണം. അനുരഞ്ജനകൂദാശയക്ക് ആളുകളെ നന്നായി ഒരുക്കാൻ വൈദികർ ശ്രദ്ധിക്കണം. രോഗികളായിരിക്കുന്നവരെ പ്രത്യേകം ശ്രദ്ധിക്കുകയും കർത്താവിന്റെ കരുണയും സ്നേഹവും അവർക്കു പകർന്നുകൊടുക്കുകയും വേണം. പാപമോചനം നൽകാൻ കർത്താവു സഭയ്ക്കു നൽകിയ അധികാരം വൈദികരിലൂടെയാണ് പ്രാവർത്തികമാകുന്നത്. ഇക്കാര്യത്തിൽ വൈദികർ വിശ്വസ്തത പുലർത്തുകയും ജാഗ്രതയോടെ പ്രവർത്തിക്കുകയും വേണം. സഭയോട് ചേർന്ന് പ്രാർത്ഥിക്കാനാണ് വിശ്വാസികൾ ശ്രദ്ധിക്കേണ്ടത്. അതിനുള്ള ക്രമീകരണമാണ് ആരാധനാവത്സരം. ഇതര ഭക്താനുഷ്ഠാനങ്ങളും സ്വകാര്യപ്രാർത്ഥനകളും സഭയുടെ ആരാധനക്രമത്തിന്റെ ചൈതന്യത്തിനു ചേർന്നതും അതിലേക്ക് നയിക്കുന്നതുമായിരിക്കണം. കുടുംബപ്രാർത്ഥനയ്ക്ക് വീഴ്ച വരുത്തരുത്. കുടുംബാംഗങ്ങൾ ഒന്നുചേർന്ന് എല്ലാ ദിവസവും നിശ്ചിത സമയത്ത് കുടുംബപ്രാർത്ഥന ചൊല്ലണം.

8. പ്രാർത്ഥന, ഉപവാസം, ദാനധർമ്മം എന്നിവയ്ക്ക് നോമ്പുകാലത്ത് കൂടുതൽ പ്രാധാന്യം നൽകണം. മത്സ്യമാംസാദികൾ ഉപേക്ഷിച്ചും ലഹരിവസ്തുക്കൾ വർജ്ജിച്ചും വിരുന്നുകളും സല്ക്കാരങ്ങളും നിയന്ത്രിച്ചും ആഘോഷങ്ങൾ ഒഴിവാക്കിയും നോമ്പിന്റെ ചൈതന്യം പരമാവധി പുലർത്താൻ ശ്രമിക്കണം. ചെലവു ചുരുക്കിയും ത്യാഗം ചെയ്തും ദരിദ്രരെയും സഹായം അർഹിക്കുന്നവരെയും സഹായിക്കാൻ തയ്യാറാകണം. ദാനധർമ്മം ക്രിസ്തീയ ജീവിതത്തിന്റെ ഭാഗമാണെന്നോർക്കണം.

പാപത്തിലേക്കും അശുദ്ധതാല്പര്യങ്ങളിലേക്കും നയിക്കുന്ന സാഹചര്യങ്ങൾ ഒഴിവാക്കണം. കണ്ണിനും നാവിനും ചെവിക്കും നിയന്ത്രണം വേണം. പാപഹേതുവാകാവുന്ന കാഴ്ചകളും വിനോദങ്ങളും മാധ്യമ ഉപയോഗങ്ങളും വർജ്ജിക്കണം. പ്രലോഭന കാരണമാകാവുന്ന വസ്ത്രധാരണരീതികളും സംസാരങ്ങളും പെരുമാറ്റങ്ങളും ഉപേക്ഷിക്കണം. മറ്റുള്ളവർക്ക്, പ്രത്യേകിച്ച് കുട്ടികൾക്കു ഉതപ്പുണ്ടാക്കുന്ന കാര്യങ്ങളൊന്നും ചെയ്യാനിടയാകരുത്. ദുർമാതൃക വലിയ തെറ്റായിട്ടാണ് ഈശോ ചൂണ്ടിക്കാണിച്ചത്. ദൈവാലയത്തിലും പൊതുസ്ഥലങ്ങളിലും ആയിരിക്കുമ്പോൾ ഉചിതവും മാന്യവുമായ വസ്ത്രം ധരിച്ചിരിക്കണം. ചുരുക്കത്തിൽ മനുഷ്യമഹത്വത്തിനും വിശുദ്ധിക്കും ചേരാത്ത കാര്യങ്ങൾ ജീവിതത്തിൽ ഒഴിവാക്കണം.

9. ആരോടെങ്കിലും വിദ്വേഷമോ വെറുപ്പോ പ്രതികാരചിന്തയോ ഉണ്ടെങ്കിൽ മനസ്സിൽനിന്ന് അവ മാറ്റിക്കളയണം. ക്ഷമിക്കാൻ തയ്യാറാകണം. ഈശോ പഠിപ്പിച്ചതുപോലെ നമ്മോട് തെറ്റു ചെയ്തവരോട് ക്ഷമിക്കാൻ തയ്യാറാകണം. എങ്കിലേ ദൈവം നമ്മോടും ക്ഷമിക്കുകയുള്ളൂ. 'എന്നോട് ക്ഷമിക്കട്ടെ അപ്പോൾ ഞാനും ക്ഷമിക്കാം' എന്ന വാശി ഉപേക്ഷിക്കണം. എന്നോട് ക്ഷമിച്ചില്ലെങ്കിലും ഞാൻ ക്ഷമിക്കും എന്നതാണ് ക്രിസ്തീയ മനോഭാവം. ദൈവം മനുഷ്യന്റെ പാപത്തിന് പരിഹാരം ചെയ്ത് അവനോടു ക്ഷമിച്ച സംഭവമാണ് ഈശോയുടെ പീഡാസഹനവും മരണവും. അതാണ് നമ്മൾ മാതൃകയാക്കേണ്ടത്.

ഇപ്രകാരമെല്ലാം ജീവിതത്തിൽ മാറ്റം വരുത്തി മനസ്സിനെ ശുദ്ധീകരിച്ച് ദൈവത്തെയും സഹോദരങ്ങളെയും സ്നേഹിച്ച് നോമ്പാചരണം ഫലപ്രദമാക്കാൻ നമുക്ക് ആത്മാർത്ഥമായി പരിശ്രമിക്കാം. അതിന് നമ്മുടെ കർത്താവീശോമിശിഹായുടെ കൃപ നിങ്ങളെല്ലാവരുടെയുംമേൽ ഉണ്ടായിരിക്കട്ടെ.

സ്നേഹപൂർവ്വം,

**ആർച്ചുബിഷപ്പ് ജോസഫ് പെരുന്തോട്ടം**

ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്ത

---

*ഈ ഇടയലേഖനം മാർച്ച് 10-ാം തീയതി ഞായറാഴ്ച എല്ലാ ഇടവകകളിലും വി. കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.*

സർക്കുലർ

18 Ch. 213-288

# അനുതാപാർച്ചന

ബഹു. വൈദികരേ, സമർപ്പിതരേ, സഹോദരീസഹോദരന്മാരേ,

'അനുതാപാർച്ചന' എന്ന പ്രാർത്ഥനാശുശ്രൂഷ എല്ലാവർക്കും പരിചിതമാണെന്നു കരുതുന്നു. മരണാവസരങ്ങളിലും നോമ്പുകാലത്തും ഉപയോഗിക്കുവാൻ ഉദ്ദേശിച്ച് തയ്യാറാക്കിയിരിക്കുന്ന പ്രാർത്ഥനാശുശ്രൂഷയാണിത്. 1992-ലാണ് ഇങ്ങനെയൊരു പ്രാർത്ഥനാപ്പുസ്തകം ആദ്യമായി പ്രസിദ്ധീകരിച്ചത്. അനുതാപമാണ് ഈ പ്രാർത്ഥനാശുശ്രൂഷയിലെ മുഖ്യപ്രമേയം; വിശ്വാസികളെ അനുതാപത്തിലേക്ക് ആനയിക്കുകയാണ് ലക്ഷ്യം. പാപബോധമാണ് ഒരുവനെ അനുതാപത്തിലേക്കു നയിക്കുന്നത്. ദൈവത്തിന്റെ സ്നേഹവും കരുണയും ക്ഷമയും തിരിച്ചറിയുന്ന മനുഷ്യൻ പാപം ഏറ്റുപറഞ്ഞ് മാപ്പപേക്ഷിക്കുകയും പാപത്തിനു പരിഹാരം ചെയ്യാൻ തയ്യാറാകുകയും ചെയ്യും. അതാണ് അനുതാപം. ഇപ്രകാരം അനുതപിക്കുന്ന ഒരു പാപിയെക്കുറിച്ച് അനുതാപം ആവശ്യമില്ലാത്ത 99 നീതിമാന്മാരെക്കുറിച്ചെന്നതിനെക്കാൾ സ്വർഗ്ഗത്തിൽ സന്തോഷമുണ്ടാകുമെന്നാണല്ലോ ഈശോ അരുളിച്ചെയ്തത്. അനുതാപം നമ്മെ ദൈവത്തോട് അനുരഞ്ജനപ്പെടുത്തുന്നു.

അനുതാപത്തിന്റെയും അനുരഞ്ജനത്തിന്റെയും ഒരു സുപ്രധാന അവസരമായിട്ടാണ് നോമ്പുകാലത്തെ സഭ കാണുന്നത്. അതുപോലെ തന്നെ നമ്മുടെ ജീവിതത്തിലെ കുറവുകളും കുറ്റങ്ങളും മനസ്സിലാക്കി ജീവിതനവീകരണത്തിന് പ്രേരിതരാകുന്ന ഒരവസരമാണ് മരണം. നോമ്പുകാലത്തും ബന്ധുമിത്രാദികളുടെയും മറ്റും മരണാവസരങ്ങളിലും വീടുകളിലും മറ്റ് ഉചിതമായ സ്ഥലങ്ങളിലും ഉപയോഗിക്കാൻ പറ്റുന്ന 10 ഗണം പ്രാർത്ഥനാശുശ്രൂഷകളാണ് 'അനുതാപാർച്ചന'യിലെ ഉള്ളടക്കം. പ്രാർത്ഥനയ്ക്കായി അവ യഥേഷ്ടം തിരഞ്ഞെടുക്കാവുന്ന

താണ്. വിശുദ്ധ ഗ്രന്ഥത്തെയും സുറിയാനി ആരാധനക്രമങ്ങളെയും ആധാരമാക്കി തയ്യാറാക്കിയിട്ടുള്ളതാണ് ഇതിലെ പ്രാർത്ഥനകളും ഗീതങ്ങളും. ആത്മശോധനയിലേക്കും പാപബോധത്തിലേക്കും അതുവഴി അനുതാപത്തിലേക്കും നമ്മെ നയിക്കാൻ ഈ ശുശ്രൂഷ സഹായിക്കും. മൃതസംസ്കാരത്തിനുമുമ്പ് മരണവീട്ടിൽ അല്മായർക്കും ഈ പ്രാർത്ഥനാ ശുശ്രൂഷയ്ക്ക് നേതൃത്വം കൊടുക്കാവുന്നതാണ്.

ആളുകൾക്ക് ഈ ശുശ്രൂഷ പരിചയപ്പെടുത്തി പരിശീലിപ്പിക്കുന്നതിനും ഗീതങ്ങൾ ശരിയായി ആലപിക്കുന്നതിന്റെ രീതി പഠിപ്പിക്കുന്നതിനും വേണ്ടി 'അനുതാപാർച്ചന'യുടെ ഓഡിയോ സിഡി തയ്യാറാക്കിയിരിക്കുന്നു. ഇക്കാര്യം ആളുകളെ അറിയിച്ച് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകാനും അനുതാപാർച്ചനയുടെ ഉപയോഗം കൂടുതൽ വ്യാപകമാക്കുന്നതിനും ബഹു. അച്ചന്മാരും മറ്റു ബന്ധപ്പെട്ടവരും പരിശ്രമിക്കണമെന്ന് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു. നമ്മുടെ കർത്താവിന്റെ കൃപ നിങ്ങളെല്ലാവരുടെയുംമേൽ ഉണ്ടായിരിക്കട്ടെ.

സകല മരിച്ചവരുടെയും തിരുനാൾ

01-03-2019 : ദനഹാ അവസാനവെള്ളി

**ആർച്ചുബിഷപ്പ് ജോസഫ് പെരുന്തോട്ടം**

ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്ത

---

*ഈ സർക്കുലർ മാർച്ച് 24-ാം തീയതി ഞായറാഴ്ച എല്ലാ ഇടവകകളിലും വി. കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.*

# പിതാവിന്റെ കത്ത്

പ്രിയ ബഹു. അച്ചന്മാരേ, സിസ്റ്റേഴ്സ്, അദ്ധ്യാപകരേ, മാതാപിതാക്കളേ,

അഭ്യസ്തവിദ്യരായ നമ്മുടെ യുവജനങ്ങൾക്ക് അവരുടെ വിദ്യാഭ്യാസ യോഗ്യതയനുസരിച്ച് തൊഴിലുകളോ ഉദ്യോഗങ്ങളോ ലഭിക്കുന്നില്ലായെന്ന പരിദേവനങ്ങൾ നമ്മുടെയിടയിൽ ഉണ്ടല്ലോ. ഭാവിയിൽ തൊഴിൽ നേടുന്നതിന് കുട്ടികളെ സഹായിക്കുന്ന തരത്തിലുള്ള ഒരു ദീർഘകാല നൈപുണ്യവികസന പരിശീലനപരിപാടി നടപ്പിലാക്കുവാൻ താല്പര്യപ്പെടുന്നു. 2016-ൽ രജിസ്റ്റർ ചെയ്ത അതിരൂപതാ മാനവവിഭവശേഷി വികസന ട്രസ്റ്റ് (Archeparchial Human Resource Development Trust) വിഭാവനം ചെയ്തിരിക്കുന്ന പരിശീലനപരിപാടിയിൽ നൈപുണ്യവികസനത്തിനാണ് (Skill Development) കൂടുതൽ പ്രാധാന്യം നൽകുന്നത്. ഉത്തമ ജീവിതത്തിനും യോജിച്ച തൊഴിലും സഹായകരമായ പരിശീലനമായിരിക്കുമിത്.

സ്കൂൾ-കോളജ് വിദ്യാഭ്യാസമേഖലയിൽ അതിരൂപത നൽകിവരുന്ന സംഭാവനകൾ മികവുറ്റതാണ്. എന്നാൽ ഇക്കാലത്ത് കൃത്യമായ ചില നൈപുണ്യങ്ങൾ (Skills) ആർജിക്കുവാൻ അധികം വിദ്യാർത്ഥികൾക്കും സാധിക്കുന്നില്ലായെന്ന നിരീക്ഷണം അദ്ധ്യാപകരുടെ ഭാഗത്തുനിന്നുണ്ട്. ഇക്കാര്യത്തിൽ ബന്ധപ്പെട്ടവരെ സഹായിക്കുവാൻ ട്രസ്റ്റ് ആഗ്രഹിക്കുന്നു.

Open Skill Acquisition Programme in Parishes (OSAP) എന്ന പേരിൽ ഫൊറോനാ കേന്ദ്രത്തിലോ, ഏതാനും ഇടവകകൾ ചേർന്ന് ഒരു പൊതു കേന്ദ്രത്തിലോ ഈ പരിശീലന പദ്ധതി ആരംഭിക്കാവുന്നതാണ്. ലെവൽ I (8 മുതൽ 10 വരെ ക്ലാസ്സുകൾ) ലെവൽ II (ഹയർ സെക്കന്ററി) ലെവൽ III (ഡിഗ്രി ലെവൽ IV) (പി.ജി.യും, പഠനം പൂർത്തിയാക്കിയവർക്കും) എന്നീ തലങ്ങളിൽ, കൃത്യമായ നൈപുണ്യവികസന പാഠ്യപദ്ധതിയോടുകൂടി, പഠിതാക്കളുടെ പങ്കാളിത്യ പഠനത്തിൽ കൂടുതൽ പ്രാധാന്യം നൽകിക്കൊണ്ട് നടപ്പിലാക്കുന്ന പരിശീലനക്ലാസ്സുകൾ അവധി ദിനങ്ങളിലും, ശനിയാഴ്ച വൈകുന്നേരങ്ങളിലും അവധിക്കാലങ്ങളിലുമാണ് നടത്തുക. ഇതുകൂടാതെ, സംസ്ഥാന, കേന്ദ്ര സർക്കാർ തലങ്ങളിലുള്ള (PSC, SSC, UPSC....) തൊഴിൽ സാദ്ധ്യതകൾ പരിചയപ്പെടുത്താനും, അതിനുവേണ്ട പ്രത്യേക തീവ്ര പരിശീലനം നൽകുവാനും പദ്ധതികൾ ഉണ്ട്. ഒപ്പം സ്വകാര്യ മേഖലയിൽ തൊഴിൽ ആർജ്ജിക്കുവാനുള്ള നൈപുണ്യവികസനവും ട്രസ്റ്റ് ലക്ഷ്യമിടുന്നു. അതാതു മേഖലയിലുള്ള വിദഗ്ധരും പ്രത്യേക പരിശീലനം നേടിയ അദ്ധ്യാപകരും ക്ലാസ്സുകൾ നയിക്കും.

ബഹു. വികാരിയച്ചന്മാരുടെ രക്ഷാധികാരത്തിൻ കീഴിൽ ആരംഭിക്കുവാൻ ആഗ്രഹിക്കുന്ന പദ്ധതിയിൽ മാതാപിതാക്കളുടെയും അദ്ധ്യാപകരുടെയും മതാദ്ധ്യാപകരുടേയും സംഘടനാഭാരവാഹികളുടേയും സഹകരണം അഭ്യർത്ഥിക്കുന്നു.

സ്നേഹപൂർവ്വം,

**ആർച്ചുബിഷപ് ജോസഫ് പെരുന്തോട്ടം**

ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്ത

കൂടുതൽ വിവരങ്ങൾക്കായി വിളിക്കാവുന്ന നമ്പർ : 9447660363

*ഈ കത്ത് മാർച്ച് 17-ാം തീയതി ഞായറാഴ്ച എല്ലാ ഇടവകകളിലും വി. കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.*

ARCHEPARCHY OF CHANGANACHERRY

ARCHEPARCHY OF CHANGANACHERRY

JOSEPH PERUMTHOTTAM
METROPOLITAN ARCHBISHOP
OF CHANGANACHERRY

ARCHBISHOP'S HOUSE
CHANGANACHERRY - 686 101
KERALA, INDIA

**C.19/GL 44** February 18, 2019

**Constitution of the Election Commission for the 15th Pastoral Council of the Archeparchy of Changanacherry**

**DECREE**

As the 14th Pastoral Council of the Archeparchy has completed its term, I, Joseph Perumthottam, the Metropolitan Archbishop of Changanacherry, in virtue of my pastoral office (*CCEO* c. 272), hereby constitute the following Three-member Election Commission for the 15th Pastoral Council.

The members of the Commission are:

1. Rev. Fr. Joseph Mulavana (Convener)
2. Prof. P C Aniyankunju Kottayil
3. Prof. Antony Kandankary

The Election Commission has to conduct the process of election as per the Statutes of the Pastoral Council (2016) and the special norms issued by the Archeparchial Curia. The Commission is urged to submit to the Archeparchial Curia, the list of the elected members before May 1, 2019.

MAR JOSEPH PERUMTHOTTAM * METROPOLITAN ARCHBISHOP OF CHANGANACHERRY *

**† Joseph Perumthottam**
Metropolitan Archbishop of Changanacherry

Fr. Isaac Alencherry
Chancellor

ARCHEPARCHY OF CHANGANACHERRY | ARCHEPARCHY OF CHANGANACHERRY

Tel: 0091 481 2420040, 2420379, 2420614 Fax: 0091 481 2422540
E-mail: bpjperumthottam@yahoo.co.in | Website: www.archdiocesechanganacherry.org

# II

## TRANSFERS & APPOINTMENTS 2019 February

| | VICARS | |
|---|---|---|
| V. Rev/Rev Frs | Transferred from | Transferred to |
| Ambalathumparampil Francis | Puthenangady | KumarakamVadakkumkara |
| Avannoor George | Perunna East f , SHHSS Fathimapuram | Vezhapra |
| Bangalavuparampil Joseph | Charamangalam | Mariapuram f. Church |
| Chekkonthayil Thomas | Kizhakkemithrakary | Relieved |
| Chooravady Mathew (sr) | Pulincunnoo F | Koilmuck-Edathua F |
| Edachethra Varghese | Mariapuram f. Church | Bursar, LM Eng Clg., Kuttichal |
| Kakkuzhy Cherian | LM Eng.Clg., Kuttichal | House Procurator & Pathanapuram |
| Kalathil Joseph | | Perunna East f (addl), Tribunal (resi) |
| Kannadippara Sebastian | Pallikunnu | Koilmuck f. Church |
| Kappithottam Philipose | Parel | Chennamkary LM f Church |
| Kavalam Antony | Secretary to Archbishop | Eara |
| Kizhakkeyil Peter | Nazareth | Leave for prayer |
| Kochelechemkalam Thomas | | Nazareth |
| Kochuparampil Jose | Kodinattukunnu | Paral |
| Kokkavayalil James | Punalur Cherukadav, Pathanapuram | Kizhakkemithrakary |
| Kunnathukuzhy Sebastian sdb | Vallamchira | Relieved |
| Kurisumkal Martin | Arunoottumpadam, Kuttamangalam | Pastoral Ministry, Germany |
| Malyeckal Mathew | Nalukody | Asst Bursar SHHSS, Fathimapuram |
| Manakunnel John | Koilmuck-Edathua F | Kottackapuram |
| Meenatheril Francis | Changancherry Metropolitan | Etawah |
| Moolayil Antony | Vazhappally West | Nalpathimala |
| Mundunadackal Isaac | Nalpathimala | LM Eng Clg., Kuttichal |
| Nadamukath Mathew | | Rector SB Boarding (addl) |
| Nedumparabil Joseph | | Bursar SHSS Fathimapuram (addl) |
| Nelpurackal Alexander | House Procurator | Pallikunnu, Pallikunnu Estate |
| Ninaparampil Antony | Puthukary | Sick Leave |
| Noozhaithadam George | Kottackapuram | Mallappally |
| Odalany Mathew | Mallappally | Pulincunnoo F |
| Oozhikatt Mathew MSJ | Kottayam F | Kunnamthanam |
| Padinjareveettil Thomas | | LM Eng Clg., Kuttichal |
| Padiyath Augustine | KumarakamVadakkumkara | Relieved |
| Parathanam Thomas | | Vazhappally West f (addl) |
| Perumannikala John MCBS | | Charamangalam |
| Pulickaparampil Joseph | Kottayam F | Jaipur Mission, Studies |
| Puthenkalam Tom | Amala Theological College | Relieved |
| Puthenpurackal Thomas (Aji) | Koilmuck f. Church | Sick Leave |
| Puthiyidam Mani | Deepika, Syncellus | Kudamaloor F |
| Puthumanamoozhiyil George | | Vice Chancellor, Puthukary |

| | | |
|---|---|---|
| Souriamakal Sebastian | | Jaipur Mission |
| Srampickal Scaria | | Paral (Sunday Ministry) |
| Thanamavunkal Varghese | Vice Chancellor | Amala Theo. College, Parel |
| Thanniath Thomas | Paduvapuram, SL Puram | Puthenangady |
| Thoompunkal Joseph (jr) | Vezhapra | Vallamchira |
| Thottackattukalayil Joseph | Kalloorkad-Champakulam F | Punalur & Cherukadav |
| Thumpayil Thomas | Kunnamthanam | Retirement/Pastoral Asst. Punnathura |
| Thumpechirayil Mathew | Eara | Kunnamthanam Zion |
| Thundathil Thomas (Joshua) | Thiruvananthapuram F | Secretary to Archbishop |
| Thundiyil Devasia | Thathampally | Studies |
| Vaikathukaranveettil Philip | Koothrappally | Kodinattukunnu |
| Vallathara Aloysius | Manimala F | Relieved |
| Vanchickal Thomas | Poonthope | Studies |
| Varuvelil Mathew | KCSL, SB Boarding | Arunottampadam, Kuttamangalam |
| Velangattusserry Joseph | Ettumanoor | Director, KCSL |
| Vellanickal George | Paral | Warden SHHSS Hostel Kilimala |
| Vengasserry Paul | Pulincunnoo F | Paduvapuram & SL Puram |
| Vettuvayalil Abraham | Kudamaloor F | Koothrappally |
| | | |
| | **PAROCHIAL VICARS** | |
| Aerathedath Jossey CMI | | Madappally |
| Alukkal Sebastian CMI | Chethipuzha | Relieved |
| Anakallunkal Anotny | | Asst. Dir SMYM (addl) |
| Chakkumkal George | Chennamkary LM | Thathampally |
| Champakulathil Joseph | | Parel |
| Chooravady Antony | | Kottayam F |
| Chorattuchamakala Joseph | Mammoodu | Kottackapuram |
| Elamthuruthiyil Joseph | | Thathampally |
| Kakkaparampil Antony | Veroor | Kalloorkad-Champakuam F |
| Kanicheril Varghese | Thuruthy F | Chanjody |
| Karattu Mathew | Hyderabad | Nedumkunnam B Ed College, Mundupalam, Asha Bhavan |
| Kiliyattusseril Varghese | Kudamaloor F | Changancherry Metropolitan |
| Kochukaniyamparampil Paulson CMI | | Poonthope |
| Kochuparampil Varghese | Thathampally | Veroor |
| Kollara Joffin CMI | | Chethipuzha |
| Kooliparampil Isaac | | Pulincunnoo F |
| Kuriyannurparambil Joseph | Thrickodithanam F | Athirampuzha F |
| Lanithottam Joseph CMI | | Changanacherry Metropolitan |
| Mampara Sebastian | Kurumpanadam F | Thrickodithanam F |
| Marattukalam Mathew | | Amboory F |
| Meppuram Gregory | | Thuruthy F |
| Molipadavil Jacob CMI | Madappally | Relieved |
| Moonnuparayil Varghese | | Kudamaloor F |

| | | |
|---|---|---|
| Pakalomattam Jose | Athirampuzha F | Thiruvananthapuram F |
| Palliyadiyil Philip (Aibin) CMI | | Mudiyoorkara |
| Panachinkal Varghese | Changanacherry Metropo. | Ettumanoor |
| Panackal Varghese | | Kurumpanadam F |
| Parathanam Joseph | | Thrickodithanam F |
| Perumpallikunnel Joseph (Jeethu) CMI | | Champakara |
| Plathanam Joseph | | Mammood |
| Pulickiyil Lijin OFM Cap | Kudamaloor F | Relieved |
| Thumpechirayil Joshy MSFS | | Thiruvanathapuram F |
| Thuruthumalil Thomas | | Nalukody |
| Thymmoottil Joseph CMI | | Kottayam F |
| ValiyaparambilAnoop CFIC | | Kudamaloor F |
| Venattu Joseph OCD | Thiruvananthapuram F | Relieved |
| Vettukuzhiyil Varghese | | Manimala F |
| Wales Mathew | Amboory F | Relieved |

## III

### വലിയ നോമ്പുകാലത്തെ വിവാഹാഘോഷങ്ങൾ

വലിയ നോമ്പിന്റെ ആദ്യ തിങ്കളാഴ്ച മുതൽ പീഡാനുഭവ ശനിയാഴ്ച ഉൾപ്പെടെയുള്ള ദിവസങ്ങളിൽ വിവാഹാഘോഷങ്ങൾക്ക് മുടക്കമാണെന്ന വസ്തുത ഇടവകജനങ്ങളെ ഓർമ്മിപ്പിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

## IV

### വൈദികസമ്മേളനം-അതിരൂപതാകേന്ദ്രത്തിൽ

ഉയിർപ്പുതിരുനാളിനുശേഷം പതിവായി നടത്തിവരുന്ന വൈദികസമ്മേളനം ഈ വർഷം ഏപ്രിൽ 23-ാം തീയതി ചൊവ്വാഴ്ച സന്ദേശനിലയം മാർ ജെയിംസ് കാളാശ്ശേരി ഇൻഡോർ സ്റ്റേഡിയത്തിൽ നടത്തപ്പെടുന്നതാണ്. രാവിലെ 9:45 ന് ആരംഭിക്കുന്ന സമ്മേളനത്തിൽ അതിരൂപതയിലെ എല്ലാ ബഹു. വൈദികരും ഇപ്പോൾ അതിരൂപതയിൽ അജപാലനശുശ്രൂഷയിൽ ഏർപ്പെട്ടിട്ടുള്ള ബഹു. സന്യാസവൈദികരും പങ്കെടുക്കേണ്ടതാണ്.

## V

### പീഡാനുഭവ ആഴ്ചയിലെ തിരുക്കർമ്മങ്ങൾ

പെസഹാവ്യാഴം, പീഡാനുഭവവെള്ളി, വലിയ ശനി എന്നീ ദിവസങ്ങളിലെ തിരുക്കർമ്മങ്ങൾ നമ്മുടെ ആരാധനാക്രമത്തിനനുസൃതമായി സായംകാലത്തുമാത്രം ദൈവാലയങ്ങളിൽ പരികർമ്മം ചെയ്യേണ്ടതാണ്.

## VI

### മ്ശംശാന പട്ടം

നമ്മുടെ അതിരൂപതയ്ക്കുവേണ്ടി വിവിധ സെമിനാരികളിൽ ദൈവശാസ്ത്ര പഠനം നടത്തിക്കൊണ്ടിരിക്കുന്ന വൈദിക വിദ്യാർത്ഥികളിൽ

മ്ശംശാനപട്ടം സ്വീകരിക്കുവാൻ തെരഞ്ഞെടുക്കപ്പെടുന്നവർക്ക് 2019 മാർച്ച് 25-ാം തീയതി തിങ്കളാഴ്ച രാവിലെ 6.30 ന് ചങ്ങനാശേരി മെത്രാപ്പോലീത്തൻ പള്ളിയിൽ വച്ച് മ്ശംശാനപട്ടം നല്കുന്നതാണ്. അർത്ഥികൾക്കു വേണ്ടി പ്രത്യേകം പ്രാർത്ഥിക്കുമല്ലോ.

## VII

### പ്രത്യേക പിരിവുകൾ

1. **നോമ്പുകാല പിരിവ് (Lenten Collection):** ഓശാന ഞായറാഴ്ച പള്ളിയിൽ എടുക്കുന്ന സ്ത്രോത്രക്കാഴ്ച വിശപ്പിനും, രോഗത്തിനുമെതിരെയുള്ള പ്രത്യേക പദ്ധതിക്കായി (Compaign against Hunger and Disease) 'കാരിത്താസ് ഇന്ത്യ'ക്ക് അയച്ചു കൊടുക്കാനുള്ളതാണ്.
2. **വൈദിക പരിശീലന ഫണ്ട്:** പെസഹാ വ്യാഴാഴ്ച വി. കുർബാന മധ്യേ നടത്തുന്ന സ്തോത്രകാഴ്ച വൈദിക വിദ്യാർത്ഥികളുടെ പരിശീലനത്തിനുള്ളതാണ്.
3. **വിശുദ്ധനാട് സംരക്ഷണത്തിനുള്ള പിരിവ്:** പീഡാനുഭവ വെള്ളിയാഴ്ച നമ്മുടെ പള്ളികളിലെടുക്കുന്ന സ്തോത്രക്കാഴ്ച വിശുദ്ധനാട് സംരക്ഷണത്തിനായി പരിശുദ്ധ പിതാവിന് നൽകാനുള്ളതാണ്.
4. **ഹോം മിഷൻ ഫണ്ട്:** ഉയിർപ്പുതിരുനാളിലെ സ്തോത്രക്കാഴ്ച ഹോം മിഷൻ ഫണ്ടിനായുള്ളതാണ്.

## VII

### കാരിത്താസ് ചങ്ങനാശേരി

നോമ്പുകാലത്തിന്റെ ചൈതന്യം ഉൾക്കൊണ്ടുകൊണ്ട് ഇടവകാംഗങ്ങൾ ഒരു ദിവസം ഉപവസിച്ച്, അതിൽ നിന്ന് ലഭിക്കുന്ന തുക അതിരൂപതയുടെ അടിയന്തരദുരിതാശ്വാസസഹായപദ്ധതിയായ 'കാരിത്താസ് ചങ്ങനാശേരിക്കു'വേണ്ടി സമാഹരിക്കേണ്ടതാണ്.

ഈ പിരിവുകൾ നടത്തി ലഭിക്കുന്ന തുക 2019 ഏപ്രിൽ മാസം 30-ാം തീയതിക്കു മുമ്പായി അതിരൂപതാ സാമ്പത്തിക കാര്യാലയത്തിൽ ഏൽപ്പിക്കേണ്ടതാണ്.

## VIII

### വൈദികരുടെ തുടർ പരിശീലനം

അതിരൂപതയിലെ വൈദികരുടെ (1969-1979) കൂട്ടായ്മയും പഠനശിബിരവും മാർച്ച് മാസം 26-ാം തീയതി പ്രീസ്റ്റ് ഹോമിൽവച്ച് നടത്തപ്പെടുന്നു. 26-ാം തീയതി ചൊവ്വാഴ്ച രാവിലെ 9:30 ന് തുടങ്ങി ഉച്ചയ്ക്ക് 1 മണിക്ക് അവസാനിക്കും. 1969 മുതൽ 1979 വരെ ബാച്ചിലുള്ള വൈദികർ നിർബന്ധമായും ഈ തുടർപരിശീലനപരിപാടിയിൽ സംബന്ധിക്കേണ്ടതാണ്.

ചങ്ങനാശേരി അതിരൂപതാ

# 132-ാമത് അതിരൂപതാദിനാചരണം

## 2019 മെയ് 20
## അമ്പൂരി ഫൊറോനായുടെ നേതൃത്വത്തിൽ

പ്രിയ ബഹു. വൈദികരേ, സമർപ്പിതരേ, സഹോദരീസഹോദരന്മാരേ

സുഖമെന്ന് കരുതുന്നു. നമ്മുടെ ഈ വർഷത്തെ അതിരൂപതാദിനം 2019 മെയ് 20-ാം തീയതി തിങ്കളാഴ്ച അമ്പൂരി ഫൊറോനയുടെ നേതൃത്വത്തിൽ നടത്തുന്ന വിവരം അറിഞ്ഞു കാണുമല്ലോ. അതിരൂപതാദിനാചരണത്തിന്റെ സുഗമമായ നടത്തിപ്പിന് ശ്രദ്ധിക്കേണ്ട ഏതാനും കാര്യങ്ങൾ അറിയിക്കുന്നു.

1. ബഹു. വൈദികർ, സമർപ്പിതരുടെ പ്രതിനിധി, ഇടവകയിൽ നിന്നുള്ള പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ, ഫൊറോനാ കൗൺസിൽ അംഗങ്ങൾ, കൈക്കാരന്മാർ, പാരീഷ് കൗൺസിൽ സെക്രട്ടറി, സൺഡേസ്കൂൾ ഹെഡ്മാസ്റ്റർ എന്നിവരും കത്തോലിക്ക കോൺഗ്രസ്, മിഷൻലീഗ്, യുവദീപ്തി, മാതൃവേദി, പിതൃവേദി, DCMS, KLM, CHASS, DFC കുടുംബകൂട്ടായ്മ, തുടങ്ങിയ സംഘടനകളുടെ പ്രതിനിധി, കണക്കൻ, ദൈവാലയശുശ്രൂഷി എന്നിവരിൽനിന്നും 12 അംഗങ്ങളാണ് ഓരോ ഇടവകയിൽനിന്നും അതിരൂപതാദിന പൊതുസമ്മേളനത്തിൽ പങ്കെടുക്കേണ്ടത്. ഇടവകയിൽനിന്നും സംബന്ധിക്കുന്ന ആളുകളുടെ പേരുവിവരങ്ങൾ അതിനുവേണ്ടി തയ്യാറാക്കിയിട്ടുള്ള ഫോമിൽ രേഖപ്പെടുത്തി മെയ് 19 ന് രജിസ്ട്രേഷൻ കൗണ്ടറിൽ ഏല്പിക്കേണ്ടതാണ്. ഇതിനുള്ള രജിസ്ട്രേഷൻ ഫോറം തപാലിൽ ലഭ്യമാക്കുന്നതാണ്.

2. അതിരൂപതാദിനത്തിന് ഒരുക്കമായി അതിരൂപതയിലെ എല്ലാ ഇടവകകളിലും കുരിശുപള്ളികളിലും 2019 മെയ് 19 ഞായറാഴ്ച ഇടവകതല അതിരൂപതാ ദിനാഘോഷം നടത്തേണ്ടതാണ്. വിശുദ്ധ കുർബാന അതിരൂപതയുടെ പൊതുനിയോഗത്തിൽ അർപ്പിക്കുകയും അതിരൂപതാ ആന്തം ആലപിക്കുകയും ഒന്നാമത്തെ വിശുദ്ധ കുർബാനയെ തുടർന്ന് പേപ്പൽ പതാക ഉയർത്തുകയും ചെയ്യുക. പേപ്പൽ പതാക പിറ്റെ ഞായറാഴ്ച താഴ്ത്തത്തക്ക വിധം ക്രമീകരിക്കുക.

**അതിരൂപതാദിനത്തിൽ ആദരിക്കുന്നതിന് അംഗീകാരം നേടിയവർ**

സംസ്ഥാന, ദേശീയ, അന്തർദേശീയ തലത്തിൽ അംഗീകാരം നേടിയ അതിരൂപതാംഗങ്ങളെ അതിരൂപതാ ദിനത്തിൽ ആദരിക്കുന്നു. ടി വ്യക്തികളുടെ ബയോഡേറ്റാ കൃത്യമായ അനുബന്ധരേഖകളോടൊപ്പം ബഹു. വികാരിയച്ചന്റെ സാക്ഷ്യപത്രത്തോടുകൂടി 2019 ഏപ്രിൽ 23 മുമ്പായി അതിരൂപതാ കുടുംബക്കൂട്ടായ്മ ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്.

## പാരീഷ് ബുള്ളറ്റിൻ, പാരീഷ് ഡയറക്ടറി

മികച്ച പാരീഷ് ബുള്ളറ്റിൻ, പാരീഷ് ഡയറക്ടറി എന്നിവ തിരഞ്ഞെടുക്കുന്നതിനായി ഓരോന്നിന്റെയും ഒരു കോപ്പി വീതം 2019 മെയ് 2-നു മുമ്പായി കുടുംബകൂട്ടായ്മ ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്. (2018 മെയ് 1 നും 2019 ഏപ്രിൽ 30 നും ഇടയിൽ പ്രസിദ്ധീകരിച്ചത്.)


**മാർ തോമസ് തറയിൽ**
*(സഹായ മെത്രാൻ)*

*അതിരൂപതാദിന കോ-ഓർഡിനേറ്റേഴ്സ്*

**ഫാ. ജോർജ്ജ് മാന്തുരുത്തിൽ**
**ഫാ. സോണി മുണ്ടുനടയ്ക്കൽ**
**ഫാ. ജോസ്മോൻ പുത്തൻചിറ**

### പഞ്ചവത്സര അജപാലന പദ്ധതി – ദ്വിതീയവർഷം

## സമ്പൂർണ്ണ ബൈബിൾ പാരായണ മാർഗ്ഗരേഖ (തുടർച്ച)



*"വചനം പാലിക്കുന്നവനിൽ ദൈവസ്നേഹം പൂർണ്ണത പ്രാപിച്ചിരിക്കുന്നു" (1 യോഹ. 2:5).*

**പഠനവിഷയം: വചനം ജീവിതവെളിച്ചം.**

ഡിസംബർ മാസം ബൈബിൾ മാസമായി ആചരിക്കുവാനുള്ള കെ. സി. ബി. സി. യുടെ നിർദ്ദേശമനുസരിച്ച് ചങ്ങനാശേരി അതിരൂപത ബൈബിൾ അപ്പോസ്തലേറ്റ് വിഭാഗം ഒരു വർഷംകൊണ്ട് സമ്പൂർണ്ണ ബൈബിൾ പാരായണത്തിന് ഒരു മാർഗ്ഗരേഖ നൽകുകയാണ്. 2018 ഡിസംബർ 1 -ാം തീയതി ആരംഭിച്ച് 2019 നവംബർ 30 -ാം തീയതി സമാപിക്കുന്ന രീതിയിലാണ് മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുള്ളത്. ഓരോ ദിവസത്തെയും വായന സത്യദർശനത്തിലൂടെയും വേദപ്രചാര മദ്ധ്യസ്ഥനിലൂടെയും നിങ്ങൾക്കായി നൽകുന്നു.

| മാർച്ച് | | ഏപ്രിൽ | |
|---|---|---|---|
| 1 1 രാജാ. 7–9 | 16 1 ദിന. 1–3 | 1 2 ദിന. 26–29 | 16 എസ്തേർ 11–15 |
| 2 1 രാജാ. 10–11 | 17 1 ദിന. 4–5 | 2 2 ദിന 30–32 | 17. എസ്തേർ 5–11 |
| 3 1 രാജാ. 12–14 | 18 1 ദിന. 6–7 | 3 2 ദിന. 33–36 | 18. 1 മക്ക. 1–4 |
| 4 1 രാജാ. 15–17 | 19 1 ദിന. 8–10 | 4. എസ്രാ 1–5 | 19. 1 മക്ക. 5–8 |
| 5 1 രാജാ. 18–20 | 20 1 ദിന. 11–14 | 5 എസ്രാ 6–10 | 20. 1 മക്ക. 9–12 |
| 6 1 രാജാ. 21–22 | 21 1 ദിന. 15–17 | 6. നെഹ 1–4 | 21. 1 മക്ക. 13–16 |
| 7 2 രാജാ. 1–3 | 22 1 ദിന. 18–20 | 7. നെഹ 5–7 | 22. 2 മക്ക. 1–4 |
| 8 2 രാജാ. 4–6 | 23 1 ദിന. 21–23 | 8. നെഹ. 8–10 | 23. 2 മക്ക. 5–8 |
| 9 2 രാജാ. 7–8 | 24 1 ദിന. 24–26 | 9. നെഹ. 11–13 | 24. 1 മക്ക. 9–12 |
| 10 2 രാജാ. 9–11 | 25 1 ദിന. 27–29 | 10. തോബി 1–6 | 25. 2 മക്ക. 13–15 |
| 11 2 രാജാ. 12–14 | 26 2 ദിന. 1–5 | 11. തോബി 7–14 | 26 ജോബ് 1–4 |
| 12 2 രാജാ. 15–17 | 27 2 ദിന. 6–9 | 12. യൂദിത്ത് 1–4 | 27 ജോബ് 5–7 |
| 13 2 രാജാ. 18–19 | 28 2 ദിന. 10–13 | 13. യൂദിത്ത് 5–8 | 28 ജോബ് 8–10 |
| 14 2 രാജാ. 20–22 | 29 2 ദിന. 14–18 | 14. യൂദിത്ത് 9–12 | 29 ജോബ് 11–13 |
| 15 2 രാജാ. 23–25 | 30 2 ദിന. 19–21 | 15. യൂദിത്ത് 13–14 | 30 ജോബ് 14–16 |
| | 31 2 ദിന. 22–25 | | 31 ജോബ് 17–20 |

**ബൈബിൾ അപ്പോസ്തലേറ്റ് ചങ്ങനാശേരി അതിരൂപത**

# സുസ്മേരവദനനായ
# ബഹു. ജോസഫ് പാലാക്കുന്നേലച്ചൻ



നമ്മുടെ അതിരൂപതയിലെ വൈദികനായ ബഹു. ജോസഫ് പാലാക്കുന്നേലച്ചൻ 2019 ജനുവരി 31-ാം തീയതി നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. അച്ചന് 79 വയസ്സ് പ്രായമായിരുന്നു.1999-ൽ അനാരോഗ്യംമൂലം നേരത്തേ റിട്ടയർ ചെയ്ത് അച്ചൻ നമ്മുടെ വൈദിക ഭവനത്തിലേക്ക് പോന്നു. ആദ്യകാലത്തൊക്കെ അവിടുത്തെ ജീവിതചര്യകളിൽ സജീവമായി പങ്കുകൊണ്ടിരുന്ന അച്ചന്റെ ആരോഗ്യസ്ഥിതി വർഷംതോറും അധഃപതിച്ചുവരുന്നത് പ്രകടമായിരുന്നു.

പാറേൽ, പെറ്റി സെമിനാരിയിലും, വടവാതൂർ സെന്റ് തോമസ് മേജർ സെമിനാരിയിലുമൊക്കെ എന്റെ നേരെ മുതിർന്ന ബാച്ചിൽ പഠിച്ചിരുന്ന പാലാക്കുന്നേലച്ചൻ സതീർത്ഥ്യർക്കെല്ലാം പ്രിയങ്കരനായിരുന്നു. തങ്കച്ചനെന്ന ഓമനപ്പേരിൽ ഞങ്ങളൊക്കെ വിളിച്ചിരുന്ന അദ്ദേഹത്തിന്റെ മുഖം നിറഞ്ഞുനിന്ന ചിരിയാണ് ആദ്യം ഓർമ്മയിലെത്തുക. ഹൃദയാന്തരത്തിൽ നിന്നും പുറപ്പെടുന്ന ആ ചിരികൊണ്ട് വളരെപ്പേരെ അദ്ദേഹം തന്റെ സുഹൃദ്വലയത്തിലാക്കി.

പെറ്റി സെമിനാരി മുതൽ ക്വയർ മാസ്റ്ററായി സേവനം ചെയ്യാൻ അവസരം കിട്ടിയ തങ്കച്ചന്റെ സ്വരഗാംഭീര്യവും, സംഗീതജ്ഞാനവും സംഘടനാവൈഭവവും ഞങ്ങളൊക്കെ ഇന്നും ഓർമ്മിക്കുന്നു. പെറ്റിസെമിനാരിക്കാലത്ത് കലാപരിപാടികൾക്ക്, അത് നാടകമോ, കഥാപ്രസംഗമോ ഏതുമാകട്ടെ, സ്ഥിരമായി സംഗീതസംവിധാനം നിർവ്വഹിച്ചിരുന്നത് തങ്കച്ചനായിരുന്നു. 1940 ജനുവരിയിലാണ് പാലാക്കുന്നേൽ സ്കറിയായുടേയും ത്രേസ്യാമ്മയുടേയും മകനായി ജനിച്ച തങ്കച്ചന്റെ പ്രാഥമിക വിദ്യാഭ്യാസം കൂത്രപ്പള്ളിയിലെ സെന്റ് മേരീസ് എൽ.പി. സ്കൂളിലായിരുന്നു. തുടർന്നുള്ള യു.പി. സ്കൂൾ പഠനം മാമ്മൂട്ടിൽ നടത്തി. ഹൈസ്കൂൾ വിദ്യാഭ്യാസം നെടുംകുന്നം സെന്റ് ജോൺ ദ ബാപ്റ്റിസ്റ്റിലും കോളേജ് വിദ്യാഭ്യാസം ട്രിച്ചി സെന്റ് ജോസഫ്സിലും ചങ്ങനാശേരി സെന്റ് ബെർക്കുമാൻസിലുമായിരുന്നു.

നേരത്തെ സൂചിപ്പിച്ചതുപോലെ പാറേലുണ്ടായിരുന്ന മൈനർ സെമിനാരിയിലാണ് അദ്ദേഹം സെമിനാരി പഠനം തുടങ്ങിയത്. വടവാതൂർ സെന്റ് തോമസ് മേജർ സെമിനാരിയിൽ പഠനം പൂർത്തിയാക്കി. 32-ാം ജന്മദിനത്തിൽ, 1972 ജനുവരി 6-ന് അദ്ദേഹം സഭയുടെ വൈദികനായി പൗരോഹിത്യം സ്വീകരിച്ചത്. അതിനുമുമ്പ് തന്റെ മുതിർന്ന വൈദീക സഹോദരങ്ങളിൽ പലരുടേയും പട്ടസ്വീകരണത്തിന് ഗായകസംഘത്തെ നിയന്ത്രിക്കുകയും നേതൃത്വം കൊടുക്കുകയും ചെയ്ത പാലാക്കുന്നേലച്ചന് ശുശ്രൂഷാകർമ്മങ്ങളെല്ലാം കാണാപാഠമായിരുന്നു. പട്ടം കൊടുക്കൽ ശുശ്രൂഷയ്ക്ക് ആദ്യത്തെ

പല വർഷങ്ങളിലും കമന്ററി പറയാൻ പോയിരുന്ന എനിക്ക് തങ്കച്ചനുമായി ഒരുമിച്ചു പ്രവർത്തിക്കാനുള്ള അവസരങ്ങൾ പലതും ലഭിച്ചിരുന്നു.

അദ്ദേഹത്തിന്റെ പൗരോഹിത്യ സേവനരംഗങ്ങൾ പൊൻകുന്നം, പുളിങ്കുന്ന്, ചങ്ങനാശേരി കത്തീഡ്രൽ, പുന്നത്തുറ (കട്ടച്ചിറ), തുരുത്തി, മണ്ണാർക്കാട്, ഏറ്റുമാനൂർ ആശുപത്രി, കടയനിക്കാട് വിമല ഹോസ്പിറ്റൽ എന്നിവയായിരുന്നു. വികാരിയെന്ന നിലയിൽ പോത്തുംകണ്ടം (കൊച്ചറ), പുഞ്ചവയൽ, പുന്നവേലി, മണലാടി എന്നിവിടങ്ങളിലും അദ്ദേഹത്തിനു സേവന മുദ്രകൾ പതിപ്പിക്കാൻ കഴിഞ്ഞു.

''നിഷ്ക്കളങ്കനായ ഇസ്രായേൽക്കാരൻ'' എന്നു വിശേഷിപ്പിക്കാവുന്ന തങ്കച്ചന്റെ നിറചിരി സഹിഷ്ണതയുടെ പ്രതിഫലനമായിരുന്നു. ആ നിഷ്ക്കളങ്കതയിൽ അദ്ദേഹം എല്ലാവരേയും സ്നേഹിച്ചു, വിശ്വസിച്ചു, ഉപകാരങ്ങൾ ചെയ്തു സഹായത്തിനു സന്നദ്ധനായി. ആ നിഷ്കളങ്കതയും സഹായ മനോഭാവവും ചിലപ്പോൾ മുതലെടുക്കപ്പെട്ടോ എന്നും സംശയിക്കേണ്ടിയിരിക്കുന്നു. എന്തായാലും അവസാനംവരെ ലളിതമായി ജീവിച്ച ആ എളിയ വൈദികന്റെ വിദ്വേഷം തൊട്ടുതീണ്ടാത്ത ആത്മാവിന്റെ നിദർശനമായ നിറ പുഞ്ചിരി അസ്തമിക്കാതെ നിന്നു. നമ്മുടെ ദൃശ്യലോകത്തിൽ ആ നിറ ചിരി നിലച്ചുപോയെങ്കിലും സ്വർഗ്ഗീയഗണങ്ങൾ അദ്ദേഹത്തെ ആനന്ദത്തോടെ സ്വീകരിക്കട്ടെ. ഹൃദയാന്തരങ്ങളെ കണ്ടറിയുന്ന ദൈവം അവിടുത്തെ എളിയ ദാസന് സ്വർഗ്ഗീയ സൗഭാഗ്യം കനിഞ്ഞരുളട്ടെ.

**ഫാ. മാത്യു കിളിരൂർ**

## കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിലെ 2019 മാർച്ച് മാസത്തിലെ പ്രോഗ്രാം

**2019 മാർച്ച്**

| | |
|---|---|
| 3-9 | കെരിഗ്മാ കോഴ്സ് |
| 11-13 | വിവാഹ ഒരുക്ക ധ്യാനം |
| 13 | നിശാരാധന (6 p.m. - 10 p.m.) |
| 20-21 | അതിരൂപതാ വൈദിക തുടർപരിശീലനം |
| 21 | അഖണ്ഡ ജപമാല (10 a.m. - 2 p.m.) |
| 24-28 | വിശ്വാസാനുഭവ-ആന്തരികസൗഖ്യധ്യാനം (ഞായർ 5 p.m. - വ്യാഴം 2 p.m.) |
| 31 - ഏപ്രിൽ 3 വരെ | ഫിലോകാലിയാ ധ്യാനം (2 p.m. - 3-ാം തീയതി 4 p.m. വരെ) |

**ഫാ. മാത്യു താന്നിയത്ത്,**
*ഡയറക്ടർ*, 9446903631

# കാവുകാട്ട് മ്യൂസിയം

ബഹു. അച്ചന്മാരേ, സിസ്റ്റേഴ്സ്, സ്നേഹിതരേ,

കാവുകാട്ടുപിതാവിന്റെ നാമത്തിൽ നിർമ്മിച്ചുവരുന്ന മ്യൂസിയത്തിന്റെ പണി പൂർത്തിയായെന്ന് അറിയിക്കാൻ സന്തോഷമുണ്ട്. 9850000/- ഇതുവരെ ചെലവായി. തുടർന്ന് ഉള്ളിലെ സംവിധാനങ്ങൾ കൂടി പൂർത്തിയാക്കണമല്ലോ. ഇപ്പോൾ 9.50 ലക്ഷം രൂപാ കടമുണ്ട്. അകത്തെ സംവിധാനങ്ങൾക്ക് 50 ലക്ഷത്തിൽ കുറയാതുള്ള തുക വേണ്ടിവരും. ഇതുവരെ ഇതിൽ സഹകരിക്കാൻ സാധിക്കാത്ത ബഹു. അച്ചന്മാരും, സിസ്റ്റേഴ്സും, സന്മനസ്സുള്ള മറ്റുള്ളവരും, തങ്ങളുടെ സ്നേഹോദാരമായ സംഭാവനകൾ നൽകി സഹായിക്കണമെന്ന് വിനയപൂർവ്വം അപേക്ഷിക്കുന്നു. അതുപോലെ മ്യൂസിയത്തിൽ സൂക്ഷിക്കാനുതകുന്ന സ്മരണാർഹമായ വസ്തുക്കളും, കത്തുകളും, പടങ്ങളും പിതാവ് ഉപയോഗിച്ചിരുന്നന വസ്ത്രങ്ങൾ, ലഭിച്ച സമ്മാനങ്ങൾ മുതലായവയും കൈവശമുള്ളവർ വിവരം അറിയിച്ചാൽ ഞങ്ങൾ വന്ന് സ്വീകരിച്ചുകൊള്ളാം. കൈവശം വച്ചിരുന്നാൽ, അന്യാധീനപ്പെടാനോ നഷ്ടപ്പെടാനോ ഇടയുണ്ട്. അവ മ്യൂസിയത്തിൽ സൂക്ഷിക്കാം. ദാതാക്കളുടെ പേരുകൾ രേഖപ്പെടുത്തുന്നതുമാണ്. പി.കെ. രാമൻപിള്ള എഴുതിയ 'പട്ടാഭിഷേക സ്മരണകൾ' എന്ന പുസ്തകം കൈവശമുള്ളവർ വിവരം അറിയിച്ചാൽ ഉപകാരമായിരിക്കും. അടുത്ത ഒക്ടോബർ 9 പിതാവിന്റെ അമ്പതാം വാർഷിക ദിനമാണെന്ന പ്രത്യേകതയുമുണ്ട്.

**'ധന്യൻ'** എന്ന പദവിയുടെ പ്രഖ്യാപനം റോമിൽ നിന്നാണ് ഉണ്ടാകേണ്ടത്. ബഹു. ജോസഫ് ആലഞ്ചേരി പോസ്റ്റുലേറ്ററായി റോമിൽ താമസിച്ച് അതിനുള്ള നടപടി ക്രമങ്ങൾ ഏറ്റവും എളുപ്പത്തിൽ പൂർത്തിയാക്കാൻ ശ്രമിക്കുകയാണ്. അതിന്റെ വിജയത്തിനായി നമുക്ക് പ്രാർത്ഥിക്കാം. നിങ്ങളുടെ സംഭാവനകൾ ഫെഡറൽ ബാങ്ക് അക്കൗണ്ടിലേയ്ക്ക് അയയ്ക്കാവുന്നതാണ്.

A/c No. - 10370100285258, IFC - FDRL0001037

എല്ലാറ്റിനും മുൻകൂട്ടി നന്ദി പറഞ്ഞുകൊണ്ട്,

**ഫാ. മാത്യു മറ്റം**
സി. ജെയ്ൻ കൊട്ടാരം (വൈസ് പോസ്റ്റുലേറ്റേഴ്സ്)

## BIBLE STUDY FORUM FOR PRIESTS

The next session of the Bible Study Forum for Priests of the Archdiocese of Changanacherry will be held at **the Spirituality Centre, Manganam, on 12th March 2019**. The course will begin **at 9:30 a.m. and come to a close at 4:00 p.m.**

*Fr Mathew Vellanickal*

# സംയുക്ത ക്രൈസ്തവ സമ്മേളനം
# ദി കേരള ചർച്ച് പ്രോപ്പർട്ടീസ്  ആന്റ് ഇൻസ്റ്റിറ്റ്യൂഷൻ ബിൽ 2019

## റിപ്പോർട്ട്

2019 ഫെബ്രുവരി 28 ാം തീയതി വ്യാഴാഴ്ച രാവിലെ 10.00 മണിക്ക് ചങ്ങനാശേരി അതിരൂപതാ കേന്ദ്രത്തിൽ കൂടിയ സംയുക്ത ക്രൈസ്തവ സമ്മേളനം സംസ്ഥാന നിയമപരിരക്ഷണ കമ്മീഷൻ കേരളസർക്കാരിനു സമർപ്പിച്ച *ദി കേരള ചർച്ച് പ്രോപ്പർട്ടീസ് ആന്റ് ഇൻസ്റ്റിറ്റ്യൂഷൻ ബിൽ 2019 വിശകലനം ചെയ്തു.* വിവിധ കത്തോലിക്കാ, യാക്കോബായ, ഓർത്തഡോക്സ്, മാർത്തോമാ, സി.എസ്.ഐ സഭാ മേലധ്യക്ഷന്മാരുടെയും പ്രതിനിധികളും സമ്മേളനത്തിൽ 17 മെത്രാന്മാരും വൈദിക പ്രതിനിധികളും അല്മായ പ്രതിനിധികളും പങ്കെടുത്തു. ചങ്ങനാശേരി അതിരൂപതാ സഹായ മെത്രാൻ അഭി. മാർ തോമസ് തറയിൽ പിതാവ് സമ്മേളനത്തിന് സ്വാഗതം ആശംസിച്ചു. ചങ്ങനാശേരി അതിരൂപതാധ്യക്ഷൻ അഭി. മാർ. ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്ത അദ്ധ്യക്ഷതവഹിച്ച സമ്മേളനം മോസ്റ്റ് റവ. ഡോ. ജോസഫ് മാർത്തോമ്മാ വലിയമെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്തു. ചങ്ങനാശേരി അതിരൂപതാ പി.ആർ.ഒ. അഡ്വ. ജോജി ചിറയിൽ വിഷയാവതരണം നടത്തി. വടവാതൂർ പൗരസ്ത്യവിദ്യാപീഠം പ്രഫസർ റവ. ഡോ. ജോർജ്ജ് തെക്കേക്കര വിഷയാവതരണത്തിന്മേൽ പ്രതികരിച്ചു. ലത്തീൻ സഭയിൽനിന്നും ബിഷപ്പ് മാർ സ്റ്റീഫൻ അത്തിപ്പൊഴിയിൽ സീറോ മലങ്കര സഭയിൽനിന്നും അഭി. ജോഷ്വാ മാർ ഇഗ്നാത്തിയോസ്, ഓർത്തഡോക്സ് സഭയിൽനിന്നും മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ, ക്നാനായ യാക്കോബായ സഭയിൽനിന്നും കുര്യാക്കോസ് മോർ സേവേറിയോസ് വലിയ മെത്രാപ്പോലീത്താ, സി. എസ്. ഐ. സഭയിൽ നിന്നും റൈറ്റ് റവ. ഡോ. കെ. ജി. ഡാനിയേൽ യാക്കോബായ സഭയിൽ നിന്നും തോമസ് മാർ തിമോത്തെയോസ് മെത്രാപ്പോലീത്താ എന്നിവർ തങ്ങളുടെ സഭയിൽ സഭാസ്വത്തുക്കൾ കൈകാര്യം ചെയ്യുന്ന രീതികളെക്കുറിച്ച് സംസാരിച്ചു. തുടർന്നു നടന്ന പൊതു ചർച്ചകൾ സംഗ്രഹിച്ചു പാലാ രൂപതാദ്ധ്യക്ഷൻ അഭി. മാർ. ജോസഫ് കല്ലറങ്ങാട്ട് പിതാവ് സംസാരിച്ചു. വിവിധ സന്യാസിനി സഭകളുടെ പ്രൊവിൻഷ്യൽസ്, ദീപിക എം.ഡി. ഫാ. മാത്യു ചന്ദ്രൻകുന്നേൽ, ദീപിക ചീഫ് എഡിറ്റർ ഫാ. ബോബി മണ്ണംപ്ലാക്കൽ, കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ സമിതി പ്രസിഡന്റ് ബിജു പറയനിലം എന്നിവർ സന്നിഹിതരായിരുന്നു. ചങ്ങനാശേരി അതിരൂപതാ സിഞ്ചെള്ളൂസ് റവ. ഡോ. തോമസ് പാടിയത്ത് സമ്മേളനത്തിന് കൃതജ്ഞതയർപ്പിച്ചു. സമ്മേളനത്തിന് ചങ്ങനാശേരി അതിരൂപതാ വികാരി ജനറാൾമാരായ റവ. ഡോ. ജോസഫ് മുണ്ടകത്തിൽ, റവ. ഡോ. ഫിലിപ്സ് വടക്കേക്കളം അതിരൂപതാ പ്രൊക്കുറേറ്റർ റവ. ഫാ. ഫിലിപ്പ് തയ്യിൽ, റവ. ഡോ. വർഗീസ് താനമാവുങ്കൽ, ഫാ. ആന്റണി തലച്ചല്ലൂർ, ഫാ. ജയിംസ് കൊക്കാവയലിൽ, ഫാ. ജെന്നി കായംകുളത്തുശേരി, അതിരൂപതാ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ഡോ. ആന്റണി മാത്യൂസ് തുടങ്ങിയവർ നേതൃത്വം നൽകി.

സംയുക്ത ക്രൈസ്തവ സമ്മേളനം ചർച്ച് പ്രോപ്പർട്ടി ബിൽ 2019 സംബന്ധിച്ച് പുറപ്പെടുവിച്ച പ്രസ്താവനയിൽ ചങ്ങനാശേരി അതിരൂപതാധ്യക്ഷൻ മോസ്റ്റ് റവ.ഡോ. ജോസഫ് മാർത്തോമാ വലിയമെത്രാപ്പോലീത്ത, മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്ത, പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട്, കോതമംഗലം രൂപതാധ്യക്ഷൻ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ, കാഞ്ഞിരപ്പള്ളി രൂപതാ സഹായമെത്രാൻ മാർ ജോസ് പുളിക്കൽ, ചങ്ങനാശേരി അതിരൂപതാ സഹായമെത്രാൻ മാർ തോമസ് തറയിൽ, മാവേലിക്കര രൂപതാധ്യക്ഷൻ ജോഷ്വാ മാർ ഇഗ്നാത്തിയോസ്, മൂവാറ്റുപുഴ രൂപതാധ്യക്ഷൻ ഏബ്രഹാം മാർ യൂലിയോസ്, ആലപ്പുഴ രൂപതാധ്യക്ഷൻ ബിഷപ്പ് സ്റ്റീഫൻ അത്തിപ്പൊഴിയിൽ, കോട്ടയം യാക്കോബായ രൂപതാധ്യക്ഷൻ തോമസ് മാർ തെമോത്തേയോസ്, ക്നാനായ അതിരൂപതാധ്യക്ഷൻ കുര്യാക്കോസ് മോർ സെവേരിയോസ് വലിയമെത്രാപ്പോലീത്ത, ക്നാനായ അതിരൂപത റാന്നി മേഖല ഓക്സിലറി മെത്രാപ്പോലീത്താ കുര്യാക്കോസ് മോർ ഇവാനിയോസ്, ക്നാനായ അതിരൂപത കല്ലിശേരി മേഖല മെത്രാപോലീത്ത കുര്യാക്കോസ് മോർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്ത, അടൂർ ഓർത്തഡോക്സ് രൂപതാധ്യക്ഷൻ സഖറിയാസ് മാർ അപ്രേം മെത്രാപ്പോലീത്താ, കണ്ടനാട് ഓർത്തഡോക്സ് രൂപതാധ്യക്ഷൻ മാത്യൂസ് മാർ സെവേരിയോസ്, സി.എസ്.ഐ. ഈസ്റ്റ് കേരള മഹായിടവകാധ്യക്ഷൻ റൈറ്റ്. റവ. ഡോ. കെ. ജി. ഡാനിയേൽ എന്നിവർ ഒപ്പുവച്ചു.

തുടർന്നു നടന്ന പ്രസ്സ് കോൺഫ്രൻസ്സിൽ സമ്മേളനം പുറപ്പെടുവിച്ച സംയുക്ത പ്രസ്താവന ചങ്ങനാശേരി അതിരൂപതാധ്യക്ഷൻ ആർച്ചുബിഷപ്പ് ജോസഫ് പെരുന്തോട്ടം വായിച്ചു. മാധ്യമ പ്രവർത്തകരുടെ ചോദ്യങ്ങൾക്കു മറുപടിയും നൽകി.

## 28.02.2019 തീയതി ചങ്ങനാശേരിയിൽ കൂടിയ സംയുക്ത ക്രൈസ്തവ സമ്മേളനം ചർച്ച് പ്രോപ്പർട്ടി ബിൽ 2019 സംബന്ധിച്ച് പുറപ്പെടുവിച്ച

## പ്രസ്താവന

അടുത്തയിടെ സംസ്ഥാന നിയമപരിഷ്ക്കരണ കമ്മീഷൻ കേരള സർക്കാരിനു സമർപ്പിച്ച ചർച്ച് പ്രോപ്പർട്ടി ബിൽ 2019 കേരള ക്രൈസ്തവ സഭയ്ക്ക് ആവശ്യമില്ല, അതു സ്വീകാര്യവുമല്ല; അതിനാൽ അതു പിൻവലിക്കണം.

സഭാ സ്വത്തുക്കളുടെ ഭരണത്തിനു വ്യവസ്ഥാപിതവും പരമ്പരാഗതവുമായ രീതിയും സുതാര്യമായ സംവിധാനങ്ങളും കേരളത്തിലെ സഭകൾക്ക് ഉണ്ട്. ഇതു നൂറ്റാണ്ടുകളായി സഭാ നിയമമനുസരിച്ചും രാജ്യനിയമങ്ങൾക്കു വിധേയപ്പെട്ടും നിർവ്വഹിച്ചു വരുന്നു. സ്വത്തുക്കളെ സംബന്ധിച്ചും സഭാംഗങ്ങൾക്കിടയിലുള്ള തർക്കങ്ങളെ സംബന്ധിച്ചും പരിഹാര വേദികളും മാർഗ്ഗങ്ങളും സഭയിൽ ഉണ്ട്. കൂടാതെ നിലവിൽ രാജ്യത്തെ നിയമ സംവിധാനങ്ങളുടെയും കോടതികളുടെയും പരിധിയിൽ ഇത്തരം സഭാ വിഷയങ്ങൾ വരുന്നുമുണ്ട്. അതിനാൽ ഇക്കാര്യങ്ങൾക്കായി പുതിയ ഒരു നിയമ നിർമ്മാണത്തിന്റെ ആവശ്യമില്ല; അതിനു പ്രസക്തിയുമില്ല.

ഇന്ത്യൻ ഭരണഘടന അംഗീകരിച്ചിട്ടുള്ള സംവിധാനങ്ങളാണു ഭാരത്തിലെ മതങ്ങൾ. മതസ്വാതന്ത്ര്യവും, മതവിഭാഗങ്ങൾക്കു സ്ഥാപനങ്ങൾ നടത്തുന്നതിനും സ്വത്തുക്കൾ ആർജിക്കുന്നതിനും അവയുടെ ഭരണം നടത്തുന്നതിനുമുള്ള അവകാശവും ഭരണഘടന പ്രദാനം ചെയ്യുന്ന മൗലീക അവകാശങ്ങളാണ്. വിവിധ മതവിഭാഗങ്ങൾ തങ്ങളുടെ വിശ്വാസ സ്വാതന്ത്ര്യവും, സ്വത്ത് സംരക്ഷണാവകാശവും ഇപ്രകാരം നിർവ്വഹിച്ചു വരുമ്പോൾ ക്രൈസ്തവ വിഭാഗങ്ങൾക്ക് മാത്രമായി ഇത്തരമൊരു നിയമനിർമ്മാണം നടത്തുവാൻ ശ്രമിക്കുന്നതു മതനിരപേക്ഷതയുടെ ചൈതന്യത്തിനു നിരക്കാത്തതാണ്. ഇതിനു പിന്നിൽ നിക്ഷിപ്ത താല്പര്യങ്ങൾ ഉണ്ട് എന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

കേരള സഭയുടെ സ്വത്തുക്കൾ കൈകാര്യം ചെയ്യുന്നതിന് ഓരോ സഭയിലും നൂറ്റാണ്ടുകളായി നിലവിലുള്ള രീതിയെ മാറ്റിമറിച്ച്, സഭാ സ്വത്തുക്കളെ സർക്കാർ നിയന്ത്രണത്തിനു കീഴിൽ കൊണ്ടുവരുവാനുള്ള നീക്കമാണ് പുതിയ ബില്ലിലൂടെ ലക്ഷ്യം വയ്ക്കുന്നത് എന്ന് കേരള ക്രൈസ്തവ സഭ ആശങ്കപ്പെടുന്നു. അതിനാൽ ഇന്ത്യൻ ഭരണഘടന മതങ്ങൾക്ക് നൽകുന്ന മൗലീക അവകാശങ്ങളിൽ കടന്നു കയറുന്നതിനോ, ഈ അവകാശങ്ങളെ നിയന്ത്രിക്കുന്നതോ, ആയ ഒരു നീക്കവും ഭരണകൂടങ്ങളുടെ ഭാഗത്തു നിന്നും ഉണ്ടാകാൻ പാടില്ല.

സഭാസ്വത്തുക്കളുടെ സമാധാന പൂർണ്ണവും ക്രമവൽകൃതവുമായ ഭരണം തർക്കങ്ങളും വ്യവഹാരങ്ങളുംകൊണ്ട് കലുഷിതമാക്കുവാൻ ഇത്തരം നീക്കങ്ങൾ ഇടയാക്കും. സഭയുടെ ആന്തരിക സംവിധാനങ്ങളെ ദുർബലപ്പെടുത്തുന്നതും സഭാ സ്വത്തുക്കളുടെമേൽ അനാവശ്യ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതുമായ നിയമ നിർമ്മാണങ്ങൾ അംഗീകരിക്കാനാവില്ല. ഇതിനെതിരെ വിശ്വാസികളുടെ സമൂഹം ജാഗ്രതയുള്ളവരാണ്. ആവശ്യസമയത്ത് വേണ്ട പ്രതികരണങ്ങൾ നടത്തുവാൻ അവർ സജ്ജരുമാണ്. അതിനാൽ കേരളസഭ ഈ കരട് ബില്ലിനെതിരെ ശക്തമായ അഭിപ്രായവും വിയോജിപ്പും രേഖപ്പെടുത്തുന്നു. ഈ ബിൽ സംബന്ധിച്ച് വിവിധ രാഷ്ട്രീയപാർട്ടികൾ അവരുടെ നിലപാടുകൾ വ്യക്തമാക്കണമെന്നും കേരളാ ഗവൺമെന്റ് ഈ റിപ്പോർട്ട് തള്ളിക്കളയണമെന്നും യോഗം ആവശ്യപ്പെടുന്നു. അല്ലാത്ത പക്ഷം ശക്തമായ തുടർ പ്രതിഷേധവും തുടർ നിയമ നടപടികളും ഉണ്ടാകുമെന്നും യോഗം മുന്നറിയിപ്പ് നല്കുന്നു.

**ഫാ. തോമസ് പാടിയത്ത്**
സിഞ്ചെള്ളൂസ്

### പാസ്റ്ററൽ കൗൺസിൽ പൊതുസമ്മേളനം 2019 മാർച്ച് 9 ന്

പാസ്റ്ററൽ കൗൺസിലിന്റെ പൊതുസമ്മേളനം 2019 മാർച്ച് 9-ാംതീയതി ശനിയാഴ്ച രാവിലെ 9:45 മുതൽ 12:45 വരെ അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ ചങ്ങനാശേരി എസ്.ബി. കോളജിലെ കാർഡിനൽ പടിയറ ഹാളിൽവച്ച് നടത്തപ്പെടുന്നതാണ്. എല്ലാ അംഗങ്ങളുടേയും സജീവ സാന്നിധ്യം സാദരം അഭ്യർത്ഥിക്കുന്നു.

### പാസ്റ്ററൽ കൗൺസിൽ എക്സിക്യൂട്ടീവ് മീറ്റിംഗ് മാർച്ച് 4 ന്

പാസ്റ്ററൽ കൗൺസിൽ എക്സിക്യൂട്ടീവ് മീറ്റിംഗ് 2019 മാർച്ച് 4-ാം തീയതി തിങ്കളാഴ്ച വൈകുന്നേരം 6:30 ന് ആർച്ച് ബിഷപ്സ് ഹൗസിലെ സെമിനാർ ഹാളിൽവച്ച് നടത്തപ്പെടുന്നതാണ്. അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്ത അദ്ധ്യക്ഷത വഹിക്കും. എല്ലാ എക്സിക്യൂട്ടീവ് അംഗങ്ങളേയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

### ഗോൾഡൻ ജൂബിലി പ്രൈസ്

അതിരൂപതയിലെ ഏറ്റവും മികച്ച ഇടവക പ്രതിനിധിയോഗത്തിന് നൽകുന്ന രണ്ടാമത് പാസ്റ്ററൽ കൗൺസിൽ - പ്രസ്ബിറ്ററൽ കൗൺസിൽ ഗോൾഡൻ ജൂബിലി പ്രൈസിനുള്ള അപേക്ഷകൾ 2019 മാർച്ച് 25 നകം ലഭിക്കത്തക്കവിധത്തിൽ അയയ്ക്കുക.

*വിലാസം* : **ചാൻസലർ**
**ആർച്ച്ബിഷപ്സ് ഹൗസ്**
**പി.ബി. നമ്പർ 20**
**ചങ്ങനാശേരി - 686 101**

വിശദവിവരങ്ങളും അപേക്ഷാഫോറത്തിന്റെ മാതൃകയും 2019 ഫെബ്രുവരി മാസത്തെ മദ്ധ്യസ്ഥനിലും (പേജ് 62,64,65) അതിരൂപത വെബ്സൈറ്റിലും (www.archdiocesechanganacherry.org) ലഭ്യമാണ്. ഇക്കാര്യത്തിൽ പാസ്റ്ററൽ കൗൺസിലംഗങ്ങൾ ബഹു. വികാരിയച്ചന്മാരോടും കൈക്കാരന്മാരോടും ബന്ധപ്പെട്ട് ഉചിതമായി പ്രവർത്തിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

സ്നേഹപൂർവ്വം

**ശ്രീ. ജോസ് ആനിത്തോട്ടത്തിൽ**
(അസി. സെക്രട്ടറി)

**ഡോ. സോണി കണ്ടങ്കരി**
(പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി)

**മാർപാപ്പയെ വരവേറ്റ യു.എ.ഇ നിലപാട് ശ്രേഷ്ടം**

കത്തോലിക്കാ സഭയുടെ പരമാദ്ധ്യക്ഷൻ ഫ്രാൻസിസ് മാർപാപ്പയ്ക്ക് യു. എ. ഇ. ഭരണാധികാരികൾ നൽകിയ സ്വീകരണം അത്യന്തം ശ്രേഷ്ടവും മാതൃകാപരവുമാണെന്ന് ചങ്ങനാശേരി അതിരൂപതാ പബ്ലിക്ക് റിലേഷൻസ് ജാഗ്രതാ സമിതി. ഇസ്ലാമിക രാജ്യമായ യു.എ.ഇ. ഇക്കാര്യത്തിൽ സ്വീകരിച്ച നിലപാട് ചരിത്രപ്രാധാന്യമുള്ളതാണെന്നും, മാർപാപ്പാ താല്പര്യം പ്രകടിപ്പിച്ചെങ്കിലും അഞ്ചു വർഷമായിട്ടും അതിനുള്ള സൗകര്യം ഒരുക്കുവാൻ ഇന്ത്യാ ഗവൺമെന്റിന് സാധിക്കാതിരുന്നത് ഭാരതത്തിലെ ക്രൈസ്തവ സമൂഹത്തിന് വേദനയുളവാക്കുന്ന കാര്യമാണെന്നും സമിതി വിലയിരുത്തി.

**ചർച്ച് പ്രോപ്പർട്ടി ബില്ലിനു പിന്നിൽ ഗൂഢലക്ഷ്യങ്ങൾ**

സംസ്ഥാനത്തെ ക്രൈസ്തവ സഭകളുടെ സ്വത്തുക്കളെ സംബന്ധിച്ചുള്ള പ്രോപ്പർട്ടി ബില്ലിനു പിന്നിൽ ഗൂഢലക്ഷ്യങ്ങൾ ഉണ്ടെന്നും, നിയമ പരിഷ്ക്കരണ കമ്മീഷൻ സമർപ്പിച്ച കരടുബിൽ സർക്കാർ തള്ളിക്കളയണമെന്നും ചങ്ങനാശേരി അതിരൂപതാ പബ്ലിക് റിലേഷൻസ്-ജാഗ്രതാസമിതി ആവശ്യപ്പെട്ടു.

നൂറ്റാണ്ടുകളായി വളരെ വ്യവസ്ഥാപിതവും സുതാര്യവുമായ രീതിയിലാണ് സഭയിലെ വസ്തുവകകൾ കൈകാര്യം ചെയ്യപ്പെടുന്നത്. അത് ബാഹ്യ സംവിധാനങ്ങൾക്കും നിയന്ത്രണങ്ങൾക്കും കീഴിൽ കൊണ്ടു വരുന്നത് അംഗീകരിക്കാനാവില്ല. പ്രശ്നപരിഹാരത്തിനും തർക്ക നിവാരണത്തിനും സഭയിൽ ആവശ്യമായ വേദികൾ ഉണ്ടെന്നും സഭയുടെ മതപരവും ആന്തരികവുമായ കാര്യങ്ങളിലേയ്ക്ക് കടന്നു കയറാനുള്ള നീക്കം പ്രതിഷേധാർഹമാണെന്നും സമിതി അഭിപ്രായപ്പെട്ടു.

ക്രൈസ്തവ സഭയുടെ സ്വത്തുക്കൾ സംബന്ധിച്ച് നിയമപരിഷ്ക്കരണ കമ്മീഷൻ സംസ്ഥാന ഗവൺമെന്റിന് നൽകിയ കരടു ബിൽ സംബന്ധിച്ച് രാഷ്ട്രീയ പാർട്ടികൾ അവരുടെ നിലപാടുകൾ വ്യക്തമാക്കണമെന്ന് അതിരൂപതാ പബ്ലിക്ക് റിലേഷൻസ്-ജാഗ്രതാസമിതി ആവശ്യപ്പെട്ടു.

**പ്രൊഫ. കെ. റ്റി. സെബാസ്റ്റ്യന്റെ നിര്യാണത്തിൽ അനുശോചിച്ചു**

ചങ്ങനാശേരി അതിരൂപതയിലെ അല്മായ പ്രമുഖനും സീറോമലബാർ സഭാതാരവുമായ പ്രൊഫ. കെ. റ്റി. സെബാസ്റ്റ്യന്റെ നിര്യാണത്തിൽ അതിരൂപതാ പബ്ലിക്ക് റിലേഷൻസ്-ജാഗ്രതാസമിതി അനുശോചനം രേഖപ്പെടുത്തി. തികഞ്ഞ സഭാസ്നേഹിയും തീക്ഷണതയും, പ്രതിഭയും പ്രതിബദ്ധതയുമുള്ള അല്മായ നേതാവായിരുന്നു ശ്രീ. കെ. റ്റി. സെബാസ്റ്റ്യൻ എന്ന് സമിതി അനുസ്മരിച്ചു. അദ്ദേഹം സഭയ്ക്കു നൽകിയ സംഭാവനകൾ എക്കാലവും സ്മരിക്കപ്പെടുമെന്നും അദ്ദേഹത്തിന്റെ വേർപാട് ചങ്ങനാശേരി അതിരൂപതയ്ക്കും സഭയ്ക്കും വലിയ നഷ്ടമാണെന്നും യോഗം വിലയിരുത്തി.

**അഡ്വ. ജോജി ചിറയിൽ**
പി.ആർ.ഒ.

**ഫാ. ആന്റണി തലച്ചെല്ലൂർ**
കോ-ഓർഡിനേറ്റർ

# അതിരൂപത കുട്ടനാട് പുനർനിർമ്മാണ പദ്ധതി

ചങ്ങനാശ്ശേരി അതിരൂപതയുടെ നേതൃത്വത്തിൽ കുട്ടനാട്ടിൽ നടത്തപ്പെടുന്ന പുനരധിവാസ പ്രവർത്തനങ്ങളുടെ ഭാഗമായി വിവിധ പദ്ധതികളിൽ സഹായവിതരണം നടത്തി.

## (1) Financial assistance to paddy farmers

| No. | Parish | Farmers | Amount |
|---|---|---|---|
| 1 | Koduppunna | 85 | 134160 |
| 2 | Koilmuk | 51 | 56810 |
| 3 | Muttar Old | 71 | 82800 |
| 4 | Muttar CMI | 40 | 38000 |
| 5 | Pacha-Chekkidikkadu | 116 | 175000 |
| 6 | Puthukkary | 134 | 117740 |
| 7 | Thayamkary | 43 | 58720 |
| 8 | Karumady | 40 | 47750 |
| 9 | Pallikkoottumma | 49 | 60808 |
| 10 | Ramankary | 38 | 41700 |
| 11 | Kannady St. Joseph | 49 | 70600 |
| 12 | Veliyanadu | 97 | 110710 |
| 13 | Kavalam | 54 | 71680 |
| 14 | Karuvatta | 55 | 68165 |
| 15 | Ambalapuzha | 11 | 12620 |
| 16 | Padaharam | 35 | 33640 |
| 17 | Pandamkary | 30 | 33010 |
| 18 | Mithrakary | 105 | 126320 |
| 19 | Changamkary | 100 | 106610 |
| 20 | Pulinncunnoo | 86 | 87128 |
| 21 | Chennamkary | 98 | 102000 |
| 22 | Nazreth | 79 | 102500 |
| 23 | Kayalpuram | 91 | 158880 |
| 24 | Vettithuruthu | 24 | 32000 |
| 25 | Onnamkara | 60 | 72320 |
| 26 | Paral | 23 | 20900 |
| 27 | Kavalam Lisieux | 65 | 97100 |
| 28 | Kondakkal | 133 | 112400 |
| 29 | Pallathuruthy | 36 | 38100 |
| 30 | Kelamangalm | 55 | 49720 |
| 31 | Puzhavath | 7 | 11600 |
| 32 | Kaithavana | 18 | 19160 |
| 33 | Arunnoottipadam | 88 | 116650 |
| 34 | Kuttamangalam | 51 | 62300 |
| 35 | Kidangara | 124 | 133850 |

| | | | |
|---|---|---|---|
| 36 | Kainakary | 135 | 140300 |
| 37 | Vaishyambhagam St.Antony | 78 | 83000 |
| 38 | Narbonapuram | 79 | 121850 |
| 39 | Thottuvathala | 102 | 97800 |
| 40 | Punnakunnam | 86 | 79350 |
| 41 | Mariyapuram | 126 | 126750 |
| 42 | Pullangady | 91 | 123100 |
| 43 | Muttar New | 120 | 127700 |
| 44 | Thakazhy | 89 | 126500 |
| 45 | Koolipurackal | 40 | 34320 |
| 46 | Pulimukham | 28 | 44800 |
| 47 | Kariyil Thottappally | 15 | 13700 |
| 48 | Parekadavu | 5 | 10000 |
| 49 | Thekkekkara | 86 | 74560 |
| 50 | Kavalam St. Joseph | 26 | 35320 |
| 51 | Kannady St. Ritas | 33 | 35610 |
| 52 | Ponga | 86 | 131240 |
| 53 | Kumaramkary | 86 | 94750 |
| 54 | Vezhapra | 93 | 114416 |
| 55 | Vadakke Ammichakkry | 113 | 126150 |
| 56 | Veliyanad.S | 81 | 64800 |
| 57 | Mahendrapuram | 37 | 57830 |
| 58 | Kizhakke Mithrakkry | 111 | 124700 |
| 59 | Mancompu Pious X | 55 | 87700 |
| | **Total** | **4042** | **4739697** |

## (2) House Repairing

| No. | Parish | Beneficiaries | Amount |
|---|---|---|---|
| 1. | Kizhakke Mithrakkry | 4 | 333000 |
| 2. | Koduppunna | 4 | 211000 |
| 3. | Koilmukku | 4 | 330000 |
| 4. | Muttar Old | 4 | 348000 |
| 5. | Muttar CMI | 2 | 180000 |
| 6. | Muttar New | 4 | 296000 |
| 7. | Pacha-Chekkidikkad | 2 | 190000 |
| 8. | Pulincunnoo | 3 | 240000 |
| 9. | Champakulam | 5 | 452000 |
| | **Total** | **32** | **2580000** |

## (3) Toilets

| No. | Parish | Beneficiaries | Amount |
|---|---|---|---|
| 1. | Padaharam | 2 | 40000 |
| 2. | Chennamkary | 3 | 60000 |
| 3. | Thekkekara | 3 | 45000 |
| 4. | Vadakkeamichakary | 3 | 60000 |
| 5. | Kandankary | 2 | 40000 |
| 6. | Pulincunnoo | 5 | 100000 |

| | | | |
|---|---|---|---|
| 7. | Nazreth | 3 | 60000 |
| 8. | Onnamkara | 3 | 55000 |
| 9. | Kondackal | 4 | 79000 |
| 10. | Vaishyambhagam | 3 | 57000 |
| 11. | Narbonapuram | 4 | 78000 |
| 12. | Thottuvathala | 4 | 75000 |
| 13. | Pullangady | 4 | 76000 |
| 14. | Champakulam | 5 | 97000 |
| 15. | Koolippura | 4 | 78000 |
| | **Total** | **52** | **1000000** |

**(4) MCBS സന്യാസ സമൂഹത്തിന്റെ സഹായത്തോടെ മണലാടിയിൽ വീടുകളുടെ അറ്റകുറ്റപ്പണി പൂർത്തിയാക്കി**

MCBS സന്യാസസമൂഹത്തിന്റെ നേതൃത്വത്തിൽ മണലാടി ഇടവകയിൽ 11 വീടുകളുടെ അറ്റകുറ്റപ്പണി 5 ലക്ഷം രൂപ ചെലവിട്ട് നടത്തി വാസയോഗ്യമാക്കി.

**(5) OCD സന്യാസസമൂഹം പുളിംകുന്നിൽ ഭവന നിർമ്മാണത്തിന് സഹായം നല്കി**

അതിരൂപത പുനരധിവാസപദ്ധതിയുമായി സഹകരിച്ച് OCD മലബാർ പ്രോവിൻസ് പുളിംകുന്നിൽ 2.50 ലക്ഷം രൂപ ചെലവഴിച്ച് 5 വീടുകളുടെ അറ്റകുറ്റപ്പണി പൂർത്തിയാക്കി. പ്രളയത്തിൽ വീടുകൾ നഷ്ടപ്പെട്ട 5 കുടുംബങ്ങൾക്ക് വീട് പൂർണ്ണമായും നിർമ്മിച്ചു നല്കുന്നതിനുള്ള പദ്ധതിയും പുരോഗമിക്കുന്നു. വീട് ഒന്നിന് 7 ലക്ഷം രൂപയാണ് OCD മലബാർ പ്രോവിൻസ് സാമ്പത്തികസഹായമായി നല്കുന്നത്.

**(6) വിദ്യാഭ്യാസ സഹായവിതരണം**

ചങ്ങനാശ്ശേരി അതിരൂപത കുട്ടനാട് പുനരധിവാസ പദ്ധതിയുടെ ഭാഗമായി പ്രളയബാധിത പ്രദേശങ്ങളിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 58 ഇടവകകളിൽ നിന്നുള്ള അർഹരായ 201 വിദ്യാർത്ഥികൾക്ക് SVD & SSPS കോൺഗ്രിഗേഷനുകളുടെ സഹകരണത്തോടെ ഉപരിപഠനത്തിന് 60,35,000/- രൂപ ധനസഹായം നൽകി.

**(7) അതിജീവനം 2018-19**

മുംബൈ കേന്ദ്രമായി പ്രവർത്തിക്കുന്ന ലൈഫ് ആങ്കർ സംഘടനയുമായി സഹകരിച്ച് കുട്ടനാട്ടിലെ വെള്ളപ്പൊക്ക ബാധിത മേഖലയിൽ കൈനകരി, പള്ളാത്തുരുത്തി, കൊണ്ടാക്കൽ, ചേന്നങ്കരി, കൂലിപ്പുര, തോട്ടുവാത്തല, പൊങ്ങ എന്നീ യൂണിറ്റുകളിൽ നിന്നും തെരഞ്ഞെടുത്ത 47 കുടുംബങ്ങൾക്ക് വരുമാനദായക പദ്ധതികൾ ആരംഭിക്കുന്നതിന് അവസരമൊരുക്കി. 20 കുടുംബങ്ങൾക്ക് രണ്ട് ആടിനെ വീതവും 20 കുടുംബങ്ങൾക്ക് കോഴിയും കൂടും, അഞ്ച് കുടുംബങ്ങൾക്ക് ചെറുകിടകച്ചവടത്തിനും 2 കുടുംബങ്ങൾക്ക് പശുവളർത്തലിനും സാമ്പത്തിക സാഹായം ലഭ്യമാക്കി. പദ്ധതിയുടെ ഉദ്ഘാടനം 2018 ഡിസംബർ 7 ന് പള്ളാത്തുരുത്തി സെന്റ് തോമസ് പാരീഷ് ഹാളിൽ ലൈഫ് ഇൻഡ്യ പ്രതിനിധികളായ ശ്രീ. ജോസ് പീറ്ററും ശ്രീ. ലസ്‌ലി ഡിസൂ

സയും നിർവഹിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ അദ്ധ്യക്ഷതവഹിച്ചു. പ്രോഗ്രാം ഡയറക്ടർ ശ്രീ. ജോസ് പുതുപ്പള്ളി പദ്ധതി വിശദീകരണം നടത്തി.

**(8) കുട്ടനാട് പുനർനിർമ്മാണ പദ്ധതിയിൽ ചാസ്-എച്ച്.ഡി.എഫ്.സി. സഹകരണത്തിൽ 50 പുതിയ വീടുകൾ**

ചാസ്-HTPF/HDFC സഹകരണത്തോടെ കുട്ടനാട്ടിൽ നിർമ്മിക്കുന്ന 50 വീടുകളുടെ നിർമ്മാണോദ്ഘാടനം 2019 ജനുവരി 30 ന് കണ്ണാടി സെന്റ് ജോസഫ്സ് ഓഡിറ്റോറിയത്തിൽ ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുംതോട്ടം നിർവഹിച്ചു. ഇതോടനുബന്ധിച്ച് ചേർന്ന സമ്മേളനത്തിൽ വെളിയനാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ലൈലാ ബിജു അദ്ധ്യക്ഷത വഹിച്ചു. ഫൊറോനാ വികാരി ഫാ. മാത്യു ചൂരവടി, പുളിംകുന്ന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജോസഫ് സേവ്യർ, വാർഡ് മെമ്പർ ജാൻസി ജോയി, ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ, അസി. ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, ഫാ. ജോസഫ് പുതുവീട്ടിക്കളം, പ്രോഗ്രാം ഡയറക്ടർ ജോസ് പുതുപ്പള്ളി എന്നിവർ പ്രസംഗിച്ചു. സമ്മേളനാനന്തരം ആർച്ചുബിഷപ്പ് 3 വീടുകളുടെ കല്ലിടീൽ കർമ്മവും നിർവ്വഹിച്ചു. എച്ച്.ഡി.എഫ്.സി. ലിമിറ്റഡിന്റെ സിഎസ്ആർ വിഭാഗമായ എച്ച്. റ്റി. പാറേക് ഫൗണ്ടേഷനാണ് ഗുണഭോക്താക്കളുടെ സഹകരണത്തോടെ വീടുനിർമ്മാണത്തിനാവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കുന്നത്.

**വെബ് സൈറ്റ്**

ചങ്ങനാശ്ശേരി അതിരൂപതയുടെ കുട്ടനാട് പുനർനിർമ്മാണ പദ്ധതിയുടെ വിശദവിവരങ്ങൾ അറിയാൻ താഴെപ്പറയുന്ന വെബ് സൈറ്റുകൾ സന്ദർശിക്കുക.

www.missionkuttanad.com
www.chasschry.org

**Fr. Joseph Kalarickal**
Secretary,
Archdiocesan Rehabilitation & Monitoring Cell

**ARCHBISHOP MAR JOSEPH PERUMTHOTTAM SAPTHATHI SMARAKA HOUSING AID CONTRIBUTION LIST**

**(Thekkan Mekhala) 2018 - 2019**

| Sl.No | Rpt.No | NAME | AMOUNT |
|---|---|---|---|
| 1 | 11 | His Grace Archbishop Mar George Kocherry | Rs.300000/- |
| 2 | 05 | Mr.Reji Kurien .7129 Lakeridge P l,Kalamazoo,MI-49009,USA, c/o. St.Thomas Church Nalukodi | Rs.300000/- |
| 3 | 09 | Smt.Marykutty Ettolil,Vazhappally West | Rs.300000/- |
| 4 | 01 | FCC Devamatha Provincial House,Changanacherry | Rs.300000/- |
| 5 | 10/71/76 | His Grace Archbishop Emeritus Mar Joseph Powathil | Rs.100000/- |
| 6 | 15 | Rev.Fr.Thomas Puthiyidam,St.Thomas Hospital Chethipuzha | Rs.100000/- |
| 7 | 18 | St.Alphonsa Church,Pongummood,Trivandram | Rs.100000/- |
| 8 | 21 | Smt.Thankamma Chandy. c/o.St.Alphonsa Church,Pongummood,Trivandram | Rs.100000/- |
| 9 | 03 | Rev.Fr.Thomas Maliyil | Rs.70000/- |
| 10 | 17 | Sri.Joseph Mathew,Tharayil,Valiyakulam | Rs.50000/- |
| 11 | 04 | Sri.P.C .Aniyankunju | Rs.25000/- |
| 12 | 14 | Sri.Mathew George,Kayalackakam, (Kuravankanam ward) VH-182,East Pattam,Trivandram | Rs.25000/- |
| 13 | 06 | St.Mary's Church,Eravuchira | Rs.16302/- |
| 14 | 13 | St.Thomas Church,Nalpathimala | Rs.10000/- |
| 15 | 16 | Sri.Justin Joseph,Kannamkottal,Paippad | Rs.10000/- |
| 16 | 19 | Sri.P.J.Antony, 401,Alappat Palathumgal, c/o.St.Alphonsa Church,Pongummood,Trivandram | Rs.10000/- |
| 17 | 20 | Dr.B.Tharian,Idupadickal,411,Stage II,Ulloor c/o.St.Alphonsa Church,Pongummood,Trivandram | Rs.10000/- |
| 18 | 02 | Smt.Mini Thomas Ayyarukulangara(H)Nalukodi | Rs.7000/- |
| 19 | 07 | Sri.John Kondupravin,St. Mary'sChurchEravuchira | Rs.2000/- |
| 20 | 08 | Smt.Anumol Varghese,Moolayil(H) St.Mary's Church,Eravuchira | Rs.2000/- |

മിശിഹായിൽ സ്നേഹമുള്ളവരേ,

വലിയ നോമ്പിന്റെ വിശുദ്ധ ദിനങ്ങളിലേയ്ക്കു നാം പ്രവേശിച്ചിരിക്കുക യാണല്ലോ. ഈ നോമ്പുകാലം പ്രാർത്ഥനയുടെയും പരിത്യാഗത്തിന്റെയും നാളുകളാകട്ടെ. നമ്മിലെ പാപവാസനകളെ തിരിച്ചറിഞ്ഞ് തിരുത്തുവാനും അതിലൂടെ അല്പം കൂടി ദൈവികതയിലേയ്ക്കും മാനുഷികതയിലേയ്ക്കും വളരുവാനും, ഈ നോമ്പുകാലം സഹായിക്കട്ടെ എന്നാശംസിക്കുന്നു. വിശ്വാ സോത്സവ പരിശീലന പരിപാടികളിൽ നിങ്ങളുടെ സഹകരണം ഉാകണമെന്ന് അഭ്യർത്ഥിക്കുന്നു. മാർച്ച് 19 നാമഹേതുകതിരുനാൾ ആഘോഷിക്കുന്ന എല്ലാ യൗസേപ്പ് നാമധാരികൾക്കും ആശംസകൾ നേരുന്നു. തെക്കൻ മേഖലക ളിലെ വിശ്വാസപരിശീലന പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനായി സന്ദേശനിലയത്തിന്റെ അസി. ഡയറക്ടറായി നിയമിതനായിരിക്കുന്ന ഫാ. ഐബിൻ പകലോമറ്റത്തച്ചന് എല്ലാ പ്രാർത്ഥനാശംസകളും.

ഈശോയിൽ സ്നേഹപൂർവ്വം

**ഫാ. ജോബിൻ പെരുമ്പളത്തുശ്ശേരി**
*(ഡയറക്ടർ)*

**ഫാ. അനീഷ് കുടിലിൽ**
**ഫാ. ഐബിൻ പകലോമറ്റം**
(അസി. *ഡയറക്ടേഴ്സ്)*

## അറിയിപ്പുകൾ

**2019 മാർച്ച്**

| | | |
|---|---|---|
| 2 ശനി | : | CLT ക്ലാസ്സ് |
| 3 ഞായർ | : | പേത്തുർത്താ ഞായർ |
| 4 തിങ്കൾ | : | അമ്പതു നോമ്പാരംഭം, വിഭൂതിതിരുനാൾ |
| 9 ശനി | : | CLT ക്ലാസ്സ്, MCC ക്ലാസ്സ് |
| 16 ശനി | : | CLT ക്ലാസ്സ് |
| 17 ഞായർ | : | സഭാചരിത്രപഠന ക്വിസ് |
| 19 ചൊവ്വ | : | മാർ യൗസേപ്പ് പിതാവിന്റെ മരണത്തിരുനാൾ, അതിരൂപതാ മദ്ധ്യസ്ഥൻ, മാർ ജോസഫ് പവ്വത്തിൽ, മാർ ജോസഫ് പെരുന്തോട്ടം നാമഹേതുകതിരുനാൾ *(ഓഫീസ് അവധി)* |
| 24 ഞായർ | : | Ecos@Sandes IT Team Followup Meeting |
| 25 തിങ്കൾ | : | മംഗളവാർത്താതിരുനാൾ |
| 31 ഞായർ | : | സൺഡേസ്കൂൾ രണ്ടാം ടേം സപ്ലിമെന്ററി പരീക്ഷ (1 മുതൽ 9 ക്ലാസ്സുവരെയുള്ളവർക്ക്) |

**2019 ഏപ്രിൽ**

| | | |
|---|---|---|
| 1 തിങ്കൾ | : | വിശ്വാസോത്സവം (ഏപ്രിൽ 1 മുതൽ 13 വരെ ഏതെങ്കിലും 10 ദിവസം) |
| 13 ശനി | : | അതിരൂപതാ സ്കോളർഷിപ്പ് പരീക്ഷ |
| 14 ഞായർ | : | ഓശാന ഞായർ |

## പ്രത്യേകശ്രദ്ധയ്ക്ക്

- സൺഡേസ്കൂൾ രണ്ടാം ടേം സപ്ലിമെന്ററി പരീക്ഷ മാർച്ച് 31-ാം തീയതി ഞായറാഴ്ചയായിരിക്കും.
- വിശ്വാസോത്സവ ക്രമീകരണങ്ങളിൽ ഇടവക തലത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ മതബോധന കലണ്ടർ പേജ് 57, 58, 59 കാണുക.

## രണ്ടാംഘട്ട സപ്ലിമെന്ററി പരീക്ഷ സിലബസ്

**1 മുതൽ 3 വരെ ക്ലാസ്സുകൾക്ക് - പാഠപ്പുസ്തകത്തിലെ നമസ്കാരങ്ങളും ബൈബിൾ വാക്യങ്ങളും**

**ക്ലാസ്സ് 4 :** നമസ്കാരങ്ങൾ, ആഘോഷമായ വി. കുർബാന സ്വീകരണത്തിനുള്ള നാഥാ വന്നു വസിച്ചാലും എന്ന പുസ്തകം (1 മുതൽ 4 വരെ പാഠങ്ങൾ).

**ക്ലാസ്സ് 5,6 :** നമസ്കാരങ്ങൾ, ഉപപാഠപുസ്തകം (CML പ്രസിദ്ധീകരണം)

**ക്ലാസ്സ് 7 :** നമസ്കാരങ്ങൾ, ഭാരതസഭ ചരിത്രവഴികളിലൂടെ എന്ന പുസ്തകം

**ക്ലാസ്സ് 8 :** നമസ്കാരങ്ങളും ഭാരതത്തിലെ മാർത്തോമ്മാ നസ്രാണികൾ (പാഠങ്ങൾ 4, 5, 6, 8)

**ക്ലാസ്സ് 9 :** നമസ്കാരങ്ങളും രാജ്യപുരോഗതിയ്ക്ക് ക്രൈസ്തവ സംഭാവനകൾ (പാഠങ്ങൾ 3, 4 , 8, 9)

*(കൂടുതൽ വിവരങ്ങൾക്ക് മതബോധന കലണ്ടർ പേജ് 16-17 കാണുക)*

## മാർച്ച് മാസത്തിലെ വിശ്വാസോത്സവ പരിശീലനം നടത്തപ്പെടുന്ന ഫൊറോനകൾ

**2 ശനി :** ഫൊറോന വിശ്വാസോത്സവ അധ്യാപക പരിശീലനം (ചമ്പക്കുളം, ആലപ്പുഴ)

**3 ഞായർ :** ഫൊറോന വിശ്വാസോത്സവ അധ്യാപക പരിശീലനം (കൊല്ലം, പുളിംകുന്ന്)

**9 ശനി :** ഫൊറോന വിശ്വാസോത്സവ അധ്യാപക പരിശീലനം (അമ്പൂരി, എടത്വാ, കോട്ടയം)

**10 ഞായർ :** ഫൊറോന വിശ്വാസോത്സവ അധ്യാപക പരിശീലനം (തിരുവനന്തപുരം, തൃക്കൊടിത്താനം)

**16 ശനി :** ഫൊറോന വിശ്വാസോത്സവ അധ്യാപക പരിശീലനം (നെടുംകുന്നം, മണിമല)

**17 ഞായർ :** ഫൊറോന വിശ്വാസോത്സവ അധ്യാപക പരിശീലനം (ചങ്ങനാശേരി, കുറുമ്പനാടം)

## അതിരൂപതാ സ്കോളർഷിപ്പ് പരീക്ഷ

ഏപ്രിൽ 13-ാം തീയതി ശനിയാഴ്ച സ്കോളർഷിപ്പ്പരീക്ഷ അതാത് ഫൊറോനാ കേന്ദ്രങ്ങളിൽ വച്ച് നടത്തുന്നതാണ്.

*(സ്കോളർഷിപ്പ് പരീക്ഷ സബന്ധിച്ചുള്ള കൂടുതൽ വിവരങ്ങൾക്കായി മതബോധനകലണ്ടർ പേജ് 32 കാണുക.)*

**നവോദയ ക്യാമ്പ് 2019**

നവോദയ, സൈനിക സ്കൂൾ, സ്പോർട്സ് സ്കൂൾ വിദ്യാർത്ഥികൾക്കായുള്ള വാർഷിക പരിശീലന ക്യാമ്പ് സന്ദേശനിലയത്തിൽ വച്ച് ഏപ്രിൽ 23 ചൊവ്വ രാവിലെ 9.30 ന് ആരംഭിച്ച് 25 വ്യാഴം ഉച്ചയ്ക്ക് 1 മണിക്ക് സമാപിക്കുന്നു. 25ന് വ്യാഴം രാവിലെ 11.15ന് നടക്കുന്ന ക്യാമ്പ് സമാപന സമ്മേളനത്തിൽ ക്യാമ്പിൽ പങ്കെടുക്കുന്ന കുട്ടികളുടെ മാതാപിതാക്കളോ/ രക്ഷകർത്താക്കളോ പങ്കെടുക്കേണ്ടതാണ്. നവോദയ ക്യാമ്പ് സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്കായി മതബോധനകലണ്ടർ പേജ് 35,36 കാണുക. രജിസ്ട്രേഷൻ ഫീസ് Rs. 1000/

**ഹെഡ്മാസ്റ്റേഴ്സ് റിട്രീറ്റ് ആന്റ് ഓറിയന്റേഷൻ ക്യാമ്പ്**

സഭയോടൊത്ത് ചിന്തിക്കുകയും ജീവിക്കുകയും ചെയ്ത് സഭയുടെ പ്രേഷിത ദൗത്യത്തിൽ പങ്കുചേരുവാനും, ദൈവസാന്നിദ്ധ്യത്താൽ രൂപാന്തരപ്പെട്ട ഒരു ജീവിതംകൊണ്ട് സുവിശേഷം പ്രഘോഷിക്കുവാനും, നേതൃത്വം നൽകുവാനും നിയോഗം ലഭിച്ചവരാണ് പ്രഥമാദ്ധ്യാപകർ. മിശിഹായിൽ രൂപാന്തരപ്പെട്ട ജീവിതംകൊണ്ട് സുവിശേഷം പ്രഘോഷിക്കുവാനും അതിരൂപതയിലെ പഞ്ചവത്സരപദ്ധതിയോടു ചേർന്ന് വരുംവർഷങ്ങളിലെ വിശ്വാസ പരിശീലനപരിപാടികളെ ക്രമപ്പെടുത്താനും നമ്മെ ഒരുക്കുന്ന പരിപാടിയാണിത്. മെയ് 11-ാം തീയതി 5.00 pm ന് ആരംഭിച്ച് 13-ാം തീയതി 3.00 pm ന് അവസാനിക്കുന്ന ഈ ധ്യാനത്തിൽ കഴിഞ്ഞ വർഷം പങ്കെടുക്കാത്ത എല്ലാ പ്രഥമാദ്ധ്യാപകരും നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് Rs. 800/

**സഭാചരിത്രപഠന ക്വിസ്**

പഞ്ചവത്സരപദ്ധതിയോടനുബന്ധിച്ച് നമ്മുടെ അതിരൂപതയിലെ മുഴുവൻ വിശ്വാസപരിശീലകർക്കായി ഏർപ്പെടുത്തിയ സഭാചരിത്രപഠന ക്വിസ് ഇടവകതലത്തിൽ മാർച്ച് 17-ാം തീയതിയും അതിരൂപതാതലത്തിൽ ഏപ്രിൽ 28-ാം തീയതിയുമായിരിക്കും. ഭാരതകത്തോലിക്കാസഭ ഇന്നലെയും ഇന്നും (പോൾ പള്ളത്ത്) എന്ന പുസ്തകത്തിലെ ഒന്നും രണ്ടും അദ്ധ്യായങ്ങൾ ആസ്പദമാക്കിയാണ് ചോദ്യങ്ങൾ ക്രമീകരിക്കുന്നത്. ആകെ 100 മാർക്കിന് 30 ചോദ്യങ്ങൾ ആണ് ഉണ്ടാവുക. ഇടവകതല മത്സരത്തിന് ആവശ്യമായ ചോദ്യപേപ്പറുകൾ ഫൊറോന സെക്രട്ടറിമാരുടെ പക്കൽ എത്തിക്കുന്നതായിരിക്കും. ഇടവകതല മത്സരത്തിന് ഒറ്റവാക്കിൽ ഉത്തരമെഴുതുക, പൂരിപ്പിക്കുക, തെറ്റോ ശരിയോ എന്നെഴുതുക. അരപേജിൽ കവിയാതെ നോട്ട് കുറിക്കുക, തുടങ്ങിയ ചോദ്യങ്ങളുണ്ടായിരിക്കും. ഇടവകതലത്തിൽ ഒന്നാം സമ്മാനം കരസ്ഥമാക്കുന്ന അധ്യാപകൻ / അധ്യാപിക അതിരൂപതാ മത്സരത്തിൽ പങ്കെടുക്കേണ്ടതാണ്. ഇടവകതല ഉത്തരക്കടലാസ്സുകൾ ഡയറക്ടറച്ചനോ ഡയക്ടറച്ചൻ നിയോഗിക്കുന്ന അധ്യാപകർരോ മൂല്യ

നിർണ്ണയം നടത്തേണ്ടതാണ്. അതിരൂപതാതല മത്സരം ഏപ്രിൽ 28 ഞായറാഴ്ച 2.30 ന് സന്ദേശനിലയം ഓഡിറ്റോറിയത്തിൽ നടത്തപ്പെടുന്നു. അതിരൂപതാതലത്തിൽ ഒന്നാം സമ്മാനം 5000 രൂപയും രണ്ടാം സമ്മാനം 3000 രൂപയും മൂന്നാം സമ്മാനം 2000 രൂപയുമായിരിക്കും.ം

## Ecos@Sandes IT Team Followup Meeting

സന്ദേശനിലയത്തിന്റെ വജ്രജൂബിലി വർഷത്തിൽ ആരംഭിച്ച ഓൺലൈൻ പോർട്ടലിന്റെ പ്രവർത്തനങ്ങൾ ഭംഗിയായി നടക്കുന്നുവെന്ന് വിചാരിക്കുന്നു. നൂറോളം സൺഡേസ്കൂളുകൾ അവരുടെ ഡാറ്റാ എൻട്രി പൂർത്തിയാക്കി വരുന്നു. Ecos@Sandes-ന്റെ തുടർപ്രവർത്തനങ്ങൾ വിശദീകരിക്കുന്നതിനായി മാർച്ച് 27-ാം തീയതി IT Team ഒന്നിച്ചു കൂടുന്നു. കംപ്യൂട്ടർ ഓൺലൈൻ സംവിധാനങ്ങളെക്കുറിച്ച് അറിവും പരിചയവും ഉള്ളവരും നാളിതുവരെ ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കിയവരും വികാരിയച്ചനോ/ഹെഡ്മാസ്റ്ററോ നിർദ്ദേശിക്കുന്ന വ്യക്തികളുമാണ് ഈ മീറ്റിംഗിൽ പങ്കെടുക്കേണ്ടത്. മാർച്ച് 24-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.30 ന് മീറ്റിംഗ് ആരംഭിക്കും. എല്ലാവരും കൃത്യസമയത്ത് എത്തിച്ചേരേണ്ടതാണ്.

### CANTICLE 2019

### ബൈബിൾ ആക്ഷൻസോംഗ് കോമ്പറ്റീഷൻ

2019 ലെ വിശ്വാസോത്സവത്തോടനുബന്ധിച്ച് സന്ദേശനിലയം CANTICLE 2019 എന്ന പേരിൽ ഒരു ആക്ഷൻ സോംഗ് മത്സരം സംഘടിപ്പിക്കുന്നു. വിശ്വാസോത്സവത്തിന്റെ വിഷയവും ചങ്ങനാശ്ശേരി അതിരൂപത പഞ്ചവത്സര പദ്ധതിയുടെ ഈ വർഷത്തെ പഠനവിഷയവും ദൈവവചനമാണല്ലോ. കുട്ടികളെ വചനം പഠിപ്പിക്കുക, ആകർഷകമായ വിധത്തിൽ വചനം കുട്ടികളുടെ ഹൃദയത്തിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ മത്സരം ക്രമീകരിച്ചിരിക്കുന്നത്. മുഴുവൻ സൺഡേസ്കൂളുകൾക്കും പങ്കെടുക്കുവാൻ സാധ്യമായ രീതി അവലംബിച്ചിരിക്കുന്നു. തിരഞ്ഞെടുക്കുന്ന അവതരണങ്ങൾ വിശ്വാസപരിശീലനത്തിന് ഉപയോഗിക്കുവാൻ നല്കുന്നതാണ്. എല്ലാ സൺഡേസ്കൂളുകളുടെയും സഹകരണവും പങ്കാളിത്തവും പ്രതീക്ഷിക്കുന്നു.

- മത്സര വിജയികൾക്ക് സമ്മാനങ്ങൾ ഉണ്ടായിരിക്കും.
- സമ്മാനങ്ങളുടെ വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

**നന്ദി :** സൺഡേസ്കൂൾ ഓർഗനൈസർമാരായി സ്തുത്യർഹമായ സേവനമനുഷ്ഠിച്ച റവ. ഫാ. ഐബിൻ പകലോമറ്റം (അതിരമ്പുഴ), റവ. ഫാ. ജോസഫ് തോട്ടയ്ക്കാട്ടുകാലായിൽ (ചമ്പക്കുളം), റവ. ഫാ. ആന്റണി ആനക്കല്ലുങ്കൽ (ചങ്ങനാശേരി), റവ. ഫാ. ജോസഫ് പുളിയ്ക്കപ്പറമ്പിൽ (കോട്ടയം), റവ. ഫാ. സെബാസ്റ്റ്യൻ മാമ്പറ (കുറുമ്പനാടം), റവ. ഫാ. ജോഷ്വാ തുണ്ടത്തിൽ (തിരുവനന്തപുരം), റവ. ഫാ. ജോസഫ് കുറിയന്നൂർപറമ്പിൽ (തൃക്കൊടിത്താനം) എന്നിവർക്ക് അതിരൂപതാ സന്ദേശനിലയം കുടുംബത്തിന്റെ ഹൃദയംഗമമായ നന്ദി.

**സ്വാഗതം :** സന്ദേശനിലയത്തിന്റെ അസിസ്റ്റന്റ് ഡയറക്ടറും ഫൊറോന ഓർഗനൈസറുമായി നിയമിതനായ റവ. ഫാ. ജോസഫ് (ഐബിൻ) പകലോമറ്റത്തിനും (തിരുവനന്തപുരം) ഫൊറോന ഓർഗനൈസർമാരായി

നിയമിതനായ റവ. ഫാ. വർഗ്ഗീസ് (ജിനോയ്) പനയ്ക്കലിനും (കുറുമ്പ നാടം) റവ. ഫാ. ജോസഫ് (മെൽവിൻ) പുതിയിടം (ചമ്പക്കുളം) റവ. ഫാ. ആന്റണി (ഷിബിൻ) ചൂരവടി (കോട്ടയം), റവ. ഫാ. വർഗ്ഗീസ് കിളിയാട്ടുശ്ശേരി (ചങ്ങനാശേരി)റവ. ഫാ. ജോസഫ് (ജോസഫുകുട്ടി) പാറത്താനം (തൃക്കൊ ടിത്താനം) റവ. ഫാ. ജോസഫ് (ജിജോ) കുറിയന്നൂർപറമ്പിൽ (അതിരമ്പുഴ) അതിരൂപതാ സന്ദേശനിലയം കുടുംബത്തിന്റെ സ്വാഗതം.

**ആദരാഞ്ജലികൾ**

എടത്വാ ഫൊറോനയുടെ ഓർഗനൈസറായി വിശ്വാസപരിശീലനരംഗത്ത് നേതൃത്വം നല്കുകയും പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുകയും ചെയ്ത ഞങ്ങളുടെ പ്രിയപ്പെട്ട ഫെലിക്സ് പാടിയത്തച്ചന് സന്ദേശനിലയം കുടും ബത്തിന്റെ ആദരാഞ്ജലികളും പ്രാർത്ഥനയും.

തേക്കുപാറ സെന്റ് മേരീസ് സൺഡേസ്കൂൾ ഹെഡ്മിസ്ട്രസ് സി. കാത റൈൻ ജോസ് എസ്. എച്ചിന്റെ പിതാവിന്റെയും ചീരഞ്ചിറ സെന്റ് ജോർജ്ജ് സൺഡേസ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ. ജോൺസൺ പെരുമ്പായിയുടെ മാതാ വിന്റെയും തൃക്കൊടിത്താനം സെന്റ് സേവ്യേഴ്സ് സൺഡേസ്കൂൾ അധ്യാപ കൻ ശ്രീ. സിബിച്ചൻ മുക്കാടന്റെ മാതാവിന്റെയും വെട്ടിമുകൾ സെന്റ് മേരീസ് സൺഡേസ്കൂൾ അധ്യാപികയും 2019 സി.എൽ.റ്റി. ബാച്ചിലെ അംഗവു മായ ശ്രീമതി. ജൂലിയുടെ മാതാവിന്റെയും കൊടുപ്പുന്ന സെന്റ് ജോസഫ്സ് സൺഡേസ്കൂൾ അധ്യാപകൻ ശ്രീ. ഗ്രിഗറി ആന്റണിയുടെ മാതാവിന്റെയും നിർമ്മലപുരം സെന്റ് മേരീസ് സൺഡേസ്കൂൾ അധ്യാപകൻ ശ്രീ. ഡൊമി നിക് സാവിയോയുടെ മാതാവിന്റെയും നിര്യാണത്തിൽ സന്ദേശനിലയ ത്തിന്റെ അനുശോചനം അറിയിക്കുകയും പരേതരുടെ ആത്മശാന്തിയ്ക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

**അതിരൂപതാ**
**ബൈബിൾ കൺവൻഷൻ ദിവസങ്ങളിൽ**
**ചങ്ങനാശ്ശേരി, തൃക്കൊടിത്താനം,**
**തുരുത്തി, കുറുമ്പനാടം ഫൊറോനകളിലെ**
**ദൈവാലയങ്ങളിൽ മറ്റ് ധ്യാന പരിപാടികൾ**
**നടത്താതിരിക്കുവാൻ**
**ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.**

ഈശോയിൽ സ്നേഹമുള്ളവരേ,

പ്രാർത്ഥനയുടെയും പരിത്യാഗത്തിന്റേതുമായ നോമ്പുകാലത്തിലേയ്ക്ക് നാം പ്രവേശിക്കുകയാണ്. തന്റെ പീഡാസഹനത്താലും കുരിശുമരണത്താലും നമുക്കു രക്ഷ പകർന്നു നല്കിയ ഈശോയുടെ ജീവിതം നമുക്ക് ധ്യാനിക്കാം. കുട്ടികൾ പരീക്ഷകളുടെ തിരക്കിലാണ്. നല്ല തയ്യാറെടുപ്പുകളോടെ പരീക്ഷയെഴുതി മികച്ച വിജയം കൈവരിക്കാൻ നിങ്ങൾക്ക് കഴിയട്ടെയെന്ന് ആശംസിക്കുന്നു. 10,12 ക്ലാസ്സുകളിലെ കുട്ടികൾക്ക് ദൈവവിളി സെമിനാർ ക്രമീകരിച്ചിട്ടുണ്ട്. നമ്മുടെ ജീവിതാന്തസ്സ് ഏതെന്ന് കണ്ടെത്തുവാനും ദൈവഹിതം വിവേചിച്ചറിയുവാനും സഹായിക്കുന്ന ഈ സെമിനാറിൽ പങ്കെടുക്കുവാൻ പ്രത്യേകം ക്ഷണിക്കുന്നു. ഏപ്രിൽ മാസത്തിലെ വിശ്വാസോത്സവദിനങ്ങൾ ഏറ്റം ഉചിതമായ രീതിയിൽ ക്രമീകരിച്ച് അനുഭവപ്രദമാക്കി മാറ്റുവാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കുമല്ലോ. എല്ലാവിധ വിജയാശംസകളും നേർന്നുകൊണ്ട്,

ഈശോയിൽ സ്നേഹപൂർവ്വം

**ഫാ. അനീഷ് കുടിലിൽ**
**ഫാ. ഐബിൻ പകലോമറ്റം**
(അസി. *ഡയറക്ടേഴ്സ്)*

**ഫാ. ജോബിൻ പെരുമ്പളത്തുശ്ശേരി**
*(ഡയറക്ടർ)*

## മാർച്ച് മാസത്തെ അറിയിപ്പുകൾ

1 വെള്ളി : സകല മരിച്ചവരുടെയും ഓർമ്മ
4 തിങ്കൾ : അമ്പതു നോമ്പാരംഭം, വിഭൂതിതിരുനാൾ
19 ചൊവ്വ : മാർ യൗസേപ്പ് പിതാവ്, അതിരൂപതാ മദ്ധ്യസ്ഥൻ, മാർ ജോസഫ് പവ്വത്തിൽ, മാർ ജോസഫ് പെരുന്തോട്ടം നാമഹേതുകതിരുനാൾ *(ഓഫീസ് അവധി)*
25 തിങ്കൾ : മംഗളവാർത്താതിരുനാൾ
30 ശനി : അതിരൂപതാ ദൈവവിളി സെമിനാർ (സന്ദേശനിലയം - പെൺകുട്ടികൾക്ക്)
31 ഞായർ : സൺഡേസ്കൂൾ രണ്ടാം ടേം സപ്ലിമെന്ററി പരീക്ഷ
30, 31 ഏപ്രിൽ 1 :
(ശനി, ഞായർ, തിങ്കൾ) : അതിരൂപതാ ദൈവവിളി ക്യാമ്പ് (കുറിച്ചി മൈനർ സെമിനാരി - ആൺകുട്ടികൾ)

**2019 ഏപ്രിൽ**

1 തിങ്കൾ : വിശ്വാസോത്സവം (ഏപ്രിൽ 1 മുതൽ 13 വരെ ഏതെങ്കിലും 10 ദിവസം)
11, 12, 13 (വ്യാഴം, വെള്ളി, ശനി) : കുട്ടികളുടെ അതിരൂപതാ ഇലക്ഷൻ ക്യാമ്പ് (സന്ദേശനിലയത്തിൽ വച്ച്)

**മിഷൻലീഗ് നേതൃപരിശീലനക്യാമ്പ് - 'സ്ഹദ്- 2019'**

ഈ വർഷം ഏപ്രിൽ 11, 12, 13 തീയതികളിൽ സന്ദേശനിലയത്തിൽ വച്ച് നടത്തപ്പെടുന്നു. ഏപ്രിൽ 11 ന് രാവിലെ 9.30 ന് ആരംഭിച്ച് 13ന് ഉച്ചകഴിഞ്ഞ് 1.30 ന് ക്യാമ്പ് സമാപിക്കും. ഓരോ മേഖലയിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട ഭാരവാഹികളാണ് (6 പേർ) ക്യാമ്പിൽ പങ്കെടുക്കേണ്ടത്. ക്യാമ്പിൽ പങ്കെടുക്കുന്നവർ കുർബാനപുസ്തകം, നോട്ട്ബുക്ക്, പേന, ഡ്രസ്സ്, ബെഡ്ഷീറ്റ്, തോർത്ത്, സോപ്പ്, മറ്റു ടോയ്ലറ്റ് സാധനങ്ങൾ ഇവ കൊണ്ടുവരേണ്ടതാണ്. ക്യാമ്പ് ഫീസ് ഒരാൾക്ക് 600 രൂപ.

**അതിരൂപതാ ഓർഗനൈസിംഗ് സമിതിയുടെ തെരഞ്ഞെടുപ്പ്**

അതിരൂപതാ ഓർഗനൈസിംഗ് സമിതിയുടെ തെരഞ്ഞെടുപ്പ് ഏപ്രിൽ 12ന് വൈകുന്നേരം 5.30 ന് ആരംഭിച്ച് 13ന് ഉച്ചയ്ക്ക് സമാപിക്കുന്നതാണ്. ഇലക്ഷനിൽ പങ്കെടുക്കുന്നവർ (മേഖലാ ഓർഗനൈസിംഗ് പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി, ജോ. സെക്രട്ടറി, ആനിമേറ്റർ, റീജണൽ ഓർഗനൈസർ (3 പേർ) മുഴുവൻ സമയവും നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

**ക്രിസ്കാർഡ് മത്സര വിജയികൾ**

ക്രിസ്കാർഡ് മത്സരത്തിൽ പങ്കെടുത്ത എല്ലാവരേയും അഭിനന്ദിക്കുന്നു.

**ഒന്നാം സമ്മാനം** : ജെയ്സൽ ഷിബു, സെന്റ് മേരീസ് കൂത്രപ്പള്ളി

**രണ്ടാം സമ്മാനം** : വർഗ്ഗീസ് തോമസ് പുരയ്ക്കൽ, സെന്റ് മേരീസ് പുളിയ്ക്കൽകവല

**മൂന്നാം സമ്മാനം** : സോബിൻ, ലൂർദ്ദ് മാതാ പുതുശ്ശേരി

**പ്രോത്സാഹന സമ്മാനങ്ങൾ**

1. സെബാസ്റ്റ്യൻ ബിജു സ്രാമ്പിക്കൽ, ക്രൈസ്റ്റ് ദ കിംങ് ആയൂർ
2. സോണി ജോർജ്ജ്, ഹോളി ഫാമിലി മാന്നില
3. നോയൽ ലാലിച്ചൻ, ഹോളി മാഗി മണിമല

**മിഷൻ എലൈവ്**

**ജനുവരി 19 ശനിയാഴ്ച എസ്.ബി. ഹൈസ്ക്കൂളിൽ വച്ച് നടന്ന മിഷൻ എലൈവ് മത്സര വിജയികൾ**

ഒന്നാം സമ്മാനം : ലൂർദ്ദ് മാതാ താഴത്തുവടകര
രണ്ടാം സമ്മാനം : സെന്റ് ജോസഫ്സ് ചമ്പക്കര
മൂന്നാം സമ്മാനം : സെന്റ് സേവ്യേഴ്സ് മിത്രക്കരി

**പ്രോത്സാഹന സമ്മാനങ്ങൾ**

1. സെന്റ് ജോൺ ദി ബാപ്റ്റിസ്റ്റ് നെടുംകുന്നം
2. സെന്റ് ജോസഫ്സ് ളായിക്കാട്
3. സെന്റ് പയസ് X[th] മങ്കൊമ്പ്

**പ്രത്യേക ശ്രദ്ധയ്ക്ക്**

അതിരൂപതാ വിഹിതം, ദൈവവിളി ഫണ്ട് കുടിശികയുള്ളവർ അടച്ചു തീർക്കുവാൻ ശ്രദ്ധിക്കുമല്ലോ.

**മേഖലാ ഡയറക്ടേഴ്സിന് നന്ദി**

മിഷൻലീഗ് മേഖലാ ഓർഗനൈസർമാരായി നേതൃത്വം നല്കി സ്തുത്യർഹമായ സേവനമനുഷ്ഠിച്ച റവ. ഫാ. ഐബിൻ പകലോമറ്റം (അതിരമ്പുഴ), റവ. ഫാ. ജോസഫ് തോട്ടയ്ക്കാട്ടുകാലായിൽ (ചമ്പക്കുളം), റവ. ഫാ. പീലിപ്പോസ് കാപ്പിത്തോട്ടം (ചങ്ങനാശേരി), റവ. ഫാ. ജോസഫ് പുളിയ്ക്കപ്പറമ്പിൽ (കോട്ടയം), റവ. ഫാ. വർഗ്ഗീസ് കിളിയാട്ടുശ്ശേരിൽ (കുടമാളൂർ), റവ. ഫാ. സെബാസ്റ്റ്യൻ മാമ്പറ (കുറുമ്പനാടം), റവ. ഫാ. ജോഷാ തുണ്ടത്തിൽ (തിരുവനന്തപുരം), റവ. ഫാ. ജോസഫ് കുറിയന്നൂർപറമ്പിൽ (തൃക്കൊടിത്താനം) എന്നിവർക്ക് അതിരൂപതാ മിഷൻലീഗ് കുടുംബത്തിന്റെ ഹൃദയംഗമമായ നന്ദി.

**മേഖലാ ഡയറക്ടേഴ്സിന് സ്വാഗതം**

പുതിയ ഓർഗനൈസറച്ചന്മാരായി നിയമിതരായിരിക്കുന്ന റവ. ഫാ. ആന്റണി കക്കാപറമ്പിൽ (ചമ്പക്കുളം), റവ. ഫാ. വർഗ്ഗീസ് കൊച്ചുപറമ്പിൽ (ചങ്ങനാശേരി), റവ. ഫാ. ആന്റണി ചൂരവടി (കോട്ടയം), റവ. ഫാ. വർഗ്ഗീസ് മൂന്നുപറയിൽ (കുടമാളൂർ) റവ. ഫാ. ജിനോയി പനയ്ക്കൽ (കുറുമ്പനാടം), റവ. ഫാ. ഐബിൻ പകലോമറ്റം (തിരുവനന്തപുരം) റവ. ജോസഫ് പറത്താനം (തൃക്കൊടിത്താനം) റവ. ഫാ. ജോസഫ് കുറിയന്നൂർപറമ്പിൽ (അതിരമ്പുഴ) എന്നിവർക്ക് അതിരൂപതാ മിഷൻലീഗ് കുടുംബത്തിന്റെ ഹൃദയംഗമമായ സ്വാഗതം.

**ദൈവവിളി ക്യാമ്പ്**

ഈ വർഷത്തെ നമ്മുടെ അതിരൂപതാ ദൈവവിളി സെലക്ഷൻ ക്യാമ്പ് ആൺകുട്ടികൾക്ക് **2019 മാർച്ച് 30 ശനിയാഴ്ച രാവിലെ 10.00 മണിക്ക് ആരംഭിച്ച് ഏപ്രിൽ 1–ാം തീയതി തിങ്കളാഴ്ച ഉച്ചയോടെ** അവസാനിക്കത്തക്കവിധം കുറിച്ചി മൈനർ സെമിനാരിയിലും സന്യാസജീവിതത്തിലേയ്ക്ക് പ്രവേശിക്കാൻ ആഗ്രഹിക്കുന്ന പെൺകുട്ടികൾക്കായുള്ള അതിരൂപതാ ദൈവവിളി സെമിനാർ മാർച്ച് 30 ശനിയാഴ്ച രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 3.30 വരെ സന്ദേശനിലയത്തിലുമാണ് ക്രമീകരിച്ചിരിക്കുന്നത്. രജി. ഫീസ് ആൺകുട്ടികൾക്ക് 300 രൂപയും പെൺകുട്ടികൾക്ക് 75 രൂപയുമാണ്.

**ആദരാഞ്ജലികൾ**

ചെറുപുഷ്പ മിഷൻലീഗ് എടത്വാ മേഖല ഡയറക്ടറായിരുന്ന ബഹു. ഫെലിക്സ് പാടിയത്തച്ചന് ചങ്ങനാശേരി അതിരൂപതാ മിഷൻലീഗ് കുടുംബത്തിന്റെ പ്രാർത്ഥനാനിർഭരമായ ആദരാഞ്ജലികൾ.

അതിരൂപതാ ചെറുപുഷ്പ മിഷൻലീഗ് എക്സിക്യൂട്ടീവ് അംഗമായിരുന്ന ശ്രീ. ജോൺസൺ പെരുമ്പായിയുടെ മാതാവിന്റെയും മുൻകാല അതിരൂപതാ മിഷൻലീഗ് പ്രസിഡന്റായിരുന്ന ശ്രീ. സിബിച്ചൻ മുക്കാടന്റെ മാതാവിന്റെയും നിര്യാണത്തിൽ അതിരൂപതാ മിഷൻലീഗ് കുടുംബത്തിന്റെ അനുശോചനം അറിയിക്കുകയും പരേതരുടെ ആത്മശാന്തിയ്ക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

## കളർ എ ഹോം ഭവന നിർമ്മാണ പദ്ധതിയിൽ 2018 ഡിസംബറിൽ ഇടവകകൾ സമാഹരിച്ച തുകയും ഫെബ്രുവരി 23-വരെ അതിരൂപതാ കേന്ദ്രത്തിൽ ലഭിച്ച തുകയും (40%)

| നം. | ഇടവക | ആകെ സമാഹരിച്ച തുക | അതിരൂപതയിൽ ലഭിച്ച തുക |
|---|---|---|---|
| 1 | പെരുങ്കാവ് | 23450 | 9380 |
| 2 | മണലാടി | 27825 | 11130 |
| 3 | താഴത്തങ്ങാടി | 80350 | 32140 |
| 4 | ആർപ്പൂക്കര | 69890 | 27960 |
| 5 | കൊടുപ്പുന | 30960 | 12384 |
| 6 | മുട്ടാർ - ന്യൂ | 48031 | 19212 |
| 7 | മണ്ണഞ്ചേരി | 27500 | 11000 |
| 8 | പടഹാരം | 35800 | 14320 |
| 9 | കോട്ടക്കപ്പുറം | 113450 | 45380 |
| 10 | വട്ടിയൂർക്കാവ് | 31950 | 12780 |
| 11 | കൊടിനാട്ടുകുന്ന് | 102310 | 40000 |
| 12 | കുമരകം - നസ്രത്ത് | 100250 | 40100 |
| 13 | ചീപ്പുങ്കൽ | 15400 | 6160 |
| 14 | നാൽപ്പാത്തിമല | 101540 | 40616 |
| 15 | നാലുകോടി | 325200 | 130080 |
| 16 | മുണ്ടുപാലം | 110050 | 44020 |
| 17 | പുതുശ്ശേരി | 23000 | 9200 |
| 18 | തൃക്കൊടിത്താനം | 323990 | 129590 |
| 19 | പുഴവാത് | 22391 | 8955 |
| 20 | മാമ്മൂട് | 96430 | 38572 |
| 21 | പള്ളിക്കുന്ന് | 50250 | 20100 |
| 22 | ചാഞ്ഞോടി | 166200 | 66480 |
| 23 | നരിക്കല്ല് | 5820 | 2328 |
| 24 | ചെറുവാണ്ടൂർ | 280725 | 112290 |
| 25 | നിരണം | 27001 | 10800 |
| 26 | പുല്ലങ്ങടി | 39050 | 15620 |
| 27 | പായിപ്പാട് | 122770 | 49107 |
| 28 | പള്ളാതുരുത്തി | 68300 | 27320 |
| 29 | പാലോട് | 7100 | 2840 |
| 30 | വിതുര | 20350 | 8140 |
| 31 | പുളിങ്കുന്ന് | 279595 | 111837 |
| 32 | കണ്ണാടി-സെന്റ് ജോസഫ് | 24680 | 10000 |
| 33 | നസ്രത്ത് | 72000 | 28800 |
| 34 | മങ്കൊമ്പ് | 36340 | 14496 |
| 35 | അയിരൂർ | 5450 | 2180 |
| 36 | മുടിയൂർക്കര | 265876 | 106349 |
| 37 | പുന്നവേലി | 67380 | 26952 |
| 38 | പറാൽ | 18400 | 7360 |

| | | | |
|---|---|---|---|
| 39 | കരുവാറ്റ | 72350 | 28940 |
| 40 | മാന്നില | 30680 | 12300 |
| 41 | കരിമ്പനക്കുളം | 85390 | 34156 |
| 42 | വടക്കെ അമിച്ചകരി | 75000 | 30000 |
| 43 | ഏറ്റുമാനൂർ | 325653 | 130261 |
| 44 | കുമാരനല്ലൂർ | 103730 | 41492 |
| 45 | കൈതവന | 26000 | 10400 |
| 46 | യൂദാപുരം | 20710 | 8284 |
| 47 | ഫാത്തിമാപുരം | 126480 | 50592 |
| 48 | അമ്പൂരി | 90885 | 36354 |
| 49 | തിരുവല്ലം | 54500 | 21800 |
| 50 | രാമങ്കരി | 41520 | 16608 |
| 51 | കാവാലം - സെന്റ് ജോസഫ് | 24600 | 9840 |
| 52 | ഇടപ്പാളയം | 36500 | 14600 |
| 53 | ചേന്നങ്കരി | 77250 | 30900 |
| 54 | കുറുമ്പനാടം | 435055 | 174022 |
| 55 | പുന്നക്കുന്നത്തുശ്ശേരി | 75280 | 30112 |
| 56 | മാന്നാനം - ന്യൂ | 214600 | 85840 |
| 57 | കരിക്കാട്ടൂർ | 72660 | 29064 |
| 58 | പനയമ്പാല | 39620 | 15848 |
| 59 | അതിരമ്പുഴ | 751303 | 300520 |
| 60 | ഫിൽഗിരി | 33200 | 13280 |
| 61 | വെട്ടിത്തുരുത്ത് | 13125 | 5250 |
| 62 | പേരൂർക്കട | 151100 | 60440 |
| 63 | ആറുമാനൂർ | 52300 | 20920 |
| 64 | നെടുമണ്ണി | 120990 | 48396 |
| 65 | കായൽപ്പുറം - സെന്റ് ആന്റണീസ് | 6320 | 2500 |
| 66 | ചെത്തിപ്പുഴ | 625612 | 250245 |
| 67 | അതിരമ്പുഴ - ലിസ്യൂ | 34260 | 13704 |
| 68 | ആനക്കുളം | 9900 | 3960 |
| 69 | ആര്യാട് | 25190 | 10076 |

(തുടരും....)


# കരുവള്ളിക്കാട് കുരിശുമല തീർത്ഥാടനം

**നിർമ്മലപുരം - ചുങ്കപ്പാറ**

**2019 ഏപ്രിൽ 12 (നാൽപ്പതാം വെള്ളി) മുതൽ ഏപ്രിൽ 28 (പുതുഞായർ) വരെ**

***അന്വേഷണങ്ങൾക്ക്:***

സെന്റ് തോമസ് കുരിശുമല തീർത്ഥാടനകേന്ദ്രം ഓഫീസ്,
നിർമ്മലപുരം, ചുങ്കപ്പാറ, പിൻ - 686 547
ഫോൺ : 9495523403, 9447121927

ദീപിക ഫ്രണ്ട്സ് ക്ലബ്ബ്, അക്ഷരമുത്തശ്ശിയായ, **'ദീപിക'**യ്ക്ക് ശക്തമായ പിൻബലം നൽകിക്കൊണ്ട് അഭിമാനപൂർവ്വം മുൻപോട്ടു പോകുന്നു. ഡിഫ്സിയുടെ പ്രവർത്തനങ്ങൾക്ക് എല്ലാവിധ പ്രോത്സാഹനവും പിന്തുണയും നൽകുന്ന ബഹു. വികാരിയച്ചന്മാർക്കും ഡിഎഫ്സി നേതാക്കൾക്കും നന്ദി അർപ്പിക്കുന്നു.

**1. ദീപികയുടെ പുതിയ പ്രസ്സ് ഉദ്ഘാടനം**

വടവാതൂരിൽ സ്ഥാപിതമായിരിക്കുന്ന അത്യന്താധുനിക സൗകര്യങ്ങളോടുകൂടിയ പ്രിന്റിംഗ് പ്രസ്സിന്റെ ഔപചാരികമായ ഉദ്ഘാടനകർമ്മം ഫെബ്രുവരി 3 ഞായറാഴ്ച വൈകുന്നേരം കോട്ടയം തിരുനക്കര മൈതാനിയിൽ ആഘോഷപൂർവ്വം നടത്തപ്പെട്ടു. പ്രസ്തുത മഹാസമ്മേളനത്തിൽ ബഹു. വൈദികർ, ചങ്ങനാശേരി അതിരൂപത ഡിഎഫ്സി ഭാരവാഹികൾ, പ്രവർത്തകർ, ദീപിക വായനക്കാർ തുടങ്ങി നിരവധി ആളുകൾ പങ്കുചേർന്നു.

**2. ദീപിക മാനേജിംഗ് ഡയറക്ടർ**
**പെരിയ ബഹു. ഡോ. മാണിപുതിയിടം അച്ചന് യാത്രയയപ്പ്**

ദീപികയുടെ ഉയർച്ചയ്ക്ക് ഊടും പാവും നെയ്ത, അതിന്റെ വളർച്ചയ്ക്ക് ഊർജ്ജസ്വലമായ നേതൃത്വം നൽകിയ, ചങ്ങനാശേരി അതിരൂപത വികാരി ജനറാളും, ദീപികയുടെ എം.ഡി. യുമായിരുന്ന പെരിയ ബഹു. ഡോ. മാണി പുതിയിടത്തിലച്ചന് ഫെബ്രുവരി 5 ചൊവ്വാഴ്ച കോട്ടയം ദീപിക ഓഫീസിൽ ദീപിക ഫ്രണ്ട്സ് ക്ലബ്ബ് സമുചിതമായ യാത്രയയപ്പ് നൽകി. അദ്ദേഹത്തിന്റെ സ്തുത്യർഹമായ-നിസ്വാർത്ഥമായ പ്രവർത്തനങ്ങൾക്കും ഉജ്ജ്വലമായ നേതൃത്വത്തിനും മുമ്പിൽ ഡിഎഫ്സി പ്രാർത്ഥനാപൂർവ്വം ശിരസ്സു നമിക്കുന്നു.

**3. റവ. ഫാ. മാത്യു ചന്ദ്രൻകുന്നേൽ ദീപികയുടെ**
**പുതിയ മാനേജിങ്ങ് ഡയറക്ടർ**

പാലാ രൂപതാംഗവും, ഭരണങ്ങാനം തീർത്ഥാടനകേന്ദ്രം റെക്ടറും സുപ്രസിദ്ധ വാഗ്മിയും സംഘാടകനുമായ റവ. ഫാ. മാത്യു ചന്ദ്രൻകുന്നേൽ ദീപികയുടെ പുതിയ മാനേജിംഗ് ഡയറക്ടറായി ഫെബ്രുവരി 16-ന് ചാർജ്ജെടുത്തു. അദ്ദേഹത്തിന് ഡിഎഫ്സി അതിരൂപതാ സമിതിയുടെ പേരിൽ ഊഷ്മളമായ സ്വാഗതം നേരുന്നു.

**4. ഡിഎഫ്സി അതിരൂപതാ എക്സിക്യൂട്ടീവ് കമ്മറ്റി മീറ്റിംഗ്**

ഫെബ്രുവരി 20 ബുധനാഴ്ച വൈകുന്നേരം 4:30 ന് ഡിഫ്സി സംസ്ഥാന ജോയിന്റ് ഡയറക്ടർ ജിനോ പുന്നമറ്റത്തിലച്ചന്റെ സാന്നിധ്യത്തിൽ അതിരൂപതാ ഡയറക്ടർ ഫാ. ജോർജ്ജ് മാന്തുരുത്തിലച്ചന്റെ അദ്ധ്യക്ഷതയിൽ സമ്മേളിച്ച്, ഡിഎഫ്സി അതിരൂപത - ഫൊറോന - ഇടവകതല പ്രവർത്തനങ്ങളെ വിലയിരുത്തി. ഡിഎഫ്സി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുവേണ്ടി

ആലപ്പുഴ, ചങ്ങനാശേരി, കോട്ടയം, തൃക്കൊടിത്താനം, മണിമല മേഖലകൾ തിരിച്ച് ഡിഎഫ്സി അതിരൂപതാ ഭാരവാഹികളെ ചുമതലപ്പെടുത്തി.

ഡിഎഫ്സിയുടെ ഇടവകതല പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജസ്വലമാക്കാനും ഫൊറോനതല – അതിരൂപതാതല പ്രവർത്തനങ്ങൾ ശക്തമാക്കാനും നമുക്ക് പ്രതിജ്ഞാബദ്ധരാകാം. സഭയ്ക്കുനേരെയുള്ള വെല്ലുവിളികളെ ധീരമായി നേരിടാൻ സുസജ്ജരാകാം. കൽക്കത്ത മിഷണറിസ് ഓഫ് ചാരിറ്റി സന്യാസ സഭയിലെ രോഗിയായ സിസ്റ്റർ കൺസീലിയ ബസ്ലയെ 225 ദിവസത്തിലധികമായി ജാമ്യം നൽകാതെ അന്യായമായി ജയിലിൽ പാർപ്പിച്ചിരിക്കുകയാണ്. കേരള ചർച്ച് പ്രോപ്പർട്ടീസ് ആന്റ് ഇൻസ്റ്റിറ്റ്യൂഷൻസ് ബിൽ 2019 നിയമമാക്കി സഭയുടെ സ്വാതന്ത്ര്യത്തിന്മേൽ കൂച്ചുവിലങ്ങിടാൻ കേരളസർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. നമുക്ക് ജാഗ്രത പാലിക്കാം. പ്രാർത്ഥനാപൂർവ്വം മുന്നേറാം....

**സണ്ണി പുളിങ്കാലായിൽ**
*(പ്രസിഡന്റ്)*
*ഫോൺ: 9072725164*

**ആന്റണി തോമസ് മലയിൽ**
*(ജന:സെക്രട്ടറി)*
*ഫോൺ: 9446342561*

**ഫാ. ജോർജ്ജ് മാന്തുരുത്തിൽ**
*(അതിരൂപത ഡയറക്ടർ)*
*ഫോൺ: 9447432531*

**ഫാ. ജോസഫ് പുളിക്കപ്പറമ്പിൽ**
*(അതിരൂപത അസി. ഡയറക്ടർ)*
*ഫോൺ: 8281757649*

---

ഇടവകകളിൽ ദീപിക ഡ്രീംലൈൻ വർക്ക് നടത്താൻ ആഗ്രഹിക്കുന്നവർ ബന്ധപ്പെടുക. **വർഗീസ് ഡൊമിനിക് ഫോൺ: 9400390539**
**ജോൺസൺ ജോസഫ് ഫോൺ: 9349599080**

## സെന്റ് ജോസഫ് പി.പി.എഫ്.എ.

പി.പി.എഫ്.എ. കുടുംബത്തിൽനിന്നും നിത്യസമ്മാനത്തിനു യാത്രയായ ഫാ. ജി.റ്റി. ഊന്നുകല്ലിൽ, ഫാ. ജോസഫ് പാലാക്കുന്നേൽ, ഫാ. അഗസ്റ്റിൻ പാടിയത്ത് എന്നിവർക്കുവേണ്ടി പ്രാർത്ഥിക്കാം. എല്ലാം അംഗങ്ങളും ഓരോ കുർബാന ചൊല്ലി കാഴ്ച വയ്ക്കേണ്ടതാണ്.

സെക്രട്ടറി

ഈശോയിൽ സ്നേഹം നിറഞ്ഞവരേ,

അസംഘടിത മേഖലയിലെ തൊഴിലാളികളുടെ സുസ്ഥിരവും സമാഗ വുമായ പുരോഗതിക്കും വികസനത്തിനുംവേണ്ടി പ്രവർത്തിക്കുന്ന കേരള ലേബർ മൂവ്മെന്റ് ചങ്ങനാശ്ശേരി അതിരൂപതയിൽ നിറസാന്നിധ്യമായി മാറുക യാണ്. ഒത്തൊരുമയോടെ ആരുടെയും ആവശ്യങ്ങളിൽ കൈത്താങ്ങായി മാറുവാൻ പ്രസ്ഥാനത്തിലൂടെ എല്ലാവർക്കും സാധിക്കുന്നു. ഒറ്റയ്ക്കല്ല ഒറ്റ ക്കെട്ടാണ് എന്ന വലിയബോധ്യം തൊഴിലാളികളിൽ നിറയ്ക്കാൻ ഈ പ്ര സ്ഥാനത്തിന് സാധിക്കുന്നു. തുടർന്നും നമ്മുടെ പ്രവർത്തനങ്ങൾ നന്നായി നടക്കട്ടെ.

**ഫാ. ജോസ് പുത്തൻചിറ**

**ആശംസകൾ**

കേരള ലേബർ മൂവ്മെന്റിന്റെ സംസ്ഥാനതല സെക്രട്ടറി ആയി വീണ്ടും തിരഞ്ഞെടുക്കപ്പെട്ട പുത്തൻപറമ്പിൽ ശ്രീ. പി.സി. കുഞ്ഞപ്പന് ചങ്ങനാശ്ശേരി അതിരൂപതയുടെ കെ.എൽ.എം പ്രസ്ഥാനത്തിന്റെ പ്രാർത്ഥനാശംസകൾ.

**മരണാനന്തര സഹായനിധി**

K.L.M പൊടിപ്പാറ സെന്റ് ജോസഫ് സംഘാംഗം പരേതനായ ഇസഹാക്ക് ആന്റണി കുന്നുംപുറത്തിന്റെ കുടുംബത്തിന് മരണാനന്തര സഹായനിധിയായ 1,12,500/ രൂപാ കൈമാറി.

**യൂണിറ്റ് സന്ദർശനം**

കാവാലം ലിസ്യു പള്ളിയിൽ കെ.എൽ. എം പ്രസ്ഥാനം തുടക്കം കുറി ക്കാൻ യൂണിറ്റ് സന്ദർശിക്കുകയും തൊഴിലാളികളെ ഒരുമിച്ച് കൂട്ടി സംഘതല കാര്യങ്ങൾ വിവരിക്കുകയും ചെയ്തു.

**സംഘരൂപീകരണം**

പുളിങ്കുന്ന് സെന്റ് മേരീസ് യൂണിറ്റിൽ കെ.എൽ എം. ന്റെ പുതിയ സംഘം സെന്റ് സെബാസ്റ്റ്യൻ എന്ന പേരിൽ 17.02.2019-ൽ തുടക്കം കുറിച്ചു. എല്ലാ വിധ ഭാവുകങ്ങളും നേരുന്നു.

**ആദരാഞ്ജലികൾ**

കരിമ്പനക്കുളം, വേളാങ്കണ്ണിമാതാ സംഘാംഗം ശ്രീ. റ്റി.എം. മത്തായി തുണ്ടത്തിൽ 17.2.19-ൽ നിര്യാതനായി. പരേതന്റെ ആത്മസാന്തിക്കായ് പ്രാർത്ഥിക്കാം. കെ.എൽ.എം കുടുംബത്തിന്റെ ആദരാഞ്ജലികൾ.

**നവകേരള സൃഷ്ടി പദ്ധതികൾ**

കേരള ലേബർ മൂവ്മെന്റിന്റെ പ്രളയാനന്തര നവകേരള സൃഷ്ടിക്കായുള്ള ചങ്ങനാശ്ശേരി അതിരൂപതയിലെ പദ്ധതികൾക്ക് തുടക്കമായി അതിരൂപതാ വികാരി ജനറാൾ മോൺ. ജോസഫ് മുണ്ടകത്തിൽ ഉദ്ഘാടനം ചെയ്തു. കെ.എൽ.എം.ഉം കാരിത്താസ് ഇറ്റലിയും ചേർന്ന്, നിത്യോപയോക സാധ നങ്ങളുടെ കിറ്റുകൾ കുട്ടനാട്ടിലെയും, പത്തനംതിട്ടയിലെയും കുടുംബ നാഥകളായ 225 തൊഴിലാളികൾക്ക് നല്കി നവകേരള സൃഷ്ടിക്കായുള്ള പദ്ധതിയുടെ ആദ്യഘട്ടം നിർവ്വഹിച്ചു.

ഈശോയിൽ സ്നേഹം നിറഞ്ഞവരെ,

നമ്മുടെ കർത്താവിശോമിശിഹായുടെ പീഡാനുഭവത്തേയും മരണത്തേയും ധ്യാനവിഷയമാക്കുന്ന വലിയ നോമ്പിലേയ്ക്ക് നാം പ്രവേശിക്കുകയാണല്ലോ. നമ്മുടെ ഹൃദയങ്ങളെ നോമ്പിന്റെ ചൈതന്യത്തിൽ നിറയ്ക്കാം. നോമ്പാചരണത്തിലൂടെ ഉത്ഥാനാനുഭവത്തിലേയ്ക്ക് പ്രവേശിക്കാം. പഞ്ചവത്സര അജപാലനപദ്ധതി ദ്വിതീയ വർഷത്തെ പഠനവിഷയം **വചനം ജീവിതവെളിച്ചം** പ്രസിദ്ധികരിച്ചിരിക്കുന്നു. നമ്മുടെ എല്ലാ കൂട്ടായ്മകളും ഒരു കോപ്പിവീതം വാങ്ങേണ്ടതാണ്. കൂട്ടായ്മകളിൽ ചർച്ചയ്ക്കും, പഠനത്തിനും, പ്രബോധനത്തിനും ഈ ഗ്രന്ഥം ഉപയോഗിക്കണമെന്നഭ്യർത്ഥിക്കുന്നു.

ഈ വർഷത്തെ ലോഗോസ് ക്വിസ് 2019 സെപ്റ്റംബർ 29 നാണ്. നമ്മുടെ അതിരൂപതയിലെ എല്ലാ കുടുംബങ്ങളിൽ നിന്നും ഒരാളെങ്കിലും ഇത്തവണ ലോഗോസ് ക്വിസിൽ പങ്കെടുക്കാനുള്ള ക്രമീകരണം നേരത്തെതന്നെ കുടുംബകൂട്ടായ്മാ ലീഡേഴ്സിന്റെ സഹ കരണത്തോടെ വികാരിയച്ചന്മാർ ചെയ്യണമെന്നഭ്യർത്ഥിക്കുന്നു.

മാർച്ച് 5 മുതൽ 9 വരെ നടക്കുന്ന അതിരൂപതാ ബൈബിൾ കൺവൻഷന്റെ വിജയത്തിനായി സാന്നിദ്ധ്യംകൊണ്ടും, പ്രാർത്ഥനകൊണ്ടും നമുക്കു പങ്കാളികളാകാം.

എല്ലാവരുടെയും സഹകരണം പ്രതീഷിച്ചുകൊണ്ട്

സ്നേഹപൂർവ്വം

**ജെന്നിയച്ചൻ**

## വാർത്തകൾ - പ്രവർത്തനങ്ങൾ

### കൂടുംബകൂട്ടായ്മാ വാർഷികാഘോഷം

പടഹാരം സെന്റ് ജോസഫ് ഇടവകയിൽ ജനുവരി 20, 31, ഫെബ്രു.10 തീയതികളിൽ നടന്ന കുടുംബകൂട്ടായ്മാ വാർഷികാഘോഷങ്ങളിൽ അതിരൂപതാ ഡയറക്ടർ റവ. ഫാ. ജെന്നി കായംകുളത്തുശ്ശേരി പ്രബോധനം നൽകുകയും ഇടവക വികാരി റവ. ഫാ. മാർട്ടിൻ തൈപ്പറമ്പിലിന്റെ നേതൃത്വത്തിലുള്ള ടീം പരിപാടികളുടെ വിജയത്തിനായി പ്രവർത്തിക്കുകയും ചെയ്തു. ഇതിനായി അദ്ധ്വാനിച്ച എല്ലാവർക്കും ഹൃദയം നിറഞ്ഞ നന്ദി.

### ഹോം മിഷൻ

2019 ഫെബ്രുവരി ആദ്യ ആഴ്ചചയിൽ ബഹു. എഫ്.സി.സി. സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ സെന്റ് സെബാസ്റ്റ്യൻസ് ചെറുവാണ്ടൂർ ഇടവകയിൽ ഹോം മിഷൻ സംഘടിപ്പിച്ചു. എല്ലാ ക്രമീകരണങ്ങൾ നേതൃത്വം നൽകിയ ബഹു. ഇമ്മാനുവേൽ നെല്ലിവേലിൽ അച്ചനെയും, സിസ്റ്റേഴ്സിനെയും, കൂട്ടായ്മാ ലീഡേഴ്സിനെയും നന്ദിയോടെ ഓർക്കുന്നു.

ഫെബ്രുവരി 14 മുതൽ 17 വരെ സെന്റ് മേരീസ് മണ്ണഞ്ചേരി ഇടവകയിൽ അപ്പസ്തോലിക് ഒബ്ലേറ്റ്സ് സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ ഹോം മിഷൻ നടത്തുകയുണ്ടായി. ഇതിനൊരുക്കമായി ഫെബ്രു. 10-ാം തീയതി ഇടവകയിലെത്തി അതിരൂപതാ ഡയറക്ടർ റവ. ഫാ. ജെന്നി കായംകുളത്തുശ്ശേരി മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയുണ്ടായി. എല്ലാ ക്രമീകരണങ്ങൾക്കും നേതൃത്വം വഹിച്ച ബഹു. ജിനോ മണ്ണുമഠത്തിൽ അച്ചനും സിസ്റ്റേഴ്സിനും കൂട്ടായ്മാ ലീഡേഴ്സിനും നന്ദി.

ഫെബ്രുവരി 17 മുതൽ 24 വരെ സെന്റ് തോമസ് കലവൂർ ഇടവകയിൽ ബഹു. എസ്.ഡി. സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ ഹോം മിഷൻ നടത്തുകയുണ്ടായി. അതിരൂപതാ ഡയറക്ടർ റവ. ഫാ. ജെന്നി കായംകുളത്തുശേരി മാർഗ്ഗനിർദേശങ്ങൾ നൽകുകയും തുടർന്ന് ഹോം മിഷൻ ആരംഭിക്കുകയും ചെയ്തു. എല്ലാ ക്രമീകരണങ്ങൾക്കും നേതൃത്വം വഹിച്ച ബഹു. മാത്യു മുല്ലശ്ശേരി അച്ചനെയും സിസ്റ്റേഴ്സിനെയും കൂട്ടായ്മാ ലീഡേഴ്സിനെയും നന്ദിയോടെ ഓർക്കുന്നു.

**പ്രേഷിത സംഗമം**

അതിരൂപതാ ബൈബിൾ കൺവൻഷനൊരുക്കമായുള്ള ചങ്ങനാശേരി ഫൊറോനാ പ്രേഷിത സംഗമം ഫെബ്രു. 15-ാം തീയതി രാവിലെ 9.30 മുതൽ 12.00 വരെ വെരൂർ സെന്റ് ജോസഫ് ഇടവകയിൽവച്ച് നടത്തുകയുണ്ടായി. അതിരൂപതാ ഡയറക്ടർ റവ. ഫാ. ജെന്നി കായംകുളത്തുശ്ശേരി സ്വാഗതം ആശംസിച്ചു. വികാരി ജനറാൾ വെരി. റവ. ഡോ. തോമസ് പാടിയത്ത് ഉദ്ഘാടനം നിർവ്വഹിച്ച് സന്ദേശം നൽകി. ഇടവക വികാരി റവ. ഫാ. തോമസ് പ്ലാപ്പറമ്പിൽ, റവ. ഫാ. വർഗ്ഗീസ് കൊച്ചുപറമ്പിൽ എന്നിവർ പ്രാർത്ഥനയ്ക്കും സമ്മേളനത്തിനും നേതൃത്വം നൽകി.

ഫെബ്രു. 23 ശനിയാഴ്ച പാറേൽ അമലാ തിയോളജിക്കൽ സെന്ററിൽവച്ച് തൃക്കൊടിത്താനം, കുറുമ്പനാടം, തുരുത്തി ഫൊറോനകളിലെ ഇടവകകളിൽ നിന്നുള്ള കുട്ടായ്മാ ലീഡേഴ്സിനായുള്ള പ്രേഷിത സംഗമം നടത്തപ്പെട്ടു. അതിരൂപതാ ബൈബിൾ കൺവൻഷൻ കോർഡിനേറ്റർ റവ. ഫാ. തോമസ് പ്ലാപ്പറമ്പിൽ മാർഗ്ഗനിർദ്ദേശം നൽകി.

## അറിയിപ്പുകൾ

**അതിരൂപതാ ബൈബിൾ കൺവൻഷൻ**

അതിരൂപതാ ബൈബിൾ കൺവൻഷൻ 2019 മാർച്ച് 5 മുതൽ 9 വരെ പാറേൽപള്ളി അങ്കണത്തിൽ നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. സമയം രാവിലെ 9 മുതൽ 4 വരെയും വൈകുന്നേരം 4.30 മുതൽ 9 മണിവരേയും. ഈ ദിവസങ്ങളിൽ ചങ്ങനാശേരി, തൃക്കൊടിത്താനം, തുരുത്തി, കുറുമ്പനാടം ഫൊറോനകളിലെ ഇടവകകളിൽ നിന്ന് വിശ്വാസികളെ പങ്കെടുപ്പിക്കുവാൻ ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

**പ്രബോധന പരിപാടി**

പഞ്ചവത്സര അജപാലനപദ്ധതി ദ്വിതീയവർഷത്തെ പഠനവിഷയമായ **വചനം ജീവിതവെളിച്ചം** എന്ന ഗ്രന്ഥത്തെ അടുത്തറിയുവാൻ ഏപ്രിൽ മുതൽ ഒക്ടോബർ വരെ മാസങ്ങളിലെ അവസാന ഞായറാഴ്ചകളിൽ ഉച്ചകഴിഞ്ഞ് 3 മുതൽ 5 വരെ അതിരൂപതാ ബൈബിൾ അപ്പോസ്തലേറ്റിന്റെ

നേതൃത്വത്തിൽ പ്രബോധന പരിപാടി നടത്തുന്നു. ഓരോ ഇടവകയിലേയും നേതൃനിരയിലുള്ളവർ ഫൊറോനാ കേന്ദ്രത്തിൽ ഒരുമിച്ചുകൂടി പഠനവിഷയം പഠിക്കാനും മനസിലാക്കാനും ചർച്ചചെയ്യാനും ശ്രദ്ധിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

**Koottayma Leader's Training Course (K. L. T)**

**കുടുംബക്കൂട്ടായ്മാ നേതൃത്വ പരിശീലനം**

അതിരൂപതാ കുടുംബക്കൂട്ടായ്മാ പ്രവർത്തനങ്ങൾക്ക് ഓരോ ഇടവകയിലും നേതൃത്വം നൽകുന്ന കൂട്ടായ്മാ ലീഡേഴ്സിനായി അതിരൂപതാ തലത്തിൽ 8 വിഷയങ്ങൾ ഉൾപ്പെടുത്തി (15 ക്ലാസുകൾ) ഒരു അർദ്ധ വർഷ പരിശീലന പരിപാടി ആരംഭിക്കുന്നു. 2019 ജൂൺ - നവംബർ, ഡിസംബർ - മെയ് (2020 മെയ്) മാസത്തിൽ സമാപിക്കുന്ന രീതിയിൽ രണ്ടു ബാച്ചുകൾ ഓരോ വർഷവും ക്രമീകരിച്ചിരിച്ചിരിക്കുന്നു. കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്നവർക്ക് സർട്ടിഫിക്കറ്റുകൾ നൽകുന്നതാണ്. വിശ്വാസ വിഷയങ്ങളിൽ ബോദ്ധ്യങ്ങൾ ലഭിക്കുന്ന ഒരു കൂട്ടായ്മാ നേതൃത്വത്തെ സജ്ജമാക്കുകയും ഇവരിലൂടെ അതിരൂപതയിലെ മറ്റിടവകകളിൽ പ്രബോധനം നൽകുകയും ചെയ്യുക എന്നതാണ് ഇതിലൂടെ ലക്ഷ്യം വയ്ക്കുന്നത്. ആയതിനാൽ കൂട്ടായ്മാ പ്രേഷിതരംഗത്ത് നേതൃത്വം നൽകാൻ കഴിവും താൽപ്പര്യവുമുള്ളവരെ അച്ചന്റെ ഇടവകയിൽനിന്നും കണ്ടെത്തി കോഴ്സിനയയ്ക്കണമെന്ന് താൽപ്പര്യപ്പെടുന്നു. വിശദവിവരങ്ങൾ കത്തു മുഖേന അറിയിക്കുന്നതാണ്.

**ലോഗോസ് ക്വിസ് 2019**

ദൈവവചനത്തിന് കൂടുതൽ പ്രാധാന്യം കൊടുത്ത് ഈ വർഷത്തെ ലോഗോസ് ക്വിസിനായി നേരത്തേതന്നെ എല്ലാവരെയും (മാതാപിതാക്കൾ, യുവജനങ്ങൾ, കുട്ടികൾ) ഒരുക്കാൻ വികാരയച്ചന്മാർ ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**പഠനഭാഗം**-നിയമാവർത്തനം 12:21, പ്രഭാഷകൻ 11:17, മത്തായി 19:28, വെളിപാട് 17:22

**പരീക്ഷ തീയ**തി-രൂപതാതലം 2019 സെപ്റ്റംബർ 29 ഞായർ 02 pm-0 3.30 pm
രജിസ്ട്രേഷൻ ആരംഭിക്കുന്നത്- 2019 ജൂൺ 1

**രജിസ്ട്രേഷൻ അവസാനിക്കുന്നത്**- 2019 ജൂലൈ 31

**കെരിഗ്മ-ഫൊറോനാതല നേതൃസംഗമം**

ഏപ്രിൽ മാസം മുതൽ കുടുംബകൂട്ടായ്മ ലീഡേഴ്സിന്റെ ഫൊറോനാതല നേതൃസംഗമം (കെരിഗ്മ) ആരംഭിക്കുന്നതാണ്. തീയതികൾ ചുവടെ ചേർക്കുന്നു. തീയതികളിൽ എന്തെങ്കിലും മാറ്റം വരുത്തേണ്ടതുണ്ടെങ്കിൽ ഫോറോനാ ഡയറക്ടറച്ചൻ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

| | | |
|---|---|---|
| Alappuzha | - | April 15 Monday |
| Athirampuzha | - | April 27 Saturday |
| Kollam, Amboory, Thiruvananthapuram | - | May 11 Saturday |
| Champakulam | - | May 25 Saturday |

| | | |
|---|---|---|
| Changanacherry | - | June 5 Wednesday |
| Edathua | - | June 8 Saturday |
| Kottayam | - | July 13 Saturday |
| Kurumpanadom | - | July 31 Saturday |
| Kudamallor | - | August 10 Saturday |
| Manimala | - | August 23 Friday |
| Nedumkunnam | - | September 12 Thursday |
| Pulincunnu | - | October 2 Wednesday |
| Thrikodithanam | - | October 12 Saturday |
| Thuruthy | - | November 09 Saturday |

**ഒരു സന്തോഷവാർത്ത**

വചനാധിഷ്ഠിതമായ ഏതാനും ഗ്രന്ഥങ്ങൾ മുഖവിലയുടെ 50% കുറവിൽ കുടുംബകൂട്ടായ്മ ഓഫീസിൽനിന്നും ലഭിക്കുന്നതാണ്.

## വചനവെളിച്ചം

*അതിരൂപതയിലെ വൈദികരുടെയും സിസ്റ്റേഴ്സിന്റെയും പ്രാർത്ഥനാകൂട്ടായ്മ വലിയനോമ്പിലെ ബുധനാഴ്ചകളിൽ*

**(മാർച്ച് 13,20,27, ഏപ്രിൽ 3,10) പാറേൽ പള്ളിയിൽവച്ച്**
**വൈകുന്നേരം 6 മുതൽ 8 വരെ**

വചനം ശ്രവിക്കാനും, ധ്യാനിക്കാനും, പ്രാർത്ഥിക്കാനുമായി ക്രമീകരിക്കുന്ന ആത്മീയ പരിപാടി

***ഏവർക്കും സ്വാഗതം.***

### വചനം ജീവിതവെളിച്ചം

പഞ്ചവത്സര ദ്വിതീയവർഷ പഠനവിഷയം വചനം ജീവിതവെളിച്ചം തയ്യാറായിരിക്കുന്നു. റവ. ഡോ. തോമസ് പാടിയത്ത് തയ്യാറാക്കിയ പുസ്തകത്തിന്റെ വില 60 രൂപയാണ്. ചങ്ങനാശേരി അതിരൂപതാ ബൈബിൾ അപ്പോസ്തലേറ്റ് ഓഫീസിൽനിന്നും 50 രൂപ നിരക്കിൽ പുസ്തകം ലഭ്യമാണ്. അച്ചന്മാർക്ക് ഓരോ കോപ്പി സൗജന്യമായി നൽകുന്നു. ഇടവകകളിലെ എല്ലാ കുടുംബകൂട്ടായ്മകളിലും ഓരോ കോപ്പി വീതം വാങ്ങി നൽകാൻ അച്ചന്മാർ ശ്രദ്ധിക്കുമല്ലോ.



# പഞ്ചവത്സര അജപാലന പദ്ധതി

പഞ്ചവത്സര അജപാലന പദ്ധതിയുടെ രണ്ടാം വർഷത്തിലെ പഠനവിഷയം വചനം ജീവിതവെളിച്ചം എന്നതാണല്ലോ. ഈ വിഷയത്തിന്റെ അടിസ്ഥാന വിവരങ്ങൾ ചേർത്തുകൊണ്ടുള്ള പഠനഗ്രന്ഥം അതിരൂപതാ കുടുംബകൂട്ടായ്മാ ബൈബിൾ അപ്പസ്തോലേറ്റ് ഓഫീസിൽനിന്നും ലഭിക്കുന്നതാണ്. ഇടവകകളിൽ നോമ്പുകാലത്ത് നേതൃനിരയിലുള്ളവരെ ഒരുമിച്ചുകൂട്ടി ഒരു പഠനദിനം ക്രമീകരിക്കുന്നത് ഉചിതമായിരിക്കും. നോമ്പുകാലത്ത് പ്രത്യേകം ശ്രദ്ധിക്കേണ്ട അജപാലന മേഖലയായ ''ആതുരസേവനം, സാമൂഹ്യക്ഷേമം എന്നിവയുമായി ബന്ധപ്പെട്ട് ഈ വർഷം നടപ്പിലാക്കാവുന്ന കാര്യങ്ങൾ താഴെ ചേർക്കുന്നു.

നോമ്പുകാലം - ആതുരസേവനം, സാമൂഹികക്ഷേമം

**നോമ്പുകാലം - സാമൂഹികക്ഷേമം**

1. പ്രളയാനന്തര കാലഘട്ടത്തിൽ കുട്ടനാട്ടിലെ വീടുകളുടെ അറ്റകുറ്റപ്പണികൾ, പുനർനിർമ്മാണം എന്നിവയ്ക്കു മുൻഗണന നല്കുന്ന കർമ്മപദ്ധതി എല്ലാ ഇടവകകളും നടപ്പാക്കുക.
2. ശാസ്ത്രീയമായ രീതിയിലുള്ള ടോയ്‌ലറ്റ് നിർമ്മാണം, കുടിവെള്ളപദ്ധതി, മാലിന്യനിർമാർജ്ജനം എന്നിവയ്ക്കു സാങ്കേതിക സാമ്പത്തിക സഹായം നല്കുന്നതിനു ചാസിന്റെ സഹകരണത്തോടെ ഇടവകയിൽ പദ്ധതികൾ തയ്യാറാക്കുക.
3. പ്രാദേശികവികസന പരിപാടികളിലും സാംസ്കാരികപരിപാടികളിലും പങ്കുചേർന്നുകൊണ്ട് അക്രൈസ്തവരുടെ ഇടയിൽ സുവിശേഷസാക്ഷ്യം നല്കാനും നല്ല സാമൂഹ്യബന്ധങ്ങൾ പുലർത്താനും അല്മായർ ശ്രദ്ധിക്കുക.
4. കെയർ എ ഫാമിലി പദ്ധതിപ്രകാരം പരമാവധി ദാതാക്കളെ ഇടവകതലത്തിൽ കണ്ടെത്തുകയും അർഹതയുള്ള കുടുംബങ്ങളെ സഹായിക്കാൻ സ്വയം തൊഴിൽ വരുമാന പദ്ധതി നടപ്പാക്കുകയും ചെയ്യുക.
5. ആശാകിരണം പദ്ധതിയിൽ സാധുക്കളായ കാൻസർ രോഗികൾക്കു മിതമായ നിരക്കിൽ മരുന്നുകൾ ലഭ്യമാക്കുന്ന പദ്ധതി നടപ്പാക്കുക.

**നോമ്പുകാലം - ആതുരസേവനം**

1. ഇടവകയിലുള്ള വൃദ്ധജനങ്ങളെയും ഭിന്നശേഷിക്കാരെയും കിടപ്പുരോഗികളെയും ആവശ്യാനുസരണം പാലിയേറ്റിവ് കെയർ സംവിധാനത്തിന്റെ നേതൃത്വത്തിൽ വീടുകളിലെത്തി പരിചരിക്കുക. യുവജനങ്ങൾക്കും കുട്ടികൾക്കും സൺഡേസ്കൂൾ-യുവദീപ്തി തലങ്ങളിൽ ഇത്തരം ആതുരശുശ്രൂഷ പ്രവർത്തനങ്ങൾ നിർബന്ധമാക്കുക.
2. ഇടവകയിലുള്ള വൃക്ക, കരൾ, ഹൃദയ രോഗികൾ, ക്യാൻസർ രോഗികൾ എന്നിവരുടെ ചികിത്സക്കും പരിചരണത്തിനും സാധ്യമാകുന്ന സഹായപദ്ധ

*ശേഷം .... 85-ാം പേജിൽ....*

# 20-ാം അതിരൂപത ബൈബിൾ കൺവൻഷൻ

**2019 മാർച്ച് 5, 6, 7, 8, 9 തീയതികളിൽ**
**പാറേൽപ്പള്ളി മൈതാനിയിൽ**
**രാവിലെ 9 മുതൽ 4 വരെയും വൈകുന്നേരം 4:30 - 9 വരെയും**

| | | |
|---|---|---|
| മുഖ്യവിഷയം | : | **'ദൈവവചനം ജീവിതവെളിച്ചം'** |
| ആപ്തവാക്യം | : | **"അവൻ നിങ്ങളോടു പറയുന്നതു ചെയ്യുവിൻ"** *(യോഹ. 2:5)* |
| ഉദ്ഘാടനം | : | **അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്ത** |
| അനുഗ്രഹ പ്രഭാഷണം | : | **അഭിവന്ദ്യ മാർ ജോസഫ് പവ്വത്തിൽ മെത്രാപ്പോലീത്ത** |

**വചനപ്രഘോഷകർ:**

1. **ബിഷപ് മാർ തോമസ് തറയിൽ** (മാർച്ച് 6 11:00 a.m.)
2. **ബിഷപ് മാർ ജോസഫ് പ്ലാംമ്പളാനി** (മാർച്ച് 8 11:00 a.m. - 8 p.m.)
3. **വെരി. റവ. ഡോ. മാണി പുതിയിടം** (മാർച്ച് 5 11:00 a.m. - 6 p.m.)
4. **റവ. ഫാ. ഡൊമിനിക് വാളമ്മനാൽ** (മാർച്ച് 9 11:00 a.m. - 9 p.m.)
5. **റവ. ഡോ. സെബാസ്റ്റ്യൻ പൂവത്തിങ്കൽ** (മാർച്ച് 6 2:00 noon - 9 p.m.)
6. **റവ. ഫാ. ആദർശ് കമ്പളത്ത്** (മാർച്ച് 5 12:00 noon - 9 p.m.)
7. **റവ. ഫാ. ജോർജ് കാട്ടൂർ** MCBS (മാർച്ച് 7 11:00 p.m. - 9 p.m.)

**വി. കുർബാന അർപ്പിക്കുന്നവർ:**

1. **വെരി. റവ. ഫാ. തോമസ് പാടിയത്ത്** (മാർച്ച് 5 ചൊവ്വ)
2. **തൃക്കൊടിത്താനം ഫൊറോനയിലെ വൈദികർ** (മാർച്ച് 6 ബുധൻ)
3. **വെരി. റവ. മല്പാൻ മാത്യു വെള്ളാനിക്കൽ & കുറുമ്പനാടം ഫൊറോനായിലെ വൈദികൻ** (മാർച്ച് 7 വ്യാഴം)
4. **വെരി. റവ. ഡോ. ഫിലിപ്പ്സ് വടക്കേക്കളം** (മാർച്ച് 8 വെള്ളി)
5. **അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്ത, നവവൈദികർ** (മാർച്ച് 9 ശനി)

സ്നേഹത്തോടെ,
**ഫാ. തോമസ് പ്ലാപ്പറമ്പിൽ**
*(കൺവൻഷൻ കോ-ഓഡിനേറ്റർ)*

**1. ദ്വിദിന നേതൃത്വ പഠന പരിശീലന ക്യാമ്പ് 2019 മാർച്ച് 2,3**

ഡി.സി.എം.എസ്. സംസ്ഥാന കൗൺസിൽ അംഗങ്ങളെയും രൂപതാ കമ്മറ്റി അംഗങ്ങളെയും പങ്കെടുപ്പിച്ച് 2019 മാർച്ച് 2, 3 തീയതികളിൽ കോട്ടയം വിമലഗിരി ഓഡിറ്റോറിയത്തിൽവച്ച് ക്യാമ്പ് നടത്തുന്നു. മാർച്ച് 2-ാം തീയതി വൈകുന്നേരം 6 മണിക്ക് ആരംഭിച്ച് 3-ാം തീയതി ഉച്ചകഴിഞ്ഞ് 3 മണിയ്ക്ക് ക്യാമ്പ് സമാപിക്കും. ദേശീയ ലെയ്റ്റി കമ്മീഷൻ സെക്രട്ടറി ഷെവ. വി.സി. സെബാസ്റ്റ്യൻ, പരിവർത്തിത ക്രൈസ്തവ കോർപ്പറേഷൻ ചെയർമാൻ ശ്രീ. പി.ജെ. വർഗീസ് എന്നിവർക്ക് സ്വീകരണം നൽകും. സംഘടനയുടെ ഭാവിപ്രവർത്തന പരിപാടികൾക്ക് രൂപം നൽകുവാൻ കൂടുന്ന ഈ സുപ്രധാന ദ്വിദിന നേതൃത്വ പഠന പരിശീലന ക്യാമ്പിൽ നിർബന്ധമായും എല്ലാ കൗൺസിൽ അംഗങ്ങളും രൂപതാ ഭാരവാഹികളും പങ്കെടുക്കണമെന്ന് അറിയിച്ചുകൊള്ളുന്നു.

**2. വനിതാ സെമിനാർ മാർച്ച് 8**

അന്താരാഷ്ട്ര വനിതാദിനമായ മാർച്ച് 8ന് ഡി.സി.എം.എസ്. സംസ്ഥാന കമ്മറ്റിയുടെ നേതൃത്വത്തിൽ വനിതാ സെമിനാർ നടത്തുന്നു. 2019 മാർച്ച് 8-ാം തീയതി രാവിലെ 9:30 ന് കാഞ്ഞിരപ്പള്ളി രൂപതയിലെ പൊടിമറ്റം നിർമ്മല റീട്രീറ്റ് സെന്ററിൽ സെമിനാർ ആരംഭിക്കും. സെമിനാറിൽ പങ്കെടുക്കുന്നതിന് ഓരോ രൂപതയിൽ നിന്നും 25-ൽ കുറയാത്ത വനിതകളെ പങ്കെടുപ്പിയ്ക്കേണ്ടതാണ്. സെമിനാറിൽ പങ്കെടുക്കുവാൻ എത്തുന്ന വനിതകൾ മാർച്ച് 8ന് രാവിലെ 9 മണിയ്ക്ക് കാഞ്ഞിരപ്പള്ളി സെന്റ് ഡൊമിനിക് കോളേജിന് മുന്നിൽ എത്തിച്ചേരേണ്ടതാണ്.

ഈശോയിൽ സ്നേഹപൂർവ്വം,

**മാത്യു ജോസഫ്**
*(ജ. സെക്രട്ടറി)*

**ഫാ. ജസ്റ്റിൻ കായംകുളത്തുശ്ശേരി**
*(ഡി.സി.എം.എസ്. ഡയറക്ടർ)*


## വിവാഹ ഒരുക്ക ധ്യാനം

FAMILY APOSTOLATE · CHANGE THE WORLD FROM YOUR HOME · ARCHDIOCESE OF CHANGANASSERY

| MARCH 2019 | APRIL 2019 | MAY 2019 |
|---|---|---|
| 11, 12, 13 (Zion) | 8,9,10 (Zion) | 10,11,12 (Chry) |
| | 15,16,17 (Zion) | 16,17,18 (Zion) |
| | 22,23,24 (Zion) | 27,28,29 (Chry) |
| | 29,30,May 1 (Chry) | |

# കത്തോലിക്കാ കോൺഗ്രസ്

AKCC

### പ്രതിഷേധ ധർണ്ണ

2018 നവംബർ 13-ാം തീയതി കത്തോലിക്കാ കോൺഗ്രസ്സ് ഗ്ലോബൽ സമിതിയുടെ നിർദേശാനുസരണം ചങ്ങനാശ്ശേരി കോട്ടയം, പാല, കാഞ്ഞിരപ്പള്ളി എന്നീ രൂപത സമിതിയുടെ നേതൃത്വത്തിൽ വിജ്ഞാനകൈരളി മാസികയുടെ കുമ്പസാരമെന്ന കൂദാശയെ മോശമായി ചിത്രികരിച്ച ലേഖനത്തിനെതിരെ കോട്ടയം വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിനു മുമ്പിൽ പ്രതിഷേധ ധർണ്ണ നടത്തി. ചങ്ങനാശ്ശേരി അതിരൂപത പ്രസിഡന്റ് വർഗീസ് ആന്റണിയുടെ അദ്ധ്യക്ഷതയിൽ കൂടിയ പ്രതിഷേധ യോഗം ഗ്ലോബൽ വൈസ് പ്രസിഡന്റ് സാജു അലക്സ് ഉത്ഘാടനം ചെയ്തു. ഗ്ലോബൽ, രൂപതാ ഭാരവാഹികൾ യോഗത്തിൽ പ്രസംഗിച്ചു.

### സ്വാഗതസംഘം ഓഫീസ് ഉദ്ഘാടനം

കത്തോലിക്കാ കോൺഗ്രസ് ചങ്ങനാശ്ശേരി അതിരൂപതയുടെ 101 -ാം വാർഷികത്തിനുള്ള സ്വാഗത സംഘം ഓഫീസ് ഉത്ഘാടനം 2018 ഡിസംബർ 7-ാം തീയതി തൃക്കൊടിത്താനം സെന്റ് സേവിയേഴ്സ് പള്ളി ഹാളിൽ നടത്തി. അതിരൂപത വൈസ് പ്രസിഡന്റ് സൈബി അക്കരയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ഫൊറോന വികാരി റവ.ഫാ. വർഗീസ് കാലായിൽ ഉത്ഘാടനം ചെയ്തു. അതിരൂപത ജനറൽ സെക്രട്ടറി രാജേഷ് ജോൺ, ജനറൽ കൺവീനർ സിബി മുക്കാടൻ, ജോഷി പാറപ്പുറം, ജോർജ്ജുകുട്ടി മുക്കത്ത്, ഷെയിൻ ജോസഫ്, ജോഷി സെബാസ്റ്റ്യൻ എന്നിവർ പ്രസംഗിച്ചു.

### അതിരൂപത വാർഷികം 2018 ഡിസംബർ 22

കത്തോലിക്കാ കോൺഗ്രസിന്റെ അതിരൂപത വാർഷികം 2018 ഡിസംബർ 22 ന് തൃക്കൊടിത്താനം സെന്റ് സേവിയേഴ്സ് യൂണിറ്റിന്റെ ആതിഥേയത്തിൽ നടന്നു. ഫൊറോന പ്രസിഡന്റ് ജോഷി സെബാസ്റ്റ്യൻ പതാക ഉയർത്തി. പ്രാർത്ഥനയ്ക്ക് തൃക്കൊടിത്താനം വനിതാ യൂണിറ്റ് നേതൃത്വം നല്കി. അതിരൂപത പ്രസിഡന്റ് വർഗീസ് ആന്റണിയുടെ അദ്ധ്യക്ഷതയിൽ കൂടിയ വാർഷിക സമ്മേളനം, മനുഷ്യവകാശ കമമീഷൻ ചെയർമാനും റിട്ട.ജസ്റ്റീസ് ആന്റണി ഡൊമിനിക് ഉത്ഘാടനം ചെയ്തു. തുടർന്ന് സർക്കാർ സർവ്വീസിൽ ജോലി ലഭിച്ചവരെ അദ്ദേഹം ആദരിച്ചു. 2018 ൽ വിവാഹിതരായ നവ ദമ്പതികളെ ഫൊറോനാ വികാരി റവ.ഫാ. വർഗീസ് കാലായിൽ ആദരിച്ചു. സമാപന സന്ദേശവും മോഡൺ യൂണിറ്റുകൾക്കുള്ള സർട്ടിഫിക്കറ്റും ട്രോഫിയും ആർച്ച് ബിഷപ്പ് ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്താ നിർവ്വഹിച്ചു. യോഗത്തിൽ അതിരൂപത ജനറൽ സെക്രട്ടറി രാജേഷ് ജോൺ വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. ഗ്ലോബൽ സെക്രട്ടറി ജാൻസൺ ജോസഫ് ആശംസാ പ്രസംഗം നടത്തി. പ്രോഗ്രാം ജനറൽ കൺവീനർ ശ്രീ സിബിച്ചൻ മുക്കാടൻ സ്വാഗതവും, വൈസ് പ്രസിഡന്റ് ആനീസ് ജോർജ് നന്ദിയും രേഖപ്പെടുത്തി. യൂണിറ്റ് സെക്രട്ടറി റ്റിറ്റി ജോർജ് പതാക താഴ്ത്തി. പ്രസ്തുത യോഗത്തിൽ

കത്തോലിക്കാ കോൺഗ്രസിന്റെ ബുള്ളറ്റിൻ ആർച്ച് ബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്താ പ്രകാശനം ചെയ്തു. കഴിഞ്ഞ വർഷത്തെ മികച്ച പ്രവർത്തനത്തിന് 5 യൂണിറ്റുകളെ മോഡൺ യൂണിറ്റായി തിരഞ്ഞെടുത്തു. കൂത്രപ്പള്ളി സെന്റ് മേരീസ് യൂണിറ്റ്, കരിമ്പനക്കുളം എസ്.എച്ച്.യൂണിറ്റ്, വെട്ടിമുകൾ സെന്റ് മേരീസ് യൂണിറ്റ്, കോട്ടയം കടുവാകുളം ലിറ്റിൽ ഫ്ളവർ യൂണിറ്റ് , തൃക്കൊടിത്താനം സെന്റ് സേവിയേഴ്സ് യൂണിറ്റ്.

**ഫൊറോന വാർഷികങ്ങൾ**

കത്തോലിക്കാ കോൺഗ്രസിന്റെ വിവിധ ഫൊറോന വാർഷികങ്ങൾ അതാത് ഫൊറോനാ സമിതികളുടെയും നേതൃത്വത്തിൽ നടന്നു.

**താലൂക്ക് ഓഫീസ് മാർച്ചും, ധർണ്ണയും**

22.02.2019 വെള്ളിയാഴ്ച രാവിലെ 10.30 ന് കുട്ടനാട് മങ്കൊമ്പ് ജംഗ്ഷനിൽ വിശാല കുട്ടനാട് വികസന അതോറിട്ടി രൂപീകരിക്കുക, കാർഷിക കടങ്ങൾ എഴുതി തള്ളുക, പ്രളയാനന്തര സഹായങ്ങൾ കൃത്യമായി വിതരണം ചെയ്യുക എന്നീ വിഷയങ്ങൾ ഉന്നയിച്ചുകൊ് കത്തോലിക്കാ കോൺഗ്രസ് ചങ്ങനാശ്ശേരി അതിരൂപത സമിതിയുടെ നേതൃത്വത്തില ആലപ്പുഴ, ചമ്പക്കുളം, പുളിങ്കുന്ന്, എടത്വാ എന്നീ ഫോറേനകൾ സംയുക്തമായി കുട്ടനാട് താലൂക്ക് ഓഫീസ് മാർച്ചും ധർണ്ണയും നടത്തി. മങ്കൊബ് തെക്കേക്കര പള്ളി വികാരി റവ.ഫാ.ജോഷി പുത്തൻപുരയ്ക്കൽ ഫ്ളാഗ് ഓഫ് ചെയ്തു. തുടർന്ന് താലൂക്ക് ഓഫീസിന്റെ മുമ്പിൽ നടന്ന ധർണ്ണ കത്തോലിക്കാ കോൺഗ്രസ് അതിരൂപത പ്രസിഡന്റ് വർഗീസ് ആന്റണി ഉത്ഘാടനം ചെയ്തു. അതിരൂപത ജനറൽ സെക്രട്ടറി രാജേഷ് ജോൺ, വൈസ് പ്രസിഡന്റുമാരായ അച്ചാമ്മ യോഹന്നാൻ, ജോയി പാറപ്പുറം സെക്രട്ടറിമാരായ ജോസ് വെങ്ങാന്തറ, ബാബു വള്ളപ്പുര, സണ്ണി  മുട്ടാർ, ബിജു സെബാസ്റ്റ്യൻ, സി.റ്റി. തോമസ്, സിബി മൂലങ്കുന്നം, മോഡി തോമസ്, റ്റോമിച്ചൻ മാത്തശ്ശേരി എന്നിവർ പ്രസംഗിച്ചു.

**കർമ്മ പദ്ധതി ഉത്ഘാടനവും മാർഗ്ഗരേഖ പ്രകാശനവും**

കത്തോലിക്കാ കോൺഗ്രസ് ചങ്ങനാശ്ശേരി അതിരൂപത കർമ്മ പദ്ധതി ഉത്ഘാടനവും മാർഗ്ഗരേഖ പ്രകാശനവും കൂത്രപ്പള്ളി യൂണിറ്റിന്റെ ആതിഥേയത്തിൽ നടന്നു. അതിരൂപത സെക്രട്ടറി ജോസ് പാലത്തിനാൽ പതാക ഉയർത്തി. തുടർന്ന് കർമ്മ പദ്ധതി തിരുവല്ല അതിരൂപത മെത്രപ്പോലീത്താ തോമസ് മാർ കുറിലോസ് മെത്രാപ്പോലീത്താ ഉത്ഘാടനം ചെയ്തു. അതിരൂപത പ്രസിഡന്റ് വർഗ്ഗീസ് ആന്റണി അദ്ധ്യക്ഷനായിരുന്നു. മാർഗ്ഗരേഖാ ചങ്ങനാശ്ശേരി അതിരൂപതാ വികാരി ജനറാൾ റവ.ഫാ. ജോസഫ് മുകത്തിൽ പ്രകാശനം ചെയ്തു.

റവ. ഫാ. അബ്രഹാം  വെട്ടുവയലിൽ  മുഖ്യപ്രഭാഷണം നടത്തി. അതിരൂപത ഡയറക്ടർ ഫാ. ജോസ് മുകളേൽ മാർഗ്ഗനിർദ്ദേശ പ്രസംഗം നടത്തി. ശ്രീ ഡോമിനിക് സാവിയോ, സി.റ്റി. ജോൺ എന്നിവർ ആശംസാ പ്രസംഗങ്ങൾ നടത്തി. അതിരൂപത ജനറൽ സെക്രട്ടറി രാജേഷ് ജോൺ സ്വാഗതവും ജനറൽ കൺവീനർ ബിജു സെബാസ്റ്റ്യൻ നന്ദിയും പറഞ്ഞു. അതിരൂപത...

*(ശേഷം .... 85-ാം പേജിൽ....)*

**നേതൃത്വപരിശീലന സെമിനാറുകൾ**

ചങ്ങനാശേരി അതിരൂപതാ യുവദീപ്തി എസ്.എം.വൈ.എം. ന്റെ ആഭിമുഖ്യത്തിൽ 2019 പ്രവർത്തനവർഷത്തിലെ ഭാരവാഹികളെ തെരഞ്ഞെടുക്കുന്നതിനു മുന്നോടിയായിട്ടുള്ള നേതൃത്വ പരിശീലനസെമിനാറുകൾ പാസ്റ്ററൽ സെന്ററിൽ നടത്തി. ജനുവരി 26, ഫെബ്രുവരി 3 എന്നീ തീയതികളിലായി നടന്ന സെമിനാറുകളിൽ റവ. ഡോ. ജോസഫ് കൊല്ലാറ, ഫാ. ജേക്കബ് ചക്കാത്ര, ഫാ. ജോബിൻ ആനകല്ലുങ്കൽ, ഫാ. എബ്രഹാം പെരുമ്പളത്തുശ്ശേരി, ലാലിച്ചൻ മറ്റത്തിൽ, ബ്രദർ ഹെൻട്രി എന്നിവർ ക്ലാസ്സുകൾ നയിച്ചു.

**തെരഞ്ഞെടുപ്പുകൾ**

ഫെബ്രുവരി 10,17 തീയതികളിലായി അതിരൂപതയിലെ എല്ലാ ഫൊറോനകളിലും പുതിയ ഫൊറോനാ ഭാരവാഹികളെ തെരഞ്ഞെടുത്തു. ഫൊറോനാ ഡയറക്ടറച്ചന്മാരും അതിരൂപതയിലൽ നിന്നെത്തിയയ നിനീക്ഷകരും ഫൊറോനാ തെരഞ്ഞെടുപ്പിനു നേതൃത്വം നൽകി.

**അതിരൂപതാ തെരഞ്ഞെടുപ്പ്**

പുതിയ അതിരൂപതാ ഭാരവാഹികളെ തെരഞ്ഞെടുക്കുവാനുള്ള ക്യാമ്പ് ഫെബ്രുവരി 23,24 തീയതികളിൽ മാങ്ങാനം സ്പിരിചാലിറ്റി സെന്ററിൽ വച്ചു നടത്തി.ഇലക്ഷൻ ക്യാമ്പ് അതിരൂപതാ ഡയറക്ടർ ഫാ. ജേക്കബ് ചക്കാത്ര ഉദ്ഘാടനം ചെയ്തു. ഫാ. സോജി കന്നാലിൽ, ഫാ. ജോബിൻ ആനകല്ലിൻങ്കൽ, ലാലിച്ചൻ മറ്റത്തിൽ, സിസ്റ്റർ ജൂലി എ.ഒ., സി. സെലിൻ ജോസ് എസ്.ഡി. എന്നിവർ ക്ലാസ്സുകൾ നയിച്ചു.

**പുതിയ അതിരൂപതാ ഭാരവാഹികൾ**

പ്രസിഡന്റ് – ഷിജോ മാത്യു – ഇത്തിത്താനം – തുരുത്തി ഫൊറോന, ...........പ്രസിഡന്റ് – സീനാ ചെറിയാൻ – മഹേന്ദ്രപുരം – ചങ്ങനാശേരി, ജന. സെക്രട്ടറി – ജസ്റ്റിൻ ജോർജ് – തൃക്കൊടിത്താനം – തൃക്കൊടിത്താനം, ട്രഷറർ – ജോർജ് സെബാസ്റ്റ്യൻ – കിളിരൂർ – കുടമാളൂർ, വൈസ് പ്രസിഡന്റ് – ജോസഫ് ജെയിംസ് – കൊല്ലം, സെക്രട്ടറി (എ) ജോബിൻ ജോസഫ് തൃക്കൊടിത്താനം – ചമ്പക്കര – നെടുംകുന്നം, സെക്രട്ടറി (ബി) എത്സ ബിജു – പെരുംകാവ് – മണിമല, കെ.സി.വൈ.എം. സിൻഡിക്കേറ്റ് (എ) ഷാരോൺ ദേവസ്യ വെട്ടിത്തുരുത്ത് – ചങ്ങനാശേരി, കെ.സി.വൈ.എം. സിൻഡിക്കേറ്റ് (ബി) അഞ്ജലി പി. തോമസ് – ആറാട്ടുവഴി – ആലപ്പുഴ, കെ.സി.വൈ.എം. സെനറ്റ് (എ) ബിനോയ് മാത്യു അസംപ്ഷൻ കുറുമ്പനാടം – കുറുമ്പനാടം., കെ.സി.വൈ.എം. സെനറ്റ് (ബി) റോസ് മരിയ സെബാസ്റ്റ്യൻ കുന്നന്താനം, തൃക്കൊടിത്താനം ഫൊറോന, എഡിറ്റർ (എ) ബക്സൺ ഡേവിഡ് – കൊല്ലം – കൊല്ലം ഫൊറോന, എഡിറ്റർ (ബി) റോസി സിറിയക് – നസ്രത്ത് – ചമ്പക്കുളം, എസ്.എം.വൈ.എം. പ്രതിനിധി (എ) എബി ആന്റണി – കാവാലം സെന്റ് തെരേസാസ്, പുളിംങ്കുന്ന്, എസ്.എം.വൈ.എം. പ്രതിനിധി (ബി) ദിവ്യ വിജയൻ – രാജഗിരി – അമ്പൂരി.

**മാർച്ച് മാസത്തിലെ പരിപാടികൾ**

| | | |
|---|---|---|
| മാർച്ച് 2 | – | തോട്ടയ്ക്കാട് |
| മാർച്ച് 3 | – | കെ.സി.വൈ.എം. പ്രതിനിധികളുടെ സമ്മേളനം |
| മാർച്ച് 9 | – | പ്രോജക്ട് ഉദ്ഘാടനം, പ്രവർത്തനവർഷം ഉദ്ഘാടനം ഭാരവാഹികളുടെ സത്യപ്രതിജ്ഞ |
| മാർച്ച് 10 | – | ഫൊറോനാ സന്ദർശനം |

**കരിയർ കോർഡിനേറ്റർ**

അഖിൽ ജോർജ്ജ് ചാക്കോ (മുണ്ടുപാലം – തൃക്കൊടിത്താനം)

മീഡിയാ കോർഡിനേറ്റർ

റ്റോണി ജേക്കബ് മണിമലപറമ്പിൽ (മണിമല)

---

## എൽഡേഴ്സ് ഫ്രറ്റേണിറ്റി

(Ministry for the Senior Citizens & Sick)

### അതിരൂപതാ സീനിയർ സിറ്റിസൺസ് സംഗമം

**മാർച്ച് 11 തിങ്കൾ രാവിലെ 9:30 മുതൽ 1 മണിവരെ**
**ചങ്ങനാശേരി പാറേൽപള്ളി പാരീഷ് ഹാളിൽ**

| | | |
|---|---|---|
| 09:30 a.m. | : | **വിശുദ്ധ കുർബാന** |
| 10:30 a.m. | : | **ഗാനശുശ്രൂഷ** |
| 11:00 a.m. | : | **ഉദ്ഘാടന സന്ദേശം** |
| | | **അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്ത** |
| 11:30 a.m. | : | **ക്ലാസ് – റവ. ഫാ. ജേക്കബ് ചക്കാത്ര** |
| 12:15 a.m. | : | **കലാപരിപാടികൾ, അനുഭവം പങ്കുവയ്ക്കൽ** |
| 01:00 p.m. | : | ഉച്ചഭക്ഷണം |

ചങ്ങനാശേരി, തുരുത്തി, തൃക്കൊടിത്താനം, കുറുമ്പനാടം, നെടുംകുന്നം, പുളിങ്കുന്ന് ഫൊറോനകളിൽനിന്നും പ്രായമായവർ പങ്കെടുക്കാൻ വേണ്ട ക്രമീകരണം ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ചെയ്യണമെ.

**സീനിയർ സിറ്റിസൺസ് സംഗമങ്ങൾക്കായി ദയവായി വിളിക്കുക: 9495107045**

സ്നേഹത്തോടെ,

**ഫാ. തോമസ് പ്ലാപ്പറമ്പിൽ**
*(ഡയറക്ടർ)*

CFCA

## കെയർ ഹോംസ് ഫെല്ലോഷിപ്പ് (CFCA), മാർ കാവുകാട്ട് പാലിയേറ്റീവ് & ഹെൽത്ത് കെയർ

ചങ്ങനാശേരി അതിരൂപതാതിർത്തിയിൽ അതിരൂപതയുടെ നേരിട്ടും, സന്ന്യസ്ത-അൽമായ നേതൃത്വങ്ങളിലും പ്രവർത്തിക്കുന്ന കെയർ ഹോമുകളുടെ അതിരൂപതാതല കൂട്ടായ്മയായ കെയർ ഹോം ഫെല്ലോഷിപ്പ് (CFCA) ന്റെയും മാർ തോമസ് തറയിൽ പിതാവിന്റെ മെത്രാഭിഷേക സ്മാരകമായി തുടക്കം കുറിച്ച മാർ കാവുകാട്ട് മെമ്മോറിയൽ പാലിയേറ്റീവ് & ഹെൽത്ത് കെയറിന്റെയും 2019 ഫെബ്രുവരി മാസത്തെ പ്രവർത്തനങ്ങളുടെ സംക്ഷിപ്ത റിപ്പോർട്ടും വരും മാസങ്ങളിലെ പ്രധാന പരിപാടികളും.

ബധിരരും മൂകരുമായവർക്കുവേണ്ടിയുള്ള പ്രത്യേക കർമ്മപദ്ധതികൾ ചങ്ങനാശേരി അതിരൂപതയിൽ സമാരംഭിക്കുന്നതിനുള്ള ഒരുക്കങ്ങൾ പൂർത്തിയായി. ബധിരരും മൂകരുമായവരുടെ ഇടവക, ഫൊറോന, രൂപതാതല കൂട്ടായ്മകൾ സംഘടിപ്പിക്കുക, ഇത്തരക്കാർക്കുവേണ്ടി ആത്മീയ, സാമൂഹിക, സാമ്പത്തിക നടപടികൾ നടപ്പിലാക്കുക എന്ന ലക്ഷ്യവുമായിട്ടാണ് ഇതിന്റെ പ്രവർത്തനം. 2019 ജൂൺ 2-ാം തീയതി ഞായറാഴ്ച അഭിവന്ദ്യ പിതാക്കന്മാരുടെ നേതൃത്വത്തിൽ അതിരൂപതാ കേന്ദ്രത്തിൽ പ്രത്യേക സംഗമവും വിവിധ പരിപാടികളും ഇതോടൊപ്പം ക്രമീകരിക്കുന്നു. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും ഹെൽപ് ലൈൻ നമ്പർ: 9946000599 ൽ ബന്ധപ്പെടാവുന്നതാണ്. അതിരൂപതയുടെ നിർദ്ദേശപ്രകാരം ഈ മേഖലയിലെ ശുശ്രൂഷകർക്ക് നേതൃത്വം നൽകുന്ന ബഹുമാനപ്പെട്ട ബിജു അച്ചന്റെയും ടീമിന്റെയും സേവനങ്ങളും ലഭ്യമാക്കിയിട്ടുണ്ട്.

### ആസ്പെയർ അവാർഡ് സെറിമണി

അലൻ T 21 വെൽഫെയർ ട്രസ്റ്റ് ചങ്ങനാശേരി മർച്ചന്റ് അസ്സോസിയേഷൻ കോട്ടയം ജില്ലാ സാമൂഹ്യക്ഷേമ വകുപ്പ് സംയുക്തമായി സംഘടിപ്പിച്ച ആസ്പെയർ അവാർഡ് ദാനം 2019 ചൊവ്വാഴ്ച 5 മണിക്ക് ചങ്ങനാശേരി വ്യാപാര ഭവനിൽവെച്ച് നടന്നു. അഭിവന്ദ്യ മാർ തോമസ് തറയിൽ, ഫാ. സോണി മുണ്ടുനടയ്ക്കൽ, സാമൂഹിക, സാംസ്കാരിക നേതാക്കന്മാർ തുടങ്ങിയവർ പങ്കെടുത്തു. കെയർ ഹോം കൂട്ടായ്മയിൽ അംഗമായ അലൻ T21 ട്രസ്റ്റിന്റെ നേതൃത്വം നൽകുന്നത് ശ്രീമതി റിൻസി ജോസഫാണ്. നടയ്ക്കപാടത്തുള്ള സെന്റർ കേന്ദ്രാമാക്കി നിരവധി പരിപാടികൾ റിൻസിയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ചുവരുന്നു.

### പാലിയേറ്റീവ് കെയർ

ഇടവകതലങ്ങളിൽ പാലിയേറ്റീവ് ശുശ്രൂഷകൾക്ക് നേതൃത്വം കൊടുക്കുവാനായി തിരഞ്ഞെടുക്കപ്പെടുന്നവർക്കായുള്ള ഓറിയന്റൽ പ്രോഗ്രാം (2 മണിക്കൂർ) വിദഗ്ദപരിശീലനം (6 ദിവസം/30 മണിക്കൂർ) മാർ കാവുക്കാട്ട് പാലിയേറ്റീവ് & ഫാമിലി ഹെൽത്ത് കെയറിന്റെ ആഭിമുഖ്യത്തിൽ നടത്തി വരുന്നു. ഇടവകകൾ ബന്ധപ്പെടുക. ഹെൽപ്ലൈൻ - 9946000599

*(കെയർഹോം ശേഷം 72-ാം പേജിൽ....)*

*(Secular Franciscan Order - SFO)*

**"സമാധാനം - സൗഭാഗ്യം"**

സ്നേഹമുള്ള സഹോദരരേ,

യേശുവിന്റെ ശിഷ്യനാവണമെങ്കിൽ സർവ്വതും പരിത്യജിച്ച് കുരിശും ചുമന്നുകൊണ്ട് തന്നെ പിൻചെല്ലുവാനാണല്ലോ ഈശോ നമ്മോടാവശ്യപ്പെട്ടിരിക്കുന്നത്. ഫ്രാൻസിസ്ക്കൻ അൽമായസഭയിലെ ഓരോ അംഗങ്ങളെയും സംബന്ധിച്ചിടത്തോളം സത്യസന്ധമായി നിയമാവലിയും ഭരണഘടനയും, പ്രാർത്ഥനയും അനുസരിച്ച് ജീവിക്കുമ്പോൾ അതു നിരന്തരമായ സഹന ജീവിതം തന്നെയാണ് നമ്മുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ അസ്സീസിയിലെ വി. ഫ്രാൻസിസ് തന്റെ അനുയായികൾക്ക് തന്നിരിക്കുന്ന മഹത്തായ മാതൃക എല്ലായ്പ്പോഴും സഭയോടൊത്ത് ചിന്തിക്കുക, പ്രവർത്തിക്കുക, പ്രാർത്ഥിക്കുക എന്നുള്ളതാണ്.

നോമ്പാചരണം നമുക്കിഷ്ടമുള്ള ഭക്ഷണം കഴിക്കാതിരിക്കുക എന്നതല്ല. വിനോദം, ആർഭാടം മുതലായവയിലുള്ള നിയന്ത്രണത്തോടൊപ്പം പാപങ്ങളെക്കുറിച്ച് പശ്ചാത്തപിച്ചുകൊണ്ട് അനുരഞ്ജനകൂദാശകൾ സ്വീകരിച്ചുകൊണ്ട് കാരുണ്യപ്രവർത്തികളിലൂടെ നമ്മുടെ ഉപവാസവും, നോമ്പാചരണവും വിശുദ്ധമാക്കി മാറ്റാം. ക്ഷമിക്കുന്ന സ്നേഹത്തിന്റെ ഉദാത്ത മാതൃകയായി മാറുന്നതിന് ഈ നോമ്പുകാലം ഫലപ്രദമായി തീരട്ടെ എന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

സാർവ്വത്രീകസഭയുടെ സംരക്ഷകനും നമ്മുടെ അതിരൂപതയുടെ മദ്ധ്യസ്ഥനുമായ മാർ യൗസേപ്പ് പിതാവിന്റെ തിരുനാൾ മംഗളങ്ങൾ ഏവർക്കും ആശംസിക്കുകയും ചെയ്യുന്നു.

**8-ാമത് നോമ്പുകാല പീഢാനുഭവ പദയാത്ര**

SFO ചങ്ങനാശേരി അതിരൂപതയുടെ നേതൃത്വത്തിൽ ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചന്റെ കബറിടത്തിങ്കലേക്ക് 8-ാമത് നോമ്പുകാല പീഢാനുഭവ പദയാത്ര നടത്തുന്നു. മുട്ടാർ സെന്റ് ജോർജ്ജ് വലിയ പള്ളിയിൽ നിന്നും രാവിലെ ആരംഭിച്ച് എടത്വാ സെന്റ് ജോർജ്ജ് ഫൊറോനപള്ളിയിലെ ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചന്റെ കബറിടത്തിങ്കൽ എത്തിച്ചേരുന്നു. SFO അതിരൂപതാ കമ്മറ്റി ഉടൻ ചേർന്ന് തീയതിയും സമയവും തീരുമാനിച്ചുള്ള നോട്ടീസ് നിങ്ങളുടെ കൈകളിൽ എത്തിക്കുന്നതായിരിക്കും. ഈ നോമ്പുകാല പീഢാനുഭവ പദയാത്ര ഫലപ്രദമായി തീരുന്നതിനായി പ്രത്യേകം പ്രാർത്ഥിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

*(ശേഷം 100-ാം പേജിൽ....)*

## പ്രവാസി അപ്പോസ്തലേറ്റ്

പ്രിയ പ്രവാസി സഹോദരങ്ങളെ,

നമ്മുടെ കർത്താവിന്റെ പീഢാനുഭവങ്ങളെയും, കുരിശുമരണത്തെയും, ഉത്ഥാനത്തെയും അനുസ്മരിപ്പിക്കുന്ന വലിയ നോമ്പിന്റെ പരിശുദ്ധിയിലേക്ക് നാം പ്രവേശിക്കുകയാണല്ലോ. ഈ നോമ്പുകാലം പ്രാർത്ഥനയുടെയും, പരിത്യാഗത്തിന്റെയും ചൈതന്യത്തിലായിരിക്കുവാൻ നമുക്കു പരിശ്രമിക്കാം.

അതിരൂപതാ പഞ്ചവത്സരപദ്ധതിയുടെ ഭാഗമായുള്ള മണിമല ഫൊറോനായിലെ പ്രവാസിസംഗമം ഫെബ്രുവരി മാസം 3-ാം തീയതി രാവിലെ 9 മണിക്ക് കരിമ്പനക്കുളം തിരുഹൃദയ ദൈവാലയത്തിൽ, വികാരി റവ. ഫാ. ജോസഫ് കട്ടപ്പുറത്തിന്റെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. നോർക്ക റൂട്ട്സ് അസി. മാനേജർ ശ്രീ. അരുൺ രാജ് നയിച്ച ക്ലാസ്സിൽ സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ, എമിഗ്രേഷൻ ക്ലിയറൻസ്, പ്രവാസി ഐ.ഡി. കാർഡ് എടുക്കേണ്ടതിന്റെ ആവശ്യകത, പ്രവാസികൾക്ക് സർക്കാരിൽനിന്നും ലഭ്യമാകുന്ന സേവനങ്ങൾ, പുനരധിവാസ പദ്ധതികൾ മുതലായവ വിശദീകരിച്ചു.

ആവേ മരിയ ഹോളിഡെയ്സിന്റെ പ്രഥമ വിശുദ്ധനാട് തീർത്ഥാടനം 2019 ഏപ്രിൽ മാസം 28-ാം തീയതി പുറപ്പെടുന്നു. 10 ദിവസത്തെ സന്ദർശനമാണ് ക്രമീകരിച്ചിരിക്കുന്നത്. നോമ്പുകാലത്തിൽ, വിവിധ ആത്മീയ യാത്രകൾ, വേളാങ്കണ്ണി, തോമാശ്ലീഹായുടെ ഏഴരപള്ളികൾ, കേരളത്തിലെ വിശുദ്ധരുടെ കബറിടങ്ങൾ തുടങ്ങിയ സ്ഥലങ്ങളിലേക്കും തീർത്ഥയാത്രകൾ നടത്തുന്നുണ്ട്. ഈ ആത്മീയ യാത്രകളിൽ നമ്മുടെ കുട്ടികളെ പങ്കാളികളാക്കുവാൻ മതാദ്ധ്യാപകരും, സംഘടനാ ഭാരവാഹികളും ശ്രദ്ധിക്കുമല്ലോ.

സ്നേഹപൂർവ്വം,

**ഫാ. സണ്ണി പുത്തൻപുരയ്ക്കൽ**

(ഡയറക്ടർ)

---

*(കെയർഹോം....തുടർച്ച....70-ാം പേജിന്റെ....)*

**അനുഗ്രഹ സ്പെഷ്യൽ സ്കൂൾ, തോട്ടയ്ക്കപ്പുറം**

2019 മാർച്ച് 14 മുതൽ 21 വരെ അബുദാബിയിൽ വച്ചു നടക്കുന്ന വേൾഡ് ഗെയിംസിൽ അനുഗ്രഹ സ്പെഷ്യൽ സ്കൂളിൽനിന്ന് 4 കുട്ടികൾ പങ്കെടുക്കുന്നു ഏവർക്കും കെയർ ഹോം ഫെല്ലോഷിപ്പിന്റെ അഭിനന്ദനങ്ങൾ.

**കൂടുതൽ വിവരങ്ങൾക്കും, രജിസ്ട്രേഷനുമായിവിളിക്കേണ്ട നമ്പർ: 9946000599, 9605116756, 8281017777**

**കെയർ ഹോം ഫെല്ലോഷിപ്പ് & പാലിയേറ്റീവ് കെയർ മേഖലയിലെ വിവിധ സഹായങ്ങൾക്കും കൂടുതൽ വിവരങ്ങളൾക്കും വിളിക്കുക.**

**Help line Mob : 9946000599**

സ്നേഹത്തോടെ,

**ഫാ. സോണി മുണ്ടുനടയ്ക്കൽ** (ഡയറക്ടർ)

ബഹു. അച്ചാ/സുഹൃത്തേ,

**ചാസിൽനിന്നും ആശംസകൾ !**

പദ്ധതികൾ പൂർത്തീകരിച്ച് വരവു ചെലവ് കണക്കുകൾ കൃത്യമാക്കുന്ന സമയമാണ് മാർച്ച് മാസം. 2018-19 പ്രവർത്തനവർഷത്തിൽ ആരംഭിച്ച പദ്ധതികൾ പലതും ജലപ്രളയം മൂലം, വിഭാവനം ചെയ്ത രീതിയിൽ മുമ്പോട്ടു പോയില്ലെങ്കിലും, കഠിനമായ അദ്ധ്വാനവും, പരസ്പരസഹകരണവും കൊണ്ട് ഫലപ്രദമായി നമുക്ക് പ്രവർത്തിക്കാൻ കഴിഞ്ഞു എന്നത് ചാരിതാർത്ഥ്യം നല്കുന്ന കാര്യമാണ്. ഫെബ്രുവരി-മാർച്ച് മാസങ്ങളിൽ എല്ലാ മേഖലകളുടെയും #p കൾ സംഘടിപ്പിച്ച് അവലോകനം നടത്തി, പദ്ധതികൾക്ക് രൂപം നല്കാൻ നമ്മൾ പരിശ്രമിച്ചുകൊണ്ടിരിക്കുകയുമാണ്. SHG കളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കി ഒരു 'സംഘതരംഗം' സൃഷ്ടിക്കാൻ നമുക്കാവണം. സ്വാശ്രയത്വത്തിലേയ്ക്ക് വളരാൻ വ്യക്തികളെയും കുടുംബങ്ങളെയും സഹായിക്കണം. സംഘശക്തിയിലൂടെ സമൂഹത്തിൽ ഗുണപരമായമാറ്റങ്ങൾ സൃഷ്ടിക്കാനാവണം. നമ്മൾ മുമ്പോട്ടുവയ്ക്കുന്ന സാമൂഹ്യ-സാംസ്ക്കാരിക-സാമ്പത്തിക മൂല്യങ്ങൾ സ്വാംശീകരിച്ച ഒരു സമൂഹത്തെ ഇതിലൂടെ നിർമ്മിച്ചെടുക്കാനാണ് പരിശ്രമിക്കേണ്ടത്. അതോടൊപ്പം 'ഹരിതവർഷം - ഹരിതഗ്രാമം, ആശാകിരണം, കെയർ എ ഫാമിലി പ്രോഗ്രാം, വളർത്തുകൂട്ടം, മ്യൂചൽ ബനഫിറ്റ് സ്കീം' തുടങ്ങിയ പദ്ധതികൾ ഏറെ ജനകീയവും കാര്യക്ഷമവുമായി നിലനിർത്താനുള്ള യജ്ഞമാണ് 2019-20 വർഷം നമ്മൾ നടത്തുക. ഏവരുടെയും സഹകരണം അഭ്യർത്ഥിക്കുന്നു,

വിശ്വസ്തതാപൂർവ്വം,

**ഫാ. ജോർജ്ജ് മാന്തുരുത്തിൽ**
**ഫാ. തോമസ് കുളത്തുങ്കൽ**
*(അസി. ഡയറക്ടേഴ്സ്)*

**ഫാ. ജോസഫ് കളരിക്കൽ**
*(ഡയറക്ടർ)*

## അറിയിപ്പുകൾ

**(1) വനിതാദിനാചരണ പരിപാടികൾ കോട്ടയത്തും പള്ളിക്കൂട്ടുമ്മയിലും**

അന്താരാഷ്ട്ര വനിതാദിന (മാർച്ച് 8)ത്തോടനുബന്ധിച്ച് ചാസിന്റെ നേതൃത്വത്തിൽ മാർച്ച് 6-ാം തീയതി ബുധനാഴ്ച കോട്ടയം സ്പോർട്ട്സ് കൗൺസിൽ ഇൻഡോർ സ്റ്റേഡിയത്തിലും മാർച്ച് 7-ാം തീയതി വ്യാഴാഴ്ച പള്ളിക്കൂട്ടുമ്മയിലും വിവിധ പരിപാടികളോടെ സംഘടിപ്പിക്കും. വ്യത്യസ്ഥ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച തെരഞ്ഞെടുക്കപ്പെട്ട വനിതകളെ ആദരിക്കും. റാലി, വിവിധയിനം മത്സരങ്ങൾ, സെമിനാറുകൾ എന്നിവ വനിതാദിനത്തോടനുബന്ധിച്ച് നടത്തപ്പെടും.

**(2) ചാസ്-കാരിത്താസ് പുനരധിവാസ പദ്ധതികളുടെ ഉദ്ഘാടനം**

കുട്ടനാട്ടിൽ കാരിത്താസ് ഇൻഡ്യ, കാരിത്താസ് ഇറ്റലി എന്നിവരുടെ സഹകരണത്തോടെ നടപ്പാക്കുന്ന വിവിധ പുനരധിവാസ പദ്ധതികളുടെ ഉത്ഘാടനം മാർച്ച് 7-ാം തീയതി പള്ളിക്കൂട്ടുമ്മയിൽ ആർച്ചുബിഷപ്പ് മാർ

ജോസഫ് പെരുന്തോട്ടം ഉദ്ഘാടനം ചെയ്യും. എടത്വാ, തകഴി, മുട്ടാർ, ചമ്പക്കുളം, നെടുമുടി ഗ്രാമപഞ്ചായത്തുകളിലാണ് പദ്ധതികൾ നടപ്പാക്കുക. ഭവനനിർമ്മാണം, ശൗചാലയ നിർമ്മാണം എന്നിവയ്ക്കുള്ള സഹായങ്ങളും ജീവനോപാധികളുടെയും, ജലശുദ്ധീകരണ സംവിധാനങ്ങളുടെയും വിതരണവും പദ്ധതികളിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

### (3) ഖാദി എക്സിബിഷൻ

കേന്ദ്രസർക്കാരിന്റെ ഖാദി ഗ്രാമവ്യവസായ കമ്മീഷൻ - ചാസിന്റെ നേതൃത്വത്തിൽ കോട്ടയം നാഗമ്പടത്തുള്ള സ്പോർട്ട്സ് കൗൺസിൽ ഇൻഡോർ സ്റ്റേഡിയത്തിൽ 2019 ഫെബ്രുവരി 28 വ്യാഴം മുതൽ മാർച്ച് 14 വരെ സംസ്ഥാനതല ഖാദി എക്സിബിഷൻ "KHADI EXPO 2019" സംഘടിപ്പിക്കുന്നു. 15 ദിവസം നീണ്ടുനിൽക്കുന്ന എക്സിബിഷനിൽ കേരളത്തിനകത്തും പുറത്തുമുള്ള ഖാദി സ്ഥാപനങ്ങളും ചെറുകിട വ്യവസായ സംരംഭകരും ഗവ. സ്ഥാപനങ്ങളും പങ്കുചേരുന്നു. കരകൗശല വസ്തുക്കൾ, ഫർണിച്ചറുകൾ, വൃക്ഷതൈകൾ, നാടൻ ഭക്ഷണശാലകൾ തുടങ്ങിയ 100 കണക്കിനു സ്റ്റാളുകളുടെ വലിയ സംഗമവും ക്രമീകരിച്ചിരിക്കുന്നുണ്ട്. മാർച്ച് 2 ശനിയാഴ്ച രാവിലെ 10:30-12:30 വരെ എൽ.കെ.ജി മുതൽ പ്ലസ് 2 വരെ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്കായി ചിത്രരചനാ മത്സരവും, മാർച്ച 3 ഞായറാഴ്ച വൈകിട്ട് 6:30 ന് ഖാദി ഫാഷൻ ഷോയും, മാർച്ച് 6 ബുധനാഴ്ച 10:00 ന് വനിതാദിനാചരണവും ക്രമീകരിച്ചിരിക്കുന്നു. എക്സിബിഷന്റെ പ്രവർത്തന സമയം രാവിലെ 10 മുതൽ രാത്രി 8.30 വരെയാണ്.

നൂറ്റാണ്ടിലെ വലിയ പ്രളയം ഖാദി മേഖലയ്ക്കും വലിയ നഷ്ടമുണ്ടാക്കി. ഖാദി മേഖലയിലെ പതിനായിരത്തിലധികം വരുന്ന തൊഴിലാളികളുടെയും ചെറുകിട സംരംഭങ്ങളുടെയും ഈ ഒത്തുകൂടൽ വൻവിജയമാക്കി അവരെ നമുക്ക് സഹായിക്കാം.

### (4) മേഖലാ PME

| തീയതി | മേഖല |
|---|---|
| 05.03.2019 | ആലപ്പുഴ |
| 09.03.2019 | കൊല്ലം |
| 10.03.2019 | തുരുത്തി |
| 11.03.2019 | മണിമല |
| 12.03.2019 am | ചങ്ങനാശ്ശേരി |
| 12.03.2019 pm | തൃക്കൊടിത്താനം |

### (5) വളർത്തുകൂട്ടം പദ്ധതിയിൽ മുട്ടക്കോഴിയും കോഴിക്കൂടും വിപണനത്തിന്

സ്വയം തൊഴിൽ സംരംഭങ്ങളിലൂടെ സ്ഥിരവരുമാനം ലഭ്യമാക്കുന്നതിനുള്ള പദ്ധതിയാണ് വളർത്തുകൂട്ടം. ആവശ്യമായ ഭക്ഷ്യവസ്തുക്കൾ വീട്ടുവളപ്പിൽത്തന്നെ ഉല്പ്പാദിപ്പിച്ച്, ആരോഗ്യപ്രദമായ, മായം കലരാത്ത ഭക്ഷണം സംലഭ്യമാക്കുന്നതിന് സഹായിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. ഈ പദ്ധതിയിൽ കോഴിയും (B.V. 380 - ഇനം 45 ദിവസം പ്രായമുള്ളവ) കൂടും.

**താഴെപ്പറയുന്ന നിരക്കിൽ ചാസിൽനിന്നും ലഭിക്കുന്നതാണ്**

* 25 കോഴിയും കൂടും (മേൽക്കൂരയോടുകൂടിയത്) Rs. 13,500

| | | |
|---|---|---|
| * | 25 കോഴിയും കൂടും (മേൽക്കൂരയില്ലാതെ) | Rs. 11,750/ |
| * | 10 കോഴിയും കൂടും (മേൽക്കൂരയുള്ളത്) | Rs. 8,250/- |
| * | 10 കോഴിയും കൂടും (മേൽക്കൂരയില്ലാതെ) | Rs. 6,250/- |
| * | 25 കോഴികൾക്കുള്ള കൂട് (മേൽക്കൂരയുള്ളത്) | Rs. 10,000/- |
| * | 25 കോഴികൾക്കുള്ള കൂട് (മേൽക്കൂരയില്ലാതെ) | Rs. 8,000/- |
| * | 10 കോഴികൾക്കുള്ള കൂട് (മേൽക്കൂരയുള്ളത്) | Rs. 6,750/- |
| * | 10 കോഴികൾക്കുള്ള കൂട് (മേൽക്കൂരയില്ലാതെ) | Rs. 4,750/- |

**(3) B.V. 380 ഇനത്തിൽപ്പെട്ട കോഴിക്കുഞ്ഞ് (45 ദിവസം)** Rs. 160/-

* നാടൻ കോഴിക്കുഞ്ഞുങ്ങൾ (45 ദിവസം) Rs. 100/-

കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 9539701153.

## ചാസ് സഹായ പദ്ധതികൾ

**ചാസിന്റെ വിവിധ സഹായ പദ്ധതികൾവഴി 2019 ഫെബ്രുവരി മാസം ആനുകൂല്യം ലഭിച്ച കുടുംബങ്ങൾ**

**(1) SHG മരണാനന്തര സഹായം**

| പേര് | സംഘം | യൂണിറ്റ് | മേഖല |
|---|---|---|---|
| 404. ശാന്തമ്മ കൃഷ്ണൻകുട്ടി | സ്നേഹജ്യോതി | കൊടുപ്പുന്ന | എടത്വാ |
| 405. മാത്യു ജോസഫ് | സെന്റ് തോമസ് | നാൽപ്പാത്തിമല | അതിരമ്പുഴ |
| 406. റോസമ്മ ജോസഫ് | കാരുണ്യദീപം | തത്തംപള്ളി | ആലപ്പുഴ |
| 407. സി.കെ. ജോൺ | മാതാ | തത്തംപള്ളി | ആലപ്പുഴ |
| 408. അന്നമ്മ ജോസഫ് | ഐശ്വര്യ | മണ്ണാർകുന്ന് | അതിരമ്പുഴ |
| 409. സരോജം ജെ | കാരുണ്യ | പച്ചക്കാട് | അമ്പൂരി |
| 410. കുഞ്ഞമ്മ ജോസഫ് | മരിയൻ | ളായിക്കാട് | ചങ്ങനാശ്ശേരി |

**(2) മ്യൂച്വൽ ബെനിഫിറ്റ് സ്കീം**

• മരണാനന്തരസഹായം

| പേര് | യൂണിറ്റ് | മേഖല |
|---|---|---|
| 228. പുരുഷോത്തമൻ വടകര | തകഴി | എടത്വാ |
| 229. കെ.ജെ. ജോസഫ് പോളയ്ക്കൽ | ആറാട്ടുവഴി | ആലപ്പുഴ |
| 230. സുമതി രാഘവൻ പുതുപ്പറമ്പിൽ | ഇരവുചിറ | കുറുമ്പനാടം |
| 231. രമ്യ രാജു കണ്ണങ്കര | പുഴവാത് | ചങ്ങനാശ്ശേരി |
| 232. റ്റി. പി. ബാലകൃഷ്ണൻ കരോട്ട്പുത്തൻപറമ്പിൽ | ചേപ്പുംപാറ | കോട്ടയം |
| 233. സിസിലി മാത്യു മരുതുംകുഴി | ചേപ്പുംപാറ | കോട്ടയം |
| 234. ജോസഫ് പി.റ്റി. പുത്തൻപുരയ്ക്കൽ | ഐക്കരച്ചിറ | കുടമാളൂർ |
| 235. കെ.എസ്. തോമസ് കിഴക്കേആനിത്തോട്ടത്തിൽ | ഐക്കരച്ചിറ | കുടമാളൂർ |
| 236. മേരിക്കുട്ടി ആന്റണി പുതുപ്പറമ്പിൽ | കുറുമ്പനാടം | കുറുമ്പനാടം |
| 237. ദേവസ്യാ തോമസ് ചിറയിൽ | മുപ്പാലം | തൃക്കൊടിത്താനം |

**• ചികിത്സാസഹായം**

| പേര് | യൂണിറ്റ് | മേഖല |
|---|---|---|
| 113. ദേവസ്യാ തോമസ് ചിറയിൽ | മുപ്പാലം | തൃക്കൊടിത്താനം |
| 114. ജാൻസി ഡേവിഡ് വാഴപ്പറമ്പിൽ | തൃക്കൊടിത്താനം | തൃക്കൊടിത്താനം |
| 115. റോസമ്മ മാത്യു ഇടശ്ശേരിപ്പറമ്പ് | നാലുകോടി | തൃക്കൊടിത്താനം |
| 116. റോസമ്മ റെജി ചിറ്ററയ്ക്കൽ | നാലുകോടി | തൃക്കൊടിത്താനം |

| | | |
|---|---|---|
| 117. കുഞ്ഞമ്മ മാത്യു പുതുപ്പറമ്പ് | നാലുകോടി | തൃക്കൊടിത്താനം |
| 118. കുഞ്ഞുമോൾ ജോസഫ് മുട്ടത്തേട്ട് | നാലുകോടി | തൃക്കൊടിത്താനം |

### (3) ജീവകാരുണ്യനിധി

ജീവകാരുണ്യനിധിയിൽനിന്നും ചികിത്സ/വിദ്യാഭ്യാസ സഹായമായി 2019 ഫെബ്രുവരി മാസം 26 ഇടവകകളിൽ നിന്നും ബഹു. വികാരിയച്ചന്മാരുടെ കത്ത് ലഭിച്ച 49 അപേക്ഷകർക്ക് 60,750/- രൂപ നൽകി.

## കേന്ദ്രവാർത്തകൾ

### മേഖലാ PME നടത്തി

ചാസ് യൂണിറ്റുകളുടെ കഴിഞ്ഞകാല പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും ഭാവിപ്രവർത്തനങ്ങൾ ക്രമീകരിക്കുന്നതിനുമായി മേഖലാ PME സംഘടിപ്പിച്ചു. കുട്ടനാട് മേഖലയിൽ 'കർഷകമുന്നേറ്റസമിതി' രൂപീകരിക്കുന്നതിനെക്കുറിച്ചും, ദുരിതാശ്വാസ സഹായ പ്രവർത്തനങ്ങൾ വിവിധ ഏജൻസിവഴി നടപ്പിലാക്കുന്നതിനെക്കുറിച്ചും മേഖലാ സമിതികൾ വിലയിരുത്തുകയും നിർദ്ദേശങ്ങൾ തേടുകയും ചെയ്തു. മാർച്ച് 8 വനിതാദിനത്തിന്റെ ഭാഗമായി ചാസിന്റെ വിവിധ മേഖലകളിൽ വനിതാദിനം നടത്തുന്നതിനുള്ള ആലോചനയും നടത്തി.

| തീയതി | മേഖല |
|---|---|
| 19.02.2019 | എടത്വാ |
| 21.02.2019 am | പുളിംകുന്ന് |
| 21.02.2019 pm | ചമ്പക്കുളം |
| 23.02.2019 am | കുടമാളൂർ |
| 23.02.2019 pm | അതിരമ്പുഴ |
| 25.02.2019 am | കോട്ടയം |
| 25.02.2019 pm | കുറുമ്പനാടം |

### സേവ് എ ഫാമിലി പ്ലാൻ-ഫീൽഡ് വിസിറ്റ്

സേവ് എ ഫാമിലി പ്ലാൻ പദ്ധതിയിൽ ഉൾപ്പെട്ട വെള്ളപ്പൊക്ക ബാധിത പ്രദേശങ്ങളിലെ കുടുംബങ്ങളെ, ഫെബ്രുവരി 22 ന് കാനഡയിൽ നിന്നും ബ്രദർ പീറ്റർ, സേവ് എ ഫാമിലി പ്ലാൻ ഇൻഡ്യയിൽനിന്നും റീജണൽ ഓഫീസർ ശ്രീ. ഓൾട്ടോ ആന്റണി എന്നിവർ കൊടുപ്പുന്ന, തായങ്കരി, ചങ്ങങ്കരി, മരിയാപുരം എന്നീ ഇടവകകൾ സന്ദർശിച്ചു. പ്രോഗ്രാം കോ-ഓർഡിനേറ്റർ സിസ്റ്റർ സെൽമ SRA, ആനിമേറ്റർ ശ്രീമതി കുഞ്ഞുമോൾ ടോം എന്നിവർ നേതൃത്വം നൽകി.

## മേഖലാവാർത്തകൾ

### സ്വാശ്രയ സംഘരൂപീകരണം

| തീയതി | സംഘം | യൂണിറ്റ് | അംഗങ്ങൾ |
|---|---|---|---|
| 05.02.2019 | ശ്രേയസ് | മനയ്ക്കച്ചിറ | 14 |
| 05.02.2019 | ശ്ലീഹാ | മനയ്ക്കച്ചിറ | 10 |
| 05.02.2019 | മരിയ | മനയ്ക്കച്ചിറ | 12 |

| | | | |
|---|---|---|---|
| 06.02.2019 | കാരുണ്യ | മിത്രക്കരി | 15 |
| 20.02.2019 | ഫീലിയ | ഫാത്തിമാപുരം | 20 |
| 25.02.2019 | അൽഫോൻസ | മുട്ടാർ CMI | 16 |
| 25.02.2019 | അമല | മുട്ടാർ CMI | 14 |
| 25.02.2019 | ഗ്ലോറിയ | മുട്ടാർ CMI | 19 |
| 25.02.2019 | സെന്റ് ജോസഫ്സ് | മുട്ടാർ CMI | 19 |

**യൂണിറ്റ് രൂപീകരണം**

മുട്ടാർ CMI ഇടവകയിൽ ജനുവരി 27 ന് ചാസ് യൂണിറ്റ് രൂപീകരിച്ചു. യൂണിറ്റിന്റെ പ്രവർത്തനലക്ഷ്യങ്ങളെക്കുറിച്ച് ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ വിശദീകരിച്ചു.

**സ്വയം തൊഴിൽ സംരംഭം ആരംഭിച്ചു**

മുട്ടാർ CMI യൂണിറ്റിൽ പ്രവർത്തിക്കുന്ന 'അമല' സ്വാശ്രയസംഘത്തിലെ 14 വനിതകൾ ചേർന്ന് ഫെബ്രുവരി 10 ന് ബിഗ്ഷോപ്പർ നിർമ്മാണ യൂണിറ്റ് ആരംഭിച്ചു.

**മുട്ടക്കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്തു**

**പാറേൽ** യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ഫെബ്രുവരി 14 ന് **'ഗ്രാമപ്രിയ' 'ബോംബൈ ഡെയ്സി'** കാട, കൾക്കം എന്നിവയുടെ കുഞ്ഞുങ്ങളെയും ബിഗോവ താറാവിൻ കുഞ്ഞുങ്ങളെയും വിതരണം ചെയ്തു.

**നവസംരംഭകർക്ക് പഠനക്യാമ്പ്**

അമ്പൂരി മേഖലയുടെ ആഭിമുഖ്യത്തിൽ നവസംരഭകർക്കുവേണ്ടി സെന്റ് ജോർജ്ജ് ആഡിറ്റോറിയത്തിൽ ഫെബ്രുവരി 16 ന് സംരംഭകത്വ സെമിനാർ സംഘടിപ്പിച്ചു. ജില്ലാ സാമ്പത്തിക സാക്ഷരത കൗൺസിലർ ശ്രീ. ആർ. ഗിരീഷ്കുമാർ ക്ലാസ് നയിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോൺ മഠത്തിൽപറമ്പിൽ അദ്ധ്യക്ഷതവഹിച്ചു. കാലിവളർത്തൽ, ആടുവളർത്തൽ, കോഴിവളർത്തൽ, അലങ്കാരമത്സ്യകൃഷി, പച്ചക്കറികൃഷി, കാടവളർത്തൽ, തയ്യൽ, വെൽഡിംഗ്, വർക്ക്ഷോപ്പ്, മെക്കാനിക്കൽ വർക്ക്ഷോപ്പ് എന്നീ സംരംഭങ്ങൾ തുടങ്ങാൻ താത്പര്യമുള്ളവർ ക്യാമ്പ് പ്രയോജനപ്പെടുത്തി. യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നൽകി.

**ഹരിതാ ഫാർമേഴ്സ് ക്ലബ്, പുരുഷ-വനിത സ്വാശ്രയസംഘസംഗമം**

കൈനകരി സെന്റ് മേരീസ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ഹരിതാ ഫാർമേഴ്സ് ക്ലബിന്റെയും, പുരുഷ-വനിത സ്വാശ്രയസംഘങ്ങളുടെയും സംഗമം ഫെബ്രുവരി 22 ന് സെന്റ് മേരീസ് പാരീഷ് ഹാളിൽ സംഘടിപ്പിച്ചു. ചാസ് അസി. ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ ഉദ്ഘാടനം നിർവഹിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ചെറിയാൻ കാരിക്കൊമ്പിൽ അദ്ധ്യക്ഷതവഹിച്ചു. 'കുടുംബവും കുടുംബജീവിതവും ഇന്ന്' എന്ന വിഷയത്തെ ആസ്പദമാക്കി റവ. സിസ്റ്റർ സാങ്റ്റാ CMC ക്ലാസ് നയിച്ചു. യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നൽകി.

**നബാർഡ്-ഇ-ശക്തി ഫിനാൻഷ്യൽ ലിറ്ററസി കാമ്പയ്ൻ**

നബാർഡിന്റെ ആഭിമുഖ്യത്തിൽ ചാസിലെ 104 സ്വാശ്രയ സംഘങ്ങളുടെ

ഡേറ്റാ ഓൺ ലൈനിൽ ഡിജിറ്റൈസ് ചെയ്യുന്നതിന്റെ ഭാഗമായി ചാസിന്റെ വിവിധ മേഖലകളിൽ ഫിനാൻഷ്യൽ ലിറ്ററസി കാമ്പയ്ൻ സംഘടിപ്പിച്ചു. നിലവിൽ അംഗങ്ങളായ സംഘങ്ങളെ കേന്ദ്ര ഗവൺമെന്റ് നടപ്പിലാക്കിവരുന്ന നാല് സുപ്രധാന സാമൂഹ്യസുരക്ഷാ പദ്ധതികളായ PMSBY, PMJDY, PMJJBY, and APY എന്നിവയിൽ അംഗങ്ങളാക്കാൻ നബാർഡ് നിർദ്ദേശിച്ചതനുസരിച്ച് ചാസിന്റെയും നബാർഡിന്റെയും നേതൃത്വത്തിൽ 10 പരിശീലന ബോധവത്ക്കരണ കാമ്പയ്ൻ പൂർത്തീകരിച്ചു. ഫിനാൻഷ്യൽ ലിറ്ററസി കൗൺസിലർമാരായ ശ്രീമതി അനുമോൾ സി.എ., ശ്രീമതി സിജ രാജേഷ് (കോട്ടയം ജില്ലാ സഹകരണ ബാങ്ക്) ഡോ. ജോസഫ് എബ്രഹാം എന്നിവർ ക്ലാസ് നയിച്ചു. ആനിമേറ്റർമാരായ ശ്രീ. തോമസ് ജോസഫ്, ശ്രീമതി ബോബിനാ തോമസ്, ശ്രീമതി സിജി ബിജിമോൾ എന്നിവർ നേതൃത്വം നൽകി.

| തീയതി | സ്ഥലം | സംഘങ്ങൾ | പങ്കെടുത്തവർ |
|---|---|---|---|
| 30.01.19 | ഏറ്റുമാനൂർ | 7 | 33 |
| 01.02.19 | ചാസ് കേന്ദ്ര ഓഫീസ് | 10 | 26 |
| 04.02.19 | പങ്ങട | 15 | 48 |
| 04.02.19 | ചാസ് കേന്ദ്ര ഓഫീസ് | 18 | 26 |
| 05.02.19 | ഏറ്റുമാനൂർ | 8 | 30 |
| 05.02.19 | അതിരമ്പുഴ | 6 | 19 |
| 08.02.19 | ഏറ്റുമാനൂർ | 5 | 13 |
| 11.02.19 | ചേപ്പുംപാറ | 6 | 22 |
| 11.02.19 | കൂരോപ്പട | 5 | 25 |
| 13.02.19 | മണിമല ന്യൂ | 8 | 33 |
| 13.02.19 | മണിമല ഓൾഡ് | 7 | 27 |

## തയ്യൽപരിശീലന സമാപനവും സർട്ടിഫിക്കറ്റ് വിതരണവും

മീൻകുളം യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ കഴിഞ്ഞ നാലുമാസമായി നടത്തിവന്നിരുന്ന തയ്യൽ പരിശീലനം സമാപിച്ചു. പരിശീലനം പൂർത്തിയാക്കിയ 12 വനിതകൾക്ക് ഫെബ്രുവരി 17 ന് അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം പിതാവ് സർട്ടിഫിക്കറ്റ് വിതരണം ചെയ്തു.

ഫാത്തിമാപുരം യൂണിറ്റിൽ കഴിഞ്ഞ 4 മാസമായി നടത്തിവന്നിരുന്ന തയ്യൽ പരിശീലനം ഫെബ്രുവരി 21 ന് സമാപിച്ചു. പരിശീലനം പൂർത്തിയാക്കിയ 20 വനിതകൾക്ക് ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ സർട്ടിഫിക്കറ്റ് വിതരണം ചെയ്തു.

ചെറുവാൂർ യൂണിറ്റിൽ കഴിഞ്ഞ 4 മാസമായി നടത്തിവന്നിരുന്ന തയ്യൽ പരിശീലനം ഫെബ്രുവരി 25 ന് സമാപിച്ചു. പരിശീലനം പൂർത്തിയാക്കിയ 18 വനിതകൾക്ക് ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ സർട്ടിഫിക്കറ്റ് വിതരണം ചെയ്തു.

## സ്വയംതൊഴിൽപരിശീലനം

**ചെറുവാണ്ടൂർ** യൂണിറ്റിലെ തയ്യൽ പരിശീലകർക്കായി ഫെബ്രുവരി 7 ന് ആഭരണ നിർമ്മാണത്തിൽ ശ്രീമതി സുനിതാ ജോസഫ് പരിശീലനം നല്കി. 20 വനിതകൾ പങ്കെടുത്തു.

**ഫാത്തിമാപുരം** യൂണിറ്റിലെ തയ്യൽ പരിശീലകർക്കായി ഫാബ്രിക് പെയ്ന്റിംഗിൽ ശ്രീമതി ബിന്ദു സിബി പ്രാക്കുഴി പരിശീലനം നല്കി. 23 വനിതകൾ പങ്കെടുത്തു.

### ആശാകിരണം-കാൻസർ ബോധവത്ക്കരണം

**മണിമല** ഓൾഡ് യൂണിറ്റിൽ ഫെബ്രുവരി 16 ന് കാൻസർ ബോധവത്ക്കരണ ക്ലാസ് സംഘടിപ്പിച്ചു. കോ-ഓർഡിനേറ്റർ ശ്രീമതി സജി ഷാജി ക്ലാസ് നയിച്ചു. 57 അംഗങ്ങൾ പങ്കെടുത്തു.

**കുമരങ്കരി** യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ഫെബ്രുവരി 17 ന് സെന്റ് മേരീസ് പാരീഷ് ഹാളിൽ കാൻസർ ബോധവത്ക്കരണ ക്ലാസ് സംഘടിപ്പിച്ചു. ആശാകിരണം കോ-ഓർഡിനേറ്റർ ശ്രീമതി ബിന്ദു തോമസ് ക്ലാസ് നയിച്ചു. വാർഡ് മെമ്പർമാരായ ശ്രീ. കെ. മോഹൻലാൽ, ശ്രീമതി വനജ പുഷ്പൻ എന്നിവർ മുഖ്യാതിഥികളായിരുന്നു. 160 അംഗങ്ങൾ പങ്കെടുത്തു.

**ഇരവുചിറ** യൂണിറ്റിൽ ഫെബ്രുവരി 24 ന് കാൻസർ ബോധവത്ക്കണ ക്യാമ്പ് സംഘടിപ്പിച്ചു. ആശാകിരണം കോ-ഓർഡിനേറ്റർ ശ്രീമതി ബിന്ദു തോമസ് ക്ലാസ് നയിച്ചു. 93 അംഗങ്ങൾ പങ്കെടുത്തു.

### മെഡിക്കൽ ക്യാമ്പ്

കിടങ്ങറ യൂണിറ്റിൽ എറണാകുളം കാൻസർ കെയർ യൂണിറ്റുമായി സഹകരിച്ച് ഫെബ്രുവരി 10 ന് കാൻസർ രോഗനിർണ്ണയ ക്യാമ്പ് സംഘടിപ്പിച്ചു. 98 അംഗങ്ങൾ പങ്കെടുത്തു.

### ലഹരിവിരുദ്ധ സെമിനാർ

കേന്ദ്ര സാമൂഹ്യനീതി ശാക്തീകരണ മന്ത്രാലയത്തിന്റെ സഹകരണത്തോടുകൂടി RRTC യുടെ ആഭിമുഖ്യത്തിൽ മദ്യം മയക്കുമരുന്ന് ലഹരി വസ്തുക്കളുടെ ഉപയോഗത്തെക്കുറിച്ച് വിദ്യാർത്ഥികൾക്ക് ബോധവത്ക്കരണ സെമിനാർ സംഘടിപ്പിച്ചു. ചാസ് അസി. ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, ശ്രീ. റ്റി. എ. മാത്യു തച്ചിലേട്ട്, ശ്രീ. ലിറ്റിമോൻ എം.എസ്. എന്നിവർ ക്ലാസ് നയിച്ചു.

| തീയതി | സ്കൂൾ | പങ്കെടുത്തവർ |
|---|---|---|
| 24.01.2019 | AKM Public School, Changanacherry | 105 |
| 28.01.2019 | St. Theresas HSS, Vazhappally | 142 |
| 31.01.2019 | SH HS, Pangada | 67 |
| 04.02.2019 | St. Joseph's GHSS, Changanacherry | 152 |
| 25.02.2019 | MSW Students, Assumption college, Changanacherry | 30 |
| 26.02.2019 | Degree students, Assumption college, Changanacherry | 170 |

### കൗൺസിലേഴ്സിന് പരിശീലനം

കേരളത്തിലെ 24 ഡി-അഡിക്ഷൻ സെന്ററുകളിൽ നിന്നുള്ള 25 കൗൺസിലേഴ്സിന് RRTC യിൽ വച്ച് ഫെബ്രുവരി 4-8 തീയതികളിൽ ട്രെയിനിംഗ് സംഘടിപ്പിച്ചു. കേന്ദ്രസാമൂഹ്യനീതി മന്ത്രാലയത്തിന്റെ കീഴിലുള്ള NISD യുടെ നിർദ്ദേശാനുസരണമാണ് പരിശീലനപരിപാടി ക്രമീകരിച്ചത്.

ഈശോയിൽ പ്രിയ കുടുംബപ്രേഷിതരെ,

മാർച്ച് മാസം വിശുദ്ധ യൗസേപ്പിതാവിനെ പ്രത്യേകമായി അനുസ്മരിക്കുന്ന മാസമാണ്. കുടുംബങ്ങളുടെ കാവൽക്കാരനാണ് വിശുദ്ധ യൗസേപ്പ്. പിതൃവേദിയുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥൻ കൂടിയാണ് വി. യൗസേപ്പ്. എല്ലാ പിതൃവേദി അംഗങ്ങൾക്കും സ്വർഗ്ഗീയ മദ്ധ്യസ്ഥന്റെ തിരുനാൾ മംഗളങ്ങൾ നേരുന്നു. വചനത്തിന് കുടുംബം ഒരുക്കിയ യൗസേപ്പ് വചന വീടുകൾ പണിയാൻ നമുക്കും പ്രചോദനമാകട്ടെ. ദൈവപുത്രനെ വളർത്തിയ യൗസേപ്പ് നമ്മുടെ കുടുംബങ്ങളിലും മക്കൾ ദൈവമക്കളായി വളരേണ്ടവരാണെന്ന് ഓർമിപ്പിക്കുന്നു. യൗസേപ്പിതാവിനെപോലെ ദൈവമക്കളെ വളർത്തുന്ന ഇടങ്ങളായി കുടുംബങ്ങൾ മാറണം. മാതൃവേദി സംഘടനകളുടെ തനതായ പ്രേഷിത ദൗത്യം ആണ് ഇടവകകളിൽ തിരുബാലസഖ്യത്തെ രൂപപ്പെടുത്തുക എന്നത്. പ്രവർത്തനവർഷ ഉദ്ഘാടനത്തോട് ചേർന്ന് എല്ലാ യൂണിറ്റുകളിലും തിരുബാലസഖ്യവും ഉദ്ഘാടനം ചെയ്യപ്പെട്ടുകഴിഞ്ഞു. അതിരൂപതാ നേതൃസംഗമത്തിൽ പങ്കുവെച്ച ആശയങ്ങൾ ഫൊറോന അടിസ്ഥാനത്തിൽ എല്ലാ യൂണിറ്റുകളിലും കൈമാറുമല്ലോ. കുടുംബങ്ങളുടെ കാവൽക്കാരായി അതിരൂപത ഫാമിലി അപ്പോസ്തലേററിനോട്ചേർന്ന് ഇടവകകളിൽ സജീവ പ്രവർത്തനം നമുക്ക് കാഴ്ചവെക്കാം. വിശുദ്ധ യൗസേപ്പിതാവിന്റെ മാധ്യസ്ഥ്യം നമുക്ക് ശക്തി പകരട്ടെ.

ഈശോയിൽ സ്നേഹപൂർവ്വം

**ഫാ ജോൺസൺ ചാലയ്ക്കൽ**
**ഫാ. മാത്യു അഞ്ചിൽ**
*(അസി. ഡയറക്ടർമാർ)*

**ഫാ. ജോസ് മുകളേൽ**
*(ഡയറക്ടർ)*

### 1. അതിരൂപത - ഫൊറോനാ പ്രവർത്തനവർഷ ഉദ്ഘാടനം

അതിരൂപതാ പ്രവർത്തനവർഷ ഉദ്ഘാടനം ജനുവരി 19-ാം തീയതി യൂണിറ്റുകളുടെ സജീവസാന്നിദ്ധ്യത്തിൽ നടത്തപ്പെട്ടു. ഇതേത്തുടർന്ന് 16 ഫോറോനകളിലും നിശ്ചിത സമയത്തുതന്നെ വളരെ മുൻ ഒരുക്കത്തോടുകൂടി ഭംഗിയായി പ്രവർത്തനവർഷം ഉദ്ഘാടനം ചെയ്യപ്പെട്ടു. ഇതേസമയം യൂണിറ്റുകളിലും പ്രവർത്തനങ്ങൾ ആരംഭിച്ചു. നേതൃത്വം കൊടുത്ത ഫൊറോന എക്സിക്യൂട്ടീവ് അംഗങ്ങൾക്ക് പ്രത്യേകം നന്ദി.

### 2. അതിരൂപതാ - ഫോറോന യൂണിറ്റ് മാർഗ്ഗരേഖ

അതിരൂപതാ - ഫൊറോന മാർഗ്ഗരേഖകൾ ഇതിനകം യൂണിറ്റുകളിൽ ലഭിച്ചിട്ടുണ്ടാകും. ഇത് അനുസരിച്ച് യൂണിറ്റുകൾക്കും ഒരു മാർഗ്ഗരേഖ ഉണ്ടാകുന്നത് വളരെ ഉചിതമാണ്.

### 3. നേതൃസംഗമം

അതിരൂപത നേതൃസംഗമം ഫെബ്രുവരി 24 ഞായർ ഏകദിന

പ്രോഗ്രാമായി നടത്തപ്പെട്ടു. സമ്മേളനം പ്രത്യാശ ചാരിറ്റി വേൾഡ് ഡയറക്ടർ ബഹു. റവ. ഫാ. സെബാസ്റ്റ്യൻ പുന്നശേരി ഉദ്ഘാടനം ചെയ്തു. 16 ഫൊറോന കളിൽ നിന്നും 165 ഭാരവാഹികളും ആനിമേറ്റർ സിസ്റ്റേഴ്സും പങ്കെടുത്തു. അടുത്ത ആറുമാസത്തേയ്ക്കുള്ള കർമ്മപരിപാടികൾ കൂടുതൽ വ്യക്തതയോടെ മനസിലാക്കുവാൻ ഫൊറോന ഭാരവാഹി കൾക്ക് കഴിഞ്ഞിട്ടുണ്ട്. ചർച്ച് ആക്ടിന്റെ കാണാപ്പുറങ്ങൾ അതിരൂപത പി.ആർ.ഓ. Adv. ജോജി ചിറയിൽ ഭാരവാഹികൾക്ക് വ്യക്തമായി മനസിലാ ക്കിക്കൊടുത്തു. ഇതേത്തുടർന്ന് താഴെപ്പറയുന്ന തീയതികളിൽ ഫൊറോന നേതൃസംഗമങ്ങൾ ക്രമീകരിച്ചിരിക്കുന്നു.

| | | | | |
|---|---|---|---|---|
| മാർച്ച് | 2 ശനി | 2.30 p.m. | – | കുറുമ്പനാടം |
| | 3 ഞായർ | 2.30 p.m. | – | കോട്ടയം |
| | 9 ശനി | 10.00 a.m. | – | ആലപ്പുഴ |
| | | 10.30 a.m. | – | എടത്വ |
| | | 2.30 p.m. | – | ചമ്പക്കുളം |
| | | 3.00 p.m. | – | പുളിങ്കുന്ന് |
| | 10 ഞായർ | 10.00 a.m. | – | അമ്പൂരി |
| | | 2.30 p.m. | – | തിരുവനന്തപുരം |
| | | 3.00 p.m. | – | കൊല്ലം |
| | 16 ശനി | 2.30 p.m. | – | തുരുത്തി |
| | 17 ഞായർ | 2.30 p.m. | – | ചങ്ങനാശേരി |
| | | 3.30 p.m. | – | തൃക്കൊടിത്താനം |
| | 23 ശനി | 2.30 p.m. | – | നെടുംകുന്നം |
| | | 3.00 p.m. | – | മണിമല |
| | 24 ഞായർ | 2.30 p.m. | – | അതിരമ്പുഴ |
| | | 3.00 p.m. | – | കുടമാളൂർ |

**4. തിരുബാലസഖ്യം**

തിരുബാലസഖ്യം ഇടവകകളിൽ സജീവമായി സഖ്യദിനമായ ഫെബ്രുവരി 10-ാം തീയതി ആരംഭിച്ചു. ഏഴു വയസിൽ താഴെയുള്ള കുട്ടികളും അവരുടെ മാതാപിതാക്കളും അടങ്ങുന്നതാണ് തിരുബാലസഖ്യം. യൂണിറ്റുകളിൽ ഭവന സന്ദർശനം നടത്തി പ്രത്യേകമായി ലിസ്റ്റ് തയ്യാറാക്കി മാർഗരേഖ അനുസരിച്ച് പ്രവർത്തനം സജീവമാക്കുവാൻ യൂണിറ്റ്-ഫൊറോനകൾ ശ്രദ്ധിക്കണം.

**5. അംഗത്വവിതരണം**

മാർച്ച്-ഏപ്രിൽ മാസങ്ങൾ അംഗത്വ വിതരണമാസമായി ആചരിക്കുന്നു. 100 ദിന കർമ്മപദ്ധതി ആരംഭിക്കുന്നതിന് മുമ്പ്, ഇടവകയിലെ കുടുംബങ്ങ ളിലെ 50% കൂടുതലെങ്കിലും ഭാര്യാഭർത്താക്കന്മാർക്ക് അംഗത്വം കൊടുത്ത് സംഘടനയെ സജീവമാക്കണം.

**6. ദമ്പതീസംഗമം**

2019 മെയ്മാസം മുതൽ അഭിവന്ദ്യപിതാക്കന്മാർ നേതൃത്വം കൊടുക്കുന്ന റീജണൽ ദമ്പതീസംഗമത്തിന് മുമ്പായി യൂണിറ്റുകളിൽ ദമ്പതീസംഗമം ക്രമീ കരിക്കേണ്ടതാണ്.

**7. ഭവനസന്ദർശനം**

സംഘടനയുടെ മാർഗ്ഗരേഖ അനുസരിച്ചുള്ള കർമ്മപദ്ധതിയോട് ഇട വകയിലെ കുടുംബങ്ങളെ സഹകരിപ്പിക്കുവാൻ കഴിയുന്നവിധം യൂണിറ്റ് ഭാരവാഹികൾ ഭവനസന്ദർശനം നടത്തേണ്ട സമയമാണ് വലിയ നോമ്പിന്റെ ആദ്യ ആഴ്ചകൾ. തിരുബാലസഖ്യരൂപീകരണം, പുതിയ അംഗത്വവിതരണം, പ്രോലൈഫ് സെല്ലിന്റെ രൂപീകരണം തുടങ്ങിയവ മാർച്ച്മാസത്തിൽ തന്നെ പൂർത്തിയാക്കണം.

**8. പ്രോലൈഫ് അഖണ്ഡ മദ്ധ്യസ്ഥപ്രാർത്ഥന**

അതിരൂപത പ്രോലൈഫ് സെല്ലിന്റെ ആഭിമുഖ്യത്തിൽ മാസത്തിലെ 4-ാം വെള്ളിയാഴ്ചകളിൽ പാറേൽ മരിയൻ തീർത്ഥാടന കേന്ദ്രത്തിൽ വച്ച് മദ്ധ്യ സ്ഥപ്രാർത്ഥന നടത്തുന്നു. രാവിലെ 9:45 ന് ഗാനശുശ്രൂഷയെത്തുടർന്ന് അഖണ്ഡ ജപമാല പ്രാർത്ഥനയും, വചനപ്രഘോഷണവും, വി. കുർബാന യും ഉണ്ടായിരിക്കുന്നതാണ്. സീറോ മലബാർ സഭ, ചങ്ങനാശേരി അതിരൂ പതയിലെ കുടുംബങ്ങൾ മാതൃവേദി, പിതൃവേദി, തിരുബാലസഖ്യം എന്നീ സംഘടനകൾ, ജീവന്റെ ശുശ്രൂഷ (പ്രോലൈഫ് സെൽ) തുടങ്ങിയ വിവിധ നിയോഗങ്ങൾ സമർപ്പിച്ചായിരിക്കും പ്രാർത്ഥന നടത്തുന്നത്.

അതിൻപ്രകാരം ആദ്യ പ്രാർത്ഥനാ ദിനമായ ഫെബ്രുവരി 22 വെള്ളിയാഴ്ച അഭിവന്ദ്യ മാർ തോമസ് തറയിൽ പിതാവ് സന്ദേശം നൽകി.

**9. ഇടവക പ്രോലൈഫ് സെൽ**

ഇടവകതലത്തിൽ പ്രോലൈഫ് പ്രവർത്തനങ്ങളിൽ താൽപര്യമുള്ള വരുടെ ഒരു ലിസ്റ്റ് തയ്യാറാക്കി അതിരൂപത ഓഫീസിൽ എത്തിക്കണേ. എല്ലാ മാസവും ഒരു നിശ്ചിത സമയത്ത് ഒരുമിച്ചുകൂടി പ്രാർത്ഥിക്കുകയും ചെയ്യണം.

**കൃതജ്ഞതയോടെ....**

മാതൃ-പിതൃവേദി സംഘടനയുടെ ഫൊറോന ഡയറക്ടർമാരായി സ്തുത്യർഹമായ ശുശ്രൂഷ ചെയ്ത് സ്ഥാനം മാറുന്ന ഫാ. വർഗീസ് പനച്ചിങ്കൽ (ചങ്ങനാശേരി), ഫാ. ലിബിൻ തുണ്ടിയിൽ (ആലപ്പുഴ), ഫാ. ഫ്രാൻസിസ് വടക്കേയറ്റം (കൊല്ലം-ആയൂർ), ഫാ. റോബിൻ വേങ്ങാശേരി (നെടുങ്കുന്നം), ഫാ. ജിൻസ് ചോരോട്ട് ചാമക്കാല (കുറുമ്പനാടം), ഫാ. വർഗീസ് പുത്തൻ പുരയ്ക്കൽ (എടത്വാ) തുടങ്ങിയവർക്ക്നന്ദി അറിയിക്കുന്നു.

ആനിമേറ്റർമാരായി ഏറെ കഠിനാദ്ധ്വാനം ചെയ്ത സി. മേബിൾ സി.എം. സി. (പുളിങ്കുന്ന്), സി. എൽസി (കോട്ടയം), സി. ജോയിസ് മരിയ എസ്.എ. ബി.എസ്. (തിരുവനന്തപുരം), സി. ഫ്ളവർലിറ്റ് എസ്.എ.ബി.എസ്. (കൊല്ലം) എന്നിവർക്ക് നന്ദി.

**സ്വാഗതം**

പുതിയ ഫൊറോന ഡയറക്ടർമാരായി ചാർജ്ജെടുത്ത ഫാ. തോമസ് താന്നിയത്ത് (ആലപ്പുഴ), ഫാ. ഐവിൻ കൊറ്റം (കൊല്ലം ആയൂർ), ഫാ. ജോസ് തണ്ണിപ്പാറ എം.എസ്.റ്റി. (അമ്പൂരി), ഫാ. ജോസഫ് ആറുപറ യിൽ (എടത്വാ) ഫാ. ജിജോ പ്ലാത്താനം (കുറുമ്പനാടം), ഫാ. സിറിയക് വലി

യപറമ്പിൽ എം.സി.ബി.എസ്. (നെടുങ്കുന്നം), ഫാ. അനൂപ് കിളിയാട്ടുശേരി (ചങ്ങനാശേരി) എന്നിവർക്ക് സ്വാഗതം.

പുതിയ ഫൊറോന ആനിമേറ്റർമാരായി ചാർജ്ജെടുത്ത സി. ലിൻസ് മേരി തിരുനിലം എസ്.എ.ബി.എസ്. (ചങ്ങനാശേരി), സി. സെലിൻ കാവുങ്കൽ ഒ.എസ്.എ. (കൊല്ലം), സി. ജിൻസി കടുപ്പിൽ ഒ.എസ്.ബി. (കോട്ടയം), സി. ബെറ്റി റോസ് കവലക്കൽ എസ്.എ.ബി.എസ്. (നെടുങ്കുന്നം) സി. ലിസ്യൂ കൊട്ടാരം എസ്.എ.ബി.എ സ്. (പുളിങ്കുന്ന്) സി. ജെയ്ൻ റോസ് സി.എച്ച്.എഫ്. (തിരുവനന്തപുരം) എന്നിവർക്ക് സ്വാഗതം.

---

*(എ.കെ.സി.സി.....67-ാം പേജിന്റെ തുടർച്ച......)*

ഭാരവാഹികളായ സൈബി അക്കര, ജോയി പാറപ്പുറം, ആനീസ് ജോർജ്. ജോസ് ജോൺ വെങ്ങാന്തറ, ബാബു വള്ളപ്പുര, റ്റോം കയ്യാലകം, ജോർജ്ജുകുട്ടി മുട്ടത്ത്, വിവിധ ഫൊറോന ഭാരവാഹികൾ എന്നിവർ പരിപാടികൾക്ക് നേതൃത്വം നല്കി.

**വരിഞ്ഞു മുറുക്കൽ സമരം**

കത്തോലിക്കാ കോൺഗ്രസ്സ് ചങ്ങനാശ്ശരി അതിരൂപത സമിതിയുടെ നേതൃത്വത്തിൽ ചർച്ച് ബില്ലിനെതിരെ, സഭയെയും ക്രൈസ്തവ സമൂഹത്തെയും പുതിയ നിയമങ്ങളിലുടെ വരിഞ്ഞു മുറുക്കുന്നു എന്നതിന്റെ പ്രതികാത്മകമായി വരിഞ്ഞു മുറുക്കൽ സമരം നടത്തി. വരിഞ്ഞു മുറുക്കൽ സമരത്തിൽ ചർച്ച് ബില്ലിനെ ശക്തമായി നേരിടും എന്ന പ്രതിജ്ഞ അതിരൂപത പ്രസിഡന്റ് വർഗീസ് ആന്റണി ചൊല്ലി കൊടുത്ത് ഉത്ഘാടനം ചെയ്തു. അതിരൂപതാ വികാരി ജനറാൾ റവ. ഫാ. ജോസഫ് മുകത്തിൽ റവ. ഫാ. അബ്രഹാം വെട്ടുവേലിൽ അതിരൂപത ഡയറക്ടർ ഫാ. ജോസ് മുകളേൽ, ഫാ. തോമസ് വെങ്ങാശേരിൽ അതിരൂപത ജനറൽ സെക്രട്ടറി രാജേഷ് ജോൺ, സൈബി അക്കര, ജോഷി പാറപ്പുറം, ആനീസ് ജോർജ്, ജോസ് വെങ്ങാന്തറ, ജോസ് പാലത്തിനാൽ, റ്റോം കയ്യാലകം, ജോർജുകുട്ടി മുക്കത്ത്, ബാബു വള്ളപ്പുര എന്നിവർ പരിപാടികൾക്ക് നേതൃത്വം നല്കി.

**കരിദിനം**

കത്തോലിക്കാ കോൺഗ്രസ് ചങ്ങനാശേരി അതിരൂപത സമിതിയുടെ നേതൃത്വത്തിൽ 2019 മാർച്ച് 3 ന് കേരളത്തിലെ എല്ലാ കത്തോലിക്കാ കോൺഗ്രസ് യൂണിറ്റുകളിലും കരിദിനമായി ആചരിക്കും.

സ്നേഹപൂർവ്വം,

| | |
|---|---|
| **വർഗീസ് ആന്റണി** | **ഫാ. ജോസ് മുകളേൽ** |
| (പ്രസിഡന്റ്) | (ഡയറക്ടർ) |

**''സ്നേഹമെന്നത് ആരോടെങ്കിലുമുള്ള ഐകദാർഢ്യമോ മാനവികമായ സഹായമോ മാത്രമായി ചിലപ്പോഴെങ്കിലും തരംതാണ് പോകാറുണ്ട്. എന്നാൽ സ്നേഹത്തിന്റെ ഏറ്റവും ഉദാത്തമായ ഭാവം സുവിശേഷവത്കരണമാണ് എന്ന് നാം മനസ്സിലാക്കേണ്ടതുണ്ട്. തന്റെ അയൽക്കാരന് ഏറ്റവും ഉപകാര പ്രദമായതും അവനോടുള്ള ഏറ്റവും വലിയ സ്നേഹപ്രകടനമായി നില നിൽക്കുന്നതും അവന് ദൈവവചനമാകുന്ന അപ്പം നൽകുക എന്നുള്ള താണ്. അത് വഴി അവൻ ദൈവവുമായുള്ള സുദൃഢ ബന്ധത്തിലേക്ക് ആനയിക്കപ്പെടുന്നു''.**

**– ബെനഡിക്ട് 16–ാമൻ മാർപ്പാപ്പ; നോമ്പുകാല സന്ദേശം, 2013**

### 1. ലോർഡ്സ് കപ്പിൾസ് മിനിസ്ട്രി കൺവൻഷൻ:

'കുടുംബത്തിലെ ആദ്ധ്യാത്മികത, കുടുംബ പ്രേഷിതത്വം: വിളിയും വെല്ലു വിളിയും' എന്നീ വിഷയങ്ങളെ അധികരിച്ച് കരിസ്മാറ്റിക് നവീകരണത്തിന്റെ 'ലോർഡ്സ് കപ്പിൾസ് മിനിസ്ട്രി'യുടെ ആഭിമുഖ്യത്തിൽ ഒരു ഏകദിന സെമിനാർ സംഘടിക്കപ്പെടുന്നു. ഏപ്രിൽ 13 (രണ്ടാം ശനി) രാവിലെ 10 മണി മുതൽ പാറേപ്പള്ളിയിൽവച്ചാണ് ഈ സെമിനാർ നടക്കുക. അഭി. സഹായ മെത്രാൻ മാർ തോമസ് തറയിൽ ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുന്നതാണ്. റവ. ഫാ. സിറിയക് കോട്ടയിൽ ക്ലാസുകൾ നയിക്കുകയും റവ. ഫാ. മാത്യു താന്നിയത്ത് ദിവ്യബലി അർപ്പിക്കുകയും ചെയ്യും.

### 2. ആദ്യവെള്ളിയാഴ്ച ആരാധനയും കൂട്ടായ്മകളും:

വെളിയനാട് സെന്റ് മിഖായേൽ ക്നാനായ കത്തോലിക്കാ ഇടവകയിലും, കുമരങ്കരി സെന്റ് മേരീസ് ഇടവകയിലും പതിവുപോലെ ആദ്യവെള്ളിയാഴ്ച കളിൽ നടക്കുന്ന ദിവ്യകാരുണ്യ ആരാധനയും വചനശുശ്രൂഷയും ഉണ്ടാ യിരിക്കും. സോണൽ സർവ്വീസ് ടീമംഗങ്ങളായ ജിജോ ഇഞ്ചയിൽ, മോൻ ചെത്തിമറ്റം എന്നിവർ ക്ലാസ്സുകൾ എടുക്കുന്നതായിരിക്കും. ഈ ഇടവകകളിൽ ആരംഭിച്ച കരിസ്മാറ്റിക് പ്രാർത്ഥന കൂട്ടായ്മകളുടെ സജീവ പങ്കാളിത്തത്തി ലാണ് ആരാധനകൾ നടക്കുക.

### 3. സബ്റീജൻ ഫോർമേഷൻ പ്രോഗ്രാം:

ചങ്ങനാശേരി, പാലാ, കോട്ടയം, കാഞ്ഞിരപ്പള്ളി സോണുകൾക്കായി ക്രിസ്റ്റിൻ (കളത്തിപ്പടി) ധ്യാന കേന്ദ്ര ത്തിൽ ക്രമീകരിച്ചിരിക്കുന്ന ഫോർമേഷൻ പ്രോഗ്രാം മാർച്ച് 22,23 തീയതികളിൽ നടക്കും. സോണൽ, സബ്സോണൽ തലത്തിലുള്ള നേതൃത്വത്തിലുള്ളവർ എല്ലാം പങ്കെടുക്കു മെന്ന് പ്രതീക്ഷിക്കുന്നു.

### 4. കെരിഗ്മ കോഴ്സ്:

അടിസ്ഥാന സുവിശേഷ പ്രഘോഷണ പരിശീലനമായ കെരിഗ്മ കോഴ്സ് കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ നടത്തുക

യാണ്. മാർച്ച് 31-ാം തീയതി രാവിലെ 9 മണി മുതൽ മാർച്ച് 9-ാം തീയതി വൈകുന്നേരം അഞ്ച് മണിവരെ ക്രമീകരിച്ചിരിക്കുന്നു. വ്യക്തിപരമായി ജാതിമതഭേദമെന്യേ ഏവരോടും സുവിശേഷം പറയാൻ വ്യക്തികളെ പ്രാപ്തരാക്കാൻ പര്യാപ്തമായ ഈ പരിശീലനം കഴിയുന്നത്ര ആളുകളിലേക്ക് എത്തുമെന്ന് പ്രതീക്ഷിക്കുന്നു.

**5. സോണൽ സേവന സമിതിയോഗം:**

ഇക്കഴിഞ്ഞ സേവന സമിതിയോഗം ഫെബ്രുവരി 17-ാം തീയതി ഓഫീസിൽവച്ച് നടന്നു. സോണൽ ഡയറക്ടർ ഫാ. മാത്യു താന്നിയത്തിന്റെ നേതൃത്വത്തിൽ അടുത്ത യോഗം കടയനിക്കാട്ടുള്ള അംഗം സീന തൂമ്പുങ്കൽ-ന്റെ ഭവനത്തിലായിരിക്കും.

**6. കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ:**

പതിവുപോലെ വിശ്വാസാനുഭവ ആന്തരികസൗഖ്യ ധ്യാനം എല്ലാ നാലാം ഞായറാഴ്ചകളിലും ആരംഭിക്കും. വൈകുന്നേരം അഞ്ചുമണിക്ക് ആണ് തുടങ്ങുന്നത്. രണ്ടാം ബുധനാഴ്ചകളിൽ വൈകുന്നേരം ആറു മുതൽ നിശാരാധനയും നടന്നുവരുന്നു.

ഈശോയിൽ സ്നേഹപൂർവ്വം,

**ഫാ. മാത്യു താന്നിയത്ത്**
*(ഡയറക്ടർ)*
*ഫോൺ: 9446903631*

**ടോമിച്ചൻ പുല്ലങ്കാവുങ്കൽ**
*(കോ-ഓർഡിനേറ്റർ)*
*ഫോൺ: 9061954230*

*(പഞ്ചവത്സര.....63-ാം പേജിന്റെ തുടർച്ച....)*

തികൾ ആവിഷ്കരിക്കുക. അത്തരത്തിൽ ബുദ്ധിമുട്ടുന്നവരുടെ മക്കളുടെ വിദ്യാഭ്യാസം, വിവാഹം തുടങ്ങിയ കാര്യങ്ങൾ ശ്രദ്ധിക്കാനും സഹായിക്കാനുമുള്ള പദ്ധതികൾ ക്രമീകരിക്കുക.

3. ഈസ്റ്റർ, ക്രിസ്മസ്, മദർതെരേസ ദിനങ്ങളോടനുബന്ധിച്ച് പ്രത്യേക കെയർഹോം സന്ദർശക-സഹായ വാരാചരണ കർമ്മപരിപാടികൾ ഇടവകതലത്തിൽ ക്രമീകരിക്കുക. ആശുപത്രികൾ, കെയർ ഹോമുകൾ തുടങ്ങിയ സ്ഥലങ്ങളിൽ പൊതുജന പങ്കാളിത്തത്തോടെ ഭക്ഷണവിതരണം നടത്തുക.
4. കെയർഹോമുകളുടെ പ്രവർത്തനങ്ങളെ സഹായിക്കാൻ കെയർഹോം സപ്പോർട്ടേഴ്സ് ഗ്രൂപ്പുകൾ ഇടവകതലങ്ങളിൽ ആവിഷ്കരിക്കുക.
5. വിവിധ രോഗങ്ങളെക്കുറിച്ച് അറിവും ആവശ്യമായ ചികിത്സയും നല്കുവാൻ മെഡിക്കൽ സെമിനാറുകളും ക്യാമ്പുകളും ഇടവകതലത്തിൽ ക്രമീകരിക്കുക.

ഈശോയിൽ സ്നേഹപൂർവ്വം,

**ഫാ. വർഗീസ് താനമാവുങ്കൽ**
*(കോർഡിനേറ്റർ, പഞ്ചവത്സര അജപാലന പദ്ധതി)*

ചങ്ങനാശേരി അതിരൂപത ലീജിയൻ ഓഫ് മേരി കമ്മീസിയത്തിന്റെ 789-ാമതും കൂരിയായുടെ 1029-ാമതും സമ്മേളനം 10.02.2019 ൽ ഉച്ചകഴിഞ്ഞ് 2:30 പി.എം.ന് പ്രസിഡന്റ് തോമസ് ഫിലിപ്പ് പാലാത്തറയുടെ അദ്ധ്യക്ഷത യിൽ പാറേൽ ലീജിയൻ ഹാളിൽ വെച്ച് നടക്കുകയുണ്ടായി. 41 പേർ സന്നി ഹിതരായിരുന്നു.

പ്രാരംഭപ്രാർത്ഥന ജപമാല എന്നിവയ്ക്കുശേഷം ജ്ഞാനവായന നിയമ ഗ്രന്ഥം ചാപ്റ്റർ 12 ന്റെ ആദ്യഭാഗങ്ങൾ പ്രസിഡന്റ് വായിച്ചു. ഒരു പ്രത്യേക കാര്യം ചെയ്തുതീർക്കുക എന്നതല്ല ലീജിയന്റെ ലക്ഷ്യം. അംഗങ്ങളുടെ വിശുദ്ധീകരണമാണ് അതിന്റെ പ്രാഥമിക ഉദ്ദേശം. അതിനായി ലീജിയന്റെ വിവിധ യോഗങ്ങളിൽ ഹാജരാകുക, പ്രാർത്ഥനകളും ഭക്ത അഭ്യാസങ്ങളും ആത്മാർത്ഥതയോടുകൂടി നടത്തുക, ആഴ്ചതോറും നിർവ്വഹിക്കുവാനായി പ്രസീദിയം നിശ്ചയിക്കുന്ന കാര്യങ്ങൾ നിറവേറ്റുക അങ്ങനെ ക്രിസ്തുവിന്റെ സ്നേഹത്തിന് പ്രതിസ്നേഹം നൽകി വിശുദ്ധീകരണത്തിൽ ജീവിക്കുക.

വൈസ് പ്രസിഡന്റ് സഹോദരി വത്സമ്മ കൂട്ടുമ്മേൽ വന്നിരുന്ന എല്ലാ ഭാരവാഹികൾക്കും മറ്റ് സൈനികർക്കും മാതാവിന്റെ നാമത്തിൽ സ്വാഗതം ആശംസിച്ചു.

സെക്രട്ടറി ജെമിനി സുരേഷ് കണ്ണമ്പള്ളി ജനുവരി 2019-ലെ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിക്കുകയും മുൻ ഖജാൻജി ജോസുകുട്ടി കരിങ്കണാമറ്റം വരവുചെലവു കണക്കുകൾ അവതരിപ്പിക്കുകയും ചെയ്തു. റിപ്പോർട്ടും കണക്കുകളും യോഗം പാസ്സാക്കി ബഹുമാനപ്പെട്ട ഡയറക്ടർ അച്ചനും പ്രസിഡന്റും അതിൽ ഒപ്പു വയ്ക്കുകയും ചെയ്തു.

പിന്നീട് സൈനിക ജപശൃംഗല ചൊല്ലി എല്ലാവരും സ്വസ്ഥാനങ്ങളിൽ ഇരുന്നശേഷം ചർച്ചകൾ നടത്തി. മാർച്ച് 24-ന് 2 പി.എം.ന് ആച്ചിയസ് പാറേൽപള്ളിയിൽവെച്ച് നടത്താമെന്നു തീരുമാനിച്ചു. അതിനുവേണ്ടുന്ന നിർദ്ദേശങ്ങളെല്ലാം ബഹുമാനപ്പെട്ട ജോജോ അച്ചൻ തന്റെ പ്രഭാഷണത്തി നിടയിൽ പറയുകയും ചെയ്തു.

റോസമിസ്റ്റിക്ക ചീരഞ്ചിറ, തിരുഹൃദയനാഥ ചെത്തിപ്പുഴ എന്നീ പ്രസീദി യങ്ങൾ 2018-ലെ വാർഷിക റിപ്പോർട്ടു അതാതു വികാരി അച്ചന്മാരുടെ ഒപ്പു കൂടി ചേർത്ത് അവതരിപ്പിച്ചു.

അനുഗ്രഹമാതാ പാറേൽ, കർമ്മലമാതാ പാറേൽ എന്നീ പ്രസീദിയങ്ങൾ അടുത്തമാസം റിപ്പോർട്ട് സമർപ്പിക്കേണ്ടവർ ആണ്.

അവസാന ജപവും ചൊല്ലി, ചെറിയൊരു ചായസത്കാരത്തിനുശേഷം ദൈവദാസൻ ഫ്രാങ്ക്ഡഫിനെ വിശുദ്ധനാക്കുവാനുള്ള പ്രാർത്ഥനയും ചൊല്ലി. ബഹുമാനപ്പെട്ട ജോജോ അച്ചന്റെ അനുഗ്രഹ ആശീർവാദവും സ്വീകരിച്ച് അംഗങ്ങൾ സ്വഭവനങ്ങളിലേക്കു പോയി.

കമ്മീസിയത്തിനുവേണ്ടി,

**ഫാ. ജോജോ പുതുവേലിൽ** — **സി. ജെമിനി സുരേഷ് ജെ. കണ്ണമ്പള്ളി**
ആദ്ധ്യാത്മീക നിയന്താവ് — (സെക്രട്ടറി)

## അതിരൂപതാ മാനവവിഭവശേഷി വികസന ട്രസ്റ്റ് CAHRD TRUST

ബഹുമാനപ്പെട്ട വൈദികരേ, സിസ്റ്റേഴ്സ്, അദ്ധ്യാപകരേ,
മാതാപിതാക്കളേ,

അഭിവന്ദ്യ പിതാവിന്റെ കത്തുപ്രകാരം അതിരൂപതയിൽ നമ്മുടെ വിദ്യാർത്ഥികളുടെയും യുവജനങ്ങളുടെയും നൈപുണ്യവികസനത്തിനായി (Skill Development) രൂപകൽപന ചെയ്തിരിക്കുന്ന OSAP പദ്ധതിയെക്കുറിച്ച് അറിഞ്ഞിരിക്കുമല്ലോ. 2015-ൽ മാനവവിഭവശേഷി വികസനത്തിന് വേണ്ടി അതിരൂപതയിൽ ഒരു ട്രസ്റ്റ് രജിസ്റ്റർ ചെയ്യപ്പെടുകയുണ്ടായി. ട്രസ്റ്റിന്റെ ആഭിമുഖ്യത്തിലാണ് സിവിൽ സർവീസ് രൂപീകരണ പദ്ധതി നടപ്പിലായിരിക്കുന്നത്. അത് വിജയകരമായി നടന്നു വരുന്നു.

വിദ്യാർത്ഥികൾക്കും യുവജനങ്ങൾക്കും ഭാവിയിൽ ഒരു ജോലി/തൊഴിൽ കണ്ടെത്തുന്നതിന് സഹായകരമായ ഒരു പരിശീലന പദ്ധതി OSAP എന്ന പേരിൽ നമ്മൾ ആരംഭിക്കുന്നു. മുഖ്യമായും ഫൊറോനാ കേന്ദ്രങ്ങളിലോ, ഏതാനും ചില ഇടവകകൾ ചേർന്ന് ഒരു പൊതു കേന്ദ്രത്തിലോ ഈ പരിശീലനപരിപാടി ആരംഭിക്കുവാൻ കഴിയും. അവധിക്കാലങ്ങളിലും, അവധിദിനങ്ങളിലും, സാധിക്കുന്നത്ര ശനിയാഴ്ചകളിലുമാണ് ക്ലാസ്സുകൾ നടത്തുക. നൂതന ബോധന രീതികൾ അവലംബിച്ചുകൊണ്ട്, കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ നൽകുന്ന ജോലിയവസരങ്ങൾ, സ്വകാര്യമേഖലയിലെ തൊഴിലവസരങ്ങൾ എന്നിവ പ്രയോജനപ്പെടുത്തത്തക്കതരത്തിലുള്ള നൈപുണ്യ വികസന പരിശീലനമാണ് നൽകുക. കൃത്യമായ പാഠ്യപദ്ധതിയോടുകൂടിയുള്ള തുടർ പരിശീലനപരിപാടിയിൽ വിദഗ്ധർ ക്ലാസ്സുകൾ നയിക്കും.

ഇതിനായി അതാതു ഇടവക ഫൊറോനകളിലെ മാതാപിതാക്കളുടെയും അദ്ധ്യാപകരുടെയും സഹകരണത്തോടുകൂടി ബഹു. വികാരിയച്ചന്റെ രക്ഷാകർതൃത്വത്തിലാണ് കേന്ദ്രങ്ങൾ ആരംഭിക്കേണ്ടത്. ഇതിനായുള്ള മാർഗ്ഗനിർദേശക ക്ലാസ്സുകൾ അതാതു കേന്ദ്രങ്ങളിൽ എത്തി നൽകുന്നതാണ്. വിശദവിവരങ്ങൾക്ക് ഈ നമ്പരിൽ വിളിക്കാവുന്നതാണ് : 9447660363. പരിപാടിയുടെ വിശദമായ ബ്രോഷർ ഉൾപ്പെടെയുള്ള വിവരങ്ങൾ തപാൽ മുഖേന അയച്ചുതരുന്നതാണ്.

എല്ലാവരുടെയും സഹകരണം അഭ്യർത്ഥിക്കുന്നു.

സ്നേഹപൂർവ്വം

**റവ. ഡോ. ഫിലിപ്പ്സ് വടക്കേക്കളം**
*(വികാരി ജനറാൾ)*

**ഡോ. പി.സി. അനിയൻകുഞ്ഞ്**
*(സെക്രട്ടറി, ട്രസ്റ്റ്)*

## മദ്യമയക്കുമരുന്ന് ആസക്തിക്ക് സൗജന്യനിരക്കിൽ ഹോമിയോ ചികിത്സാ സംവിധാനം

സ്നേഹ ബഹു. അച്ചാ/സിസ്റ്റർ/സഹോദരരെ

നമ്മുടെ സമൂഹത്തിൽ ലഹരി വസ്തുക്കൾക്ക് അടിമകൾ ആകുന്നരീതി വർദ്ധിച്ച് വരികയാണല്ലോ, ഈ അവസരത്തിൽ ലഹരി വസ്തുക്കൾക്ക് എതിരായ ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തുവാൻ ശ്രദ്ധിക്കുമല്ലോ. കൂട്ടായ ശ്രമത്തിലൂടെ നമുക്ക് ലഹരിക്കെതിരെ പ്രവർത്തിക്കാൻ കഴിയണം.

ആത്മതാകേന്ദ്രം കഴിഞ്ഞ 10 വർഷത്തിൽ അധികമായി വളരെ മാതൃകാപരവും പാർശ്വഫലങ്ങൾ ഇല്ലാത്തതുമായ ലഹരിക്കെതിരായ ഹോമിയോ ചികിത്സ നടത്തിവരുന്ന കാര്യം അറിവുള്ളതാണല്ലോ. അച്ചൻ/സിസ്റ്റർ പ്രത്യേക ശ്രദ്ധയെടുത്ത് താഴെപ്പറയുന്ന സ്ഥലങ്ങളിൽ വച്ച് വിദഗ്ധരായ ഡോക്ടർമാരുടെ നേതൃത്വത്തിൽ നടത്തുന്ന ചികിത്സയിൽ നിന്ന് ഫലം എടുക്കാൻ ആളുകൾക്ക് ബോധനം നല്കി സഹായിക്കണമെ. മദ്യമയക്കുമരുന്ന് ആസക്തിക്കും മറ്റ് ഇതര രോഗങ്ങൾക്കും ടി കേന്ദ്രങ്ങളിൽ സൗജന്യനിരക്കിലാണ് മരുന്ന് ലഭിക്കുന്നത് എന്ന വിവരവും പാർശ്വഫലങ്ങൾ ഇല്ലാ എന്ന കാര്യവും ഇടവക ജനത്തെ ബോധിപ്പിച്ച് ചികിത്സയിലൂടെ ഫലം എടുക്കാൻ വേണ്ടതു ചെയ്യണമെ.

**ഫാ. ജോസ് പുത്തൻചിറ** *(ഡയറക്ടർ)*

### ഹോമിയോപ്പതിക്ക് ചികിത്സ വിശദ വിവരങ്ങൾ

| സ്ഥലം | ദിവസവും സമയവും | ഡോക്ടർമാർ |
|---|---|---|
| ഇമ്മാനുവേൽ പ്രാർത്ഥനാ ശുശ്രൂഷാകേന്ദ്രം, ഇരവുചിറ | എല്ലാ ബുധനാഴ്ചയും 10 മുതൽ 12:30 വരെ | ഡോ. രാജു തോമസ് |
| ആലപ്പുഴ തത്തംപള്ളി മരിയ ഹോമിയോ ഡിസ്പെൻസറി | എല്ലാ ചൊവ്വാഴ്ചയും 10 മുതൽ 12:30 വരെ | ഡോ. സിസ്റ്റർ ടെസ്സിൻ SABS |
| നെടുംകുന്നം ആതുരാശ്രമം ഹോമിയോ ക്ലിനിക്ക് | എല്ലാ വ്യാഴാഴ്ചയും 10 മുതൽ 12:30 വരെ | ഡോ. രാജു തോമസ്<br>ഡോ. കൊച്ചുറാണി |
| ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്റർ | എല്ലാ വെള്ളിയാഴ്ചയും 10 മുതൽ 12:30 വരെ | ഡോ. എസ്സ്. ജി. ബിജു.<br>ഡോ. മാത്യു മണലിൽ<br>ഡോ. രാജു തോമസ് |
| അതിരമ്പുഴ സെന്റ് മേരീസ് | എല്ലാ വ്യാഴാഴ്ചയും 10:30 മുതൽ 12:30 വരെ | ഡോ. ജോസഫൈൻ |

## സപ്പോർട്ട് എ ചൈൽഡ് പദ്ധതി

2004-ൽ ആത്മതാകേന്ദ്രം ആരംഭിച്ച നിത്യരോഗികളുടെ മക്കളുടെ പഠനത്തിനും പോഷകാഹാരത്തിനും സഹായിക്കുന്ന 'സപ്പോർട്ട് എ ചൈൽഡ്' പദ്ധതിയിൽ എച്ച്.ഐ.വി അണുബാധിതരായ കുട്ടികൾ/അണുബാധിതരായവരുടെ മക്കൾ/മാനസിക വൈകല്യമുള്ളവരുടെ കുട്ടികൾ/ക്യാൻസർ ബാധിത കുട്ടികൾ/ക്യാൻസർ ബാധിതരുടെ കുട്ടികൾ എന്നിവർക്ക് ദിവസങ്ങൾ കഴിയുന്തോറും കൂടുതൽ സഹായം ആവശ്യമായിവരുന്നു. സഹായത്തിനായി നിരവധി ആളുകൾ ആത്മതാകേന്ദ്രം ഓഫിസിൽ വന്ന് അപേക്ഷിച്ചുകൊണ്ടിരിക്കുകയുമാണ്. ഇപ്പോൾ ചങ്ങനാശ്ശേരി, പത്തനംതിട്ട എന്നിവിടങ്ങളിലെ 'സപ്പോർട്ട് എ ചൈൽഡ്' പദ്ധതി സമ്മേളനത്തിലൂടെ പ്രതിമാസം 80,000/-ൽ അധികം രൂപാ സഹായമായി നല്കി വരുന്നു. എന്നാൽ പുതിയ ധാരാളം അപേക്ഷകരെ സഹായിക്കാൻ നമുക്ക് സാധിക്കുന്നില്ല ആയതിനാൽ സുമനസ്സുകളുടെ സഹായം അപേക്ഷിക്കുന്നു. ആത്മതാകേന്ദ്രത്തിൽ നല്കുന്ന സംഭാവനയ്ക്ക് 80 G (vi) പ്രകാരം ആനുകൂല്യം ലഭിയ്ക്കുന്നതാണ് സാമ്പത്തികമായി സഹായിക്കാൻ കഴിവുള്ളവർ സഹായിക്കാൻ ശ്രദ്ധിക്കണമെ. കഴിഞ്ഞമാസം പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, കൊല്ലം ജില്ലകളിൽ നിന്നായി 107 പേർക്ക് 86,000/ രൂപയുടെ സഹായവും, ന്യൂട്രീഷ്യൻ കിറ്റും വിതരണം ചെയ്തു.

## നവകേരള സൃഷ്ടി

ചങ്ങനാശ്ശേരി അതിരൂപതയിലെ കെ.എൽ.എം. സമിതിയും, ആത്മതാകേന്ദ്രവും ചേർന്ന് നവ കേരള സൃഷ്ടിക്കായുള്ള പദ്ധതിയുടെ ഭാഗമായി, നിത്യോപയോക സാധനങ്ങളുടെ കിറ്റുകൾ, പത്തനംതിട്ട ജില്ലയിലെ കുടുംബനാഥകളായ 50 സ്ത്രീ തൊഴിലാളികൾക്ക് നല്കി.

## ലഹരി വിമുക്ത വിശുദ്ധീകരണ ധ്യാനം

ലഹരി വിമുക്തി ആഗ്രഹിക്കുന്നവർക്ക് പ്രാർത്ഥനയിലൂടെയും ധ്യാനത്തിലുടെയും വിമുക്തിയുടെ മാർഗ്ഗം തുറക്കാൻ കുന്നന്താനം പ്രൊവിഡൻസ് റിന്യൂവൽ സെന്ററിൽ ഫാ. തോമസ് കൊച്ചുളേച്ചംകളത്തിന്റെ നേതൃത്വത്തിൽ എല്ലാ മാസവും ലഹരിവിമുക്ത കുടുംബവിശുദ്ധീകരണ ധ്യാനം നടത്തുന്നു. സൗജന്യമായി നടത്തുന്ന ഈ ധ്യാനത്തിൽ ശാസ്ത്രവേദി ചെയർമാൻ ഡോ. പരമേശ്വരക്കുറുപ്പ്, മൾട്ടി സ്പെഷ്യാലിറ്റി ഹോമിയോ ഹോസപിറ്റൽ എം.ഡി. ഡോ. എസ്.ജി. ബിജു എന്നിവർ സൗജന്യമായി ഹോമിയോ മരുന്ന് നല്കി വരുന്നു. അടുത്ത **ലഹരി വിമുക്ത വിശുദ്ധീകരണ ധ്യാനം 2019 മാർച്ച് 14 മുതൽ മാർച്ച് 17 വരെ** ദിവസങ്ങളിൽ, കുന്നന്താനം പ്രൊവിഡൻസ് റിന്യുവൽ സെന്ററിൽ വച്ച് നടത്തുന്നു. വ്യാഴാഴ്ച വൈകുന്നേരം 4 മണിക്ക് ആരംഭിച്ച് ഞായറാഴ്ച വൈകുന്നേരം 5 മണിക്ക് സമാപിക്കുന്നു. മേൽവിലാസവും, ഫോൺ നമ്പരും താഴെ ചേർക്കുന്നു.

പ്രൊവിഡൻസ് റിന്യുവൽ സെന്റർ, കുന്നന്താനം, തിരുവല്ല,
ഫോൺ നമ്പർ : **0469 2693413, 2690414, 9495193406**

---

*NB: ഇടവക തലത്തിലും, വാർഡുതലത്തിലും സംഘടനാ തലത്തിലും, ലഹരി ബോധവത്ക്കരണ ക്ലാസ്സുകൾ, കൺവെൻഷൻ എന്നിവ ക്രമീകരിക്കുന്നതിന് ആത്മതാകേന്ദ്രവുമായി ബന്ധപ്പെടുക. ഫോൺ നമ്പർ : **0481 2411819 / 8921505386***

ഈശോമിശിഹായിൽ സ്നേഹമുള്ളവരെ,

ചെറുതും വലുതുമായ നിരവധി മാറ്റങ്ങൾ പ്രകൃതിയിൽ നാം കാണുന്നുണ്ട്. നമ്മുടെ ശരീരം തന്നെയും അനുനിമിഷം മാറ്റത്തിനു വിധേയമാണ്. ഇത്തരത്തിൽ പ്രകടമായ ഒരു മാറ്റം നമ്മുടെ അതിരൂപത കെ.സി.എസ്.എൽ. കുടുംബത്തിനും ഭവിച്ചിരിക്കുന്നു. അതിരൂപത കെ.സി.എസ്.എൽ.നെ സുദീർഘകാലം ധീരമായി നയിച്ച് വർണ്ണശോഭയോടെ മറ്റൊരു കർമ്മ മേഖലയിലേക്ക് ബഹു. വാരുവേലിലച്ചനും, പഠനത്തിന്റെയും ഇടവക പ്രവർത്തനത്തിന്റെയും തിരക്കുകൾക്കിടയിലും നിസ്വാർത്ഥ സേവനം കെ.സി.എസ്.എൽ.ന് നൽകി മറ്റൊരു ഇടവകയിലേക്ക് ബഹു. ലൈജു അച്ചനും യാത്ര തിരിക്കുകയും, ഒരിക്കൽ കെ.സി.എസ്.എൽ. ന്റെ ഭാഗമായിരുന്ന ബഹു. സിനു വേലങ്ങാട്ടുശേരിയച്ചൻ കെ.സി.എസ്.എൽ.ന്റെ ഡയറക്ടറായി എത്തുകയും ചെയ്ത വിവരം ഏവരും അറിഞ്ഞിരിക്കുമല്ലോ.

**യാത്രയയപ്പ് സമ്മേളനങ്ങൾ**

**ജനുവരി 30 :** 2019 ജനുവരി 30-ാം തീയതി ചങ്ങനാശേരി സെന്റ് ആൻസ് സ്കൂളിൽവച്ച് കെ.സി.എസ്.എൽ. ഉം കോർപ്പറേറ്റ് മാനേജ്മെന്റും സംയുക്തമായി ബഹു. വാരുവേലിലച്ചനും ബഹു. ലൈജു അച്ചനും ഹൃദ്യമായ യാത്രാമംഗളങ്ങൾ നൽകി. ബഹു. ടോണി ചെത്തിപ്പുഴയച്ചൻ സ്വാഗതം ചെയ്ത സമ്മേളനത്തിൽ മുഖ്യ അതിഥിയായി വികാരി ജനറാൾ പെരിയ ബഹു. ഫിലിപ്സ് വടക്കേക്കളം അച്ചൻ എത്തി. കോർപ്പറേറ്റ് മാനേജർ ബഹു. മനോജ് കറുകയിലച്ചൻ അദ്ധ്യക്ഷനായ സദസ്സിൽ എസ്.ബി. സ്കൂൾ പ്രിൻസിപ്പൽ ബഹു. ജോസ് ജോസഫ് സാറും ഫാത്തിമാപുരം എസ്.എച്ച്. സ്കൂൾ പ്രിൻസിപ്പൽ കുര്യാച്ചൻ സാറും കെ.സി.എസ്.എൽ. പ്രസിഡന്റ് ഷൈരാജ് സാറും, സെന്റ് ആൻസ് ഹെഡ്മിസ്ട്രസ്സ് ശ്രീമതി മെറീന ടീച്ചറും ആശംസകളറിയിച്ചു. സന്ന്യസ്ത ജീവിതത്തിലെ സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന കെ.സി.എസ്.എൽ.ന്റെ സ്വന്തം സി. മേരി വില്യമിനെ യോഗം പ്രത്യേകമായി ആദരിച്ചു.

**ഫെബ്രുവരി 8 :** ബഹു. വാരുവേലിലച്ചന്റെ 8 വർഷത്തെ കെ.സി.എസ്.എൽ. പ്രവർത്തന നാളുകളിലെ എല്ലാ എക്സിക്യൂട്ടീവ് അംഗങ്ങളേയും ഉൾപ്പെടുത്തി നടത്തപ്പെട്ട യാത്രയയപ്പ് 2019 ഫെബ്രുവരി 8-ാം തീയതി പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ടു. ബഹു. ജസ്റ്റിൻ കായംകുളത്തുശേരിയച്ചൻ ബഹു. വാരുവേലിലച്ചന്റെയും ബഹു. ലൈജു അച്ചന്റെയും കർമ്മവൈഭവത്തെയും നിസ്വാർത്ഥതയെയും വർണ്ണിച്ച് സംസാരിക്കുകയും, ജൂബിലി ആഘോഷിക്കുന്ന സി. മേരി വില്യമിന് ആശംസകൾ നേരുകയും ചെയ്തു. മുൻ എക്സിക്യൂട്ടീവ് അംഗങ്ങളും, നിലവിലിരിക്കുന്നവരും ഓരോരുത്തരായി ബഹു. വാരുവേലിലച്ചനുമായി പ്രവർത്തിച്ച നല്ല ഓർമ്മകൾ അനുസ്മരിക്കുകയും രണ്ട് വൈദികർക്കും യാത്രാമംഗളങ്ങൾ നേരുകയും ചെയ്തു.

**സ്വീകരണം**

കെ.സി.എസ്.എൽ. ന്റെ ഡയറക്ടറായി നിയമനം ലഭിച്ച ബഹു. സിനു അച്ചൻ ഏറ്റുമാനൂർ വികാരി ബഹു. ടോം കുന്നുംപുറം അച്ചനോടും ഇടവകക്കാരോടുമൊപ്പം ഫെബ്രുവരി 11-ന് 4 മണിയോടുകൂടി അരമനയിലെത്തി. വികാരി ജനറാൾ പെരിയ ബഹു. ജോസഫ് മുണ്ടകത്തിലച്ചന്റെ നേതൃത്വത്തിൽ അരമനയിലെ വൈദികരും കെ.സി.എസ്.എൽ.ന്റെ എക്സിക്യൂട്ടീവ് അംഗങ്ങളും ചേർന്ന് അച്ചനെ സ്വീകരിച്ചു. അരമന ചാപ്പലിലെ പ്രാർത്ഥനയ്ക്ക് ശേഷം എല്ലാവരും കാപ്പി കുടിക്കുകയും. തുടർന്ന് കെ.സി.എസ്.എൽ. അതിരൂപത ഓഫീസിൽ പ്രസിഡന്റ് ഷൈരാജ് സാറിന്റെ നേതൃത്വത്തിൽ അച്ചനെ സ്വീകരിക്കുകയും ചെയ്തു.

**യാത്രയയപ്പ്**

കെ.സി.എസ്.എൽ. ന്റെ ഡയറക്ടർ, അസി. കോർപ്പറേറ്റ് മാനേജർ എസ്.ബി ബോർഡിംഗ് ഹോം റെക്ടർ തുടങ്ങിയ മേഖലകളിൽനിന്ന് സ്ഥാനമൊഴിയുന്ന ബഹു. വാരുവേലിലച്ചൻ എസ്.ബി. സ്കൂൾ ചാപ്പലിലെ പ്രാർത്ഥനയ്ക്കുശേഷം ഫാ. മനോജ് കറുകയിൽ, ഫാ. മാത്യു നടമുഖത്ത്, ഫാ. ടോണി ചെത്തിപ്പുഴ, എസ്.ബി. സ്കൂളിലെ അദ്ധ്യാപകർ, കോർപ്പറേറ്റ് മാനേജ്മെന്റിലെ സ്റ്റാഫ്, കെ.സി.എസ്.എൽ. എക്സിക്യൂട്ടീവ് അംഗങ്ങൾ എന്നിവരോടൊപ്പം അറുനൂറ്റംപാടം ഇടവകയിലേക്ക് യാത്ര തിരിച്ചു. ബഹു. മാർട്ടിൻ കുരിശുങ്കലച്ചന്റെ നേതൃത്വത്തിൽ ഇടവക ജനങ്ങൾ ബഹു. വാരുവേലിലച്ചനേയും കൂടെ വന്നവരേയും ഇടവക ദൈവാലയത്തിലേക്ക് സ്വീകരിച്ചു. ദൈവാലയത്തിൽ ബഹു. മാർട്ടിനച്ചൻ എല്ലാവർക്കും, പ്രത്യേകമായി ബഹു. വാരുവേലിലച്ചനും സ്വാഗതം ആശംസിച്ചു. ശേഷം പ്രാർത്ഥനയ്ക്കും ബലിപീഠ ചുംബനത്തിനുംശേഷം എല്ലാവരുടേയും സാന്നിദ്ധ്യത്തിൽ മാർട്ടിനച്ചനും ഇടവക ജനങ്ങളും വാരുവേലിലച്ചനെ വൈദികമന്ദിരത്തിലേക്ക് ഔദ്യോഗികമായി സ്വീകരിച്ചു.

എല്ലാം നന്മയ്ക്കായി ഭവിപ്പിക്കുന്ന സർവ്വേശ്വരന്റെ കൃപ നമ്മുടെ ഓരോരുത്തരുടേയും പ്രവർത്തനങ്ങളിൽ പ്രകാശം ചൊരിയട്ടെ.വരുന്ന പരീക്ഷാക്കാലത്തിൽ എല്ലാവിധ ദൈവാനുഗ്രഹവും ആശംസകളും നേർന്നുകൊണ്ട്

ഈശോമിശിഹായിൽ സ്നേഹപൂർവ്വം

**ഫാ. ജോസഫ് വേലങ്ങാട്ടുശ്ശേരി**
(ഡയറക്ടർ)

പ്രിയ വിൻസെൻഷ്യൻ സഹോദരങ്ങളേ,

മാർച്ചുമാസം വിൻസെൻഷ്യൻ പ്രവർത്തകരെ സംബന്ധിച്ചിടത്തോളം ഏറ്റം പ്രധാനമായ ഒന്നാണ്. നോമ്പുകാലത്തിന്റെ ഏറിയ പങ്കും കടന്നു പോകുന്നത് മാർച്ചിലാണ്. നമ്മുടെ ചിന്തകളും, പ്രവർത്തനങ്ങളുമെല്ലാം അതിനനുസരിച്ച് ക്രമീകരിക്കുവാൻ പരിശ്രമിക്കണം. ദരിദ്രരേയും, പീഡിതരേയും സേവിക്കുന്നതിന് ഈ കാലഘട്ടം കൂടുതൽ ഉതകുമാറാകട്ടെ.

മറ്റൊരു പ്രധാനപ്പെട്ട കാര്യം നമ്മുടെ അന്തർദേശീയ പ്രസിഡന്റു ജനറൽ റിനാറ്റോലിമാ, ലോകമാസകലമുള്ള വിൻസെൻഷ്യൻ സഹോദരങ്ങൾക്കു വേണ്ടിയെഴുതിയ കത്തിനെക്കുറിച്ചാണ്. ഇപ്പോഴത്തെ പ്രവർത്തകർക്കും, പുതുതായി വരുവാനിരിക്കുന്നവർക്കും, വിൻസെൻഷ്യൻ സമൂഹവുമായി ബന്ധപ്പെട്ട എല്ലാവർക്കുംവേണ്ടിയെഴുതിയ കത്താണിത്. അന്തർദേശീയ കൗൺസിൽ രൂപീകരിച്ചതിന്റെ 180-ാം വാർഷികം ആഘോഷിക്കുന്ന ഈ അവസരത്തിൽ തന്റെ 3-ാമത്തെ കത്തെഴുതുന്നതിന്റെ സന്തോഷവും അദ്ദേഹം പങ്കു വയ്ക്കുകയാണ്. അതിനപ്പുറമായി നമ്മുടെ സൊസൈറ്റിയുടെ 7 സ്ഥാപകരിൽ ഏറ്റവും കൂടുതൽ കാലം ജീവിച്ചു ശുശ്രൂഷ ചെയ്ത പോൾ ലാമാക്കിനു (1810-1892) സമർപ്പിച്ചുകൊണ്ടാണ് ഈ കത്തു തുടങ്ങുന്നത്.

നമ്മുടെ ആദ്യത്തെ പ്രസിഡന്റു ജനറൽ ആയിരുന്ന ഇമ്മാനുവേൽ ബൈലി മുതൽ 16-ാമത്തെ ഇപ്പോഴത്തെ പ്രസിഡന്റുവരെ എല്ലാവരുംതന്നെ ഇപ്രകാരം കത്തുകൾ എഴുതുന്നതിൽ ഔത്സിക്യം കാണിച്ചിരുന്നുവെന്നും അദ്ദേഹം ഓർമ്മിപ്പിക്കുന്നു. സൊസൈറ്റിയിലെ എല്ലാ വിഭാഗക്കാർക്കും സ്വീകാര്യമായ കത്തായിരിക്കും ഇതെന്ന് അദ്ദേഹം പ്രത്യാശ പ്രകടിപ്പിച്ചു.

ഇതിലെ ഉള്ളടക്കം അല്പം ദൈർഘ്യം കൂടുതലുള്ളതാകയാൽ രണ്ടോ മൂന്നോ ഭാഗങ്ങളായി തിരിച്ച് എല്ലാവരെയും അറിയിക്കുവാൻ അദ്ദേഹം ഉപദേശിക്കുകകൂടി ചെയ്യുന്നുണ്ട്. ഈ കത്തിനെക്കുറിച്ചുള്ള ഒരു വിലയിരുത്തൽ, അതു വിമർശനമായിരുന്നാൽകൂടി, അദ്ദേഹം പ്രതീക്ഷിക്കുന്നുണ്ട്.

**അയയ്ക്കേണ്ട വിലാസം:-** egi.circularletter@gmail.com

എല്ലാ വിഭാഗങ്ങളിൽപെടുന്ന വിൻസെൻഷ്യൻ കുടുംബാംഗങ്ങളിൽ നിന്നും വിലയിരുത്തലുകളും ഉപദേശങ്ങളുമുണ്ടായാൽ അതു തന്റെ പ്രവർത്തനങ്ങൾക്ക് കൂടുതൽ ഉത്തേജനം നൽകുമെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു.

പ്രാർത്ഥനയുടെ പ്രാധാന്യത്തെക്കുറിച്ചു വളരെ ആഴത്തിൽ അദ്ദേഹം എഴുതുകയുണ്ടായി. പ്രാർത്ഥിക്കുമ്പോൾ താനുൾപ്പെടുന്ന വിൻസെൻഷ്യൻ കുടുംബാംഗങ്ങൾക്കുവേണ്ടിയും സഹായിക്കുന്നവർ, പ്രോത്സാഹനം നൽകുന്നവർ, നമ്മുടെ സ്ഥാപക നേതാക്കൾ തുടങ്ങി എല്ലാവരെയും പ്രാർത്ഥനാസമയത്ത് ഓർത്ത് യാചനാസ്വരത്തിൽ പ്രാർത്ഥിക്കണമെന്ന് സ്നേഹത്തോടെ അദ്ദേഹം ഉപദേശിച്ചു.

പരമ കാരുണ്യവാനായ ദൈവം നമുക്കു ചില സമയങ്ങളിലെങ്കിലും നൽകുന്ന പ്രയാസങ്ങളും, ദുഃഖങ്ങളുമെല്ലാം, സമർപ്പിച്ചുകൊണ്ട്, മറ്റുള്ളവരുടെ വേദനയകറ്റുവാൻ നാം സന്നദ്ധരാകണം. നാം വളരെ ശ്രദ്ധയോടെ കൈകാര്യം ചെയ്യേണ്ട രണ്ടു ഘട്ടങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് വിൻസെൻഷ്യൻ സഹോദരങ്ങൾ തമ്മിലുള്ള ഒരുമയും സ്നേഹവുമാണ്. മറ്റൊന്ന് മറ്റുള്ളവരെ ശുശ്രൂഷിക്കുമ്പോൾ, യാതൊരുവിധ വിഭജനമോ, കലഹങ്ങളോ, അതുപോലുള്ള ചിന്താഗതികളോ ഇല്ലാതെ, ഒരുമയോടെ ക്രിസ്തുനാഥൻ നമ്മോടു പറഞ്ഞിരിക്കുന്നതുപോലെ ''ഒന്നാമനാകാൻ ആഗ്രഹിക്കുന്നവർ അവസാനത്തെയും എല്ലാവരുടെയും ശുശ്രൂഷകരുമാകണം'' ............ (തുടരും....)

**സി.സി. മീറ്റിംഗ്**

അടുത്ത സി.സി. മീറ്റിംഗ് ഏപ്രിൽ മാസം 13 ന് (രണ്ടാം ശനി) കാലത്ത് 9:30 ന് സൊസൈറ്റി ഓഫീസിൽ കൂടുന്നതാണ്. തദവസരത്തിൽ വാർഷിക റിപ്പോർട്ടും, സി.സി.യിൽ അടക്കേണ്ട വിഹിതവവും ഏല്പിക്കുവാനും മറക്കരുത് മെയ് മാസത്തിൽതന്നെ നാഷണൽ കൗൺസിലിലേയ്ക്കുള്ള വിഹിതം കൊടുക്കേണ്ടതാണ്. ആയതിനാൽ അന്നുതന്നെ ഓരോ എ.സി. പ്രസിഡന്റുമാരും അവരവരുടെ കീഴിൽപെടുന്ന കോൺഫ്രൻസുകളുടെ തുകകൾ മുഴുവനായും കൊടുത്തു തീർക്കണം. നിങ്ങൾക്കറിയാവുന്നതുപോലെ കോൺഫ്രൻസുകളിൽനിന്നും സമാഹരിക്കേണ്ടവ 5% വിഹിതം, സിജിഫ്, സി.സി.ഫ്. എൻസിഫ്, ഓസാനം (ഒരു കോപ്പിക്ക് 20 രൂപ), ഡയറി, റീച്ച് ഔട്ട്, ഓരോ മെമ്പറിൽനിന്നുമുള്ള വീതം അങ്ങനെ എല്ലാം ഏപ്രിൽ 13 ന് തന്നെ കൊണ്ടുവരണം ഉപേക്ഷ വിചാരിക്കരുത്.

**പ്രോജക്ട്**

പ്രളയദുരിത നിവാരണത്തോടനുബന്ധിച്ചുള്ള പ്രോജക്ട്, നാഷണൽ കൗൺസിൽ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

പരമകാരുണ്യവാനായ ദൈവം നമ്മുടെ ഓരോ പ്രവർത്തനങ്ങൾക്കും ഉചിതമായ പ്രതിഫലം തീർച്ചയായും തന്നിരിക്കും. അതിനുവേണ്ടി പ്രാർത്ഥിച്ചുകൊണ്ട്

ഈശോയിൽ സ്നേഹത്തോടെ,

**ബ്ര. ആന്റണി തോമസ് കാനാറിക്കാവുങ്കൽ**
സി.സി. പ്രസിഡന്റ്



CHANGANACHERRY SOCIAL SERVICE SOCIETY
Khadi India
മഹാത്മാവിന്റെ 150-ാം ജന്മദിനാഘോഷത്തിന്, ഖാദി മേഖലക്ക് കൈത്താങ്ങായി
150 YEARS OF CELEBRATING THE MAHATMA
KVIC & CHASS
KHADI EXPO 2019
2019 February 28 (Thursday)
to March 14 - 10 AM to 8.30 PM
നാഗമ്പടം സ്പോർട്ട്സ് കൗൺസിൽ
ഇൻഡോർ സ്റ്റേഡിയം – കോട്ടയം
ഫെബ്രുവരി 28 മുതൽ
ഖാദി
നെയ്ത്ത്മത്സരം
മാർച്ച് 2 ശനി
രാവിലെ 10.30 മുതൽ
ഉച്ചയ്ക്ക് 12.30 വരെ
ചിത്രരചനാ മത്സരം
(LKG, UKG, LP, UP, HS & HSS)
മാർച്ച് 3 ഞായർ
വൈകിട്ട് 6.30ന്
ഖാദി
ഫാഷൻ ഷോ
(അസംപ്ഷൻ കോളേജ്)
മാർച്ച് 6 ബുധൻ
രാവിലെ 10.00ന്
വനിതാദിനാചരണവും
പരമ്പരാഗത
മത്സരങ്ങളും
മാർച്ച് 10 ഞായർ
വൈകിട്ട് 5.00ന്
മെഗാ മാജിക് ഷോ
(Fr. Dr. Joseph Kollara
Dr. Hareesh Champakkara)
എല്ലാ ദിവസവും
ഫുഡ് ഫെസ്റ്റ്
മത്സരങ്ങളിൽ പങ്കെടുക്കുന്നതിനും
സ്റ്റാളുകൾ ബുക്ക് ചെയ്യുന്നതിനും ബന്ധപ്പെടുക:
9846225306, 8289823681, 9446860737
ഖാദിക്ക്
30% വരെ
സ്പെഷ്യൽ
ഡിസ്കൗണ്ട്
▶20 സംസ്ഥാനങ്ങളിൽ നിന്നുള്ള സിൽക്ക് – കോട്ടൺ സാരികൾ
▶ചുരിദാർ – കുർത്ത – ഷർട്ട് – വസ്ത്രങ്ങളുടെ വിപുലമായ കളക്ഷനുകൾ
▶100 – ൽ പരം സ്റ്റാളുകൾ
▶കരകൗശല – ഫർണീച്ചർ – ഫലവൃക്ഷ തൈകൾ, ഫുഡ് കോർട്ട് സ്റ്റാളുകൾ
▶സൗജന്യ വ്യവസായ സംരംഭകത്വ പരിശീലനപരിപാടികൾ
▶സ്കൂൾ, കോളേജ്, സ്വയം സഹായ സംഘങ്ങളുടെ വിവിധ മത്സരങ്ങൾ.

## പൗരോഹിത്യ ആദ്ധ്യാത്മികത: വചനവിചിന്തനങ്ങൾ

മല്പാൻ ഫാ. മാത്യു വെള്ളാനിക്കൽ



139

# പുരോഹിതൻ: ദൈവകൃപയുടെ ശുശ്രൂഷകൻ

(തിരുവചനഭാഗം: ശ്ലീഹ 14:1–28)

പൗലോസിന്റെയും ബർണബാസിന്റെയും ഒന്നാം പ്രേഷിതയാത്രയിൽ സംഭവിച്ച കാര്യങ്ങളാണ് ഈ വചനഭാഗം അവതരിപ്പിക്കുന്നത്. ഇക്കോണിയം, ലിസ്ത്രാ തുടങ്ങിയ പ്രദേശങ്ങളിൽ സുവിശേഷപ്രഘോഷണവും വിശ്വാസപ്രബോധനവും നടത്തിയതിനുശേഷം, ദൈവകൃപയ്ക്ക് അവർ ഭരമേല്പിക്കപ്പെട്ട അന്ത്യോക്യായിലേക്ക് അവർ തിരിച്ചെത്തി സഭയെ വിളിച്ചുകൂട്ടി അവരുടെ അനുഭവങ്ങൾ പങ്കുവയ്ക്കുന്നതുവരെയുള്ള കാര്യങ്ങളാണ് ഈ ഭാഗം അവതരിപ്പിക്കുന്നത്. പൗലോസിനെയും ബർണബാസിനെയുംപോലെ ദൈവകൃപയ്ക്ക് ഭരമേല്പിക്കപ്പെട്ട ശുശ്രൂഷകരായ പുരോഹിതർക്ക് ഈ വചനഭാഗം പ്രചോദനം നല്കും.

**അഞ്ചു ഭാഗങ്ങളായി ഈ വചനഭാഗത്തെ തിരിക്കാം:**

**1. ധൈര്യപൂർവ്വം സുവിശേഷം പ്രസംഗിക്കുന്നു (14:1–3)**

**2. ജനങ്ങളുടെയിടയിൽ ഭിന്നത (14:4–7)**

**3. മുടന്തനെ സുഖപ്പെടുത്തുന്നു (14:8–10)**

**4. ജനങ്ങളെ ഉദ്ബോധിപ്പിക്കുന്നു (14:11–20)**

**5. സഭകളെ വിശ്വാസത്തിൽ ഉറപ്പിക്കുന്നു (14:21–28)**

**1. ധൈര്യപൂർവ്വം സഭാശുശ്രൂഷ നിർവഹിക്കുന്നവൻ**

*''അവർ ഇക്കോണിയത്തിലെ യഹൂദരുടെ സിനഗോഗിൽ പ്രവേശിച്ച് പ്രസംഗിച്ചു. യഹൂദരും ഗ്രീക്കുകാരുമടങ്ങിയ ഒരു വലിയ ഗണം വിശ്വസിച്ചു. എങ്കിലും, അവർ വളരെനാൾ അവിടെ താമസിച്ച്, കർത്താവിനെപ്പറ്റി ധൈര്യപൂർവ്വം പ്രസംഗിച്ചു. അത്ഭുതങ്ങളും അടയാളങ്ങളും പ്രവർത്തിക്കാൻ അവർക്ക് അനുഗ്രഹം നല്കിക്കൊണ്ട് കർത്താവ് തന്റെ കൃപയുടെ വചനത്തിനു സാക്ഷ്യം നല്കി'' (14:1.3).*

ബർണബാസും പൗലോസും ഇക്കോണിയത്തിൽ യഹൂദരുടെ സിനഗോഗിൽ പ്രവേശിച്ച് സുവിശേഷം പ്രസംഗിക്കുന്നു. യഹൂദസിനഗോഗുകൾ

കേന്ദ്രീകരിച്ചാണ് ശ്ലീഹന്മാർ ആദ്യകാല സുവിശേഷപ്രഘോഷണങ്ങൾ നടത്തിയത്. മിശിഹായുടെ വരവിനെ പ്രതീക്ഷിച്ചിരുന്നതും, അവിടുത്തെ വരവിന്റെ മുന്നൊരുക്കങ്ങൾ നടത്തിയവരും യഹൂദരായിരുന്നുവല്ലോ. അതു കൊണ്ട് യഹൂദരുടെ സിനഗോഗുകളാണ് ആദ്യ സുവിശേഷപ്രഘോഷണ ങ്ങൾക്ക് വേദികളായിത്തീർന്നത്. എങ്കിലും സിനഗോഗുകളിൽ യഹൂദർ മാത്രമല്ല, അവരുടെ മതപരമായ ഭക്തജീവിതത്തോട് ആഭിമുഖ്യമുള്ളവരും അവരോടൊപ്പം സിനഗോഗു ശുശ്രൂഷയിൽ പങ്കുചേർന്നിരുന്നു. പൗലോസി ന്റെയും ബർണബാസിന്റെയും സുവിശേഷപ്രഘോഷണം ശ്രവിച്ച യഹൂദരും ഗ്രീക്കുകാരുമടങ്ങിയ ഒരു വലിയ ഗണം വിശ്വാസികളായി (14:1).

എന്നാൽ വിശ്വസിക്കാതിരുന്ന യഹൂദർ മറ്റുള്ളവരെ സ്വാധീനിച്ച് ശ്ലീഹ ന്മാർക്കെതിരായി നിലപാടു സ്വീകരിക്കുവാൻ പലരെയും പ്രേരിപ്പിച്ചു. ശിശു വായ ഈശോയെ കൈകളിലെടുത്തുകൊണ്ട് ശിമയോൻ പറഞ്ഞ വാക്കുകൾ ഇവിടെ അന്വർത്ഥമായി: ''ഇവൻ വിവാദവിഷയമായ അടയാളവുമായിരിക്കും'' (ലൂക്കാ 2:34). എങ്കിലും ശ്ലീഹന്മാർ വളരെ നാൾ അവിടെ താമസിച്ച്, കർത്താ വിനെപ്പറ്റി ധൈര്യപൂർവ്വം പ്രസംഗിച്ചു (14:3). അതിനു പശ്ചാത്തലമായി പറയുന്നത് ''അത്ഭുതങ്ങളും അടയാളങ്ങളും പ്രവർത്തിക്കാൻ അവർക്ക് അനു ഗ്രഹം നല്കിക്കൊണ്ട് കർത്താവു തന്റെ കൃപയുടെ വചനത്തിനു സാക്ഷ്യം നല്കി'' (14:3) എന്നാണ്. സുവിശേഷശുശ്രൂഷയിലും അജപാലനശുശ്രൂഷ യിലും പ്രതികൂലസാഹചര്യങ്ങളും എതിർപ്പുകളും ഉണ്ടാവുക സ്വാഭാവിക മാണ്. അവയെ ധൈര്യപൂർവ്വം അതിജീവിച്ച്, ദൈവകൃപയിൽ ആശ്രയിച്ച് ശുശ്രൂഷ ചെയ്യുവാൻ പുരോഹിതർക്കു കഴിയണം.

## 2. കൃപയുടെ പ്രവർത്തനം വിവേചിച്ചറിയുന്ന ശുശ്രൂഷകൻ

*''എന്നാൽ, നഗരത്തിലെ ജനങ്ങളുടെയിടയിൽ ഭിന്നതയുണ്ടായി. ചിലർ യഹൂദരുടെകൂടെയും ചിലർ ശ്ലീഹന്മാരുടെകൂടെയും ചേർന്നു. അവരെ അപ മാനിക്കാനും കല്ലെറിയാനുമുള്ള ഒരു നീക്കം വിജാതീയരുടെയും യഹൂദരു ടെയും അവരുടെ അധികാരികളുടെയും ഭാഗത്തുനിന്നുണ്ടായി. ഇതറിഞ്ഞ് അവർ ലിക്കവോനിയായിലെ നഗരങ്ങളായ ലിസ്ത്രായിലേക്കും സമീപ പ്രദേശങ്ങളിലേക്കും പലായനം ചെയ്തു. അവിടെ അവർ സുവിശേഷം പ്രസംഗിച്ചുകൊണ്ടിരുന്നു'' (14:4-7).*

'ദൈവവചനം' ദൈവത്തിന്റെ സംസാരമാണ്. അത് ദൈവത്തിന്റെ വ്യക്തി പരമായ ഒരു വിളിയാണ്. അതിനോട് നിഷ്പക്ഷമായ ഒരു നിലപാടെടുക്കാൻ ആർക്കും സാദ്ധ്യമല്ല. അനുകൂലമോ പ്രതികൂലമോ ആയ നിലപാടു സ്വീക രിക്കുവാൻ മനുഷ്യൻ നിർബന്ധിതനാകും. അതുകൊണ്ടാണ് അത് വിഭജന ത്തിനു കാരണമാകുന്നത്. സഭയെ എതിർക്കുന്നവരും വിമർശിക്കുന്നവരും ദൈവകൃപയുടെ ഈ പ്രവർത്തനത്തെ സ്വീകരിക്കാനുള്ള ബുദ്ധിമുട്ടിനെ ന്യായീകരിക്കാൻ ശ്രമിക്കുന്നവരാണ്. അപ്രകാരമുള്ള ഒരു ഭിന്നതയാണ് ഇക്കോണിയം നഗരത്തിലുണ്ടായത്. അതു മനസ്സിലാക്കി ശ്ലീഹന്മാർ മറ്റു നഗരങ്ങളിലേക്കു പോയി അവിടെ സുവിശേഷം പ്രസംഗിച്ചുകൊണ്ടിരുന്നു (14:7). ദൈവകൃപയോടു സഹകരിക്കാതെ മാനുഷികമായ സ്വയം ന്യായീകര ണത്തിലൂടെ പ്രതികരിക്കുന്നിടത്ത് ചെറുത്തുനില്ക്കാതെ, ദൈവകൃപയോട് സഹകരിക്കാൻ സാധ്യതയുള്ളിടത്തേക്ക് ശ്രദ്ധ കേന്ദ്രീകരിക്കുന്നതാണ്

നല്ലത്. പ്രാർത്ഥനയിലൂടെ അതു വിവേചിച്ചറിഞ്ഞ് അപ്രകാരം ചെയ്യുവാൻ സഭാശുശ്രൂഷകർ ശ്രമിക്കണം.

അതേസമയം, സഭാശുശ്രൂഷയുടെ മറ്റൊരു വശംകൂടി നാം കണക്കിലെടുക്കേണ്ടതുണ്ട്. വചനം ദൈവത്തിന്റേതാകയാൽ വചനശുശ്രൂഷയിൽ പ്രവർത്തിക്കുന്നത് ദൈവമാണ്. ദൈവഹിതമനുസരിച്ചു മാത്രമേ അത് ഫലം പുറപ്പെടുവിക്കുകയുള്ളു. വചനപ്രഘോഷണം നടത്തുന്ന വ്യക്തിയുടെ പ്രത്യേക കഴിവുകളെയോ പരിശ്രമങ്ങളെയോ ആശ്രയിച്ചല്ല വചനശുശ്രൂഷ ഫലം പുറപ്പെടുവിക്കുന്നത്. അടയാളങ്ങളും അത്ഭുതങ്ങളുമുണ്ടെങ്കിൽ പോലും ദൈവകൃപ വേണ്ടതുപോലെ പ്രവർത്തിക്കുന്നില്ലെങ്കിൽ അതു ഫലം പുറപ്പെടുവിക്കുകയില്ല. ''കർത്താവു വീടു പണിയുന്നില്ലെങ്കിൽ പണിക്കാരുടെ അദ്ധ്വാനം വ്യർത്ഥമാണ്'' (സങ്കീ. 127:1) എന്ന സങ്കീർത്തനവാക്യം ഇവിടെ തികച്ചും പ്രസക്തമാണ്. അതുകൊണ്ട് നാം എത്ര ആത്മാർത്ഥതയോടുകൂടി വചനശുശ്രൂഷ നടത്തിയിട്ടും ഫലം കാണാതെ വരുമ്പോൾ നാം നിരാശപ്പെടുകയോ പിന്മാറുകയോ അരുത്. വീണ്ടും വീണ്ടും ശുശ്രൂഷ തുടർന്നുകൊണ്ടിരിക്കണം. എളിമയോടെ ദൈവത്തിന്റെ സമയത്തിനു സ്വയം വിട്ടുകൊടുത്തുകൊണ്ട് തീക്ഷ്ണതയോടെ ശുശ്രൂഷ തുടരുവാൻ നമുക്കു കഴിയണം.

## 3. വിശ്വാസമുണർത്തി ശുശ്രൂഷ ചെയ്യുന്നവൻ

*''കാലുകൾക്കു സ്വാധീനമില്ലാത്ത ഒരുവൻ ലിസ്ത്രായിലുണ്ടായിരുന്നു. ജന്മനാ മുടന്തനായിരുന്ന അവന് ഒരിക്കലും നടക്കാൻ കഴിഞ്ഞിരുന്നില്ല. പൗലോസ് പ്രസംഗിക്കുന്നത് അവൻ കേട്ടു. പൗലോസ് അവനെ സൂക്ഷിച്ചുനോക്കി. സൗഖ്യം പ്രാപിക്കാൻ തക്ക വിശ്വാസം അവനുണ്ടെന്നു കണ്ട് പൗലോസ് ഉച്ചത്തിൽ പറഞ്ഞു: എഴുന്നേറ്റു കാലുറപ്പിച്ചു നില്ക്കുക. അവൻ ചാടിയെഴുന്നേറ്റു നടന്നു'' (14:8-10).*

ലിസ്ത്രായിലെ സുവിശേഷപ്രഘോഷണശുശ്രൂഷ, ജന്മനാ മുടന്തനായ ഒരു മനുഷ്യനു സൗഖ്യം നല്കിക്കൊണ്ടാണ് പൗലോസ്ശ്ലീഹാ നിർവഹിക്കുന്നത്. യഹൂദരോടുള്ള പത്രോസിന്റെ സുവിശേഷപ്രഘോഷണം ആരംഭിക്കുന്നതും ഇതുപോലെയൊരു സൗഖ്യദായകസംഭവത്തെത്തുടർന്നാണ് (ശ്ലീഹ. 3:1-10). പത്രോസിന്റെ രോഗശാന്തിശുശ്രൂഷ യഹൂദരുടെ രക്ഷയെ സൂചിപ്പിക്കുന്നുവെങ്കിൽ പൗലോസിന്റെ ഈ രോഗശാന്തിശുശ്രൂഷ വിജാതീയരുടെ രക്ഷയെ സൂചിപ്പിക്കുന്നുവെന്നു പറയാം. സൗഖ്യം പ്രാപിക്കാൻ തക്ക വിശ്വാസം അവനുണ്ടെന്നു കണ്ട്, ''എഴുന്നേറ്റു കാലുറപ്പിച്ചു നില്ക്കുക'' എന്നു പൗലോസ് പറഞ്ഞുവെന്നും, ''അവൻ ചാടിയെണീറ്റു നടന്നു'' എന്നും വിവരണത്തിൽ എടുത്തു പറയുന്നു (14:9-10). അത്ഭുതങ്ങളൊക്കെ ആത്യന്തികമായി വിശ്വാസത്തിലൂടെ ലഭ്യമാകുന്ന മനുഷ്യരക്ഷയെ സൂചിപ്പിക്കുന്ന അടയാളങ്ങളാണല്ലോ.

ഈശോയുടെ അത്ഭുതപ്രവർത്തനങ്ങളൊക്കെ ആത്മരക്ഷയെ മുൻനിർത്തിക്കൊണ്ടുള്ളതായിരുന്നു. തളർവാതരോഗിയോട് ഈശോ പറയുന്നു: ''മകനേ, നിന്റെ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു'' (മർക്കോ. 2:5). രക്തസ്രാവക്കാരി സ്ത്രീയോട് അവിടുന്നു പറയുന്നു: ''മകളേ, നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു. സമാധാനത്തോടെ പോവുക'' (ലൂക്കാ. 8:48). ഇവിടെ പൗലോസും മുടന്തന്റെ ആത്മരക്ഷയാണ് മുന്നിൽ കാണുന്നത്.

''പൗലോസ് പ്രസംഗിക്കുന്നത് അവൻ കേട്ടു. പൗലോസ് അവനെ സൂക്ഷിച്ചുനോക്കി. സൗഖ്യം പ്രാപിക്കാൻ തക്ക വിശ്വാസം അവനുണ്ടെന്നു കണ്ടു'' (14:9) എന്ന പ്രസ്താവനകളെല്ലാം ഇതു സൂചിപ്പിക്കുന്നുണ്ട്. സഭയിലെ ശുശ്രൂഷകളും ആത്യന്തികമായി ആത്മരക്ഷ മുൻനിർത്തിയുള്ളവയാണല്ലോ. അതുകൊണ്ട് ജനങ്ങളിലുള്ള വിശ്വാസമുണർത്തി അവർക്കു ശുശ്രൂഷ ചെയ്യുവാൻ സഭാശുശ്രൂഷകർ ശ്രദ്ധിക്കണം. വിശ്വാസം ദൈവത്തിന്റെ ദാനമാണ്. 'വിശ്വാസമുണർത്തുക' ദൈവത്തിന്റെ പ്രവർത്തനമാണ്. പ്രാർത്ഥനാജീവിതത്തിലൂടെ ദൈവത്തോടുചേർന്ന്, മനുഷ്യഹൃദയങ്ങളിൽ വിശ്വാസമുണർത്തി ശുശ്രൂഷ ചെയ്യുവാനാണ് സഭാശുശ്രൂഷകർ ശ്രദ്ധിക്കേണ്ടത്.

## 4. ജീവിക്കുന്ന ദൈവത്തിലുള്ള വിശ്വാസം പഠിപ്പിക്കുന്നവൻ

*''ഹേ, മനുഷ്യരേ, നിങ്ങൾ ഈ ചെയ്യുന്നതെന്താണ്? ഞങ്ങളും നിങ്ങളെപ്പോലെതന്നെയുള്ള മനുഷ്യരാണ്. വ്യർത്ഥമായ ഈ രീതികളിൽനിന്ന്, ജീവിക്കുന്ന ദൈവത്തിലേക്കു നിങ്ങൾ തിരിയണം എന്ന് ഞങ്ങൾ നിങ്ങളെ ഉദ്ബോധിപ്പിക്കുന്നു. അവിടുന്നാണ് ആകാശവും ഭൂമിയും സമുദ്രവും അവയിലുള്ള സമസ്തവും സൃഷ്ടിച്ചത്. കഴിഞ്ഞ തലമുറകളിൽ എല്ലാ ജനതകളെയും സ്വന്തം മാർഗങ്ങളിൽ സഞ്ചരിക്കാൻ അവിടുന്ന് അനുവദിച്ചു. എങ്കിലും, നന്മ പ്രവർത്തിക്കുകയും ആകാശത്തുനിന്നു മഴയും ഫലപുഷ്ടമായ കാലാവസ്ഥയും നിങ്ങൾക്കു പ്രദാനം ചെയ്യുകയും ആഹാരവും ആനന്ദവും നല്കി നിങ്ങളുടെ ഹൃദയങ്ങളെ നിറയ്ക്കുകയും ചെയ്തുകൊണ്ട് അവിടുന്ന് തനിക്കു സാക്ഷ്യം നല്കിക്കൊണ്ടിരിക്കുന്നു'' (14:15-17).*

മുടന്തനെ സുഖപ്പെടുത്തിയ അത്ഭുതം കണ്ട ജനം ബർണബാസിനെയും പൗലോസിനെയും ദേവന്മാരായി കണ്ട് അവർക്കു ബലിയർപ്പിക്കുവാനൊരുങ്ങി. അവർ വസ്ത്രം കീറി പ്രതിഷേധം അറിയിച്ച്, വിഗ്രഹാരാധനയിൽനിന്നും യഥാർത്ഥത്തിൽ ജീവിക്കുന്ന ദൈവത്തിലേക്കു തിരിയുവാൻ ജനങ്ങളെ ആഹ്വാനം ചെയ്യുന്നു (14:15). അന്ധവിശ്വാസങ്ങളും വിഗ്രഹാരാധനയുമൊക്കെ ഒരു വിധത്തിൽ യഥാർത്ഥ വിശ്വാസത്തിലേക്കു വിരൽ ചൂണ്ടുന്നവയാണ്. മിക്ക മനുഷ്യരിലും, വിശ്വാസികളുടെയിടയിൽപോലും അന്ധവിശ്വാസത്തിന്റെ സ്വാധീനമുള്ളതായി നമുക്കറിയാം. പ്രകൃതിയിലുള്ള ജീവിക്കുന്ന ദൈവത്തിന്റെ സാന്നിദ്ധ്യത്തെ തിരിച്ചറിയുവാൻ മനുഷ്യപ്രകൃതിയിൽ നിക്ഷിപ്തമായിരിക്കുന്ന പ്രേരണയായി അതിനെ കാണുവാനും, ആ രീതിയിൽ അപ്രകാരമുള്ള സാഹചര്യങ്ങളെ യഥാർത്ഥ വിശ്വാസത്തിലേക്ക് അവരെ ആനയിക്കുവാനുള്ള അവസരങ്ങളാക്കിത്തീർക്കുവാനും നാം ശ്രമിക്കേണ്ടതുണ്ട്.

പ്രകൃതിയിൽ സന്നിഹിതനായിരിക്കുന്ന ജീവിക്കുന്ന ദൈവത്തിന്റെ സാന്നിദ്ധ്യവും പ്രവർത്തനവും തിരിച്ചറിയുവാൻ ജനങ്ങളെ പഠിപ്പിക്കേണ്ടതിന്റെ ആവശ്യകത ഇന്ന് കൂടുതൽ അനുഭവപ്പെടുന്നുണ്ട്. പരിസ്ഥിതി മലിനീകരണം ഇന്നത്തെ ഒരു വലിയ പാപമാണ്. അതിൽനിന്നുമുള്ള രക്ഷ ക്രിസ്തീയ രക്ഷാകര സുവിശേഷപ്രഘോഷണത്തിന്റെ ഭാഗമാണ്. ജീവിക്കുന്ന ദൈവത്തിന്റെ പ്രകൃതിയിലുള്ള സാന്നിദ്ധ്യത്തെയും പ്രവർത്തനത്തെയും തിരിച്ചറിയുവാനും അംഗീകരിക്കുവാനും നാം ജനങ്ങളെ പ്രബോധിപ്പിക്കണം. പ്രകൃതിയെ ദൈവഹിതമനുസരിച്ച് കൈകാര്യം ചെയ്യുവാൻ അവരെ നാം പരിശീ

ലിപ്പിക്കുകയും ചെയ്യണം. അപ്രകാരം ചെയ്യുന്നതിലൂടെമാത്രമേ ''സർവ്വശക്തനും പിതാവുമായ ഏക ദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു'' എന്ന നമ്മുടെ വിശ്വാസപ്രഖ്യാപനത്തോട് നാം നീതി പുലർത്തുകയുള്ളു.

## 5. വിശ്വാസത്തിൽ നിലനില്ക്കാൻ പഠിപ്പിക്കുന്നവൻ

*''ആ നഗരത്തിലും അവർ സുവിശേഷം പ്രസംഗിച്ച് പലരെയും ശിഷ്യരാക്കി. അനന്തരം അവർ ലിസ്ത്രായിലേക്കും ഇക്കോണിയത്തിലേക്കും അന്ത്യോക്യായിലേക്കും തിരിച്ചുചെന്നു. വിശ്വാസത്തിൽ നിലനില്ക്കണമെന്നും നിരവധി പീഡനങ്ങളിലൂടെ ദൈവരാജ്യത്തിൽ പ്രവേശിക്കണമെന്നും ഉപദേശിച്ചുകൊണ്ട് ശിഷ്യരുടെ മനസ്സിനെ അവർ ശക്തിപ്പെടുത്തി. അവർ സഭകൾതോറും ശ്രേഷ്ഠന്മാരെ നിയമിച്ച് പ്രാർത്ഥനയോടും ഉപവാസത്തോടുംകൂടെ, അവരെ തങ്ങൾ വിശ്വസിച്ച കർത്താവിനു സമർപ്പിച്ചു'' (14:21-23).*

പൗലോസ് ബർണബാസുമൊത്ത്, അവർ സുവിശേഷപ്രഘോഷണത്തിലൂടെ രൂപപ്പെടുത്തിയ സഭാസമൂഹങ്ങളെ വീണ്ടും സന്ദർശിക്കുന്നു (14:21). അത് വെറുമൊരു സൗഹൃദസന്ദർശനമല്ല. സുവിശേഷപ്രഘോഷണത്തിലൂടെ തങ്ങൾ രൂപംകൊടുത്ത വിശ്വാസികളുടെ സമൂഹങ്ങളെ വിശ്വാസത്തിൽ നിലനില്കാൻ പഠിപ്പിക്കുക എന്നതായിരുന്നു സന്ദർശനോദ്ദേശ്യം. വിശ്വാസജീവിതം ഈ ലോകത്തിൽ അവശ്യം പ്രതിസന്ധികൾ നേരിടേണ്ടിവരുന്ന ജീവിതമാണ്. വിശ്വാസമില്ലാത്ത മനുഷ്യരുടെ മദ്ധ്യേയാണ് വിശ്വാസികൾ ജീവിക്കേണ്ടി വരിക. മാത്രമല്ല, കടന്നുപോകുന്ന ജീവിതയാഥാർത്ഥ്യങ്ങളുടെയും അനുഭവങ്ങളുടെയും മദ്ധ്യേയാണ് കടന്നുപോകാത്ത ജീവിതം നയിക്കേണ്ടിവരിക. ഇത് അവശ്യം സഹനമുളവാക്കുന്ന ജീവിതമാണ്. അതുകൊണ്ടാണ്, ''വിശ്വാസത്തിൽ നിലനില്ക്കണമെന്നും പീഡനങ്ങളിലൂടെ ദൈവരാജ്യത്തിൽ പ്രവേശിക്കണമെന്നും ഉപദേശിച്ചുകൊണ്ട് ശിഷ്യരുടെ മനസ്സിനെ അവർ ശക്തിപ്പെടുത്തിയത്'' (14:22). അതുകൊണ്ട് വിശ്വാസത്തിൽ നിലനില്ക്കാൻ ജനങ്ങളെ പഠിപ്പിക്കുക എന്നത് പുരോഹിതശുശ്രൂഷയുടെ ഒരവശ്യ കടമയാണ്.

പൗലോസും ബർണബാസും ''ഈ സഭകളിലെല്ലാം ശ്രേഷ്ഠന്മാരെ നിയമിച്ച് പ്രാർത്ഥനയോടും ഉപവാസത്തോടുംകൂടെ, അവരെ തങ്ങൾ വിശ്വസിച്ച കർത്താവിനു സമർപ്പിച്ചു'' (14:23) എന്നും പറയുന്നു. 'ശ്രേഷ്ഠന്മാർ' എന്നറിയപ്പെടുന്നത് ശ്ലീഹന്മാരുടെ പിൻഗാമികളാണ്. ഗ്രീക്കിൽ ''പ്രസ്ബിത്തെരോയി'' എന്നറിയപ്പെടുന്നവർ ഇന്നത്തെ പുരോഹിതന്മാരുടെ മുൻഗാമികളാണ്. പൗരോഹിത്യശുശ്രൂഷ വിശ്വാസികളുടെ സമൂഹത്തിന്റെ ഒരവശ്യഘടകമാണെന്ന് ഇതു സൂചിപ്പിക്കുന്നു. മാത്രമല്ല, പുരോഹിതശുശ്രൂഷയുടെ പ്രധാനപ്പെട്ട ലക്ഷ്യം സഭാസമൂഹത്തിന്റെ വിശ്വാസസംരക്ഷണമാണെന്നും ഇവിടെ സൂചനയുണ്ട്. വിശ്വാസത്തിന്റെ വിവിധ രൂപഭാവങ്ങളാണ് ക്രിസ്തീയസമൂഹത്തിന്റെ പ്രത്യേകതകൾ. വിശ്വാസം സ്വീകരിക്കുന്നത് പ്രബോധനമാണെങ്കിൽ, വിശ്വാസം ജീവിക്കുന്നത് ആദ്ധ്യാത്മികതയാണ്. വിശ്വാസം ആഘോഷിക്കുന്നത് ആരാധനയാണെങ്കിൽ വിശ്വാസം പ്രകാശിപ്പിക്കുന്നത് പ്രാർത്ഥനയാണ്. വിശ്വാസികളുടെ സമൂഹമായി സഭയെ നിലനിർത്തുകയും കെട്ടിപ്പടുക്കുകയും ചെയ്യുക എന്നതാണ് സഭാനേതൃത്വശുശ്രൂഷയുടെ പ്രധാനപ്പെട്ട ലക്ഷ്യം.

## ജീവിതസൂചിക

1. പ്രതികൂലസാഹചര്യങ്ങളിലും, ദൈവകൃപയിൽ വിശ്വസിച്ചും ആശ്രയിച്ചും ധൈര്യപൂർവ്വം സഭാശുശ്രൂഷ നിർവഹിക്കുവാൻ എനിക്കു കഴിയുന്നുണ്ടോ?
2. മനുഷ്യരിൽ പ്രവർത്തിക്കുന്ന ദൈവകൃപയെ വിവേചിച്ചറിഞ്ഞ്, അവർക്കു ശുശ്രൂഷ ചെയ്യുവാൻ ഞാൻ ശ്രമിക്കുന്നുണ്ടോ?
3. ജനങ്ങളിലുള്ള വിശ്വാസമുണർത്തി അവർക്കു ശുശ്രൂഷ ചെയ്യുവാൻ ഞാൻ എങ്ങനെ പരിശ്രമിക്കുന്നു?
4. പ്രകൃതിയിൽ പ്രവർത്തിക്കുന്ന, ജീവിക്കുന്ന, ദൈവത്തിൽ വിശ്വസിക്കുവാനും, പ്രകൃതിയെ ദൈവഹിതമനുസരിച്ച് കൈകാര്യം ചെയ്യുവാനും ഞാൻ ജനങ്ങളെ പഠിപ്പിക്കുന്നുണ്ടോ?
5. വിശ്വാസത്തിൽ നിലനില്ക്കുവാനും വളരുവാനും ജനങ്ങളെ സഹായിക്കുക എന്നത് എന്റെ പ്രഥമദൗത്യമായി ഞാൻ കരുതുന്നുണ്ടോ?

---

*(ഫ്രാൻസിസ്കൻ 71-ാം പേജിന്റെ തുടർച്ച....)*

## SFO റീജണൽ മിനിസ്റ്റർമാർ സ്പിരിച്വൽ അസിസ്റ്റന്റുമാർ എന്നിവരുടെ മീറ്റിംഗ് ആലുവായിൽ

SFO നാഷണൽ സമിതിയുടെ ആഹ്വാനമനുസരിച്ച് SFO സീറോ മലബാർ കോ-ഓർഡിനേഷൻ കമ്മറ്റിയുടെ നേതൃത്വത്തിൽ 2019 മാർച്ച് 10-ാം തീയതി രാവിലെ 10 മണിമുതൽ ആലുവ സെന്റ് ജോസഫ് കപ്പൂച്ചിൻ പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് കേരളത്തിലെ മുഴുവൻ രൂപതകളിലെയും SFO സ്പിരിച്വൽ അസിസ്റ്റന്റുമാരുടെയും. റീജണൽ മിനിസ്റ്റർമാരുടെയും ഒരു മീറ്റിംഗ് സംഘടിപ്പിച്ചിരിക്കുന്നു. റീജണൽ തെരഞ്ഞെടുപ്പ് ദേശീയ തലത്തിലുള്ള നമ്മുടെ സാഹോദര്യബന്ധത്തിലുള്ള പ്രവർത്തനങ്ങൾ എന്നിവയായിരിക്കും ചർച്ചകൾ. നമ്മുടെ രൂപതയിലെ 4 റീജണുകളിലെയും പ്രസിഡന്റുമാർ തീർച്ചയായും പങ്കെടുക്കണം. എന്തെങ്കിലും അസൗകര്യങ്ങൾ ഉണ്ടെങ്കിൽ വൈസ് പ്രസിഡന്റുമാരെയോ നിയോഗിക്കേണ്ടതാണ്.

## നിര്യാതയായി


പാറേൽ സെന്റ് മേരീസ് ഭ്രാതൃത്വാംഗം ശ്രീമതി ഏലിക്കുട്ടി മാത്യുവിന്റെ മാതാവ് ഏലിക്കുട്ടി ജോസഫ് (73) നിര്യാതയായി. SFO നേതൃത്വാംഗങ്ങൾ പരേതയുടെ ഭവനത്തിലെത്തി പ്രാർത്ഥിക്കുകയും, സംസ്കാരകർമ്മങ്ങളിൽ പങ്കെടുക്കുകയും ചെയ്തു. പരേതർക്കുവേണ്ടി തുടർന്നും പ്രാർത്ഥിക്കേണമേ.

ഏവർക്കും നോമ്പുകാല ചൈതന്യം നേരുന്നതോടൊപ്പം സമാഗതമാകുന്ന ഉയിർപ്പുതിരുനാളിന്റെ മംഗളങ്ങളും ആശംസിക്കുന്നു.

സ്നേഹാശംസകളോടെ,

**ബ്ര. സിബിച്ചൻ സ്രാങ്കൻ**
SFO അതിരൂപതാ പ്രസിഡന്റ്

**റവ. ഫാ. തോമസ് വെട്ടിക്കാലായിൽ** OFM. Cap.
SFO അതിരൂപതാ Spiritual Assistant



# അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി

## മാർ ജോസഫ് പെരുന്തോട്ടം

2019 ജനുവരി

26 രാവിലെ സന്ദേശനിലയത്തിൽ സംഘടിപ്പിച്ച മതാദ്ധ്യാപക കൺവെൻഷൻ ഉദ്ഘാടനം ചെയ്തു സംസാരിച്ചു. തുടർന്ന് എസ്.ബി. കോളജിൽ അലുമ്നി മീറ്റിംഗിൽ പങ്കെടുത്ത് സന്ദേശം നൽകി. പിന്നീട് ചെത്തിപ്പുഴ തിരുഹൃദയപള്ളി ഓഡിറ്റോറിയത്തിൽ സി.എം.ഐ. സന്യാസ സമൂഹാം ഗമായ കളത്തിൽ ബഹു. ജോർജച്ചന്റെ പൗരോഹിത്യ സുവർണജൂബിലി സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. വൈകുന്നേരം നർബോന പുരം സെന്റ് സെബാസ്റ്റ്യൻസ് ഇടവകയുടെ ജൂബിലിയോടനുബന്ധിച്ച് വി.കുർബാനയർപ്പിക്കുകയും തുടർന്ന് നടന്ന പൊതുസമ്മേളനത്തിൽ അദ്ധ്യക്ഷത വഹിക്കുകയും ചെയ്തു. തുടർന്ന് ആലപ്പുഴ തത്തംപ ള്ളി സെന്റ് മൈക്കിൾസ് പള്ളി മൈതാനിയിൽ തച്ചിൽ മാത്തൂതരകന്റെ ജീവിതം അടിസ്ഥാനമാക്കി തയ്യാറാക്കിയ നാടകം വീക്ഷിച്ച് അവലോ കനം നടത്തി.

27 രാവിലെ അയിരൂർ ഇടവകയിൽ അജപാലന സന്ദർശനം നടത്തി. ഉച്ച കഴിഞ്ഞ് അതിരമ്പുഴ പള്ളിയിൽ പുനർനിർമ്മിച്ച ചെറിയ പള്ളിയുടെ 100–ാം വാർഷികത്തോടനുബന്ധിച്ചുള്ള സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു.

28– രാവിലെ ചെത്തിപ്പുഴ തിരുഹൃദയ ദൈവാലയത്തിൽ കൊട്ടരത്തിൽ വല്യച്ചന്റെ അനുസ്മരണാർത്ഥം വി. കുർബാന അർപ്പിക്കുകയും ഒപ്പീസ് ചൊല്ലി പ്രാർത്ഥിക്കുകയും ചെയ്തു. ഉച്ചകഴിഞ്ഞ് അതിരൂപതാ കേന്ദ്ര ത്തിൽ അതിരൂപതാ ബൈബിൾ കൺവെൻഷനോടനുബന്ധിച്ചുള്ള ആലോചനായോഗത്തിൽ പങ്കെടുത്തു സംസാരിച്ചു. വൈകുന്നേരം നവ വൈദികർക്കായ് സംഘടിപ്പിച്ച കോഴ്സിൽ ക്ലാസ്സെടുത്തു.

29– രാവിലെ വടവാതൂർ സെമിനാരിയിൽ വി.കുർബാനയർപ്പിച്ച് വചന സന്ദേശം നൽകി. തുടർന്ന് വടവാതൂർ അപ്പസ്തോലിക്ക് സെമിനാരി കമ്മീഷൻ ചെയർമാൻ എന്ന നിലയിൽ ബഹു. അച്ചന്മാരെയും സെമി നാരിക്കാരെയും സന്ദർശിക്കുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു.

30– ഉച്ചയ്ക്ക് കണ്ണാടി സെന്റ് റീത്താസ് പള്ളിയിൽ ചാസിന്റെ നേതൃത്വത്തിൽ നിർമ്മിച്ച് നൽകുന്ന 50 ഭവനങ്ങളുടെ നിർമ്മാണപദ്ധതി ഉദ്ഘാടനം ചെയ്യു കയും 5 ഭവനങ്ങളുടെ കല്ലിടീൽ കർമ്മം നിർവഹിക്കുകയും ചെയ്തു. വൈകുന്നേരം നവവൈദികർക്ക് അതിരൂപതാകേന്ദ്രത്തിൽ ക്ലാസ് നയി ച്ചു. തുടർന്ന് ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന വൈദികരെ സന്ദർശിച്ചു. തുടർന്ന് റീജൻസി ബ്രദേഴ്സിന്റെ മാസധ്യാനത്തോടനുബന്ധിച്ച് ക്ലാസ് എടുത്തു.

31– രാവിലെ അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. തുടർന്ന് പ്രീസ്റ്റ് ഹോമിൽ എത്തി മരണമടഞ്ഞ പാലാക്കുന്നേൽ ബഹു. ജോസഫച്ചന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. പിന്നീട് എസ്.ബി. കോളജിൽ നടന്ന ബർക്ക്മാൻസ് അവാർഡുദാന ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. തുടർന്ന് കത്തീഡ്രൽ ഇടവകാംഗമായ പാറക്കല്ലുങ്കൽ ലീനായുടെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. തുടർന്ന് നവവൈദികർക്കായി സംഘടിപ്പിച്ച കോഴ്സിന്റെ സമാപനത്തിൽ പങ്കെടുത്ത് സംസാരിച്ചു. ഉച്ചകഴിഞ്ഞ് കാരുണികൻ മാസികയ്ക്ക് അഭിമുഖം നൽകി. വൈകുന്നേരം കോട്ടയം ലൂർദ്ദ് പള്ളിയിൽ തിരുനാളിനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നല്കി.

**2019 ഫെബ്രുവരി**

1 ഉച്ചകഴിഞ്ഞ് തുരുത്തി കാനായിൽ കൊൺവൊക്കേഷനോടനുബന്ധിച്ച് നടന്ന പൊതുസമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു. തുടർന്ന് എറണാകുളം ആസ്റ്റർ മെഡിസിറ്റിയിൽ ചികിത്സയിൽ ആയിരുന്ന ബഹു. പാടിയത്ത് ഫെലിക്സച്ചനെ സന്ദർശിച്ച് രോഗീലേപനം നൽകി.

2 രാവിലെ അടിച്ചിറ പരിത്രാണഭവനിൽ വിൻസെൻഷ്യൻ സമൂഹാംഗമായ കരിക്കുളം ബഹു. സെബാസ്റ്റ്യൻ അച്ചന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. തുടർന്ന് കുറിച്ചി എം.എൽ.എഫ്. നോവിഷ്യേറ്റ് ഹൗസിൽ സന്ന്യാസിനികളുടെ പ്രഥമ വ്രതവാഗ്ദാനത്തിലും സുവർണ ജൂബിലി ആഘോഷങ്ങളിലും കാർമ്മികത്വം വഹിച്ചു. ഉച്ചകഴിഞ്ഞ് അതിരൂപതാകേന്ദ്രത്തിൽ പുതിയതായി നിർമ്മിച്ച ചാപ്പലിന്റെ കൂദാശകർമ്മം നിർവഹിച്ചു.

3 വില്ലൂന്നി സെന്റ് സേവ്യേഴ്സ് ഇടവകയിൽ അജപാലന സന്ദർശനം നടത്തി. വൈകുന്നേരം ചാഞ്ഞോടി സെന്റ് സെബാസ്റ്റ്യൻസ് ഇടവകയിൽ പുതിയതായി നിർമ്മിച്ച വൈദികമന്ദിരം വെഞ്ചരിച്ചു. തുടർന്ന് അതിരൂപതാ കേന്ദ്രത്തിൽനിന്ന് സ്ഥലം മാറിപ്പോകുന്ന വൈദികർക്ക് നല്കിയ യാത്രയയപ്പിൽ പങ്കെടുത്തു.

4 രാവിലെ പാമ്പാടി എം.എൽ.എഫ്. നോവിഷ്യേറ്റ് ഹൗസിൽ വി. കുർബാനയർപ്പിച്ച് വചനസന്ദേശം നൽകി. തുടർന്ന് അതിരൂപതാ കേന്ദ്രത്തിൽ അതിരൂപതയിൽ ഇപ്പോൾ സേവനം ചെയ്യുന്ന ബഹു. സി.എം.ഐ. വൈദികരുടെ സമ്മേളനത്തിൽ പങ്കെടുത്തു. തുടർന്ന് പാലാക്കുന്നേൽ ജോസഫ് അച്ചന്റെ മൃതസംസ്കാര ശുശ്രൂഷയിൽ കാർമ്മികത്വം വഹിച്ചു. വൈകുന്നേരം നിരണം സെമിനാരിയുടെ ഹോം ഡേ ആഘോഷങ്ങളിൽ പങ്കെടുത്തു.

5 രാവിലെ അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം മാവേലിക്കരയിൽ റീജിയണൽ ബിഷപ്സിനായുള്ള മാസധ്യാനത്തിൽ പങ്കെടുത്തു.

6 നിരണം മാർത്തോമ്മാ ശ്ലീഹാ പള്ളിയിൽ വി.കുർബാനയർപ്പിച്ചു തുടർന്ന് മാവേലിക്കരയിൽ മാസധ്യാനത്തിൽ പങ്കെടുത്തു.

7 എസ്.ബി. ഹയർ സെക്കണ്ടറിയിലെ അദ്ധ്യാപകനായിരുന്ന ശ്രീ ജയൻ കെ. ജോസിന്റെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തുകയും മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിക്കുകയും ചെയ്തു. തുടർന്ന് ചെത്തിപ്പുഴ ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന വൈദികരെ

സന്ദർശിച്ചു. ഉച്ചകഴിഞ്ഞ് നിരണം സെമിനാരിയിൽ ബ്രദേഴ്സിന് ക്ലാസ് എടുത്തു. വൈകുന്നേരം പായിപ്പാട് ലൂർദ്ദ് പള്ളിയിൽ തിരുനാളിന് കൊടി യേറ്റുകയും വി. കുർബാനയർപ്പിക്കുകയും ചെയ്തു.

8 രാവിലെ തെള്ളകത്ത് ബഹു. സെബാസ്റ്റ്യൻ കുന്നത്ത് അച്ചന്റെ സഹോദ രൻ കെ.ജെ.കുര്യന്റെ മൃതസംസ്കാര ശുശ്രൂഷയിൽ ഭവനത്തിലെ കർമ്മ ങ്ങൾക്ക് കാർമ്മികത്വം വഹിച്ചു. തുടർന്ന് ചെത്തിപ്പുഴ ആശുപത്രിയിൽ അഭിവന്ദ്യ പൗവത്തിൽ ജോസഫ് പിതാവിനെ സന്ദർശിച്ചു. വൈകുന്നേരം ആർപ്പൂക്കര ലിറ്റിൽ ഫ്ളവർ പള്ളിയിൽ ബഹു. മാലിപ്പറമ്പിൽ അച്ചന്റെ ഭൗതിക ശരീരം പുതിയ കബറിടത്തിലേക്ക് മാറ്റി സ്ഥാപിക്കുകയും സിമി ത്തേരി വെഞ്ചരിപ്പ് നടത്തുകയും ചെയ്തു.

9 രാവിലെ ഈ വർഷം ചങ്ങനാശേരി അതിരൂപതയിൽ സന്ന്യാസത്തിന്റെ സിൽവർ ജൂബിലിയും ഗോൾഡൻ ജൂബിലിയും ആഘോഷിക്കുന്ന വൈദികരോടും സന്യസ്തരോടുമൊപ്പം വി. കുർബാന അർപ്പിക്കുകയും തുടർന്ന് നടന്ന അനുമോദന സമ്മേളത്തിൽ അദ്ധ്യക്ഷത വഹിക്കുകയും ചെയ്തു. ഉച്ചകഴിഞ്ഞ് പുളിങ്കുന്ന് ഫൊറോന മാതൃപിതൃസംഘടനകളുടെ പ്രവർത്തനവർഷം ഉദ്ഘാടനം ചെയ്തു. വൈകുന്നേര മാമ്മൂട് ലൂർദ്ദ് പള്ളിയിൽ തിരുനാളിനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

10 ചെറുവാണ്ടൂർ സെന്റ് സെബാസ്റ്റ്യൻസ് പള്ളിയിൽ അജപാലന സന്ദർശനം നടത്തി. വൈകുന്നേരം അതിരമ്പുഴ ഫൊറോന എ.കെ.സി.സി. പ്രവർത്ത നവർഷോദ്ഘാടനം നിർവ്വഹിച്ചു.

11 ലോക രോഗീദിനത്തിൽ രാവിലെ മുതൽ വൈകുന്നേരം വരെ ചെത്തിപ്പുഴ ആശുപത്രിയിൽ രോഗികളെ സന്ദർശിക്കുകയും വിവിധ ഡിപ്പാർട്ട്മെന്റി ലുള്ള ജീവനക്കാരെ കാണുകയും ചെയ്തു.

12 ചങ്ങനാശേരി അതിരൂപതയിൽ ദൈവശാസ്ത്രത്തിൽ ഉപരിപഠനം നടത്തി യിട്ടുള്ള വൈദികരുടെ സമ്മേളനത്തിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് കുറ്റി ച്ചൽ ലൂർദ്ദ്മാതാ എഞ്ചിനിയറിംഗ് കോളേജിനെക്കുറിച്ചുള്ള ചർച്ചയിൽ പങ്കെടുത്തു. വൈകുന്നേരം നിരണം സെമിനാരിയിൽ ബ്രദേഴ്സിന് ക്ലാസ് എടുത്തു.

13 രാവിലെ അതിരൂപതാ കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. ഉച്ചക ഴിഞ്ഞ് മാമ്മൂട് സെന്റ് ഷന്താൾ സ്കൂളിന്റെ ആനിവേഴ്സറി ആഘോഷം ഉദ്ഘാടനം ചെയ്തു. വൈകുന്നേരം മുടിയൂർക്കര ഇടവകയിൽ ഇടവക ജനങ്ങളുടെ സഹകരണത്തോടെ നിർമ്മിച്ച ഭവനത്തിന്റെ കൂദാശ നിർവ ഹിച്ചു. തുടർന്ന് കോട്ടയം ബൈബിൾ കൺവൻഷൻ ഉദ്ഘാടനം ചെയ്ത് വചനപ്രഘോഷണം നടത്തി.

14 രാവിലെ ഇത്തിത്താനം പ്രീസ്റ്റ് ഹോമിൽ വൈദികരോടൊപ്പം വി. കുർബാനയർപ്പിച്ചു. തുടർന്ന് പുതിയതായി നിർമ്മിച്ച ലിഫ്റ്റ് ഉദ്ഘാടനം ചെയ്തു. ഉച്ചകഴിഞ്ഞ് അതിരൂപതയിലെ ബി.എഡ്. കോളജുകളുടെ ബോർഡ് മീറ്റിൽ പങ്കെടുത്തു. വൈകുന്നേരം ചങ്ങനാശേരി അതിരൂപത യിലെ വിവിധ പള്ളികളിൽ മതബോധന ശുശ്രൂഷയിൽ സഹായിക്കുന്ന സെമിനാരിക്കാർക്കായി അതിരൂപതാ കേന്ദ്രത്തിൽ നടന്ന സമ്മേളനത്തിൽ സംസാരിച്ചു.

15 രാവിലെ വടവാതൂർ പൗരസ്ത്യ വിദ്യാപീഠത്തിൽ 'സ്ത്രീകളുടെ മഹത്വം സുറിയാനി പാരമ്പര്യത്തിൽ' എന്ന വിഷയത്തെ അടിസ്ഥാനമാക്കിയുള്ള സെമിനാർ ഉദ്ഘാടനം ചെയ്തു സംസാരിച്ചു. തുടർന്ന് ചീരഞ്ചിറ പെരുമ്പായിൽ അമ്മിണിയുടെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. വൈകുന്നേരം തിരുവനന്തപുരം ലൂർദ്ദ് പള്ളിയിൽ തിരുനാളിനോടനുബന്ധിച്ച് വി. കുർബാനയർപ്പിക്കുകയും തുടർന്ന് നടന്ന സന്യസ്ത സംഗമത്തിൽ അധ്യക്ഷത വഹിക്കുകയും ചെയ്തു.

17 തിരുവനന്തപുരം വെള്ളായണി ഇടവക സമൂഹത്തെ സന്ദർശിക്കുകയും അവരുടെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു. തുടർന്ന് കാൻസർ രോഗികൾക്ക് കൈത്താങ്ങായ തെക്കൻ മേഖലയിലെ ചങ്ങനാശേരി അതിരൂപതാ സ്ഥാപനമായ ലൂർദ്ദ് മാതാ കെയർ സന്ദർശിക്കുകയും രോഗികൾക്കായി പ്രാർത്ഥിക്കുകയും ചെയ്തു. പിന്നീട് നെടുമങ്ങാട് പുതിയതായി നിർമ്മാണത്തിലിരിക്കുന്ന ഓൾഡ് എയ്ജ് ഹോം സന്ദർശിച്ചു. വൈകുന്നേരം മീൻകുളം ലൂർദ്ദ്മാതാ പള്ളിയിൽ പുതിയതായി നിർമ്മിച്ച സിമിത്തേരി വെഞ്ചരിച്ചു.

18 രാവിലെ അതിരൂപതാ കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം റീജൻസി ബ്രദേഴ്സിന് ക്ലാസ്സെടുത്തു.

19 തക്കല രൂപതയിൽ പടന്തലാമ്മൂട് നടത്തപ്പെട്ട ഇന്റർ എപ്പാർക്കിയൽ മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു. തുടർന്ന് അഴകിയ മണ്ഡപം എഫ്.സി.സി. കോൺവെന്റ് സന്ദർശിക്കുകയും രോഗാവസ്ഥയിൽ ആയിരിക്കുന്ന സി. മരിയ എഫ്.സി.സിക്ക് വേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു. തുടർന്ന് നിദ്രവിളയിൽ എ.എസ്.എം.ഐ. സിസ്റ്റേഴ്സ് നടത്തുന്ന 'കരുണൈഇല്ലം' എന്ന സ്പെഷ്യൽ സ്കൂൾ സന്ദർശിക്കുകയും കുട്ടികളോടൊപ്പം സമയം ചിലവഴിക്കുകയും ചെയ്തു.

20 ചങ്ങനാശേരി അതിരൂപതാ ബൈബിൾ കൺവെൻഷൻ പന്തൽ നാട്ടൽ കർമ്മം നിർവ്വഹിച്ചു. തുടർന്ന് എസ്. ബി. കോളജിൽ നിന്ന് ഈ വർഷം വിരമിക്കുന്ന അദ്ധ്യാപകരുടെ യാത്രയയപ്പ് സമ്മേളനത്തിൽ പങ്കെടുത്തു. ഉച്ചയ്ക്ക് എസ്.ബി. ഹയർ സെക്കണ്ടറിയിൽ നിന്ന് ഈ വർഷം വിരമിക്കുന്ന അദ്ധ്യാപകരുടെ യാത്രയയപ്പ് സമ്മേളനത്തിൽ പങ്കെടുത്ത് അവരോടൊപ്പം ഉച്ചഭക്ഷണം കഴിച്ചു. വൈകുന്നേരം മുട്ടാർ സെന്റ് തോമസ് പള്ളിയിൽ ബൈബിൾ കൺവെൻഷൻ ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി.

21 രാവിലെ അതിരൂപതാ കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. ഉച്ചകഴിഞ്ഞ് നിരണം സെന്റ് തോമസ് സി.എം.സി. കോൺവെന്റ് ചാപ്പലിന്റെ വെഞ്ചരിപ്പ് കർമ്മം നിർവ്വഹിച്ചു. തുടർന്ന് നാലാം വർഷ വൈദിക വിദ്യാർത്ഥികൾക്കായി ക്ലാസ്സെടുത്തു. വൈകുന്നേരം അതിരൂപതാ കേന്ദ്രത്തിൽ ദീപികയുടെ എംഡിയും വികാരി ജനറാളുമായ മാണി പുതിയിടം അച്ചന്റെ യാത്രയയപ്പ് സമ്മേളനത്തിൽ പങ്കെടുത്തു.

22 – അതിരൂപതാ കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. ഉച്ചകഴിഞ്ഞ് പ്രൊഫ. കെ.റ്റി. സെബാസ്റ്റ്യൻ സാറിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ ഭവനത്തിലെ കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.

23 രാവിലെ അതിരൂപതാ കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. ഉച്ചക്ക് പുന്നത്തുറ സെന്റ് തോമസ് പള്ളിയിൽ പ്രവേശക കൂദാശകൾ പരികർമ്മം ചെയ്തു. വൈകുന്നേരം ആത്മതാ കേന്ദ്രം സംഘടിപ്പിച്ച കുടുംബസംഗമത്തിൽ അദ്ധ്യക്ഷത വഹിച്ചു.

24 ചമ്പക്കുളം ഗാഗുൽത്താ ആശ്രമ ദൈവാലയത്തിൽ അജപാലന സന്ദർശനം നടത്തി. ഉച്ചകഴിഞ്ഞ് കൊല്ലം രൂപതയുടെ പ്രഥമ തദ്ദേശിയ മെത്രാനായിരുന്ന ജെറോം എം. ഫെർണാണ്ടസ് പിതാവിന്റെ നാമകരണ നടപടികൾക്ക് തുടക്കം കുറിച്ചുകൊണ്ടുള്ള വി. കുർബാന മദ്ധ്യേ കൊല്ലം കത്തീഡ്രലിൽ വചന പ്രഘോഷണം നടത്തി.

25 രാവിലെ ചെത്തിപ്പുഴ ആശുപത്രിയിൽ ബഹു. പാടിയത്ത് ഫെലിക്സ് അച്ചന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. തുടർന്ന് കത്തീഡ്രൽ പള്ളിയിൽ ഒരു വിവാഹം ആശീർവദിച്ചു. വൈകുന്നേരം പൊടിപ്പാറ ഹോളി ഫാമിലി പള്ളിയിലെ ഇടവക ജനങ്ങൾ നിർമ്മിച്ച് നൽകിയ ഭവനത്തിന്റെ വെഞ്ചരിപ്പ് നിർവഹിച്ചു. തുടർന്ന് വടക്കേക്കര മാരേട്ട് പുതുപ്പറമ്പിൽ പി. കെ. ജോസഫിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. വൈകുന്നേരം അതിരൂപതാകേന്ദ്രത്തിൽ ഇന്റർ ഡിപ്പാർട്ട്മെന്റൽ മീറ്റിങ്ങിൽ അദ്ധ്യക്ഷത വഹിച്ചു.

## മാർ തോമസ് തറയിൽ

**2019 ഫെബ്രുവരി**

2 ഇത്തിത്താനം പ്രീസ്റ്റ് ഹോമിൽ പരി.കുർബാനയർപ്പിച്ചു. പച്ച-ചെക്കിടിക്കാട് ലൂർദ് മാതാ ഇടവക ദൈവാലയത്തിൽ ഫാ. പോൾ തുണ്ടുപറമ്പിൽ സി.എം.ഐ., ഫാ. ചെറിയാൻ തുണ്ടുപറമ്പിൽ സി.എം.ഐ. എന്നിവരുടെ രജതജൂബിലി ആഘോഷത്തിൽ പരി. കുർബാന മദ്ധ്യേ വചനസന്ദേശം നല്കി. കുന്നന്താനം ദൈവപരിപാലനഭവൻ സന്ദർശിച്ചു. അതിരൂപതാ കേന്ദ്രത്തിൽ പുതിയ ചാപ്പലിന്റെ കൂദാശയിൽ സഹകാർമ്മികത്വം വഹിച്ചു.

4 കൊടുപുന്ന സെയിന്റ് ജോസഫ് ദൈവാലയത്തിൽ വിവാഹം ആശീർവദിച്ചു. ബഹു. ജോസഫ് പാലാക്കുന്നേൽ അച്ചന്റെ മൃതസംസ്കാര ശുശ്രൂഷയുടെ ഭവനത്തിലെ കർമ്മങ്ങൾക്ക് നേതൃത്വം നൽകി.

8 തെള്ളകം സെയിന്റ് ജോസഫ് ഇടവക കുന്നത്ത് ശ്രീ. കെ.ജെ. കുര്യന്റെ മൃതസംസ്കാര ശുശ്രൂഷയുടെ ദൈവാലയത്തിലെ കർമ്മങ്ങൾക്ക് നേതൃത്വം നൽകി. കുറുമ്പനാടം സെയിന്റ് ആന്റണീസ് എൽ.പി. സ്കൂളിന്റെ വാർഷിക സമ്മേളനം ഉദ്ഘാടനം ചെയ്തു.

9 ചങ്ങനാശേരി അമല തിയളോജിക്കൽ കോളേജിൽ സന്യാസ വ്രതവാഗ്ദാനത്തിന്റെ വജ്ര-സുവർണ്ണ ജൂബിലികൾ ആഘോഷിക്കുന്ന സന്യസ്തരുടെ സമ്മേളനത്തിൽ ആശംസാ പ്രസംഗം നടത്തി. ചങ്ങനാശേരി മെത്രാപ്പോലീത്തൻ ദൈവാലയത്തിൽ വിവാഹവാഗ്ദാനം ആശീർവദിച്ചു. ളായിക്കാട് സെയിന്റ് ജോസഫ് ദൈവാലയത്തിൽ വി. സെബസ്ത്യാനോസിന്റെ തിരുനാളിനോടനുബന്ധിച്ച് പരി. കുർബാനയർപ്പിച്ചു സന്ദേശം നല്കി; തുടർന്ന് പുതിയ സിമിത്തേരി വെഞ്ചരിച്ചു.

10 ചാഞ്ഞോടി സെയിന്റ് സെബാസ്റ്റ്യൻ ദൈവാലയത്തിൽ ഇടവകതിരുനാളിനോടനുന്ധിച്ച് പരി. കുർബാനയർപ്പിച്ചു സന്ദേശം നല്കി. പുനലൂർ നിർമലഗിരി നോവിഷ്യേറ്റ് ഹൗസിൽ വി. ചാവറയച്ചന്റെ തിരുനാളിനോടനുബന്ധിച്ച് പരി. കുർബാനയർപ്പിച്ചു സന്ദേശം നല്കി.

11 നിരണം മാർ തോമാ ശ്ലീഹാ സെമിനാരിയിൽ വൈദിക വിദ്യാർത്ഥികൾക്ക് ക്ലാസെടുത്തു.

12 കുറിച്ചി സെയിന്റ് തോമസ് മൈനർ സെമിനാരിയിൽ വൈദിക വിദ്യാർത്ഥികൾക്ക് ക്ലാസെടുത്തു. കടുത്തുരുത്തി സെയിന്റ് മേരീസ് ക്നാനായ ഫൊറോന പള്ളിയിൽ മുത്തിയമ്മയുടെ ദർശന തിരുനാളിനോടനുബന്ധിച്ച് കരിങ്കൽ കുരിശടിയിൽ തിരുനാൾ സന്ദേശം നൽകി.

13 ചങ്ങനാശേരി സെയിന്റ് ജോസഫ്സ് GHSS ലെ NSS ന്റെ നേതൃത്വത്തിൽ 'അഞ്ചപ്പ'ത്തിൽ ആരംഭിക്കുന്ന 'അക്ഷര ദീപം' ഉദ്ഘാടനം ചെയ്തു. ഉച്ചകഴിഞ്ഞ് അതിരൂപതാ കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. നിരണം മാർ തോമാ ശ്ലീഹാ സെമിനാരിയിൽ വൈദിക വിദ്യാർത്ഥികൾക്ക് ക്ലാസെടുത്തു.

14 തത്തംപള്ളി സെയിന്റ് മൈക്കിൾസ് സ്കൂളിന്റെ പുതിയ കെട്ടിട സമുച്ചയത്തിന്റെ ശിലസ്ഥാപന കർമ്മം നിർവഹിച്ചു. അതിരൂപതാ കേന്ദ്രത്തിൽ വിശ്വാസ പരിശീലനത്തിന് ഇടവകകളിൽ സഹായിക്കുന്ന വടവാതൂർ സെമിനാരിയിലെ ബഹു. ബ്രദേഴ്സിന്റെ സമ്മേളനത്തിൽ സന്ദേശം നൽകി.

15 പുളിങ്കുന്ന് സെയിന്റ് ജോസഫ്സ് HSS സ്കൂളിന്റെ വാർഷിക സമ്മേളനം ഉദ്ഘാടനം ചെയ്തു. ചീരഞ്ചിറ സെയിന്റ് ജോർജ്ജ് ഇടവക പെരുമ്പായിൽ അമ്മിണിയുടെ മൃതദേഹത്തിങ്കൽ ഒപ്പീസ് പ്രാർത്ഥിച്ചു. കുറിച്ചി സെയിന്റ് തോമസ് മൈനർ സെമിനാരിയിൽ വൈദിക വിദ്യാർത്ഥികൾക്ക് ക്ലാസെടുത്തു.

16 കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിലെ വിവാഹ ഒരുക്കസെമിനാറിൽ പരി. കുർബാനയർപ്പിച്ചു സന്ദേശം നല്കി. തിരുവനന്തപുരം പാങ്ങോട് ആശ്രമത്തിൽ സുപ്പീരിയർ ജനറലിന്റെ സ്വീകരണയോഗത്തിൽ പങ്കെടുത്തു.

17. ഗോവ കത്തീഡ്രൽ പള്ളിയും വി. ഫ്രാൻസീസ് സേവ്യറിന്റെ തിരുശേഷിപ്പും സന്ദർശിച്ച് പ്രാർത്ഥിച്ചു. ഷംഷാബാദ് രൂപതയിലെ സൗത്ത് ഗോവാ കോർട്ടലിം സെയിന്റ് ഫിലിപ്പ് & സെയിന്റ് ജയിംസ് പള്ളിയിൽ ഇടവക വിശുദ്ധരുടെ തിരുനാളിനോടനുബന്ധിച്ച് പരി. കുർബാനയർപ്പിച്ചു സന്ദേശം നൽകി. മാത്തർ ദേയി സന്യാസ പരിശീലനകേന്ദ്രം സന്ദർശിച്ചു.

18. സി.എം.ഐ. കോട്ടയം പ്രൊവിൻസിന്റെ ബാംഗ്ലൂർ ക്രിസ്തുജയന്തി കോളേജ് സന്ദർശിച്ചു. വൈകുന്നേരം തിരുവനന്തപുരത്ത് സീറോ മലങ്കര സഭയിലെ വൈദികരുടെ സമ്മേളനത്തിൽ ക്ലാസെടുത്തു.

19. തക്കല രൂപതയിൽ പടുന്താലുമൂട് വച്ച് നടന്ന Inter Epharchical മീറ്റിംഗിൽ പങ്കെടുത്തു.

20. അതിരൂപതാ കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. ചീപ്പുങ്കൽ സെന്റ് മേരീസ് സി.എം.ഐ. ആശ്രമത്തിലെ മരിയൻ വചനതീരം ബൈബിൾ

കൺവെൻഷനിൽ വചന സന്ദേശം നൽകി.

21. കൊണ്ടാക്കൽ സെയിന്റ് ജോസഫ് ദൈവാലയത്തിൽ പ്രാരംഭ കൂദാശ നല്കുകയും പരി. കുർബാനയർപ്പിക്കുകയും ചെയ്തു. ദനഹാല യയിൽ ക്ലാസെടുത്തു. പുന്നപ്ര മാർ ഗ്രിഗോറിയോസ് കോളേജിൽ ഫാ. ഇഗ്നേഷ്യസ് കണ്ടംകുളം മെമ്മോറിയൽ പ്രഭാഷണം ഉദ്ഘാടനം ചെയ്തു. അതിരൂപതാ കേന്ദ്രത്തിൽ പെരി. ബഹു. മാണി പുതിയിട മച്ചന്റെ യാത്രയയപ്പ് സമ്മേളനത്തിൽ പങ്കെടുത്തു.

22. പാസ്റ്ററൽ സെന്ററിൽ നടക്കുന്ന വിവാഹ ഒരുക്ക സെമിനാറിൽ പരി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. പാറേൽ പള്ളിയിൽ പ്രോ-ലൈ ഫിന്റെ പ്രാർത്ഥനാ സമ്മേളനത്തിൽ സന്ദേശം നൽകി. മാന്നാനം ചാവറ യു.പി. സ്കൂളിന്റെ വാർഷിക സമ്മേളനം ഉദ്ഘാടനം ചെയ്തു. കത്തീ ഡ്രൽ പള്ളിയിൽ ശ്രീ. കെ. റ്റി. സെബാസ്റ്റ്യൻ സാറിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ സഹകാർമികത്വം വഹിച്ചു.

23. തിരുവനന്തപുരം ലൂർദ് പള്ളിയിൽ അതിരൂപതയിലെ ഫൊറോനാ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറിമാരുടെ സമ്മേളനത്തിൽ പങ്കെടുത്തു. തുടർന്ന് തിരുവനന്തപുരം ഫൊറോന യുവദീപ്തിയുടെ സമ്മേളനം ഉദ്ഘാടനം നിർവ്വഹിച്ചു. പുത്തരികണ്ടം മൈതാനത്തു നടക്കുന്ന അനന്തപുരി ബൈബിൾ കൺവൻഷനിൽ സന്ദേശം നൽകി. കേശവദാസ പുരം നസ്രത്ത് സിസ്റ്റേഴ്സിന്റെ ഭവനത്തിന്റെ സിൽവർ ജൂബിലി ആഘോഷം ഉദ്ഘാടനം ചെയ്തു. തുടർന്ന് ഹോസ്റ്റൽ വെഞ്ചരിപ്പ് നിർവഹിച്ചു.

24. പേരൂർക്കട ലൂർദ്ദ് ഹിൽ ദൈവാലയത്തിൽ അജപാലന സന്ദർശനം നടത്തി.

25. പുത്തനങ്ങാടി സെയിന്റ് ജോർജ്ജ് ദൈവാലയത്തിൽ വിവാഹം ആശീർ വദിച്ചു.




# ENGAGEMENTS

**Mar Joseph Perumthottam**
Metropolitan Archbishop of Changanacherry

## 2019 MARCH

**MARCH 2019**

| | | |
|---|---|---|
| 1. | **04:30 p.m.** | *Qurbana*, Cemetery Blessing & Foundation Stone Laying of Parish Hall @ Philgiri |
| 2. | **12:30 p.m.** | Farewell Gathering @ St. Joseph Orphanage Press |
| | **03:00 p.m.** | Chapel Blessing @ St. Rita's Convent Thakazhy |
| 3. | **06:00 a.m.** | Pastoral Visit @ St. Mary's Church Mannancherry |
| | **06:00 p.m.** | Archbishop Kavukattu Tele Serial Switch On Function @ Archbishop's House |
| 4. | **06:30 p.m.** | Pastorall Council Executive Meeting @ Archbishops House |
| 5. | **10:30 a.m.** | Bible Convention Inauguration @ St Mary's Church Parel |
| | **02:45 p.m.** | Visitors' Time |
| 6. | **11:00 a.m.** | Farewell Gathering @ Assumption College |
| 7. | **12:00 Noon** | Women's Day Celebration @ Pallikkoottumma |
| | **02:30 p.m.** | St Mary's School Anniversary @ Koothrappally |
| 8. | **02:45 p.m.** | 100th Anniversary of St Antony's School @ Pazhavangady |
| | **08:15 p.m.** | Message @ Parel Bible Convention |
| 9. | **10:00 a.m.** | Pastoral Council |
| | **11:30 p.m.** | Archeparchy S.M.Y.M. Project Inauguration |
| | **03:00 p.m.** | Concluding Message @ Parel Bible Convention |
| 10. | **09:00 a.m.** | Pastoral Visit @ St Sebastian's Church @ Chengalam |
| | **05:30 p.m.** | State Khadi Exhibition & Inauguration of Magic Show @ Kottayam |
| 11. | **11:00 a.m.** | Senior Citizens' Meet @ St Mary's Church Parel |
| | **02:45 p.m.** | Visitors' Time |
| 12. | **12:45 p.m.** | Visitors' Time |
| 13. | **10:30 a.m.** | 25th Death Anniversary of Msg. Jacob Vadakkevettil @ St Francis Assisi Church Poonthopu |

| | | |
|---|---|---|
| 14 | **06:45 a.m.** | *Qurbana* & A Day with the Brothers @ Niranam |
| | **06:00 p.m.** | Monthly Recollection for Regency Brothers |
| 15 | **02:45 p.m.** | Visitors' Time |
| 16 | **03:00 p.m.** | Changanacherry Forane Council @ St Joseph Church Veroor |
| 17 | **06:00 a.m.** | Pastoral Visit @ Mar Sleeva Church Adoor |
| 18 | **06:00 p.m.** | Interdepartmental Meeting |
| 19 | **04:00 p.m.** | *Qurbana* @ Pastoral Centre |
| 20 | | Engaged |
| 21 | | Engaged |
| 22 | | Engaged |
| 23 | **07:00 a.m.** | Chapel Blessing @ Sanjivani Nedumkunnam |
| | **10:00 a.m.** | Farewell to Corporate Teachers @ SBHSS |
| | **02:30 p.m.** | Silver Jubilee Celebration @ Sanjivini Nedumkunnam |
| 24 | **06:30 a.m.** | Pastoral Visit @ Thottuvathala Sacred Heart Church |
| | **06:00 p.m.** | Major Gathering @ Archbishops House |
| 25 | **06:30 a.m.** | Diaconate @ Cathedral |
| 26 | **03:00 p.m.** | Inter Eparchial Bishops' Meet @ Archbishop's House |
| 27 | | Engaged |
| 28 | **02:45 p.m.** | Visitors' Time |
| 29 | | Engaged |
| 30 | **09:30 a.m.** | Symposium |
| | **10:30 a.m.** | Girls' Vocation Camp @ Sandeshanilayam |
| | **02:30 p.m.** | Conclusion of 70th Anniversary of St. Mary's School @ Kudamaloor |
| | **06:00 p.m.** | *Ramsa* & Message @ Kurichy Boys' Vocation Camp |
| 31 | **06:30 a.m.** | Pastoral Visit @ Amalolbhava Matha Church Muttar |



# ENGAGEMENTS

**Mar Thomas Tharayil**
Auxiliary Bishop of Changanacherry

## 2019 MARCH

| | | |
|---|---|---|
| 1 | **08:30 a.m.** | Curia |
| | **12:00 p.m.** | IELTS Course Inauguration @ Chethipuzha |
| | **02:30 p.m.** | Anniversary @ St Aloysius LP School, Edathua |
| | **05:30 p.m.** | *Qurbana* & Cemetery Blessing @ Manalady |
| 2 | **06:30 a.m.** | *Qurbana* & Blessing @ Mithrakary |
| | **09:00 a.m.** | Engaged |
| | **12:30 p.m.** | Farewell Gathering @ St Joseph Orphanage press |
| | **03:00 p.m.** | *Requiem Qurbana* @ Koothrappally |
| | **06:00 p.m.** | DCMS Camp Inauguration @ Vimalagiri Pastor Center, Keezhkunnu, Kottayam |
| | **07:00 p.m.** | Youth Meet @ Thottackadu |
| 3 | **09:00 a.m.** | *Qurbana* & Parish Day @ Ayarkunnam |
| | **05:00 p.m.** | *Marth Mariam* Church @ Kuravilangadu |
| 4 | **06:00 a.m.** | *Qurbana* @ Parel |
| | **09:00 a.m.** | Engaged |
| | **05:45 p.m.** | Pastoral Council Agenda committee |
| | **06:30 p.m.** | Pastoral Council Executive |
| 5 | **06:30 a.m.** | *Qurbana* @ LSDP, Kunnamthanam |
| | **09:30 a.m. - 03:00 p.m.** | Batch Gathering (2015-16) @ Archbishops' House |
| | **06:30 p.m.** | MCYM @ Thiruvalla |
| 6 | **06:30 a.m.** | *Qurbana* @ Mercy Home, Chethipuzha |
| | **08:30 a.m.** | Curia |
| | **11:00 a.m.** | Bible Convention talk @ Parel |
| | **02:30 p.m. - 04:00 p.m.** | **Visitors' Time** |
| | **06:00 p.m.** | Edathua Priest Conference @ Edathua ITI |
| 7 | **06:30 a.m.** | *Qurbana* @ Providence Home, Ayroor |
| | **09:30 p.m. - 03:30 p.m.** | Batch Gathering (2016-17) @ Archbishops House |

| | | |
|---|---|---|
| 8 | **06:30 a.m.** | *Qurbana* @ Mercy Home, Kodinattukunnu |
| | **08:30 a.m.** | Curia |
| | **02:30 p.m. - 04:00 p.m.** | **Visitors' Time** |
| 9 | **10:00 a.m.** | Pastoral Council |
| | **03:00 p.m.** | Jubilee *Qurbana* @ Punnaveli |
| 10 | **06:30 a.m.** | Parish Visit @ St Thomas Church, Kundamam, Tvm |
| 11 | **09:00 a.m.** | Class @ Danahalaya |
| | **04:30 p.m.** | *Qurbana* @ *Karunalaya* Old Age Home, Alappuzha |
| 12 | **06:30 a.m.** | *Qurbana* @ Providence Home, Aruvikkuzhy |
| | 09:30 a.m. - 03:00 p.m. | Batch Gathering (2014-15) @ Archbishops' House |
| | **06:00 p.m.** | Priest Conference @ Manimala |
| 13 | **06:30 a.m.** | *Qurbana* @ MPC, Chry |
| | **08:30 a.m.** | Curia |
| | **10:30 a.m.** | 25th Death Anniversary of Msg. Vadakkeveettil @ Poonthope |
| | **01:00 p.m.** | Womens' Day JPD, KCBC @ Amos Centre, Adichira |
| | **06:30 p.m.** | *Samarpitha Sangamam* - Talk @ Parel |
| 14 | **06:30 a.m.** | *Qurbana* @ Providence Home @ Gandhi Nagar, Kottayam |
| | **11:00 a.m.** | Convocation @ Danahalaya |
| 15 | **08:30 a.m.** | Curia |
| | **05:00 p.m.** | *Qurbana* @ Arunoottimangalam, Kaduthuruthy |
| 16 | **06:45 a.m.** | *Qurbana* @ Providence Home, Ayroor |
| | **10:00 a.m.** | Forane Council @ Pulinkunnoo |
| 17 | **08:30 a.m.** | Parish Visit @ St George Church, Valiyodu, Tvm |
| | **06:30 p.m.** | Amboori Priest Conference @ Mayam |
| 18 | **09:30 a.m.** | Batch Gathering (2013-14) @ Archbishops' House |
| | **05:00 p.m.** | *Qurbana* @ Pastoral Centre |
| | **06:00 p.m.** | Inter Departmental Meeting @ Archbishops House |
| 19 | | Engaged |
| 20 | **06:30 a.m.** | *Qurbana* @ *Vimala* Poor Home, Kadayanikadu |
| | **08:30 a.m.** | Curia |
| | **11:00 a.m.** | Athirampuzha Priest Conference @ Pallikkunnu |
| | **02:30 p.m. - 04:00 p.m.** | **Visitors' Time** |
| | **06:30 p.m.** | Changanasserry Priest Conference |
| 21 | **06:30 a.m.** | *Qurbana* @ Assisi Old Age Home, Kolladu |
| | **09:30 a.m.** | Batch Gathering (2012-13) @ Archbishops' House |

| | | |
|---|---|---|
| 22 | **06:30 a.m.** | *Qurbana* @ *Santhwanam*, Mudiyoorkara |
| | **08:30 a.m.** | Curia |
| 23 | **08:00 a.m.** | House Blessing @ Kurumbanadam |
| | **11:30 a.m.** | Farewell to Teachers @ SBHSS |
| | **02:30 p.m.** | Silver Jubilee @ *Sanjeevani,* Nedumkunnam |
| 24 | **06:30 a.m.** | Parish Visit @ St Joseph Church, Kuchapuram, Tvm |
| | **06:30 p.m.** | Major Seminarians Gathering |
| 25 | **06:30 a.m.** | Diaconate Ordination @ Cathedral |
| | **10:30 a.m.** | Kollam - Ayoor Priest Conference |
| 26 | **06:30 a.m.** | *Qurbana* @ Priest Home |
| | **09:30 a.m.** | Ongoing Formation (Batches 1969-79) @ Priest Home |
| | **03:00 p.m.** | Inter Eparchial Bishop's Meet @ Archbishop's House |
| 27 | **06:30 a.m.** | *Qurbana* @ Providence Home, Mallappally |
| | **08:30 a.m.** | Curia |
| | **11:00 a.m.** | Thrikodithanam Forane Priest Conference |
| | **07:00 p.m.** | Thuruthy Priest Conference @ Ithithanam |
| 28 | **07:00 a.m.** | *Qurbana* @ *Ashraya Bhavan,* Karikattoor |
| | **10:00 a.m.** | College Day @ Nedumkunnam |
| 29 | **06:30 a.m.** | *Qurbana* @ *Raksha Bhavan,* Chethipuzha |
| | **08:30 a.m.** | Curia |
| 30 | **06:30 a.m.** | *Qurbana* @ *Ambro* Old Age Home, Athirampuzha |
| | **11:00 a.m.** | School Jubilee @ Kulathoor |
| | **12:00 noon** | Vocation Camp @ *Sandesanilayam* |
| 31 | **09:00 a.m. - 12:30 p.m.** | **Visitors' Time @ Amboori** |
| | **03:00 p.m.** | *Qurbana* @ *Thekkankurisumala*, Vellarada |